# അഴകുള്ള ആത്മാവ്
## വിശുദ്ധ ചാവറയച്ചൻ

2nd EDITION




ഫാ.ആന്റണി ഞള്ളംപുഴ സി.എം.ഐ.

# അഴകുള്ള ആത്മാവ്
## വിശുദ്ധ ചാവറയച്ചൻ

*ചാവറ പിതാവ്*
*ചരിച്ച വഴികളിലൂടെ*
*രചിച്ച കൃതികളിലൂടെ*
*ജീവിച്ച വർഷത്തിലൂടെ*
*വർഷിച്ച ജീവിതത്തിലൂടെ*
*ഒരു സഞ്ചാരം*

*പ്രിയമുള്ള കൂടപ്പിറപ്പുകളേ,*
*നിങ്ങളുടെ ആത്മാവിനെ രക്ഷിപ്പാൻ*
*അറിഞ്ഞുകൂടെങ്കിൽ*
*.... നിങ്ങൾക്ക് എന്തറിയാം?*
*എന്തു പഠിച്ചു?*

*(ചാവറയച്ചന്റെ കത്തുകൾ)*

*ഒരുവൻ ലോകം മുഴുവൻ നേടിയാലും*
*സ്വന്തം ആത്മാവ് നശിച്ചാൽ എന്തു ഫലം?*

*(മത്തായി 16:26)*

# അഴകുള്ള ആത്മാവ്
## വിശുദ്ധ ചാവറയച്ചൻ

ഫാ. ആന്റണി ഞള്ളംപുഴ സി. എം. ഐ.

ദീപിക ബുക്ക് ഹൗസ്
ശാസ്ത്രിറോഡ്, കോട്ടയം-686 001
deepikabookhouse@gmail.com

*Malayalam*

**AZHAKULLA ATMAVU:**
**VISHUDDHA CHAVARAYACHAN**
(Meditation)

**Fr. Antony Njallampuzha CMI**

First Edition : November 2014
Second Edition: March 2016

© and
Published by
Deepika Book House, Kottayam-686 001
Tel: 0481 2564547, Email: deepikabookhouse@gmail.com

Cover Design
Joseph Francis, Pala

Printed at
Alois Graphics, Kottayam. Tel: 2569847
aloisgraphics@gmail.com

Price: ₹ 140.00

# ഉള്ളടക്കം


| | | |
|---|---|---|
| സമർപ്പണം | | 7 |
| സന്ദേശങ്ങൾ | | 9 |
| മുഖവുര | | 13 |
| ഈയത്തകിടിലെ 'അഴകുള്ള ആത്മാവ്' | | 15 |
| 1 | മാന്നാനത്തു വിരിഞ്ഞ പുഷ്പം | 17 |
| 2 | അഴകുള്ള ആത്മാവ് | 35 |
| 3 | മധുരസംസ്കാരം | 52 |
| 4 | ആത്മാവിന്റെ മഴവിൽശോഭ | 61 |
| 5 | ചാവറായനം | 76 |
| 6 | ആത്മമുദ്രയുമായി | 99 |
| 7 | അഭിഷേകമുള്ള അക്ഷരങ്ങൾ | 107 |
| 8 | ലാവണ്യമുള്ള കഥകൾ | 116 |
| 9 | കർമ്മലകുസുമം! സഹനസൂനം! (അഴകുള്ള ആത്മാക്കൾ) | 133 |
| 10 | ആത്മീയ അഴകിന്റെ അക്ഷരസാക്ഷ്യം | 139 |
| 11 | പുഴുവിനെ പൂമ്പാറ്റയാക്കാം! | 185 |



# സമർപ്പണം

"ദൈവത്തിന്റെ മുഖം കണ്ടാലെന്നപോലെയാണ്
ഞാൻ അങ്ങയുടെ മുഖം കണ്ടത്. അത്രയ്ക്കു ദയ..."
ഉത്പത്തി 33:34

ദൈവത്തിന്റെ മുഖശോഭയും മന്ദഹാസവും
എനിക്കും ഏവർക്കും കാട്ടിത്തന്ന
എന്റെ പ്രിയപ്പെട്ട ജ്യേഷ്ഠസഹോദരൻ
ഫ്രാൻസിസ് അച്ചന്റെ 'അഴകുള്ള ആത്മാ'വിനുള്ള
അക്ഷരസ്തുതിയായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

**"ഒലിവുകൾ മരിക്കുന്നില്ല; പുനർജനിക്കാൻവേണ്ടി
നിശ്ശബ്ദരാകുന്നതേയുള്ളൂ."**

(ഇസ്രായേലിലെ പഴമൊഴി)

## ഫാ. ഫ്രാൻസിസ് ഞള്ളംപുഴ സി. എം. ഐ.

അമ്പതാം വയസ്സിൽ നിത്യയാത്രാവന്ദനം ചൊല്ലിയ റവ. ഡോ. ഫ്രാൻസിസ് ഞള്ളംപുഴ സി. എം. ഐ. തികഞ്ഞ ചാവറഭക്തനും മാനന്തവാടി ഇടയൂർക്കുന്ന് 'വി. ചാവറ കുര്യാക്കോസ് ഏലിയാസ്' നവീന ദൈവാലയത്തിന്റെ നിർമ്മാതാവും വികാരിയുമായിരുന്നു. പതിനഞ്ചു വർഷത്തിലധികം മാനന്തവാടി മേരി മാതാ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനും വിദ്യാർത്ഥികളുടെ ആത്മമിത്രവും. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ലാളിത്യം ജീവിതചൈതന്യമാക്കിയ ഒരു സി. എം. ഐ. സന്യാസവൈദികൻ. പാലാ രൂപതയിൽ പ്ലാശനാൽ ഇടവകയിൽ ജനനം: 17-04-1964. പൗരോഹിത്യം: 28-12-1993. മരണം: 29-05-2014. മാന്നാനം ആശ്രമ ദൈവാലയത്തിൽ നിത്യവിശ്രമം കൊള്ളുന്നു.

**"നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മനുഷ്യൻ ആരു തന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു."**

(വിശുദ്ധ ചാവറതാതന്റെ മരണമൊഴി)



## സന്ദേശം

ജീവിതത്തിന്റെ മനോഹാരിത ആത്മാവിന്റെ അഴകാണെന്ന ഉൾബോധ്യത്തോടെ ദൈവം ദാനമായി നല്കിയ ഹ്രസ്വമായ ജീവിതം അനശ്വരമാക്കുന്നവരാണ് വിശുദ്ധർ. ജീവിച്ച വർഷങ്ങളല്ല, വർഷിച്ച സുകൃതങ്ങളാണ് ആയുസിന്റെ പുസ്തകത്തിലെ താളുകൾ. ബഹുമുഖ പ്രതിഭയായ വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ കാലാതീതമായ കരുത്തുറ്റ സംഭാവനകളെക്കാൾ കറയില്ലാത്ത ജീവിത വെള്ളവസ്ത്രത്തിലെ വിശുദ്ധ സൗരഭ്യമാണ് അദ്ദേഹത്തെ അത്യന്തം ആകർഷണീയനാക്കുന്നത്. മരണത്തിന്റെ വിശുദ്ധ വിനാഴികയിൽപ്പോലും ആത്മധൈര്യത്തോടെ അതേറ്റുപറയുവാൻ അദ്ദേഹത്തിന് നല്കിയ കൃപ വിശുദ്ധരിൽ അദ്ദേഹത്തെ പ്രിയങ്കരനാക്കുന്നു.

വി. ചാവറയെ അറിയാൻ ഇന്ന് നിരവധി ഗ്രന്ഥങ്ങൾ സംലഭ്യമാണ്. ചാവറ ചരിത്രത്തിലൂടെയും ചാവറ കൃതികളിലൂടെയും സഞ്ചാരം നടത്തി, ചാവറ ജീവിതത്തിന്റെ സാരസത്ത കടഞ്ഞെടുക്കാൻ ശ്രമിച്ചതാണ് ആന്റണി ഞള്ളമ്പുഴയച്ചന്റെ - അഴകുള്ള ആത്മാവ് - വിശുദ്ധ ചാവറയച്ചൻ.

വി. ചാവറയച്ചന് കാലം സമ്മാനിച്ച വിശേഷണങ്ങൾ നിരവധിയാണ്. മലയാള പദങ്ങളെ മൂലാപഗ്രഥനം നടത്തി സമ്പൂർണ്ണ അർത്ഥങ്ങൾ കണ്ടെത്തുന്നത് രസകരവും ചിന്തോദ്ദീപകവുമാണ്. ബേസ്റൗമയും, മധുരസംസ്കാരവും ആത്മാവിന്റെ അഴകിൽ നിന്നും പ്രവഹിക്കുന്നു. വി. ചാവറയച്ചന്റെ വിധേയത്വവും, തിരുസ്സഭാ സ്നേഹവും, പരോന്മുഖതയും, ക്ഷമാശീലവും ആത്മീയതയുടെ പ്രായോഗിക തലങ്ങൾ കണ്ടെത്തുന്നതായി കാണുന്നു. ദൈവകരങ്ങളിൽ സ്വയം

സമർപ്പിച്ച് 'ദൈവഹിതം നടക്കും; നടത്തും' എന്ന ചാവറമന്ത്രം ചാവറ വിശുദ്ധിക്ക് വേറിട്ട പകിട്ട് പകരുന്നു. പാശ്ചാത്യ പൗരസ്ത്യ, ഭാരതീയ ആത്മീയതകളെ സമന്വയിപ്പിച്ചതാണ് ചാവറ ആത്മീയതയുടെ അനന്യത.

ഗ്രന്ഥരചനയിൽ നൂതനശൈലി അവലംബിച്ച് ചാവറയുടെ ആത്മാവിനെ ആവിഷ്കരിക്കുന്ന ബ. ആന്റണിയച്ചന് ആശംസകൾ. സരസവും ഹൃദ്യവുമായ ഭാഷാപ്രയോഗങ്ങളിലൂടെ വായനയ്ക്ക് രസം പകരുന്ന ഈ ഗ്രന്ഥം ചാവറയച്ചനെ കൂടുതൽ ഇഷ്ടപ്പെടാൻ നമ്മെ നിർബന്ധിക്കുന്നു. ദൈവത്തിന്റെ കൈയൊപ്പ് ഈ ഗ്രന്ഥതാളുകളിൽ കണ്ടെത്തുന്നു.

**ഫാ. പോൾ ആച്ചാണ്ടി സി.എം.ഐ.**
പ്രിയോർ ജനറാൾ



## അഴകുള്ള ആത്മാവിന്റെ ആന്തരികതയിലേയ്ക്ക്

മലയാളമണ്ണിന്റെ മണവും ഗന്ധവുമുള്ള വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനിതാ വിശുദ്ധ പദവിയിൽ. ഈ മണ്ണിൽ 'ദീപവും കണ്ണാടി'യുമായി (കൂനമ്മാവ് മഠം, നാളാഗമം) പ്രശോഭിച്ച ചാവറപിതാവിന്റെ ആത്മീയ തേജസ്സിന്റെ അഴകാർന്ന ചിത്രം ഏറെ ഉൾക്കാഴ്ചയോടെയും സമഗ്രതയോടെയും സംക്ഷിപ്തമായും അവതരിപ്പിക്കുകയാണ് 'അഴകുള്ള ആത്മാവ്: വിശുദ്ധ ചാവറയച്ചൻ' എന്ന ചെറുഗ്രന്ഥത്തിലൂടെ ആന്റണി ഞള്ളംപുഴയച്ചൻ.

പതിനൊന്ന് അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിലൂടെയുള്ള സഞ്ചാരം വായനക്കാർക്ക് ചാവറപിതാവിനെക്കുറിച്ചുള്ള ഒരു പുതിയ വായനാനുഭവമായിരിക്കും. പുണ്യാത്മാവായ ചാവറയച്ചന്റെ ആഴമുള്ളതും അഴകാർന്നതുമായ ആത്മീയ ജീവിതത്തിന്റെ ഒരു നേർക്കാഴ്ചയും ഉൾക്കാഴ്ചയും ഇതു സമ്മാനിക്കുമെന്നുറപ്പ്.

ഇന്ന് ചാവറ പിതാവിനെക്കുറിച്ചുള്ള നിരവധി ഗ്രന്ഥങ്ങളുണ്ട്. എന്നാൽ ആന്റണിയച്ചന്റെ ഈ ഗ്രന്ഥം എല്ലാ അർത്ഥത്തിലും തനിമ പുലർത്തുന്നു. സ്വതഃസിദ്ധമായ ശൈലിയിൽ ബഹുമുഖപ്രതിഭയായ ചാവറപിതാവിന്റെ ജീവിതത്തിലൂടെ ഊളിയിട്ടിറങ്ങി ആ പിതാവിന്റെ ആത്മാവിലെ അഴകിന്റെ മുത്തുകൾ പുത്രസഹജമായ സ്നേഹത്തോടെ വാരിപ്പെറുക്കി അടുക്കിവയ്ക്കുകയാണ് **'അഴകുള്ള ആത്മാവ്'** എന്ന കൃതിയിൽ ഞള്ളമ്പുഴയച്ചൻ. ബഹു. ആന്റണി ഞള്ളംപുഴയച്ചന് അഭിനന്ദനങ്ങൾ നേരുന്നു. ഗ്രന്ഥത്തിന് പ്രചുരപ്രചാരവും!

**ഫാ. ഡോ. ജോർജ് ഇടയാടിയിൽ സി. എം. ഐ.**
പ്രൊവിൻഷ്യൽ
സി. എം. ഐ. സെന്റ് ജോസഫ് പ്രൊവിൻസ്
കോട്ടയം

# മുഖവുര

ചാവറപിതാവിനെ അടുത്തറിഞ്ഞ അധികാരികളും അധീനരും സാധാരണക്കാരും അസാധാരണക്കാരും ക്രൈസ്തവരും അക്രൈസ്തവരും അദ്ദേഹത്തിന് സമ്മാനിച്ച വ്യക്തിവിശേഷണങ്ങൾ ഏറെയാണ്!

എന്നാൽ കൂനമ്മാവിലെ കബറിടത്തിൽ പോരൂക്കര കുര്യാക്കോസ് ഏലീശ്വാ അച്ചന്റെ കൈയ്യൊപ്പോടെ ഈയത്തകിടിൽ മുദ്രചെയ്ത് നിക്ഷേപിച്ച ചാവറപിതാവിന്റെ സംക്ഷിപ്തചരിത്രത്തിലെ ഒരു വിശേഷണം എന്തുകൊണ്ടും ഏറെ ശ്രദ്ധേയവും ഒപ്പം അഴകാർന്നതുമാണ്. അത് '**അഴകുള്ള ആത്മാവ്**' എന്ന മിഴിവാർന്ന വിശേഷണമൊഴിയാണ്. ഇത് വ്യക്തിവിശേഷണങ്ങൾക്കുപരി ഒരു വ്യക്തിത്വവിശേഷണമാണ്. ഈ '**അഴകുള്ള ആത്മാ**'വിന്റെ തെളിവുള്ള ജീവിതത്തെ അമ്പരപ്പോടെയും അതിശയത്തോടെയും അതിലേറെ ആദരവോടെയും നോക്കിക്കാണുന്ന ഒരു എളിയ ആരാധകന്റെ വിനീത ധ്യാനമാണ് ഈ ചെറുകൃതി.

മഹാത്മാവും പുണ്യാത്മാവുമായ ചാവറപിതാവിന്റെ വ്യക്തിത്വത്തിന്റെ വിശേഷതകൾ ആന്തരിക സൗന്ദര്യത്തിന്റെ അടരുകൾ തേടിയുള്ള 'ഒരു സാധകന്റെ സഞ്ചാരം'. **'സന്തോഷ'വും 'സങ്കട'വും ഇടകലർന്ന് 'മഹിമ'യായി മാറുന്ന ജപമാല രഹസ്യംപോലെ പ്രകാശപൂരിതമായ ചാവറപിതാവിന്റെ ജീവിതത്തിലേയ്ക്കുള്ള ഒരു തീർത്ഥാടനം!** ഏഴഴകുള്ള ഈ വിശുദ്ധ ജീവിതത്തിലേയ്ക്കുള്ള തീർത്ഥാടനം ഏതൊരു ആത്മാവിനെയും കഴുകി അഴകുള്ളതാക്കും. തീർച്ച!

ഈ ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പിന് പ്രോത്സാഹനവും അനുഗ്രഹാശംസകളും നേർന്ന സി. എം. ഐ. സഭാ പ്രിയോർ ജനറാൾ ബഹു. പോൾ ആച്ചാണ്ടിയച്ചന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി.

ഈ ഗ്രന്ഥനിർമ്മിതിക്ക് പ്രോത്സാഹനം തന്ന് ആസ്വാദനമെഴുതി അനുഗ്രഹിച്ച പ്രൊവിൻഷ്യളച്ചൻ ബഹു. ജോർജ് ഇടയാടിയിലച്ചന് പ്രത്യേകം നന്ദി.

രണ്ടാം പതിപ്പിന് പ്രത്യേക താല്പര്യമെടുത്ത ദീപിക ബുക്ക് ഹൗസ് മാനേജർ ഫാ. അനീഷ് ഓലിക്കലച്ചനോടും സഹപ്രവർത്ത കരോടും ഏറെ നന്ദിയും കടപ്പാടും.

ഈ പുസ്തകരചനയിൽ പ്രാർത്ഥനാസഹായം തന്നവരും പല പ്രകാരത്തിൽ സഹായിച്ചവരുമായി പലരുമുണ്ട്. ആശ്രമനിർമ്മാണവു മായും അല്ലാതെയും താനുമായി ബന്ധപ്പെട്ട് സഹകരിച്ച് സഹായിച്ച ആരുടെയും പേരുകൾ 'നാളാഗമ'ത്തിൽ രേഖപ്പെടുത്തിവയ്ക്കുവാൻ വിട്ടുപോകാത്ത, ജീവിതത്തിൽ കണ്ടുമുട്ടിയ ആരെയും മറക്കാത്ത, നടന്ന വഴികൾ ഓർമ്മയുള്ള ചാവറയച്ചൻ ഈ ഗ്രന്ഥരചനയിൽ പല വിധത്തിൽ സഹായിച്ചവരെയും പ്രോത്സാഹിപ്പിച്ചവരെയും ഓർക്കു കയും അനുഗ്രഹിക്കുകയും ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്.

വിശുദ്ധ ചാവറതാതനു മുന്നിൽ അനുഗ്രഹത്തിനായി നിറകണ്ണു കളോടെ ശിരസ്സു നമിച്ച് സ്നേഹാദരവുകളോടെ ഈ ഗ്രന്ഥം നല്ലവ രായ നിങ്ങളുടെ കരതാരിലേയ്ക്കും അകതാരിലേയ്ക്കും കൈമാറുന്നു. ഈ ഗ്രന്ഥം പാരായണം ചെയ്യുമ്പോൾ ഈ ഗ്രന്ഥം നമ്മെയും പാരാ യണം ചെയ്തിരുന്നെങ്കിൽ! പ്രാർത്ഥനാശംസകളോടെ,

**ഫാ. ആന്റണി ഞള്ളംപുഴ സി. എം. ഐ.**
മേരിഗിരി ആശ്രമം
കൂത്താട്ടുകുളം–680 662

# ഈയത്തകിടിലെ
# 'അഴകുള്ള ആത്മാവ്'

കൂനമ്മാവിലുള്ള ചാവറപിതാവിന്റെ മൃതമഞ്ചത്തിൽ ചാവറയച്ചന്റെ പിൻഗാമിയായി വന്ന ബഹു. പോരൂക്കര കുറിയാക്കോസ് ഏലീശ്വാ അച്ചന്റെ കയ്യൊപ്പോടുകൂടി ഈയത്തകിടിൽ എഴുതി നിക്ഷേപിച്ച ഫലകത്തിലുള്ള ചാവറപിതാവിന്റെ സംക്ഷിപ്ത ജീവിതചരിതം:

ഈ കബറിടത്തിൽ അടക്കപ്പെട്ടിരിക്കുന്ന ചേന്ദൻകരപള്ളി ഇടവ കക്കാരൻ കുറിയാക്കോസ് ദ്തുഹമ്മാ കന്തീശാ മലയാളത്തിൽ സ്ഥാപി ക്കപ്പെട്ട കർമ്മലീത്താ നിഷ്പാദുകസഭയുടെ അടിസ്ഥാനക്കാരനും പ്രിയോരുമായ ഇദ്ദേഹം 1805-ാം കാലം പിറന്നു. 1831-ൽ മാന്നാനത്തു കൊവേന്തയിൽക്കൂടി മല്പാനായി പഠിപ്പിച്ചതിനുശേഷം 1855-ൽ പറഞ്ഞൊപ്പു ചെയ്ത് ഒന്നാമത്തെ പ്രിയോരായി നിയമിക്കപ്പെട്ടു. ഏറിയ അദ്ധ്വാനങ്ങൾ ചെയ്തുവരുമ്പോൾ റോക്കോസിന്റെ ശപിക്കപ്പെട്ട ശീശ്മ യുടെ കാലത്തിൽ സുറിയാനി പള്ളികളുടെ വികാരി ജനറാളിന്റെ സ്ഥാനത്തോടുകൂടി, ആത്മാക്കളുടെ രക്ഷയ്ക്കായി അനേക പ്രയാസ ങ്ങളെ കഴിച്ച് 1871-ാം കാലം മകരമാസം മൂന്നാം തീയതി കാലത്ത് ഏഴര മണിക്ക് കൂനമ്മാവു കൊവേന്തയിൽ തന്റെ മക്കളുടെ കണ്ണുനീ രിന്റെ ഇടയിൽ കൂദാശകളൊക്കെയും വിശേഷഭക്തിയോടെ കൈക്കൊണ്ട് സാമാന്യമല്ലാത്ത ദൈവഭക്തിയുടെ അടയാളങ്ങളോടു കൂടെ തന്റെ **അഴകുള്ള ആത്മാവിനെ**, താൻ ജീവിതകാലം മുഴുവൻ സ്നേഹിച്ച നാഥന്റെ തൃക്കൈകളിൽ കയ്യാളിക്കുകയും ചെയ്തു. എന്നുള്ള ഈ വാചകം ഒരു ഈയത്തകിടിൽ എഴുതി വയ്ക്കുകയും ചെയ്തു. ദൈവമനോഗുണത്തിന്റെ അറിവിനും സ്തുതിക്കുമായി ആഹാ (സഹോദരൻ) കുര്യാക്കോസ് ഏലീശ്വാ.

## 'മാണിക്യമായ ആത്മാവ്'

"കീർത്തിക്കപ്പെട്ടവനും വന്ദിക്കപ്പെടത്തക്കവനും ആയ ചേന്ദങ്കരി പള്ളി ഇടവകക്കാരൻ ബഹുമാനപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന നമ്മുടെ പ്രിയോരച്ചൻ കഠിനരോഗമായി കൂനമ്മാവ് നൊവിഷ്യേറ്റ് കൊവേന്തയിൽ കിടക്കുന്നു.. അദ്ദേഹത്തിനു സ്വസ്ഥത കൊടുക്കുന്ന തിന് ഇവിടെ നമസ്കരിച്ചിരുന്നു എന്നുവരികിലും 71 മകരം മൂന്നിന് രാവിലെ ഏഴുമണി സമയം അദ്ദേഹം തന്റെ **മാണിക്യമായ ആത്മാവിനെ** തമ്പുരാന് കയ്യാളിച്ചുവെന്നതിന്റെ എഴുത്ത് അസ്തമനത്തിനു ശേഷം കിട്ടി. പിറ്റേദിവസം ആഘോഷപൂർവ്വകമായ ശേഷക്രിയകൾ നടന്നു." **(എൽത്തുരുത്ത് കൊവേന്തയുടെ നാളാഗമം ഒന്നാം പുസ്തകം)**

## ലെയോപ്പോൾഡ് മിഷനറി രേഖപ്പെടുത്തിയിരിക്കുന്നത്

"...ഈ എത്രയും **മാണിക്യമുള്ള ആയുസ്സിനെ** കാക്കുന്നതിന് പല വിധമായിട്ട് പലരും പ്രയാസപ്പെട്ടുവെങ്കിലും എല്ലാവരുടെ അപേക്ഷ കളെ കേൾപ്പാൻ തമ്പുരാൻ തിരുമനസ്സായില്ല..." (ഫാ. വലേരിയൻ, വന്ദ്യ ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മലങ്കര (സീറോ മലബാർ) സഭയുടെ ഒരു വീരസന്താനം. പേജ് 319)

# 1

# മാന്നാനത്തു വിരിഞ്ഞ പുഷ്പം



"വിശുദ്ധമായവ വിശുദ്ധിയോടെ
ചെയ്യുന്നവർ വിശുദ്ധരാകും"

(ജ്ഞാനം 6:10)

**'മാ**ന്നാനത്തു വിരിഞ്ഞ പുഷ്പം' എന്ന വിശേഷണം ചാവറ പിതാവിന് ചാർത്തിയത് മാർസെലീനോസ് (മർസ്ലീനോസ്) മെത്രാനാണ്. പ്രഥമ ഏതദ്ദേശീയ സന്യാസസഭയുടെ സ്ഥാപനം നടന്ന അവസരത്തിൽ മെത്രാപ്പോലീത്തായുടെ പ്രതിപുരുഷൻ എന്ന നിലയിൽ പ്രധാന കാർമ്മികനായിരിക്കുകയും പിന്നീട് സുറിയാനിക്കാരുടെ മെത്രാനായി നിയമിക്കപ്പെടുകയും ചെയ്ത വ്യക്തിയാണ് മാർസെലീനോസ്. **"ഈ ദേഹം (കുര്യാക്കോസച്ചൻ) മാന്നാനത്തുണ്ടായ പുഷ്പമാകുന്നു"** എന്ന അലങ്കാരപ്രയോഗം അദ്ദേഹത്തിന് പ്രിയോരച്ചന്റെ ആത്മവിശുദ്ധിയെപ്പറ്റി എത്രമാത്രം മതിപ്പുണ്ടായിരുന്നു എന്നതിന്റെ സ്പഷ്ടമായ തെളിവാണെന്ന് പ്രൊഫ. പി. റ്റി. തോമസ് ചാവറയച്ചനെപ്പറ്റിയുള്ള 'കർമ്മയോഗി' എന്ന തന്റെ ഗ്രന്ഥത്തിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

തീർച്ചയായും മാന്നാനത്തു വിരിഞ്ഞ് പരിമളം പ്രസരിപ്പിക്കുന്ന കേരള കർമ്മല കുസുമമാണ് ചാവറപിതാവ്. 'മന്നാ' 'വന'ത്തിൽ വിരിഞ്ഞ പൂവ്. അപൂർവ കുസുമം! മന്നാ + വനം = മാന്നാനം എന്നോ, 'മന്ന' 'ആദാനം' ചെയ്യുന്ന പ്രദാനം ചെയ്യുന്ന സ്ഥലം (മന്നാ + ആദാനം) എന്നോ ഈ സ്ഥലനാമം ധ്യാനവിചിന്തന വിഷയമാക്കാമെന്ന് തോന്നുന്നു. 'മാം + ദാനം' = 'ഞങ്ങൾ ഞങ്ങളെ ദാനമായി നൽകുന്നു' എന്നുമാകാം! വാച്യാർത്ഥങ്ങൾക്കുപരിയായി മന്നാ പൊഴിഞ്ഞ കുന്ന്! കൃപയുടെ വിളനിലമായി ഈ മണ്ണിനെയും മലമുകളിനെയും കാണുകയാണുചിതം. 'അമലോത്ഭവ മാതാവിന്റെ ദാസസംഘ'മായി **ആരംഭിച്ച്**, 'കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ'(T.O.C.D.)യായി നാമഭേദം **സംഭവിച്ച്** 'അമലോത്ഭവ മാതാവിന്റെ കർമ്മലീത്ത'രായി (C.M.I. - Carmelites of Mary Immaculate) **പരിണമിച്ച്** അങ്ങനെ വിളിക്കപ്പെട്ടുപോരുന്ന ഈ സഭയുടെ പിതാവും ത്രാതാവും ആത്മാവും ചൈതന്യവും ശക്തിസ്രോതസും സുകൃതസമ്പന്നതയും പുണ്യപുഷ്പമായ ഈ വന്ദ്യതാതനാണ്. **'കാർമ്മെൽ'** എന്ന പദത്തിനർത്ഥം **'ദൈവത്തിന്റെ പൂന്തോട്ടം'** എന്നത്രേ. മാന്നാനത്തുള്ള ദൈവത്തിന്റെ പൂന്തോട്ടത്തിൽ വിരിഞ്ഞ അപൂർവ്വ കുസുമമാണ് ചാവറ പിതാവ്.

## ജീവിച്ച വർഷവും വർഷിച്ച ജീവിതവും!

ചിലരുടെ പിറവിയോ, പിരിയലോ ചില ദിനങ്ങളെ ധന്യദിനങ്ങളാക്കുന്നു! അങ്ങനെ പല നാളുകളിൽ ചില നാളുകൾ പിറന്നാളുകളും തിരുനാളുകളുമാകുന്നു. പിറന്ന നാൾ പിറന്നാളാണ്. ക്രൈസ്തവ

ദർശനത്തിൽ പിരിയുന്ന നാൾ (ലോകത്തിൽനിന്നും വിടവാങ്ങുന്ന ദിനം) തിരുനാളാണ്. ഒരുവൻ "മരിക്കുമ്പോൾ സ്വർഗ്ഗത്തിൽ ജനിക്കുന്നു" എന്ന അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ലാളിത്യമുള്ള വചനംകൂടി ഇതിനോട് ചേർത്ത് ധ്യാനിക്കണം. പിരിയലിലും ഒരു പിറവിയുണ്ട്. വിരഹത്തിലും ഒരു വിരിയലുണ്ട്. ചാവറപിതാവിന്റെ പിറന്നാൾ (പിറന്ന നാൾ) 1805 ഫെബ്രുവരി 10ന്. തിരുനാൾ (വിടവാങ്ങിയ നാൾ) 1871 ജനുവരി മൂന്നിനും.

ഈ പിറവിക്കും പിരിയലിനുമിടയിൽ, പിറന്നാളിനും തിരുനാളിനുമിടയിൽ, ജനനത്തിനും മരണത്തിനുമിടയിൽ, കൈനകരിക്കും കൂനമ്മാവിനുമിടയിൽ **ജീവിതം** എന്ന വശ്യമായ മൂന്നക്ഷരത്തിന്റെ മനോഹാരിതകൂടി ഉണ്ടായിരുന്നു! ചാവറപിതാവിന്റെ ഒരു ജീവചരിത്രകാരനായ ബഹു. വലേരിയൻ പ്ലാത്തോട്ടം സി. എം. ഐ.യുടെ ഭാഷയിൽ "നമ്മുടെ കഥാനായകൻ ദിവംഗതനാകുമ്പോൾ 65 വയസ്സ് കഴിഞ്ഞ് 10 മാസവും 25 ദിവസവും മാത്രമേ പ്രായമായിരുന്നുള്ളൂ."

**ചാവറപിതാവ് ഇന്ന് സ്മരിക്കപ്പെടുന്നത് അദ്ദേഹം ജീവിച്ച വർഷത്തിന്റെ നീളംകൊണ്ടല്ല മറിച്ച് വർഷിച്ച ജീവിതത്തിന്റെ വലിപ്പംകൊണ്ടാണ്. ജീവിച്ച വർഷവും വർഷിച്ച ജീവിതവും അദ്ദേഹം മഹനീയമാക്കി.** അങ്ങനെ അദ്ദേഹം കേരള ചരിത്രത്തിലെ സ്മര്യപുരുഷനായി. **കേരള കർമ്മലകുസുമം!** അല്ല, **ഭാരത സന്യസ്ത സൂനം! അഥവാ ഭാരത സന്യസ്ത താതൻ!**

1936-ൽ ക. നി. മൂ. സ. (കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ) മത്യാസ് പട്ടക്കാരനാൽ രചിക്കപ്പെട്ട ചാവറപിതാവിനെപ്പറ്റിയുള്ള ആദ്യകാല ഗ്രന്ഥത്തിന്റെ ശീർഷകംപോലെതന്നെ മനോഹരമാണ് ചാവറപിതാവിന്റെ ജീവിതം!

"മലങ്കര (സീറോ മലബാർ സഭ) സഭാമാതാവിന്റെ ഒരു വീരസന്താനം!

അഥവാ

വന്ദ്യ ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ!"

വനവാസം കൊതിച്ച **ജനകീയൻ!** 'തപസ് ഭവനം' സ്വപ്നം കണ്ട **താപസൻ!**

ദർശനങ്ങളുടെ വീടായ 'ദർശനഭവനം' തീർത്ത **'ദർശനപട്ടക്കാരൻ!'**

## ചരിത്രത്തിൽ അടയാളപ്പെടുത്തിയ ചാവറയച്ചനുള്ള അക്ഷരസ്തുതികൾ!

'വചനവേദിയിലെ സിംഹക്കുട്ടി', 'കുമ്പസാരക്കൂട്ടിലെ ആട്ടിൻകുട്ടി', കേരളസഭയുടെ 'പ്രഥമ വികാരി ജനറാൾ', റോക്കോസ് ശീശ്മയിൽപ്പെട്ട സുറിയാനിക്കാരെ വീണ്ടും കൂട്ടിയോജിപ്പിച്ച 'ചുണക്കുട്ടി', 'സഭയുടെ വക്താവ്,' സഭയെ താങ്ങിനിർത്തിയ 'താങ്ങുതൂൺ'. ആയതിന് പരിശുദ്ധ പിതാവ് ഒമ്പതാം പീയൂസ് പാപ്പായുടെ പ്രത്യേക പ്രശംസയ്ക്ക് പാത്രീഭൂതനായവൻ, സഭയെ അമ്മയെപ്പോലെ കണ്ട 'സഭാസ്നേഹി'... നീണ്ടുപോകുന്ന ഈ വിശേഷണങ്ങൾ അതിശയോക്തിയായി കാണരുത്. ഇത് ചാവറയച്ചന് സമകാലികർ ചരിത്രത്തിൽ അടയാളപ്പെടുത്തിയ അക്ഷരസ്തുതികളാണ്.

"നമ്മുടെ ഈ പിതാവ് കേരളത്തിലുള്ള ക്രിസ്ത്യാനികൾക്കെല്ലാം മാതൃക നൽകുന്ന **'ദീപവും കണ്ണാടിയുംപോലെ'**യായിരുന്നു. കൂടാതെ, തിരുസഭയുടെ വളർച്ചയ്ക്കും വിശ്വാസ സ്ഥിരതയ്ക്കുംവേണ്ടിയുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണതയിൽ ഈ **'തിരുസഭയെ താങ്ങുന്ന ഒരു തൂണുപോലെ'** ആയിരുന്നു." (കൂനമ്മാവ് നാളാഗമം, വാല്യം 2)

'ഉപവിശാല'യുടെ ഉപജ്ഞാതാവ്, 'ഉച്ചക്കഞ്ഞി'യുടെ ഉദ്ഘാടകൻ പള്ളികളിൽ 'പടാർത്ത' തുടങ്ങിയ പാതിരി. അതെ, വീണ്ടും നീണ്ടുപോകുന്നു ചാവറമഹിമകൾ. അധികാരികളെ (മേല്പട്ടക്കാർ) ആദരിച്ചവൻ. 'ചൊൽവിളി' (അനുസരണം) ഉള്ളവൻ സന്യാസി എന്നു പറഞ്ഞ '**യഥാർത്ഥ സന്യാസി**'. സഭയെ പലതായി കാണാതെ ഒന്നായി കണ്ട 'ഐക്യത്തിന്റെ **വക്താവ്**'. സദാപി ദൈവഹിതത്തിന് കാതോർത്ത **'നിസ്വൻ'** "ദൈവഹിതം നടക്കും നടത്തും" എന്നുറച്ചു വിശ്വസിച്ച **'ഭക്തൻ'**...!!!

"കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല പിന്നെയോ, അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു" എന്നു പറഞ്ഞ എരിവും പുണ്യവുമുള്ള **'തപോധനൻ!'** വിജ്ഞാനം വിളക്കാക്കിയ **'ബോധിസത്വൻ!'**

വിണ്ണിനെ നോക്കി പുഞ്ചിരിച്ച് മണ്ണിനെ തഴുകിയൊഴുകുന്ന പുഴപോലെയൊഴുകിയ ഈ ജീവിതത്തിന്റെ വിശേഷണങ്ങളും അതുപോലെ പരന്നൊഴുകുന്നു. സി. എം. ഐ., സി. എം. സി. സന്യാസസഭകളുടെ സ്ഥാപകൻ. അറിവ് 'ചിറകും' ആത്മീയത 'അഗ്നി'യുമാക്കിയ

'അഗ്നിച്ചിറകുകൾ' (Wings of Fire) ഉള്ളവൻ 'പരിശുദ്ധാത്മാവ് നിറഞ്ഞവൻ' 'ദൈവികമനുഷ്യൻ'.

ചാവറ താതൻ വനവാസം കൊതിച്ച് മലകയറി. പിന്നീട് മറുരൂപപ്പെട്ട് മലയിറങ്ങി. മലകയറി മറുരൂപപ്പെട്ടു ഗുരുവായി വീണ്ടും മനുഷ്യരുടെയിടയിൽ... അതെ, ഇതാവാം ചാവറയച്ചന്റെ ദർശനബോദ്ധ്യം:

മാനവസേവ മാധവസേവ - നരസേവ നാരായണസേവ - ജനസേവ ജനാർദ്ദനസേവ!

## നിന്റെ വഴികൾ എത്ര സുന്ദരങ്ങൾ!

ലോകോപകാരപ്രദമല്ലാത്ത സന്യാസദർശനം സ്തബിലീനിമെത്രാൻ തുടക്കത്തിലേ തിരുത്തി. അധികാരികളിലൂടെയുള്ള അവസരോചിതമായ ദൈവത്തിന്റെ ഇടപെടലുകൾ, ദൈവത്തിന്റെ കരങ്ങൾ, അവന്റെ നടത്തിപ്പ്, അവന്റെ വഴികൾ എത്ര സുന്ദരങ്ങൾ!

"കൂടെപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ **ആത്മരക്ഷയ്ക്കായി** സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായിരിക്കുന്നു" (കത്തുകൾ VI/4).

"ദൈവത്തിനിഷ്ടമുള്ളതും **ആത്മാവുകൾക്ക് എത്രയും ഉപകാരമുള്ളതുമാണ്** ഈ കൊവേന്തകളുടെ കൂട്ടം" (കത്തുകൾ VI/1).

"അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടു പേരുള്ളതു മിണ്ടടക്കമായി വാച്ചെടത്തും (വല്ലയിടത്തും) ഒതുങ്ങി പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആര്? അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെപ്പിൻ - എന്നാൽ എല്ലാവർക്കും ഉപകാരം ഉണ്ടല്ലോ" (മൗറേലിയൂസ് സ്തബിലീനി മെത്രാപ്പോലീത്താ).

എല്ലാവർക്കും ഉപകാരത്തിനായി ദൈവകരങ്ങളിൽ ഉപകരണമാകുന്ന ഉപകാരപ്രദമായ ഒരു ജീവിതം. പരോപകാരാർത്ഥം അവനിയിൽ അഴിയുവാൻ ഒരു ജീവിതം! അതെ പരോപകാരാർത്ഥമിദം ശരീരം! - പരോപകാരാർത്ഥമിദം സമൂഹം! (സന്യാസം).

> "എനിക്കു ലഭിച്ച സമയം ദൈവത്തിന്റെ അധികകൃപയാലേ എനിക്കുവേണ്ടിത്തന്നതുതന്നെയല്ല, പിന്നെയോ മറ്റുള്ളവർക്കുവേണ്ടിയുമാണെന്ന് ഇപ്പോൾ സ്പഷ്ടമായി ഞാൻ അറിയുന്നു" (കത്തുകൾ).

ഒതുങ്ങിയിരിക്കാനും ഒതുങ്ങി പാർക്കാനും ആഗ്രഹിച്ചവരെ ഒരുങ്ങിയിറങ്ങാൻ ഒരുക്കുകയാണ് സ്തബിലീനി മെത്രാപ്പോലീത്താ ചെയ്തത്.

"ഒരു കൊവേന്ത വെപ്പിൻ. എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ."

(ബ്ര. കണിയാന്തറയുടേതാണ് ഈ നാളാഗമഭാഗങ്ങളെന്ന് കരുതപ്പെടുന്നു. മറ്റു മൂവർക്കുമൊപ്പം ഒപ്പത്തിനൊപ്പം നിൽക്കുകയും അവർക്കൊപ്പം എപ്പോഴും നിഴൽപോലെ നിൽക്കുകയും ചെയ്ത സഹസ്ഥാപകരിലൊരാൾ.)

സ്തബിലീനിയുടെ കാഴ്ചപ്പാടിൽ 'കൊവേന്ത' 'ഒതുങ്ങിയിരിക്കാനുള്ള ഇടമേയല്ല. അതു പൊതുസമൂഹ നിർമ്മിതിക്കുള്ള കോപ്പുകൂട്ടേണ്ട നിർമ്മിതിയുടെ ഗർഭഗൃഹമാണ്. ആകണം! "എല്ലാവർക്കും ഉപകാര"മുള്ളവരായി മാറാനുള്ള മാറിനില്പിനുള്ള ഉയർന്ന ഇടം. അരങ്ങിനു മുമ്പുള്ള അണിയറ. അണിഞ്ഞൊരുങ്ങാനുള്ള ഇടം. പൊതുസമൂഹനിർമ്മിതിക്കാവശ്യമായ ഉയർന്ന മൂല്യദർശനങ്ങൾ, ഭാവനകൾ, പദ്ധതികൾ, സ്വപ്നങ്ങൾ ഇവ ആവിഷ്കരിക്കാനുള്ള ഉയർന്ന ഭവനവാസം. മാറിനില്പ്!

### "കർത്താവ് എത്രയോ നല്ലവനെന്ന് രുചിച്ചറിയുവിൻ" (സങ്കീ. 34:8)

ആത്മീയത നുകരുവാൻ മല കയറണം. ആത്മീയത പകരുവാൻ മലയിറങ്ങണം. മലകയറുക - മലയിറങ്ങുക. കാടാറുമാസം - നാടാറുമാസം. നുകരണം - പകരണം. ആസ്വദിക്കണം - ആസ്വദിപ്പിക്കണം. ചാവറയച്ചന് ഒരിക്കൽ ഒരു മധുരമാമ്പഴം സമ്മാനമായി ലഭിച്ചു. അദ്ദേഹമത് പൂളിനോക്കി, രുചിച്ചു. നട്ടുനനച്ച് വളർത്തി... തൈകൾ നാടുനീളെ വിതരണം ചെയ്തു. ഏവരെയും മധുരിപ്പിച്ചു.

ദൈവാനുഭവത്തിന്റെ പകരലിലും ചാവറപിതാവിന്റെ ശൈലി ഒന്നു തന്നെയായിരുന്നു. പ്രാർത്ഥിക്കുക - പ്രവർത്തിക്കുക. അങ്ങനെ സ്ഥാപകസിദ്ധിയായി 'പ്രാർത്ഥനയും പ്രവർത്തനവും.'

### "കർത്താവ് മോശയോടു പറഞ്ഞു: ഞാൻ നിങ്ങൾക്കായി ആകാശത്തിൽനിന്ന് അപ്പം വർഷിക്കും" (പുറ. 16:4)

മരുഭൂമിയിൽ പൊഴിഞ്ഞുവീണ വെളുത്ത വസ്തുവിനെ ചൂണ്ടി മരുഭൂമിയിലെ പഥികർ പരസ്പരം പുലമ്പി: മൻഹു? (ഇതെന്താണ്)

'എന്നതാണെ'ന്ന് ചോദിച്ച് അവസാനം എന്നാ **'മന്നാ'** ആയിത്തീർന്നു. മരുഭൂമിയിലെ ദൈവിക അന്നം. മാന്നാനം 'മന്നാ' പൊഴിയുന്ന ദൈവിക ഭൂമി! ദിവ്യകാരുണ്യമെന്ന 'മന്നാ' പ്രദാനംചെയ്യുന്ന ഇടമായത് മാറി. "ഈശോമിശിഹായുടെ സ്നേഹത്തിൽ **പാർപ്പിൻ,** എപ്പോഴും തന്റെ കൺമുമ്പിൽ **ഇരിപ്പിൻ,** തന്റെ അരികെ **നടപ്പിൻ,** തന്നോടുകൂടെ എപ്പോഴും **സംസാരിപ്പിൻ"** (കത്തുകൾ VII/6) എന്നു പറഞ്ഞ കേരള സഭയുടെ ആദ്യത്തെ ദിവ്യകാരുണ്യപ്രേക്ഷിതൻ ഭജനയിരുന്ന തിരു സന്നിധി. അനുദിനമന്നായ്ക്ക് മന്നിൽ കുറവു വരുമ്പോഴൊക്കെ ആ ദിവ്യകാരുണ്യപ്രേഷിതൻ തിരുസന്നിധിയിലേക്ക് ഓടി അവിടെ വെറും കയ്യുമായി നിന്നു. ആരാധനയുടെ നിമിഷങ്ങളിലെ അശ്രുകണങ്ങളു ണങ്ങുന്നതിനു മുമ്പേ വേണ്ടത് വേണ്ടപ്പെട്ടവൻ വെറുംകൈ നിറയെ നിറച്ചു നൽകി. ഏലിയാപ്രവാചകന് കാക്കവഴി എന്നപോലെ പേരിൽ ഏലിയായുള്ള ചാവറയച്ചനും!

**"അവർക്ക് ഭക്ഷിക്കുവാൻ അവിടുന്നു മന്നാ വർഷിച്ചു; സ്വർഗ്ഗീയ ധാന്യം അവർക്കു നൽകി. മനുഷ്യൻ ദൈവദൂതന്മാരുടെ അപ്പം ഭക്ഷിച്ചു. അവിടുന്ന് ഭക്ഷണം സമൃദ്ധമായി അയച്ചു"** (സങ്കീ. 78:24-25).

മാന്നാനം കുന്നിന്റെ കാടു തെളിച്ചവർക്ക് ദാഹം തോന്നി, 'ഒരു കിണർ ഉണ്ടായിരുന്നെങ്കിൽ' എന്നാഗ്രഹിക്കുകയും തുടർന്ന് കാട് വെട്ടി ത്തെളിക്കവേ ഒരു ഉറവ കണ്ടെത്തുകയും ചെയ്തു. ഉറവക്കണ്ണിയുണ ങ്ങാത്ത ഒരു ചെറു കിണർ... കൃപയുടെ കിണർ. ദൈവിക പരിപാലന യുടെ നീർച്ചാൽ (നാളാഗമം, പേജ് 31).

മാന്നാനം മല കയറിയും മല ഇറങ്ങിയും പുഴവഴിയും, വഴിവഴിയും ചാവറയച്ചനും 'അമലോത്ഭവ ദാസസംഘ'വും ജനങ്ങളോടൊപ്പം ജന ങ്ങൾക്കുവേണ്ടി ജനബദ്ധതയിൽ ആഴപ്പെട്ടും വേരോടിയും വീറോടെ വളർന്നു. അവർ നുകർന്നത് അവർക്കു പകർന്നു. കിട്ടിയത് കൊടുത്തു തിരികെ തന്നത് വാങ്ങി.

ഇങ്ങനെ മല കയറിയും മലയിറങ്ങിയും കേരളസഭയുടെ താഴ്വര കളെ അവർ സമ്പന്നമാക്കി... ഇപ്രകാരം കേരളസഭയെ സമ്പന്നമാക്കിയ ഒരു സമ്പന്നതയാണ് കേരളസഭയ്ക്കും കൈരളിക്കും അന്നും ഇന്നും വലിയ പ്രിയോരച്ചൻ എന്നു വിളിക്കപ്പെടുന്ന, വിശേഷിപ്പിക്കപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

**"കർത്താവേ, സ്വജനത്തെ അങ്ങ് എല്ലാറ്റിലും ഉയർത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തു. എന്നുമെവിടെയും അവരെ തുണ യ്ക്കാൻ അങ്ങ് മടിച്ചില്ല"** (ജ്ഞാനം 19:21).

# സന്യാസം സങ്കീർത്തനമാക്കിയവൻ

'മരിച്ച് ജീവിച്ച' ഒരു കഥാപാത്രമായിരുന്നില്ല ചാവറയച്ചൻ. മറിച്ച് 'ജീവിച്ച് മരിച്ച' ഒരു വിശിഷ്ട വ്യക്തിത്വമായിരുന്നു. ഒപ്പം വലിയ സാന്നിദ്ധ്യവും. കറയറ്റ തനി തങ്കം! തികവുറ്റ തനി 'മന്ന'. അതെ, ദിവ്യ കാരുണ്യ പ്രേക്ഷിതൻ എന്ന അർത്ഥത്തിലും ദിവ്യമായ കരുണ ദിവ്യകാരുണ്യം എന്ന അർത്ഥത്തിലും. ആത്മാവുള്ള ഒരു അജപാല കൻ. ഒപ്പം അജഗണങ്ങളുള്ള ഒരു അജപാലകൻ. കൂടാതെ 'അനഭി ഷിക്ത മെത്രാനായ' സുറിയാനിസഭയുടെ പ്രഥമ സ്വദേശാധികാരി യായ വികാരി ജനറാൾ!

വനവാസം കൊതിച്ച ചാവറപിതാവ് ത്രിമൂർത്തികൾക്കൊപ്പം (പാലയ്ക്കൽ, പോരൂക്കര തോമ്മാച്ചന്മാരും, കണിയാന്തറ യാക്കോ ബും) സഹവാസവും കൊതിച്ചു. ചൈതന്യനിർഭരമായ ചാവറമാനസം! വനവാസം കൊതിച്ചവർക്കൊപ്പം അദ്ദേഹം വനവാസിയായി... തുടർന്ന് സന്യാസിയായി... സന്യാസിയായ ചാവറതാതൻ പെട്ടെന്ന് ജനകീയ നായി... സന്യാസ സഭാസാരഥിയായി... ജനനായകനായി... റോക്കോസ് ശീശ്മയ്ക്കെതിരെ സഭയുടെ പടനായകനായി... ധീര യോദ്ധാവായി... 'വീരോചിതമായ സുകൃത'ങ്ങളിൽ വളർന്നു വിളങ്ങി! 'പ്രിയോരച്ചൻ' 'വലിയപ്രിയോരച്ച'നായി ജനമാനസങ്ങളിൽ ചേക്കേറിയ 'അരൂപിയുടെ മൂന്നാം പ്രാവായി!' (തോമ്മാശ്ലീഹാ - ഫ്രാൻസിസ് സേവ്യർ - ചാവറ താതൻ)

ചാവറയച്ചൻ ജീവിതം ഒരു സംഭവമാക്കി. താൻ കടന്നുവന്ന നാൾവ ഴികൾ 'നാളാഗമങ്ങ'ളിലാക്കി. ചരിത്രം രചിച്ചു സ്വയം ചരിത്രമായി. കേരള സഭാചരിത്രത്തിന്റെ ഒരു നല്ല പങ്ക്, വലിയ ഭാഗം (19-ാം നൂറ്റാണ്ട്) ചാവറയച്ചന്റെ ജീവചരിത്രമായി! അത് കേരളസഭയുടെ ചരിത്രത്തിന്റെ തിളക്കമുള്ള താളുകളായി. നിറമുള്ള വിശ്വാസപോരാട്ടങ്ങളുടെ ഓർമ്മ കളായി, ഏടുകളായി. ചാവറയച്ചൻ എഴുതിയ കത്തുകൾ - സന്യാസ ശ്രേഷ്ഠൻ എന്ന നിലയിലും വികാരി ജനറാൾ എന്ന തലത്തിലും പല കാലങ്ങളിൽ പല സാഹചര്യങ്ങളിൽ പല നേരങ്ങളിൽ പലർക്കായി എഴുതിയവ. മേല്പട്ടക്കാർക്കും, മെത്രാപ്പോലീത്താമാർക്കും, പോപ്പിനും പ്രൊപ്പഗാന്തായ്ക്കും സിസ്റ്റേഴ്സിനും പട്ടക്കാർക്കും... റോക്കോസ് ശീശ്മയെ എതിർത്തും സത്യസഭയെ ഉണർത്തിയും അസത്യത്തിന്റെ മുഖം തുറന്നുകാട്ടിയും നന്മയെ പുകഴ്ത്തിയും പുരസ്കരിച്ചും തിന്മയെ തിരുത്തിയും തമസ്കരിച്ചും സഭയുടെ ക്ഷേമത്തിനും വിശ്വാസത്തിന്റെ വർദ്ധനവിനും... വിശ്വാസികളുടെ നിലനില്പിനും സഭയുടെ ഐക്യത്തി

നുമായി... എഴുതിയ കത്തുകൾ... ചാവറപിതാവിന്റെ ആത്മാവിന്റെ ദർപ്പണവും ചരിത്രത്തിന്റെ നേർചിത്രങ്ങളുമായി!

സന്യാസിയായിരുന്ന അദ്ദേഹം തന്റെ ധ്യാനങ്ങൾ ഈശ്വരസല്ലാപമാക്കി... ബോറാകാത്ത താബോർ അനുഭവമാക്കി... ഇങ്ങനെ ജീവിതം സംഭവവും... ധ്യാനം... സല്ലാപവും **സന്യാസം സങ്കീർത്തനവുമാക്കി** ഈ പുണ്യതാതൻ. ഒരു ദേശത്തെയും ഒരു ജനതതിയെയും അവരുടെ ജീവിതങ്ങളെയും, സംസ്കാരത്തെയും സാംസ്കാരികാഭിനിവേശങ്ങളെയും, മാനിച്ചും അതിൽ അഭിമാനിച്ചും, തീറ്റിയും പോറ്റിയും, ഓർമ്മിച്ചും ഓമനിച്ചും, സ്വാധീനിച്ചും സ്വാംശീകരിച്ചും, പാലിച്ചും താലോലിച്ചും... ഈ താതൻ താൻ കണ്ണുതുറന്നപ്പോൾ കണ്ട ലോകത്തെക്കാൾ മെച്ചവും നവീനവും സുന്ദരവും ശ്രേഷ്ഠവും സമ്പന്നവുമായ ഒന്നാക്കി അതിനെ മാറ്റി... പുതിയൊരു ലോകം തീർക്കാൻ തന്നാലാവുന്നതു നൽകി. ഒച്ചപ്പാടുകളുതിർക്കാതെ... അവകാശവാദങ്ങൾ ഉന്നയിക്കാതെ... നേട്ടത്തിന്റെ പട്ടിക നിരത്താതെ... ഒന്നിന്റെയും ആരുടെയും ബഹുമതികൾ സ്വയം നെഞ്ചിൽ ചാർത്താതെ... പൊൻതൂവലുകൾ സ്വന്തം തൊപ്പിയിലണിയാതെ... സഹപ്രവർത്തകർക്ക് അത് വീതംവച്ചു നൽകി **'ഞാൻ'** ഭാവമില്ലാതിരുന്ന ഈ സന്യാസി.

**പത്മഭൂഷൺ ശ്രീ. ഒ. എൻ. വി. കുറുപ്പ്** ചാവറതാതനെക്കുറിച്ചെഴുതി. പിതാവിന്റെ 142-ാം ചരമവാർഷികത്തിൽ (2013 ജനുവരി 3) വിശ്വാസി സമൂഹത്തോടൊപ്പം കവിഹൃദയത്തിന്റെ പ്രണാമമായി:

ജ്ഞാനത്തിൻഭാസുര ദീപം നീ
ഞാനെന്നപദമില്ലാഭാഷയും നീ
വിണ്ണിലെ ദൈവപ്രകാശത്തെ മഴവില്ലായ്
കൺമുന്നിൽ വിരിയിച്ചൊരാർദ്രതയും നീ

പർണ്ണകുടീരത്തിനുള്ളിലൊതുങ്ങാത്ത
സന്യാസത്തിന്നാത്മ സൗരഭമേ!
സേവനം പ്രാർത്ഥനയാക്കി ചരാചര
സ്നേഹത്തിൽ ദൈവത്തെ ദർശിച്ചോനേ

തുഞ്ചന്റെ ശാരികപ്പൈതലിൻ കൊഞ്ചലും
വഞ്ചി തുഴയുവോർ പാടും ശീലും
സഞ്ചിതമാമതിൽ സൗഭാഗ്യമുൾച്ചേർന്നൊ-
രഞ്ചിത കാവ്യങ്ങൾ തന്നുറവേ!

അദ്വൈത ദർശനം പൂവിട്ടൊരീഭൂവിൽ
ക്രിസ്തീയ വിശ്വാസ സംസ്കാരങ്ങൾ
അന്യമല്ലെന്നുതൻ പുണ്യകർമ്മങ്ങളാൽ
സ്വർണ്ണലിപിയിൽ കുറിച്ചവനേ!

പരിപാവന ചരിതം നിൻ
മഹിമാവിനെ വാഴ്ത്താം!
വാഴ്ത്താം...
നിൻ തിരുനാമം വാഴ്ത്താം!

ചാവറതാതന്റെ ജീവിത നിഘണ്ടുവിൽ 'ഞാൻ' എന്ന പദമില്ല. **"ഞാനെന്ന പദമില്ലാഭാഷ"** എന്ന് ശ്രീ. ഒ. എൻ. വി. കുറിക്കുമ്പോൾ അർത്ഥമാക്കുന്നതും മറ്റൊന്നല്ല. 'ഞാൻ ഭാവ'മില്ലാത്ത ജ്ഞാനിയായ സന്യാസി.

## ഏറിയ നന്മകൾക്കായി

പോരൂക്കരയച്ചൻ കണിയാന്തറ യാക്കോബിനോട് വൈദികനാകുന്നതിന് മുമ്പേ തന്റെ ഉള്ളിലുണർന്ന ഒരു പുണ്യവിചാരം രഹസ്യമായി പങ്കുവെച്ചിരുന്നു: "ഞാൻ കുർബ്ബാനപ്പട്ടം ഏറ്റുവന്നാൽ നമുക്ക് രണ്ടു പേർക്കുംകൂടി വാച്ച (വല്ല) വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ (ജീവിച്ചാൽ) രക്ഷപെടുവാൻ പ്രയാസം."

സമാനമനസ്കരായ പോരൂക്കര പാലയ്ക്കൽദ്വയത്തെപ്പറ്റി ചാവറയച്ചൻ നാളാഗമത്തിൽ എഴുതി: "ഇരുവരുംകൂടെ ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസുഭവനമില്ലായ്കയാൽ **ഏറിയ നന്മകൾക്കു വീഴ്ചയായിരിക്ക**കൊണ്ട് വല്ലപ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലുമൊരു ദർശനവീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിനൊരു സഹായമില്ലാതെ ഖേദിച്ചപേക്ഷിച്ചിരിക്കുമ്പോൾ ദൈവസഹായത്താൽ മൗറേലിയോസ് സ്തബിലീനി എന്ന മെത്രാനച്ചൻ ഇവിടേയ്ക്കു വന്നു." ഏറെ നന്മകൾ ചെയ്യാനുള്ള അവസരങ്ങളും സാധ്യതകളും നഷ്ടമാകുന്നതോർത്തുള്ള ദുഃഖമാണ് ഇവരെ സന്യസിക്കാൻ പ്രേരിപ്പിച്ചതെന്നാണ് ചാവറതാതന്റെ തൂലിക നാൾവഴിയുടെ താളുകളിൽ തിളക്കമുള്ള വാക്കുകളിൽ വളച്ചുകെട്ടില്ലാതെ വരച്ചിടുന്നത്.

ആദികവിയുടെ ശോകം ശ്ലോകമായപ്പോൾ അത് പാരായണയോഗ്യമായ രാമായണമായതുപോലെ ഒരു വലിയ പിറവിയുടെ പിന്നിലുള്ള

പുരാണമാണിത്! സെമിനാരി മുതൽ ഈ ദർശനവിശേഷവുമായി അവർക്കൊപ്പം അടിവച്ചടിവച്ചനുഗമിച്ചവനും ഇതിനുമേൽ അടയിരുന്നവനുമായിരുന്നു ചാവറയച്ചനും. ഈ നിയോഗാർത്ഥമാണ് ചാവറയച്ചൻ തന്റെ ആദ്യപൂജ പൂജ്യപൂജയായണച്ചതും. എന്നിരുന്നാലും എല്ലാ നന്മയും സ്തുതിയും ബഹുമാനവും മുതിർന്ന പിതാക്കന്മാർക്ക് വാരിക്കോരി, ഉദാരമായി നൽകുന്ന ചാവറചിത്തം വായിച്ച് ധ്യാനിച്ച് ഉൾപ്പുളകമണിയണം സഭാതനയർ നാം:

> "എന്നാൽ ഇതിനുള്ള പ്രധാനികളും വേലക്കാരും മനസ്സുകാരും എല്ലാം ഈ അച്ചന്മാരു രണ്ടും തന്നെ" (നാളാഗമം).

സമാന സംഭവങ്ങൾ കൂനമ്മാവ് മഠസ്ഥാപന ചരിതങ്ങളിലും കാണാം. എളിമയുടെ ഈ വിളനിലം അളക്കുവാനുള്ള ഒരു അളവുകോലാണ് താഴെ പറയുന്ന വചനം:

> "ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? (എന്റെ കഴിവോ?) ഇത്രടം നീ വന്നതെങ്ങനെ? വീട്ടിൽനിന്നാരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി? കൊവേന്തയിലെങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ?
>
> ഇല്ല, ഇല്ല, നിശ്ചയം. അപ്പോഴോ **തിരുമനസ്സ് നടക്കും; നടത്തും**" (ധ്യാനസല്ലാപങ്ങൾ).

**'എളിമ' എന്ന നാലാം** വ്രതമെടുത്തിരുന്ന ചാവറയച്ചന്റെ ജീവിതത്തിലുടനീളം എളിമയുടെ ഏഴഴകും പുകഴ്ചയും നിറഞ്ഞുനിന്നിരുന്നു. "ഈ ദേഹം (ചാവറയച്ചൻ) 1855-ാം കാലം സന്യാസ ജീവിതവും കർമ്മലീത്താ മൂന്നാംസഭയുടെ വ്രതവും ആരംഭിച്ചപ്പോൾ മാർ ബെർണർദീനോസ് മെത്രാപ്പോലീത്താ ഈ കാര്യത്തിന് നിയമിച്ചയച്ച മിഷനറി വൈദികന്റെ (ഫാ. മർസെലിൻ) കൈകളിൽ **അനുസരണം, കന്യാവ്രതം, ദാരിദ്ര്യം, എളിമ** എന്നീ നാലു വ്രതങ്ങളെ ഒന്നാമത്തവനായിട്ടു ചെയ്തശേഷം വ്രതം ചെയ്യാൻ തയ്യാറായി നിന്നിരുന്ന മറ്റു പത്തു വൈദികരുടെ വ്രതങ്ങളെ ഏല്ക്കുകയും ചെയ്തു." (ഫാ. മർസെലിൻ, മലയാളത്തിലെ സത്യവേദചരിത്രം, പേജ് 301-303)

പിതാവ് എന്നേ മനസ്സിലാക്കിയിരുന്നു നിഗളം നിറം കെടുത്തുമെന്നും നിലതെറ്റിക്കുമെന്നും നിലംപതിപ്പിക്കുമെന്നും. എന്നാൽ എളിമയോ? അത് നിറം പകരുന്നു. നിലനിർത്തുന്നു. ഒരുവനെ നിലയ്ക്കു നിർത്തുന്നു... നിലവാരം ഓർമ്മിപ്പിക്കുന്നു...

മഴ പൊഴിയുന്നതും പുഴയൊഴുകുന്നതും മഞ്ഞുകണങ്ങളും തുഷാരധാരകളും വർഷിക്കപ്പെടുന്നതും താഴേയ്ക്കാണ്. മംഗളവാർത്തകളുടെ സന്ദേശവാഹകനായ ഗബ്രിയേൽ രക്ഷാകരമായ സന്ദേശവുമായി പോയത് എളിമയുള്ള ഒരു കന്യകയുടെ നസ്രത്തിലെ വിനീതമായ ഭവനത്തിലേക്കാണ്. ഇതുപോലെതന്നെ എളിമയുള്ള ജീവിതങ്ങളിലേക്കും കൃപയുടെ നീർച്ചാലുകൾ തഴുകിയൊഴുകി വരികയായി...

## 'ദർശനത്തിന്റെ പ്രിയോർ!'

മാന്നാനത്ത് സ്ഥാപിച്ച ആദ്യഭവനത്തിന് സ്ഥാപകപിതാക്കന്മാർ **'ബേസ്റൗമ'** എന്ന് നാമകരണം ചെയ്തു. 'ഉയരത്തിലെ ഭവനം' അല്ലെങ്കിൽ 'മലമുകളിലെ വീട്' എന്നാണ് ഈ സുറിയാനി പദത്തിന്റെ അർത്ഥം. ഉയർന്ന ചിന്തകളും ഉയർന്ന മൂല്യങ്ങളും ഉയർന്ന ആത്മീയതയും ലാക്കാക്കിയുള്ള **'ഉയരത്തിലെ ഭവനം'** അല്ലെങ്കിൽ ഉയരത്തിലൊരു ഭവനം അഥവാ **'മലമുകളിലെ വസതി'**. ഉയർന്ന മൂല്യസംസ്കാരത്തിന്റെയും ഉയർന്ന സ്വപ്നങ്ങളുടെയും ഉയർന്ന ആത്മീയതയുടെയും മഹനീയ നാമം. അതാണ് ബേസ്റൗമ.

**'ഓലൻകണ്ണാമുകൾ'**: മാന്നാനംകുന്നിന്റെ ഉച്ചി(മുകൾ)നേരത്തെ അറിയപ്പെട്ടിരുന്നതും വിളിക്കപ്പെട്ടിരുന്നതും ചാവറ ചരിതങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതും ഈ പേരിലായിരുന്നു. ഈ പഴയ പേരിലും ഒരു 'മുകൾ', 'ഉച്ചി' ഉണ്ട്. ഉന്നതിയും ഔന്നത്യവുമുണ്ട്.

ചാവറയച്ചനിലേയ്ക്ക് വീണ്ടുംവരാം. **പള്ളി** (ആശ്രമം), **പള്ളിക്കൂടം, അച്ചുകൂടം** എന്നീ ത്രിവിധകൂടങ്ങളുടെ (സ്ഥാപനങ്ങൾ) ഉടമ, ഉപജ്ഞാതാവ്. 1846–ൽ സംസ്കൃതവിദ്യാലയം തീർത്ത് ആര്യഭാഷയും ദേവഭാഷയുമായ സംസ്കൃതത്തെ സാധാരണക്കാർക്കുവേണ്ടി മാന്നാനം കുന്നിലേയ്ക്ക് ഇറക്കിക്കൊണ്ടുവന്ന **ഭഗീരഥൻ!** അതിനുവേണ്ടി അദ്ദേഹം നടത്തിയതെല്ലാം **ഭഗീരഥപ്രയത്നങ്ങൾ!**

പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച് ഇരുപത്തൊന്നാം നൂറ്റാണ്ടിലും പ്രകാശംപരത്തുന്ന ആത്മീയസാന്നിദ്ധ്യവും വ്യക്തിത്വവുമത്രെ 'വലിയ പ്രിയോരച്ച'നെന്നു വിളിക്കപ്പെട്ട ചാവറപിതാവ്. **കാലം നമ്മെ തോല്പിക്കാതിരിക്കാൻ കാലത്തിനു മുമ്പേ നടക്കണം** എന്നോർമ്മിപ്പിച്ചുകൊണ്ട് കാതങ്ങൾ അകലെ കാലടികൾവച്ച് **പാദമൂന്നിയിടത്തെല്ലാം**

**പാദമുദ്രകൾ പതിപ്പിച്ചുറപ്പിച്ച് ആത്മമുദ്ര ചാർത്തി കടന്നുപോയ സുറിയാനിസഭയിലെ നവോത്ഥാനനായകൻ!**

## അക്ഷരസ്നേഹി

അക്ഷരസ്നേഹിയായിരുന്നു അച്ചടിയുടെ ഈ ആചാര്യൻ. വാഴപ്പിണ്ടിയിൽ രൂപകല്പന ചെയ്ത് ആശാരിയുടെ സഹായത്തോടെ തടിയിലൊരു തുടക്കം! മുടക്കമില്ലാതെ അക്ഷരങ്ങൾ പേപ്പറിൽ പെറ്റുപെരുകി വീഴുന്ന അച്ചടിശാല. മരപ്രസ്സ് അഥവാ അച്ചുകൂടം!

തിരുവിതാംകൂറിലെ (കേരളം) മൂന്നാമത്തേതും കത്തോലിക്കരുടെ ഒന്നാമത്തേതുമായ അച്ചുകൂടം!

പഴമയുടെ അഴകും പുണ്യതാതന്റെ പുണ്യപരാഗപുരാണവുമായി മാന്നാനം മ്യൂസിയത്തിൽ അക്ഷരസ്തുതിയായി! അക്ഷരനഗരിയുടെ



അക്ഷയജ്യോതിസ്സായി! അക്ഷരപുണ്യമായി! അച്ചുകൂടങ്ങളുടെ അച്ഛനായി! അക്ഷരങ്ങളെ സ്നേഹിച്ച ചാവറതാതന്റെ ഓർമ്മയായി, നസ്രാണി 'ദീപിക'യുടെ നാന്ദിയായി, 'പത്രമുത്തശ്ശി'യുടെ താതനായി, അക്ഷരാത്മാവായി ഇന്നുമതുണ്ട്.

ചാവറയച്ചന്റെ, അതെ, അച്ചടിയച്ചന്റെ അപദാനങ്ങൾ മൂകമെങ്കിലും വാചാലമായി വർണ്ണിച്ചുകൊണ്ട്!

## 'ദീപവും കണ്ണാടിയും!'

ചാവറയച്ചൻ തീർത്ത ഈ മരപ്രസ്സിലാണ് പിന്നീട് കേരള ക്രൈസ്തവരുടെ അക്ഷരപുണ്യവും പത്രമുത്തശ്ശിയുമായിത്തീർന്ന 'നസ്രാണി ദീപിക' ആദ്യമായി അച്ചടിമഷി പുരണ്ട് വെളിച്ചം കണ്ടത്! കാലം കാത്തുവച്ച ചരിത്രത്തിലെ ദൈവനിയോഗം. ജനദൃഷ്ടിയിൽ 'ദീപവും കണ്ണാടി'യുമായിരുന്ന അങ്ങനെയും ഒരു നാമമുള്ള ചാവറ താതന്റെ പ്രസ്സിൽനിന്നും **'ദീപിക'** എന്ന ദീപം ഇരുളിൽ അക്ഷരവെളിച്ചവുമായി കേരളീയരുടെ കരങ്ങളിലെത്തി! ഈ മരപ്രസ്സിൽ ചാവറയച്ചൻ ആദ്യം അച്ചടിച്ചത് **'ജ്ഞാനപീയൂഷം'** എന്ന പ്രാർത്ഥനാ തീർത്ഥമായിരുന്നു! പ്രാർത്ഥനാ മഞ്ജരി.

അതെ, ചാവറയച്ചൻ തന്റെ അച്ചടിശാലയിൽനിന്നും ആദ്യമേതന്നെ തന്റെ പ്രിയപ്പെട്ടവർക്കായി നൽകിയത് ജ്ഞാനത്തിന്റെ പീയൂഷമായിരുന്നു! ശുദ്ധമായ അമൃത്! ജ്ഞാനാമൃതം! ശരിയായ അറിവിന്റെ അമൃത്! അക്ഷരമായ, അക്ഷയമായ, ജ്ഞാനമാകുന്ന അമൃത്! മൃതിയകറ്റുന്ന അമൃത്!

അതെ, ദേവാമൃതം! പ്രാർത്ഥനാതീർത്ഥം!

ചാവറതാതൻ ഏവർക്കും അത് കലവറയില്ലാതെ വിളമ്പി ജ്ഞാനവിജ്ഞാനങ്ങളുടെ അമൃതേത്ത്!

## ജ്ഞാനയോഗി

"അജ്ഞത നിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽനിന്ന് നിന്നെ ഞാൻ തിരസ്കരിക്കുന്നു" (ഹോസിയാ 4:6).

അക്ഷയമായ അക്ഷരങ്ങളെ സ്നേഹിച്ചു ഈ ജ്ഞാനയോഗിയായ ആചാര്യൻ.



ജ്ഞാനപീയൂഷം എന്ന പ്രാർത്ഥനാപുസ്തകം

കണ്ണില്ലാത്തവർ കുരുടന്മാരാകുന്നു എന്നതുപോലെ 'പഠിത്വ'മില്ലാത്തവർ **'ജ്ഞാനകുരുടന്മാരാകുന്നു'** എന്നു പറയാൻ ചാവറതാതൻ മറന്നില്ല. പതറിയില്ല. ചാവറപിതാവിന് വിദ്യാഭ്യാസമെന്നാൽ **'പഠിത്വ'**മാണ്.

ലെയോപ്പോൾദ് മിഷനറിയുടെ ചാവറചരിതസംഗ്രഹത്തിൽനിന്ന്: "പഠിത്വമില്ലാത്ത പട്ടക്കാരൻ ശേഷംപേരുടെ **ആത്മത്തിനും ഉപകാരമില്ലാത്തവനാകുന്നതല്ലാതെ** നിത്യനാശത്തിനും കാരണക്കാരനാകുവാൻ ഇടയുള്ളതായിരിക്കുന്നുവെന്ന് നമ്മുടെ പുതു ചെമ്മാച്ചനു വഴിപോലെ (നന്നായി) ബോദ്ധ്യമായി. ആസ്തപ്പാട് പട്ടം ഏറ്റനാൾ തുടങ്ങി ഏറ്റമേറ്റമായി പഠിത്വംകൊണ്ട് തക്ക ദൈവ ഊഴിയക്കാരൻ (ദൈവശുശ്രൂഷി) ആകുവാൻ ഉത്സാഹിക്കുകയും പ്രയത്നിക്കുകയും ചെയ്തു."



പഠിത്വമില്ലാത്ത പട്ടക്കാരൻ ആത്മനാശം വരുത്തും എന്ന് അന്നേ ഈ അഴകുള്ള ആത്മാവ് അറിഞ്ഞിരുന്നുപോലും!

"പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്" (മലാക്കി 2:7).

## വചനപീഠത്തിലെ സിംഹം!'

പള്ളികളിൽ അലമുറകളില്ലാത്ത, അലർച്ചാ ധ്യാനങ്ങളല്ലാത്ത, **'ജ്ഞാനധ്യാനം'** തുടങ്ങിയ **'വചനപീഠത്തിലെ സിംഹം!'** ധ്യാനപ്രസംഗകരുടെയും വചനപ്രഘോഷകരുടെയും കേരളനാട്ടിലെ പ്രഥമഗുരു. ഉത്തമ മാതൃക. പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞ് വചനമഴ പൊഴിച്ച അഭിഷേകാഗ്നി! ഇവൻ **"പുഷ്പത്തിൽ** (പ്രസംഗപീഠത്തിൽ, പുഷ്പം=പുൾപിറ്റ്) **കയറുമ്പോൾ സിംഹമായിരിക്കും"** ശിഷ്യനായ ചാവറ ശെമ്മാശനെപ്പറ്റി അന്നുതന്നെ പാലയ്ക്കലച്ചൻ പ്രവചിച്ചിരുന്നു! "അത് എത്രയും ഇളക്കംവരുത്തുന്നതും കേൾവിക്കാരുടെ

ചങ്കു തകർക്കുന്നതുമായിരുന്നു" എന്നാണ് സകല വിശുദ്ധരുടെ തിരുനാളിൽ മാന്നാനത്തുവച്ച് ചാവറയച്ചൻ നടത്തിയ പ്രസംഗത്തെപ്പറ്റി പോരൂക്കര ഏലിശ്വാ അച്ചൻ പറഞ്ഞിട്ടുള്ളത്. ചാവറപിതാവിന്റെ ആദ്യകാല ജീവചരിത്രകാരന്മാരിൽ ഒരുവനായ മർസലീനോസ് രേഖപ്പെടുത്തിയിരിക്കുന്നു:

"മലയാളക്കരയ്ക്കു വരുത്തിയ ഗുണങ്ങളെയും വാക്മാധുര്യത്തോടെയുള്ള പ്രസംഗംകൊണ്ട് ആത്മാക്കൾക്ക് ചെയ്ത ഉപകാരത്തെയും നോക്കുമ്പോൾ അനേകം പട്ടക്കാരിൽ നിന്നുണ്ടാകാവുന്ന ഫലം ഇദ്ദേഹം ഒറ്റയാൾ വഴി ഉണ്ടായി എന്നു പറയാൻ കഴിയും" **'പുഷ്പത്തിൽ'** (പ്രസംഗപീഠത്തിൽ) **കയറി വചനത്തിന്റെ പൂമഴ പൊഴിച്ചവൻ; മാന്നാനത്തു പുഷ്പിച്ച പുഷ്പം!**



"യേശു ആത്മാവിന്റെ ശക്തിയോടുകൂടെ ഗലീലിയിലേക്ക് മടങ്ങിപ്പോയി. അവന്റെ കീർത്തി സമീപപ്രദേശങ്ങളിലെങ്ങും വ്യാപിച്ചു. അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. എല്ലാവരും അവനെ പുകഴ്ത്തി. യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റുനിന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകം അവനു നൽകപ്പെട്ടു. പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്നത് അവൻ കണ്ടു. **കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.** ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും **കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു... എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചുപറയുകയും അവന്റെ നാവിൽനിന്നു പുറപ്പെട്ട കൃപാവചസ്സു കേട്ട് അദ്ഭുതപ്പെടുകയും ചെയ്തു" (ലൂക്കാ. 4:14-22).**

•

**"ഞങ്ങൾ തോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളാണ്"** (കത്തുകൾ).

കേരള സഭാചരിത്രത്തിൽ ചാവറ വീരചരിതവും ചാരുതയോടെ ചേർന്നു ചരിക്കുന്നു. ചരിത്രം വളച്ചൊടിക്കാത്ത ചരിത്രകുതുകികൾക്കിതറിയാം! ഉൾപ്പുളകത്തോടുകൂടി മാത്രം വായിച്ചു പോകേണ്ട ചാവറ വീരചരിതം!

വിശ്വാസത്തിന്റെ നീണ്ട പാരമ്പര്യവും! (രണ്ടായിരം വർഷങ്ങൾ പിന്നിട്ട പ്രയാണം), വളക്കൂറുമുള്ള കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ വിശുദ്ധരില്ലാത്ത സഭയുടെ വന്ധ്യത ഓർത്ത് 'എലിസബത്തി'നെപ്പോലെ നൊമ്പരപ്പെട്ട സഭാപിതാവായിരുന്നു ചാവറപിതാവ്:

**"ശുദ്ധ മാർത്തോമ്മാശ്ലീഹായിൽനിന്നു സത്യവേദം കൈക്കൊണ്ട ഈ മലയാളം ഇതേവരെ മച്ചിയായിരിക്കുകയും അതിൽപിന്നെ (അതിനുശേഷം) സത്യവേദം കൈക്കൊണ്ട (ക്രിസ്തുമതം സ്വീകരിച്ച) പലപല നാടുകളിലും (മറ്റുപല**

**രാജ്യങ്ങളിലും) ദ്വീപുകളിലും (ദ്വീപ് രാഷ്ട്രങ്ങൾ, ചെറിയ രാജ്യങ്ങളിൽപ്പോലും!) പല പുണ്യവാന്മാരും ഉണ്ടായിരിക്കുകയും ചെയ്യുന്നു."**

**"മറിയം ദൂതനോട് പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും?**

**ഇതാ നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല, മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1:35-38).**

1986 ഫെബ്രുവരി 8-ാം തീയതി പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2014 നവംബർ 23-ാം തീയതി ചാവറതാതൻ വിശുദ്ധ പദവിയിൽ, ആഗോള സഭയിലെ 'പുണ്യവാന്മാരുടെ ഐക്യത്തിൽ' 'വിശുദ്ധ(രുടെ)വ്യൂഹത്തിൽ' "വെണ്മയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്ര"(ആത്മാനുതാപം)മണിഞ്ഞ് മാമ്മോദീസായിൽ ഉദാരമായി ചൊരിഞ്ഞ് കിട്ടിയ ദൈവകൃപയുടെ വരപ്രസാദപൂർണ്ണിമയുമായി ഇതാ,

പ്രിയോരച്ചൻ!

വലിയ പ്രിയോരച്ചൻ!

സുറിയാനിക്കാരുടെ പ്രഥമവികാരി ജനറാൾ!

പ്രഥമ ദൈവദാസൻ! ധന്യൻ

പ്രഥമ വാഴ്ത്തപ്പെട്ട ഭാരതീയൻ!

കാലത്തിന്റെ തികവിൽ കാത്തിരിപ്പിന്റെ നിറവിൽ കാണപ്പെടാത്ത അദൃശ്യകരങ്ങളുടെ അദ്ഭുതത്താൽ ഇതാ കാലം കൈരളിക്കു കാത്തുവച്ച വിശിഷ്ട സമ്മാനം, **'അഴകുള്ള ആത്മാവ്'** വിശുദ്ധ ചാവറയച്ചൻ!

'മലയും', 'ആഴിയും' പുണരുന്ന മലയാളമണ്ണിൽ ഒരു മലയാളിയായി പിറന്നുവളർന്ന് ഈ മണ്ണിന്റെ മണമുള്ള ആദ്യ ദൈവദാസനായതും ചാവറപിതാവാണ്! ഒപ്പം ഭാരതത്തിലെ പ്രഥമ വാഴ്ത്തപ്പെട്ടവനും! ഇപ്പോൾ പുണ്യപുരുഷനും!

**"ഈ നാട്ടിൽ വല്ല ചാവറയോ മറ്റോ അല്ലാതെ ആരാണ് സ്വർഗ്ഗത്തിൽ പോകുന്നത്. അയാളുടെ തുകൽവാറിൽ തൂങ്ങി ഞാനും അവിടെ ചെന്നെത്താൻ നോക്കും."**

ചാവറപിതാവിന്റെ മിത്രവും നവീകരണ മാർത്തോമ്മാസഭയുടെ സ്ഥാപകനുമായ **മാർ അത്തനാസിയൂസ് മെത്രാന്റെ** സാരവും സരസവും പ്രവാചകമാനവുമുള്ള വെള്ളിയലുക്കിട്ട പൊൻവാക്കുകൾ!

# 2

# അഴകുള്ള ആത്മാവ്



"ആത്മാവ് ശരീരത്തേക്കാൾ ഏറെ അഴകുള്ളതാണ്.
ചേതന ആത്മാവിനെക്കാൾ മഹത്വമുള്ളതാണ്.
ദൈവികത ചേതനയേക്കാൾ ശ്രേഷ്ഠമാണ്"

(വി. എഫ്രേം)

ഖലീൽ ജിബ്രാന്റെ 'മനുഷ്യപുത്രനായ യേശു'വിൽ ജ്ഞാനികളുടെ സന്ദർശനത്തെക്കുറിച്ച് മറിയത്തിന്റെ അമ്മയായ അന്ന വിവരിക്കുന്ന ഒരു ചിത്രം ഇപ്രകാരമാണ്:

എന്റെ മകളുടെ മകനായ യേശു, ഇവിടെ നസറത്തിൽ പിറന്ന രാത്രിയിൽ പൂർവ്വദേശത്തുനിന്ന് ചില സന്ദർശകർ എത്തി. ഈജിപ്തിലേയ്ക്കു പോകുന്ന വാണിഭസംഘത്തോടൊപ്പം വന്നവരാണവർ. നഗരസത്രത്തിൽ ഇടംകിട്ടാതെ അവർ ഞങ്ങളുടെ ഭവനത്തിൽ വിശ്രമത്താവളം തേടിയെത്തി. അവരെ സ്വാഗതം ചെയ്ത് ഞാൻ പറഞ്ഞു, "ഈ രാത്രി എന്റെ മകൾ ഒരാൺ കുഞ്ഞിനെ പ്രസവിച്ചു. നിങ്ങളെ ഉപചരിക്കുന്നതിൽ പിഴവു പറ്റിയെങ്കിൽ ക്ഷമിക്കണം." കിടക്കാനിടം കൊടുത്തതിന് അവർ നന്ദിപറഞ്ഞു. അത്താഴം കഴിഞ്ഞ് അവർ ചോദിച്ചു: "നവജാതശിശുവിനെ കാണാനാവുമോ?"

അവർ മേരിയുടെ പുത്രനെ കണ്ടു. ചില സമ്മാനങ്ങൾ നൽകി. പ്രഭാതത്തിൽ പിരിയാൻനേരം അവർ എന്നോടു പറഞ്ഞു, **"ശിശുവിന്റെ മിഴികളിൽ ഞങ്ങൾ ദൈവത്തിന്റെ പ്രകാശം ദർശിച്ചു. ശിശുവിന്റെ ചുണ്ടുകളിൽ ഞങ്ങളുടെ ദൈവത്തിന്റെ മന്ദഹാസമുണ്ടായിരുന്നു."**

ചാവറപിതാവിനെ വിശുദ്ധനായി കണ്ടിരുന്നവരാണ് ചാവറയച്ചന്റെ ആത്മീയപിതാവും ആത്മമിത്രവുമായിരുന്ന ലെയോപ്പോൾദു മിഷനറിയും അദ്ദേഹത്തിന്റെ സഹോദരനായിരുന്ന ജെരാർദുമിഷനറിയും.

നവസന്യാസികളുടെ ഗുരുവായിരുന്ന ജെരാർദുമിഷനറി രോഗിയായ ചാവറയച്ചന് കുർബ്ബാന കൊടുക്കാൻ പോയ കാര്യം അന്ന് നവസന്യാസിയായിരുന്ന വർക്കി അച്ചൻ തന്റെ ഡയറിയിൽ കുറിച്ചിട്ടിരിക്കുന്നു: **"അദ്ദേഹത്തിൽ വിളങ്ങിയ ഭക്തിയും മുഖത്തു കാണപ്പെട്ട പ്രകാശവും മിഷനറിയെ വിസ്മയഭരിതനാക്കി."**

മുഖശോഭയുടെ രഹസ്യം അകശോഭയാണെന്നും മുഖപ്രസാദത്തിന്റെ രഹസ്യം **'വരപ്രസാദ'**മാണെന്നും പിതാവ് ഓർമ്മപ്പെടുത്തുന്നു: "മമ്മോദീസായിൽ എനിക്കു കിട്ടിയ **ദൈവഇഷ്ടപ്രസാദത്തെ** നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."ചുണ്ടുകളിൽ ദൈവത്തിന്റെ പ്രസാദവും മിഴികളിൽ ദൈവത്തിന്റെ പ്രകാശവുമുള്ളവൻ. ചാവറയച്ചന്റെ ഭാഷയിൽ അവർ **'ആത്മക്കണ്ണു'**കളുടെ ഉടമകളാണ്. അതെ, ആത്മീയമിഴികൾ!

അവരുടെ കാഴ്ചകളും കാഴ്ചപ്പാടുകളും **'ആത്മഗുണം'** ലാക്കാക്കിയാണ്. ആത്മക്കണ്ണുകൾകൊണ്ട് എല്ലാം കാണുകയും ആത്മഗുണത്തിനായി എല്ലാം ചെയ്യുകയും ചെയ്ത ചാവറയച്ചൻ വികാരി ജനറാളെന്ന നിലയിൽ പാലായിൽ പള്ളി സന്ദർശനത്തിന് ചെന്നപ്പോൾ റോമിനോട് വിധേയത്വമില്ലാതെ നില്ക്കുന്നവരോട് പറഞ്ഞു:

"നിങ്ങളുടെ നില വാസ്തവമുള്ളതല്ല. ആയാലും **ആത്മഗുണത്തിനും** നന്മയ്ക്കും എത്രയും പോരാത്തതെന്ന് **ആത്മക്കണ്ണുകൊണ്ട് നോക്കിയാൽ ഏവർക്കും തിരിയും."** (ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 1, പേജ് 165)

'ദർശനഭവനം' തീർത്ത ദർശന പട്ടക്കാരനായ ചാവറയച്ചന്റെ ദർശനവും ദർശനങ്ങളും (കാഴ്ചയും കാഴ്ചപ്പാടുകളും) ദൈവത്തിന്റെ പ്രകാശമുള്ള കണ്ണുകൾകൊണ്ടായിരുന്നു. കലുഷിതമായ കണ്ണുകൾകൊണ്ടായിരുന്നില്ല. **"മിഴികൾക്ക് ഉപവാസം ആവശ്യമാണ്"** എന്നുപറഞ്ഞ ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ മൊഴികളും ചിന്തനീയമാണ് (ലിറ്റർജിയുടെ ചൈതന്യം. ഭാഗം-3). അഴകുള്ള ആത്മാക്കൾക്ക് മിഴിവുള്ള മിഴികളും ഉണ്ടായിരിക്കുക സ്വാഭാവികം. അഴകുള്ള മിഴികൾക്ക് ഉപവാസത്തിന്റെ തുണയും ആവശ്യമാണ്. "കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടുപോകും" (മത്തായി 6:22-23).

## മേഘം ഉരുമ്മുന്ന ദേവദാരു!

"ഓനിയാസിന്റെ പുത്രനും **പ്രധാന പുരോഹിതനുമായ ശിമയോൻ** സഹോദരന്മാർക്കു നേതാവും ജനത്തിന് അഭിമാനവും ആയിരുന്നു. അവൻ ദേവാലയം പുതുക്കിപ്പണിയുകയും കോട്ടകെട്ടി സുരക്ഷിതമാക്കുകയും ചെയ്തു. ദേവാലയത്തെ സംരക്ഷിക്കുന്ന ഉയർന്ന ഇരട്ട മതിലിന് അവൻ അടിസ്ഥാനമിട്ടു. അവന്റെ കാലത്ത് സമുദ്രം പോലെ വിശാലമായ ഒരു ജലസംഭരണി കുഴിച്ചു. ആക്രമണം ചെറുക്കാൻ നഗരത്തിനു കോട്ടകെട്ടി; അവൻ ജനത്തെ നാശത്തിൽനിന്നു രക്ഷിച്ചു.

ശ്രീകോവിലിനു പുറത്തുവരുന്ന അവനെ ജനം പൊതിയുമ്പോൾ അവൻ എത്ര മഹത്വപൂർണ്ണനാണ്! **മേഘങ്ങൾക്കിടയിൽ പ്രഭാതാരം പോലെ, ഉത്സവവേളയിൽ പൂർണചന്ദ്രനെപ്പോലെ,** അത്യുന്നതന്റെ

ആലയത്തിനു മുകളിൽ പ്രശോഭിക്കുന്ന സൂര്യനെപ്പോലെ, തിളങ്ങുന്ന മേഘങ്ങൾക്കിടയിൽ വിളങ്ങുന്ന മഴവില്ലുപോലെ, വസന്തത്തിൽ പനിനീർപ്പൂപോലെ, നീർച്ചാലിനരികെ നിൽക്കുന്ന ലില്ലിപോലെ, വേനൽക്കാലത്തു ലബനോനിൽ മുളയ്ക്കുന്ന പച്ചപ്പൊടിപ്പുപോലെ.

ധൂപകലശത്തിൽ പുകയുന്ന സുഗന്ധദ്രവ്യംപോലെ, രത്നഖചിതമായ സ്വർണ്ണതളികപോലെ, കായ്ച്ചുനിൽക്കുന്ന ഒലിവുപോലെ, മേഘം ഉരുമ്മുന്ന ദേവദാരുപോലെ, അവൻ പ്രശോഭിച്ചു."

(പ്രഭാഷകൻ 50:1-10).

പ്രഭാഷകപുസ്തകം അമ്പതാം അദ്ധ്യായം അതിന്റെ പൂമുഖവാതിൽ തുറക്കുന്നത് പ്രധാന പുരോഹിതനായ ശിമയോന്റെ പുരോഹിതപുണ്യത്തിന്റെ മഹിമകളും സ്തുതികളും വിശേഷണങ്ങളും അപദാനങ്ങളുമായാണ്.

'പ്രഭാത താരംപോലെ'

'പൂർണ ചന്ദ്രനെപ്പോലെ'

'പ്രശോഭിക്കുന്ന സൂര്യനെപ്പോലെ'

'വിളങ്ങുന്ന മഴവില്ലുപോലെ'

'പനിനീർപ്പൂപോലെ'

'ലില്ലിപോലെ', 'പച്ചപ്പൊടിപ്പുപോലെ', 'സുഗന്ധദ്രവ്യംപോലെ.'

'സ്വർണതളികപോലെ.'

'ഒലിവുപോലെ....' എന്നിങ്ങനെ നീളുന്ന പുരോഹിതവർണ്ണനയിലെ പതിനൊന്നാമത് വർണ്ണന ഏറെ വിശേഷമാണ്.

### "മേഘം ഉരുമ്മുന്ന ദേവദാരുപോലെ അവൻ പ്രശോഭിച്ചു" (പ്രഭാ. 50:10)

പഴയനിയമത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്ന മനോഹരമായ ഒരു പ്രതീകമാണ് മേഘം. പഴയനിയമ പശ്ചാത്തലത്തിൽ മേഘസാന്നിദ്ധ്യം ദൈവസാന്നിദ്ധ്യമാണ്. മേഘം ചായിച്ച് ഇറങ്ങിവരുന്ന ദൈവം, മേഘസ്തംഭവും അഗ്നിസ്തംഭവും, മലമുകളിൽ

മേഘസാന്നിദ്ധ്യത്തിലേക്ക് കയറിപ്പോയ മോശ ദൈവത്തിന്റെ മുഖ ശോഭയുമായി തിരികെവരുന്ന രംഗം ഇവയെല്ലാം പഴയനിയമത്തിലെ അഴകുള്ള വേദഭാഗങ്ങളാണ്.

"അപ്പോൾ ഒരു മേഘം സമാഗമകൂടാരത്തെ ആവരണം ചെയ്തു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നു. മോശയ്ക്കു സമാ ഗമകൂടാരത്തിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല; കാരണം **മേഘം** അതിനെ ആവരണം ചെയ്തിരുന്നു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നിരുന്നു. **മേഘം** കൂടാരത്തിൽനിന്ന് ഉയരുമ്പോഴാണ് ഇസ്രാ യേൽജനം യാത്ര പുറപ്പെട്ടിരുന്നത്. **മേഘം** ഉയർന്നില്ലെങ്കിൽ, അതുയ രുന്ന ദിവസംവരെ അവർ പുറപ്പെട്ടിരുന്നില്ല. കർത്താവിന്റെ **മേഘം** പകൽസമയത്ത് കൂടാരത്തിനു മുകളിൽ നിലകൊണ്ടിരുന്നു. രാത്രിസമ യത്ത് **മേഘത്തിൽ** അഗ്നി ജ്വലിച്ചിരുന്നു. **ഇസ്രായേൽ ജനം യാത്ര യുടെ ഓരോ ഘട്ടത്തിലും ഇതു ദർശിച്ചു" (പുറപ്പാട് 40:34-38).**

ജീവിതയാത്രയുടെ ഓരോ ഘട്ടത്തിലും ദൈവസാന്നിദ്ധ്യം ദർശിച്ച് യാത്ര തുടർന്ന ഒരു ജനതതി. ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവ സാന്നിദ്ധ്യം അനുഭവിച്ച് യാത്രചെയ്യുക! അവർ ഇന്നും ഏവരെയും ഓർമ്മിപ്പിക്കുന്നതും അതുതന്നെയാണ്.

ദൈവസാന്നിദ്ധ്യത്തിന്റെ അഴകുള്ള അടയാളങ്ങളാണ് വെള്ളിമേ ഘങ്ങൾ! ഈ വെള്ളിമേഘങ്ങൾക്കുള്ളിലായിരിക്കുവാൻ മോശ കൊതിച്ചു.

മാന്നാനംകുന്നിൽ **'ബേസ്റൗമാ'** (മലമുകളിലെ വീട്) തീർത്തവർ കൊതിച്ചതും മറ്റൊന്നായിരുന്നില്ല. "ഇവിടെ മൂന്ന് കൂടാരങ്ങൾ തീർക്കാം. ഇവിടെ ആയിരിക്കുന്നത് നല്ലതാണ്" എന്നു പറഞ്ഞ പത്രോ സിനെപ്പോലെ ബോറാകാത്ത താബോറനുഭവത്തിന് ദാഹിച്ചവരുടെ സംഗമമായിരുന്ന **'ബേസ്റൗമ'**... മേഘസാന്നിദ്ധ്യത്തിൽ കൃപയുടെ കീഴിൽ ദൈവപരിപാലനയുടെ തണലിൽ ആയിരിക്കുക. "മേഘം ഉരു മ്മുന്ന ദേവദാരുപോലെ!

ദേവദാരുവൃക്ഷം ബൈബിളിലും ഭാരതീയ പുരാണങ്ങളിലും വാഴ്ത്തപ്പെടുന്ന വൃക്ഷമാണ്. വൃക്ഷശ്രേഷ്ഠനാണ്. വൃക്ഷങ്ങളുടെ രാജാവ്, ദേവദാരു ദേവവൃക്ഷമാണ്. ഇന്ദ്രസദസ്സിലെ വൃക്ഷം. സദാ താരും തളിരും മലരും നിറഞ്ഞുനിൽക്കുന്ന നിത്യഹരിതവൃക്ഷം. ഇതിനു കാരണം മറ്റൊന്നല്ല. അത് മലനിരകളുടെ ഉച്ചിയിൽ നിത്യവും

മേഘം ഉരുമ്മിനിൽക്കുന്നു എന്നതു മാത്രമാണ്. ദൈവസാന്നിദ്ധ്യത്തിലായിരുന്നാൽ, സദാ ഫലകാലമാണ്. മേഘസാന്നിദ്ധ്യത്തിൽനിന്ന് ഇറങ്ങിവന്ന മോശയുടെ മുഖപ്രകാശംപോലെ അഴകുള്ള മുഖശോഭയും അവർക്കുള്ളതാണ്.

**ചാവറപിതാവിന്റെ ദിവ്യകാരുണ്യസന്നിധിയിലുള്ള നില്പ് ശ്രദ്ധേയമായിരുന്നതായി പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് – 'മേഘമുരുമ്മുന്ന ദേവദാരുപോലെ!'**

പത്തൊൻപതാം നൂറ്റാണ്ടിൽ കേരള സുറിയാനി സഭയിലെ പ്രധാന പുരോഹിതനായിരുന്നു ചാവറയച്ചൻ. സഭയുടെ വികാരിജനറാളും ബെർണർദീനോസ് മെത്രാപ്പോലീത്താ വച്ചുനീട്ടിയ മെത്രാൻപട്ടം തട്ടിനീക്കിയ 'അനഭിഷിക്ത മെത്രാനു'മായിരുന്നു (Non-consecrated Bishop) ചാവറയച്ചൻ. 'മേഘം ഉരുമ്മുന്ന ദേവദാരുപോലെ' പ്രശോഭിച്ച സന്യാസശ്രേഷ്ഠനുമായിരുന്നു 'വലിയ പ്രിയോരച്ചൻ' എന്നു വിളിക്കപ്പെട്ട ചാവറയച്ചൻ. ബഹു. വലേരിയനച്ചന്റെ വാക്കുകളിൽ പറഞ്ഞാൽ **"വിശുദ്ധ കുർബ്ബാനയ്ക്കുമുമ്പിലുള്ള ചാവറപിതാവിന്റെ നില്പ് എത്രയും മനോഹരമായ ഒരു കാഴ്ചയായിരുന്നു."** ഈ അവസരത്തിൽ **"വലിയ പ്രിയോരച്ചനെ കണ്ടാൽ ഒരു മനുഷ്യനെന്നതിനേക്കാൾ ഒരു മാലാഖ എന്നു തോന്നിപ്പോകും"** എന്നാണ് പാലാക്കുന്നേൽ വലിയ യാക്കോബ് പട്ടക്കാരൻ പറഞ്ഞിട്ടുള്ളത്.

ലൂയിസച്ചന്റെ കത്തുകളിൽ പറയുന്നത്: "പട്ടക്കാർക്ക് അദ്ദേഹത്തിന്റെ നേരെ **ദേവനെപ്പോലെ** വണക്കമായിരുന്നു" എന്നാണ്.

യേശുവിനെ ചൂണ്ടിക്കാണിച്ച് സ്നാപകയോഹന്നാൻ പറഞ്ഞു: **"ഇതാ ദൈവത്തിന്റെ കുഞ്ഞാട്!"**

എളിമയും കലയും കവിതയുമുള്ള സ്നാപകയോഹന്നാന്റെ യേശുസാക്ഷ്യം! യേശുഭാഷ്യം! വചനകാവ്യം!

ബെർണർദീനോസ് മെത്രാപ്പോലീത്താ ചാവറയച്ചനെ ആദരവോടെ ചൂണ്ടിക്കാണിച്ചുകൊണ്ട് യൂറോപ്പിൽനിന്നും പുതുതായിവന്ന മിഷനറിമാരോടു പറഞ്ഞു: **"നിങ്ങൾ അദ്ദേഹത്തെ കണ്ടോ? ഇത് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ഇദ്ദേഹമാണ് മലയാളം ഭരിക്കുന്നത്!"**

ബെർണർദീനോസ് മെത്രാപ്പോലീത്താ ചാവറയച്ചനെ വികാരിജനറാളായി പ്രഖ്യാപിച്ചുകൊണ്ട് ഇറക്കിയ കല്പനയിൽനിന്നും ചാവറയച്ചന്റെ വ്യക്തിമഹത്വവും സുകൃതങ്ങളും അവയുടെ ആഴവും പരപ്പും വ്യക്തമാണ്:

"വേണ്ടുന്ന **മിടുക്കും സ്ഥൈര്യവും ബോധജ്ഞാനവും പുണ്യ വ്യാപാരവും ഉണ്ടെന്ന് ബോധിച്ച്** സുറിയാനി പള്ളികളിൽ പട്ടക്കാരുടെയും അൽമേനികളുടെയും ആത്മപരിപാലനം ചെയ്ത് അവരെ ഭരിക്കുന്നതിന് വികാരിജനറാളായി നാം താങ്കളെ നിയമിക്കുന്നു"

"പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക; **ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക**" – യാക്കോബ് 1:27.

നല്ല കലാകാരനെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ദർശനം അവതരിപ്പിച്ചുകൊണ്ട് സാഹിത്യകാരനായ ശ്രീ. സി. പി. ശ്രീധരൻ പറഞ്ഞത്:

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ "നിർമ്മലവും ഉത്തമവും സുന്ദരവുമായ ജീവിതം നയിക്കുന്നവനാണ് നല്ല കലാകാരൻ. മഹാനായ കലാകാരൻ." കലയുടെ കാതൽ നിർമ്മലതയിലത്രേ!

അഴകുള്ള ആത്മാവിന്റെ അവകാശിയാവുക എന്നത് ലോകത്തിൽ ലോകത്തിന്റേതല്ലാതെ ജീവിക്കുന്നതുപോലെ ദുഷ്കരവും എന്നാൽ വെള്ളത്തിൽ വള്ളംപോലെ, പങ്കമേശാതെ പങ്കജം (താമര) പങ്കത്തിൽ വളർന്നു പുഷ്പിക്കുന്നതുപോലെ ശ്രമകരവുമായ ഒരു മഹത്തായ കലയാണെന്ന് ഗാന്ധിജിക്ക് മുമ്പേ അറിഞ്ഞ് ജീവിച്ച് തെളിയിച്ച **പുണ്യാത്മാവായിരുന്നു** ചാവറപിതാവ്. പ്രായത്തിൽ 31 വയസ്സിന്റെ ഇളപ്പമുണ്ടെങ്കിലും ചാവറപിതാവിന്റെ ആത്മീയ പിതാവും ആത്മമിത്രവുമായിരുന്ന ലെയോപ്പോൾദ് മിഷണറി ചാവറപിതാവിന്റെ മരണശേഷം ഡയറിയിൽ കുറിച്ചു:

"1871 ജനുവരി 3-ന് തിരുക്കുടുംബത്തിന്റെ ഫാ. കുറിയാക്കോസ് ഏലിയാസ്, പ്രഥമ പ്രിയോർ **അത്യന്തം നിർമ്മലമായ ജീവിതത്തിനുശേഷം** നിര്യാതനായി. മാമോദീസായിൽ തനിക്കു കിട്ടിയ **വിശുദ്ധി ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്ന്** മരണത്തിനുമുമ്പ് ഏറ്റുപറയുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. എല്ലാ സുകൃതങ്ങളും പ്രത്യേകിച്ച് ഹൃദയലാളിത്യം, സജീവവിശ്വാസം, ആഴമുള്ള അനുസരണം, പരിശുദ്ധ കന്യാമറിയത്തോടും വിശുദ്ധ യൗസേപ്പിനോടുമുള്ള ആഴമേറിയ ഭക്തി എന്നിവ ഇദ്ദേഹം അഭ്യസിച്ചിരുന്നു. മലയാളത്തിലെ ക്രിസ്ത്യാനികളുടെ നന്മയ്ക്കുവേണ്ടി വളരെയേറെ കഷ്ടപ്പാടുകൾ ഇദ്ദേഹം വഹിച്ചിട്ടുണ്ട്. ഇതിന്റെ പേരിൽ പരിശുദ്ധ പിതാവ് ഒൻപതാം പീയൂസ് മാർപ്പാപ്പാ ഒരു അഭിനന്ദനക്കത്ത് ഇദ്ദേഹത്തിനയയ്ക്കുകയുണ്ടായി..."

1936-ൽ 'മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം അഥവാ വന്ദ്യ ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (ഒരു സംക്ഷിപ്ത ജീവചരിത്രം)' എന്ന പേരിൽ ക. നി. മൂ. സ. മത്യാസ് പട്ടക്കാരൻ എഴുതിയ പുസ്തകം പുറം പന്ത്രണ്ടിൽ ഇങ്ങനെ വായിക്കുന്നു:

"ജ്ഞാനസ്നാനത്തിൽ ലഭിച്ച വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്നു മരണത്തിനു അല്പംമുമ്പ് ഇദ്ദേഹം വളരെ വിനീതസ്വരത്തിൽ പറഞ്ഞു എന്നുള്ളതു ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണ്. **മഹാവിശുദ്ധർക്കുപോലും അത്ര സുലഭമല്ലാത്ത ഒരു അമൂല്യവരമാണിത്.** ഈ വരം മാത്രമല്ല, സഭാസ്ഥാപനം സംബന്ധിച്ചും മറ്റും വേറെ പല വരങ്ങളും നൽകി ദേവമാതാവ് ഇദ്ദേഹത്തെ പ്രത്യേകവിധത്തിൽ അനുഗ്രഹിക്കുകയുണ്ടായി എന്നുള്ളതിനു വല്ല തെളിവും ആവശ്യമുണ്ടെങ്കിൽ സംഭവബഹുലമായ ഇദ്ദേഹത്തിന്റെ ജീവചരിത്രം കുറഞ്ഞൊന്നു പരിശോധിച്ചാൽ മതി."

## സംഭവബഹുലം ഈ ജീവിതം!

"വിശുദ്ധനെ വിശുദ്ധനേ അറിയുകയുള്ളൂ" എന്നതനുസരിച്ച് കുര്യാക്കോസ് ഏലിയാസച്ചന്റെ വിശുദ്ധി ഏറെ നന്നായി ഗ്രഹിച്ച വൈദികനായിരുന്നു ചാവറയച്ചന്റെ കുമ്പസാരക്കാരനും ആത്മനിയന്താവുമായിരുന്ന **ലെയോപ്പോൾദു** മിഷനറി. പ്രിയോരച്ചൻ മരിച്ച ഉടനെ ഇദ്ദേഹം ചാവറയച്ചൻ ഉപയോഗിച്ചിരുന്ന പല സാധനങ്ങളും അദ്ദേഹത്തിന്റെ മരണപത്രികയുടെ ഒരു പകർപ്പോടുകൂടി പൂജ്യാവശിഷ്ടങ്ങൾ എന്നപോലെ ഓരോ ആശ്രമങ്ങൾക്കും അയച്ചുകൊടുത്തു. കൂടാതെ ചാവറയച്ചന്റെ ജീവചരിത്രവിവരണങ്ങൾ ശേഖരിച്ച് ഒരു പുസ്തകമായി കൂനമ്മാവുങ്കൽനിന്നും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അതോടുകൂടി താഴെപ്പറയുന്ന **മരണജ്ഞാപകവും** (ഓർമ്മ) അച്ചടിച്ചു വിതരണം ചെയ്തു.

"പെ. ബ. കുര്യാക്കോസ് ഏലിയാസച്ചൻ 1871 മകരം 3-നു കൂനമ്മാവു ആശ്രമത്തിൽവച്ച് ഭാഗ്യമരണം പ്രാപിച്ചു. ഇദ്ദേഹം ചേന്നങ്കരിപ്പള്ളി ഇടവക ചാവറ എന്ന ഗോത്രത്തിൽ 1805-നു പിറന്നു. വൈദികരുടെ ഗണത്തിൽചേർന്ന് 1829-നു ഗുരുപ്പട്ടമേൽക്കുകയും ധ്യാനംകൊണ്ടും ഉപദേശങ്ങളാലും ജനങ്ങളുടെ **ആത്മരക്ഷയ്ക്കായി** അധികം പ്രയത്നിക്കുകയും ചെയ്തു. **മിശിഹായ്ക്ക് ഏറിയ ആത്മാവുകളെ** നേടുകയും തന്റെ ശിഷ്യരായ ഏറിയ വൈദികരെ ഉത്തമന്മാരാക്കുകയും ചെയ്തു. 1855 ധനു 8-നു സന്യാസവ്രതമനുഷ്ഠിച്ചു.

നവ സഭയുടെ ശ്രേഷ്ഠനായി നിശ്ചയിക്കപ്പെട്ടു. ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ അതിനെ പ്രബലപ്പെടുത്തി.

സകലർക്കും സുകൃതദൃഷ്ടാന്തവും ഒരു ജ്ഞാനപിതാവും പാലകനുമായിരുന്നു. മേല്പ്പട്ടക്കാരുടെ വലംകയ്യും ശീശ്മയെ തടയുന്നതിനുള്ള ഒരു കരുവുമായിരുന്നു. മലങ്കര കത്തോലിക്കർക്ക് ഒരു അച്ചുകൂടം സ്ഥാപിച്ചതും വേദസംബന്ധമായ പുസ്തകങ്ങളെ പ്രസിദ്ധപ്പെടുത്തിയതും ഇദ്ദേഹമാണ്. കൊവവേന്തകളും കന്യാസ്ത്രീമഠവും ഇദ്ദേഹത്താൽ പണിയിക്കപ്പെട്ടു. ദൈവം തന്റെ ഭക്തനിൽ സ്തുതിക്കപ്പെടട്ടെ."

അധികാരശ്രേണിയിൽ എത്രമാത്രം അദ്ദേഹം ഉയർന്നോ അത്രമാത്രം അദ്ദേഹം എളിമയുള്ളവനുമായിരുന്നു. വാർദ്ധക്യദശയിൽ തന്റെ ശ്രമഫലവും 35 കൊല്ലത്തെ പ്രവർത്തനരംഗവുമായ മാന്നാനം കൊവേന്തവിട്ടു കൂനമ്മാവു കൊവേന്തയിൽ പോയിതാമസിക്കുന്നതിനാവശ്യപ്പെട്ടപ്പോൾ അദ്ദേഹം സസന്തോഷം ആ ആജ്ഞയ്ക്കു വിധേയനായി. ചാവറപിതാവിന്റെ അഴകുള്ള ആത്മാവിനെയാണ് ഇത് വെളിപ്പെടുത്തുന്നത്.

പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘത്തിന്റെ സെക്രട്ടറിയും മഹാപണ്ഡിതനുമായ കർദ്ദിനാൾ തിസ്സരാങ്ങ് 1957-ൽ പ്രസിദ്ധീകരിച്ച അനേകം ചരിത്രരേഖകളെ ആധാരമാക്കി രചിച്ച "Eastern Christianity in India" എന്ന പുസ്തകത്തിൽ ചാവറയച്ചനെപ്പറ്റി ഇപ്രകാരം കുറിച്ചിരിക്കുന്നു.

"ROKOS attempted to win over their Superior, Fr. Cyriac Elias Chavara, by offering him Episcopal consecration, but the humble religious eluded the temptation. An order of the Vicar Apostolic Msgr. Bernardius of St. Treesa was necessary before Fr. Cyriac Chavara would accept the title of Vicar General. More over the Vicar Apostolic would have gladly promoted to the Episcopal dignity."

"അവരുടെ മേലധികാരിയായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ മെത്രാനായി അഭിഷേചിക്കാമെന്ന വാഗ്ദാനം ചെയ്തുകൊണ്ട് അദ്ദേഹത്തെ സ്വപക്ഷത്താക്കുന്നതിന് റോക്കോസ് പരിശ്രമിച്ചു. പക്ഷേ, വിനയശാലിയായ ആ സന്യാസി ആ പ്രലോഭനങ്ങളെ തള്ളിക്കളഞ്ഞു. വികാരി ജനറൽ എന്ന സ്ഥാനം തന്നെയും ചാവറ കുര്യാക്കോസച്ചൻ

സ്വീകരിച്ചത് വികാരി അപ്പസ്തോലിക്ക ആയ വി. ത്രേസ്യായുടെ ബെർണർദീനോസ് അദ്ദേഹത്തോടാജ്ഞാപിച്ചപ്പോൾ മാത്രമാണ്. എന്നാലും, വികാരി അപ്പസ്തോലിക്കാ അദ്ദേഹത്തെ മെത്രാൻ സ്ഥാന ത്തേയ്ക്കു സസന്തോഷം അവരോധിക്കുമായിരുന്നു."

സുറിയാനി വിഭാഗത്തിനുമേൽ എല്ലാ അധികാരങ്ങളും നൽകപ്പെ ട്ടിരുന്നു. എങ്കിലും **വരാപ്പുഴ വൈദിക മേലദ്ധ്യക്ഷന്റെ ആജ്ഞകളെ അക്ഷരംപ്രതി അദ്ദേഹം അനുസരിച്ചിരുന്നു.** മരണകാരണമായി ത്തീർന്ന രോഗം അതിന്റെ മൂർദ്ധന്യത്തിൽ എത്തിയപ്പോൾ കൂനമ്മാ വിൽനിന്നു മാന്നാനത്തേയ്ക്ക് അദ്ദേഹത്തെ മാറ്റിയാൽ രോഗത്തിനു കുറെ ശമനം കിട്ടിയേക്കാമെന്നു പ്രതീക്ഷിച്ച് വൈദ്യോപദേശപ്രകാരം പലരും ചാവറയച്ചനോടു പറഞ്ഞു. അപ്പോൾ മെത്രാപ്പോലീത്തായും ലിയോപ്പോൾദു മിഷനറിയും യൂറോപ്പിനു പോയിരിക്കുകയായിരുന്നു. തന്റെ ഗുണകാംക്ഷികളോടു ചാവറയച്ചൻ ഇപ്രകാരമാണ് പറഞ്ഞത്: **"മെത്രാനച്ചനും ലെയോപ്പോൾദ് അച്ചനും ഞാനിവിടെ താമസിക്ക ണമെന്നു താല്പര്യമായി എന്നെ ചുമതലപ്പെടുത്തിയിരിക്കകൊണ്ട് അവരിവിടില്ലാത്ത സമയം ഞാനങ്ങോട്ടുപോരുന്നതിന് എന്റെ മന സ്സാക്ഷി സമ്മതിക്കുന്നില്ല."** അഴകുള്ള ആത്മാവിനേ ഇപ്രകാരം പറ യാൻ കഴിയൂ.

വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ബെർണർദീനോസ് മെത്രാപ്പോലീത്താ ചാവറയച്ചനെ മെത്രാനായി അഭിഷേകം ചെയ്യണ മെന്നഭ്യർത്ഥിച്ചുകൊണ്ട് പ്രൊപ്പഗാന്താ തിരുസംഘത്തിനു 1861 ജൂൺ 15-ാം തീയതി അയച്ച കത്ത് ചാവറയച്ചന്റെ വിശുദ്ധ ജീവിതത്തിന്റെ നേർചിത്രമാണ്.

"...മൂന്നാം സഭയിലെ വൈദികരിൽ എല്ലാംകൊണ്ടും പ്രമുഖനും മാതൃഭവനമായ പ്രധാനാശ്രമത്തിന്റെ പ്രിയോരും ഈ സഭ മുഴുവ ന്റെയും തലവനുമായ വന്ദ്യദേഹത്തെ, എന്റെ സഹമിഷനറിമാരുടെ ഉപദേശം ആരാഞ്ഞശേഷം സുറിയാനിക്കാർക്കായുള്ള വികാരി ജന റാളായി ഞാൻ നിയമിച്ച വസ്തുത അവിടെ അറിയിച്ചിട്ടുണ്ടല്ലോ. ഒരു പ്രതിസന്ധിഘട്ടത്തെ നേരിടേണ്ടിവന്നിരിക്കുന്ന ഇന്നത്തെ ചുറ്റുപാടു കളിൽ, എന്റെ സഹപ്രവർത്തകരായ മിഷനറിമാരുടെ ഉപദേശാനുസ രണം, അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യുന്നതു തന്നെയും സമുചിതമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

**സാക്ഷാത്തായ ക്രൈസ്തവ ചൈതന്യമുള്ളവനും സുകൃത സമ്പന്നനും വളരെ വിവേകമതിയും വേദപുസ്തകത്തിൽ**

**അഗാധ പാണ്ഡിത്യമുള്ളവനും സുറിയാനി ഭാഷാവിശാരദനുമാണ് അദ്ദേഹം.** ഇവിടെ മതഭിന്നതകളുണ്ടാക്കിയവരും ബാഗ്ദാദിൽനിന്നു വന്നുകയറിയ ആ കയ്യേറ്റക്കാരനും സകല തന്ത്രവും എല്ലാ കൗശലവും പ്രയോഗിച്ചുനോക്കിയിട്ടും **മിഷനറി വൈദികരോടും കത്തോലിക്കാ മതത്തോടും പരി. സിംഹാസനത്തോടുമുള്ള ഭക്തിയിലും വിശ്വസ്തതയിലും അചഞ്ചലമായി അദ്ദേഹം ഉറച്ചുനിൽക്കുകയാണ് ചെയ്തത്.**

**വലിയ മതിപ്പും ബഹുമാനവും സകലർക്കും അദ്ദേഹത്തോടുണ്ട്. അത്രയേറെയുണ്ട് അദ്ദേഹത്തിന്റെ സ്വാധീനശക്തിയും... മാത്രമല്ല, അദ്ദേഹം ഉത്തമനായ ഒരു വ്യക്തിയും വിവേകശാലിയും നല്ല കീഴ്‌വഴക്കമുള്ളവനും പ്രസംഗത്തിലും പരസ്നേഹകാര്യങ്ങളിലും തീക്ഷ്ണതയുള്ളവനുമാണ്."**

## ചാവറപിതാവിന്റെ വശ്യമായ വ്യക്തിവിശേഷണങ്ങൾ

'തിരുക്കുടുംബത്തിന്റെ കുര്യാക്കോസ്', 'ജ്ഞാനദീപം', 'മാന്നാനത്തു വിരിഞ്ഞ പുഷ്പം', 'പരിശുദ്ധാത്മാവ് നിറഞ്ഞവൻ', 'അനഭിഷിക്തനായ മെത്രാൻ', 'മലയാളത്തിന്റെ കൊടി', 'പ്രസംഗപീഠത്തിലെ സിംഹം', 'വലിയ പ്രിയോരച്ചൻ', 'ദീപവും കണ്ണാടിയും', 'തിരുസഭയുടെ താങ്ങ് തൂൺ', 'ദൈവിക മനുഷ്യൻ', 'റൂഹാദക്കൂദാശയാൽ നിറഞ്ഞയാൾ' ഇത്യാദി വിശേഷണങ്ങൾ വിശുദ്ധ ചാവറയച്ചനുമായി ബന്ധപ്പെട്ടവയാണ്. മലബാർ സഭാചരിത്രത്തിൽ മർസലീനോസ് മിഷനറിയാണ് ചാവറയച്ചന് 'മാന്നാനത്ത് വിരിഞ്ഞ പുഷ്പം' എന്നു വിശേഷണം നൽകിയിരിക്കുന്നത്. "ഇവൻ പുഷ്പത്തിൽ (പ്രസംഗപീഠത്തിൽ) കയറുമ്പോൾ സിംഹമായിരിക്കും" ഇത് പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ ശിഷ്യന്റെ പ്രസംഗചാതുരി കണ്ട് ആദരിച്ചുനൽകിയ വിശേഷണമാണ്. "ഇന്ന് മലയാളത്തിന്റെ പതാക (കൊടി) വീണിരിക്കുന്നു" എന്നുപറഞ്ഞാണ് തത്തൻപള്ളി ഇടവകക്കാരൻ കാപ്പിൽ ബഹു. മത്തായി മറിയം അച്ചൻ ബഹുമാനാദരവുകളോടെ ചാവറയച്ചനുള്ള ചരമപ്രസംഗം തുടങ്ങിയത്.

**'റൂഹാദക്കൂദാശയാൽ നിറഞ്ഞയാൾ"** മുട്ടുചിറ ഇടവക മഠത്തിക്കുന്നേൽ മാണി കുര്യൻ എന്ന വയോവൃദ്ധന്റെ ഹൃദ്യമായ മൊഴിയാണിത്.

കൂനമ്മാവ് നാളാഗമം, വാല്യം 2-ൽ കാണുന്നത്: "....നമ്മുടെ ഈ പിതാവ് കേരളത്തിലുള്ള ക്രിസ്ത്യാനികൾക്കെല്ലാം മാതൃക നൽകുന്ന **'ദീപവും കണ്ണാടി'**യും പോലെയായിരുന്നു. കൂടാതെ, തിരുസഭയുടെ വളർച്ചയ്ക്കും വിശ്വാസസ്ഥിരതയ്ക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണതയിൽ ഈ **'തിരുസഭയെ താങ്ങുന്ന ഒരു തൂണുപോലെ'** ആയിരുന്നു..." (പേജ് 20, 21)

**'ദൈവിക മനുഷ്യൻ'** എന്ന വിശേഷണം ചാവറയച്ചന് നൽകിയത് മീനച്ചിൽ തഹസിൽദാരാണ്. ചിലർ ചാവറയച്ചനെക്കുറിച്ച് പറഞ്ഞ അപവാദങ്ങൾ നേരിട്ടറിയാൻ തഹസിൽദാർ ചാവറയച്ചനുമായി സംസാരിച്ചു. അതുകഴിഞ്ഞ് പരാതിക്കാരനെ ശകാരിച്ചുകൊണ്ട് തഹസിൽദാർ പറഞ്ഞു:

**"ഈ ദൈവികമനുഷ്യന് എതിരായി സംസാരിച്ചവർ മഹാദുഷ്ടരാണ്."** വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘം ഇങ്ങനെ സാക്ഷ്യപ്പെടുത്തി: "അദ്ദേഹത്തിൽ (ചാവറയച്ചനിൽ) വസിച്ചിരുന്ന ദൈവം ഒരർത്ഥത്തിൽ, ബാഹ്യമായി സ്വയം വെളിപ്പെടുത്തുകയായിരുന്നു. തത്ഫലമായി **'ദൈവത്തിന്റെ മനുഷ്യനായും', 'ദൈവകൃപനിറഞ്ഞവനായും'** മറ്റും അദ്ദേഹത്തെ പരസ്യമായി വിശേഷിപ്പിക്കുവാൻ മറ്റുള്ളവർക്കു കഴിഞ്ഞു" (ഡിക്രി).

## ചാവറയച്ചന്റെ വ്യക്തിത്വവിശേഷണം

### 1. 'അഴകുള്ള ആത്മാവ്'

ചാവറപിതാവിന്റെ മേല്പറഞ്ഞ വ്യക്തിവിശേഷണങ്ങളോട് ചേർത്തുവായിക്കേണ്ട, ചേർത്തുവയ്ക്കേണ്ട മനോഹരമായ ഒരു വിശേഷണമാണിത്. ഈ വശ്യമായ വിശേഷണം ചാവറപിതാവിന് നൽകിയത് ചാവറയച്ചനുശേഷം മാന്നാനത്തെ പൊതുശ്രേഷ്ഠനായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലിശ്വാ അച്ചനാണ്. അദ്ദേഹം ഈയത്തകിടിൽ എഴുതിവച്ച കാലം മായ്ക്കാത്ത ചാവറപിതാവിനുള്ള സവിശേഷമായ വ്യക്തിത്വവിശേഷണമാണിത്. ഇത് ഈയത്തകിടിൽ കോറിയിട്ട കവിതയാണ്. ജനമാനസങ്ങളിലുള്ള മൃതനായവനെക്കുറിച്ചുള്ള പാവനസ്മൃതി. തന്നെ അറിഞ്ഞവരുടെ ആത്മാവിൽ ജീവിതം കൊണ്ടെഴുതിയ അക്ഷരം. ആത്മാവിൽ അലിഞ്ഞുചേർന്ന ഒരു പൊതുവികാരം. അടുത്തറിഞ്ഞവരുടെ ഉൾബോദ്ധ്യം. സുന്ദര സ്മരണ! അഴകുള്ള ആത്മാവ്!

**'അഴകുള്ള ആത്മാവ്':** എന്തോ ആത്മാഭിഷേകം നിറഞ്ഞൊഴുകുന്ന വശ്യമായ വിശേഷണം. ആത്മാവിൽ അലിഞ്ഞ ചില മലയാള പദങ്ങളെയും ഇതിനോടുചേർത്ത് ധ്യാനവിഷയമാക്കുന്നത് ഉചിതമായിരിക്കും.

ആത്മാനുതാപം, ആത്മാനുഭൂതി, ആത്മാവിഷ്ക്കാരം, ആത്മാഭിഷേകം, ആത്മാഭിമാനം, ആത്മാവബോധം, ആത്മഹർഷം, ആത്മമാരി, ആത്മരക്ഷ, ആത്മകഥ, ആത്മബലി, മഹാത്മാവ്, ജീവാത്മാവ്... ആദിയായ പദക്കൂട്ടുകൾ. ഈ പദക്കൂട്ടുകൾ ഒരു പദധ്യാനത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. ഈ പദങ്ങളിലെല്ലാം 'ആത്മാവുണ്ട്.' ആത്മാവുള്ള പദങ്ങൾ! **"ദൈവത്തിന്റെ ആത്മാവ് (ചൈതന്യം) വെള്ളത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു"** (ഉല്പ. 1:2). വിശുദ്ധ ഗ്രന്ഥത്തിലെ ആദ്യപുസ്തകത്തിലെ ആദ്യ അദ്ധ്യായത്തിലെ മേല്പറഞ്ഞ രണ്ടാമത്തെ വചനംപോലെ ആത്മാവിന്റെ ചലനഭംഗിയുള്ള പദക്കൂട്ടുകൾ. ആത്മാവ് ചില പദങ്ങളോട് ചേരുമ്പോൾ, പദാർത്ഥത്തിൽ (പദ അർത്ഥത്തിൽ) വലിയ ചലനാത്മകതയും പരിണാമവും സംഭവിക്കുന്നു. ഉദാഹരണമായി മഹാൻ മഹാത്മാവായും, പുണ്യവാൻ പുണ്യാത്മാവായും, അനുതാപം ആത്മാനുതാപമായും, കഥ ആത്മകഥയായും, രക്ഷ ആത്മരക്ഷയായും പരിണമിക്കുന്നു. ആത്മാവ് പദങ്ങളിൽ വരുത്തുന്ന ഭാവമാറ്റം! ആത്മാവ് പദങ്ങളിൽ വരുത്തുന്ന പതം, ആത്മാവ് പദങ്ങളിൽ ചെലുത്തുന്ന അന്തരം! എങ്കിൽ ആത്മാവ് വ്യക്തിത്വത്തിൽ വരുത്തുന്ന/ചെലുത്തുന്ന അന്തരം ഇതിലും എത്രയോ വലുതായിരിക്കും!

**"ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവ് നശിച്ചാൽ എന്തുഫലം?" "ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തുകൊടുക്കും?"** (മത്തായി 16:25)

"ഭൂമിയുമതിൽ മീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറിനീങ്ങുന്നു ക്ഷണേക്ഷണേ
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചുവരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ.
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവു-
മെത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനൊളെള്ളാരഴകുമൊക്കെപ്പോകും"

(ആത്മാനുതാപം)

ക്ഷണേ ക്ഷണേ മാറുന്ന ലോകത്തിന്റെ ക്ഷണികത. ആത്മാവിന്റെ അനശ്വരവും അതുല്യവും അഴകാർന്നതുമായ ശോഭയും വശ്യതയും ഇവ ചാവറതാതൻ ഓർക്കുന്നു... ഓർമ്മിപ്പിക്കുന്നു.

ആത്മാവ് അഗ്നിയാണ്. വിശുദ്ധാഗ്നി, സ്നേഹാഗ്നി. നാം വിറകാണ്. ഈ അഗ്നി നമ്മെ അന്നമാക്കണം. വിറകിനെ കനലാക്കണം. ഈ ആത്മീയാഗ്നിയിൽ ആത്മീയ ജീവിതത്തിൽ ആവശ്യമില്ലാത്തവ ചാരമാകണം. ദഹിക്കുന്നത് ദേഹം. ദഹിക്കാത്തതു ദേഹി. എങ്കിലും ദഹിക്കുന്ന ദേഹത്തിനു വേണ്ടി ദേഹിയെ മറന്ന്/ആത്മാവിനെ മറന്ന് നാം അങ്കം വെട്ടുന്നു. ഒരു ആത്മീയ അങ്കത്തിന്റെ കഥയും ആവശ്യകതയും ചാവറയച്ചൻ രചിച്ച 'അനസ്താസ്യയുടെ രക്തസാക്ഷ്യത്വ'ത്തിലുണ്ട്.

## "ദൈവശുശ്രൂഷിയായ ആത്മാവേ, നീ എവിടെപ്പോകുന്നു?"

ചാവറയച്ചൻ വൈദികർക്കുവേണ്ടി എഴുതിയ അഞ്ചു പ്രബന്ധങ്ങളടങ്ങിയ, 'ധ്യാനക്കുറിപ്പു'കളിൽ 'ദൈവവിളിയെക്കുറിച്ചുള്ള ധ്യാന'ത്തിൽ മൂന്നു വട്ടം ആവർത്തിക്കുന്ന ഒരു ചോദ്യമാണിത്.

"ആദം നീ എവിടെ?" ബൈബിളിലെ ആദ്യഗ്രന്ഥത്തിൽ മുഴങ്ങുന്ന ആദ്യത്തെ ചോദ്യവും ഇതുതന്നെ. വീണ്ടും ആ ചോദ്യം തുടരുന്നു:

"ഹാഗാറേ നീ എവിടെനിന്ന് വരുന്നു? എങ്ങോട്ടു പോകുന്നു?" പൂമാലയിലെ നൂലുപോലെ വിശുദ്ധഗ്രന്ഥത്തിന്റെ അവസാനം വരെ ഈ ചോദ്യം തുടരുന്നു... മുഴങ്ങുന്നു!

യോഹന്നാന്റെ സുവിശേഷത്തിൽ യേശു ഈ ചോദ്യത്തിനുള്ള ഉത്തരവും നൽകുന്നു.

"ഞാൻ എവിടെനിന്ന് വന്നുവെന്നും എവിടേയ്ക്കു പോകുന്നുവെന്നും എനിക്കറിയാം" (യോഹ. 8:14).

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കാ. 4:18). കർത്താവിന് വ്യക്തമായ ജീവിതബോദ്ധ്യം ഉണ്ടായിരുന്നു.

'കർത്താവിന്റെ ആത്മാവ്' ബോദ്ധ്യങ്ങൾ തരുന്നു: ഏത് പാചകക്കാരനും അഗ്നിയുടെ അഭാവത്തിൽ ആരുമല്ല. ഭക്ഷണം ഭക്ഷണമാക്കുന്നത് അഗ്നിയാണ്. ഭക്ഷണം രുചികരമാക്കിത്തീർക്കുന്നതും അഗ്നിയാണ്. ആത്മാവിന്റെ അഗ്നിനാളങ്ങൾ ഒരുവനെ തൊട്ടുണർത്തുന്നു. ഉരുക്കിവാർക്കുന്നു. പാരിൽ അവരെ രുചിയുള്ളവരാക്കിത്തീർക്കുന്നു. വാച്ചിന് 'കീ'വേണം. ജീവിതത്തിന് തീ വേണം. അതേ, ആത്മീയാഗ്നിയുടെ,

അഭിഷേകാഗ്നിയുടെ നിറവാണ് ജീവിതത്തിന് നിറശോഭ തരുക. നിറച്ചാർത്തുപകരുക.

"I will try to do my best, but a poor cook can do absolutely nothing without fire: The Holy Spirit."

**Testimony of Hope:** Arch Bishop Francis Xavier Vanthuvan (The Spiritual Exercises of John Paul II)

## മനസ്സിനെ മാണിക്യമാക്കാം

"മനസ്സാക്ഷി കുറ്റപ്പെടുത്താത്തവൻ ഭാഗ്യവാനാണ്" (റോമ. 14:22).

ഹൃദയം കുറ്റപ്പെടുത്താത്തവനാണ് ഭാഗ്യവാനെങ്കിൽ മാമ്മോദീസായിൽ ലഭിച്ച പരിശുദ്ധി ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ലെന്ന് മരണത്തിനു തൊട്ടുമുമ്പ് ഏറ്റുപറഞ്ഞ് നിത്യയാത്രാവന്ദനം ചൊല്ലിയ ചാവറപിതാവ് എത്രയോ ഭാഗ്യപ്പെട്ട ആത്മാവാണ്!

മനസ്സിനെ മാണിക്യമാക്കുന്ന, ആത്മാവിനെ അഴകുള്ളതാക്കുന്ന മഹാരഹസ്യത്തിന്റെ മണിച്ചെപ്പ് ജീവിതാന്ത്യത്തിൽ ചാവറപിതാവ് വെളിപ്പെടുത്തി. ചാവറപിതാവ് മരണക്കിടക്കയിൽ ആയിരുന്നപ്പോൾ ശുശ്രൂഷിച്ച ബഹു. ലൂയിസച്ചൻ അത് രേഖപ്പെടുത്തിയിട്ടുണ്ട്:

ചാവറപിതാവിന് അന്ത്യകൂദാശ കൊടുത്തപ്പോൾ ഞങ്ങൾ അവിടെയുണ്ടായിരുന്നു. അപ്പോൾപ്പോലും നല്ല ഒരു ഉപദേശം പറഞ്ഞു: "ഞാൻ ആയുഷ്ക്കാലം മുഴുവൻ പരിശുദ്ധ ത്രിത്വത്തിലാണ് ജീവിച്ചത്. ഈ ഓർമ്മ സദാ പാലിക്കാൻ വേണ്ടിയാണ് 'കുറിയാക്കോസ് ദ് മിൻത് ഹോമാ കന്തീശാ' (പരിശുദ്ധ ത്രിത്വത്തിൽ ജീവിക്കുന്ന കുറിയാക്കോസ്) എന്ന നാമം ധരിച്ചിട്ടുള്ളത്. ഇതനുസരിച്ച് പരിശുദ്ധ ത്രിത്വം പാപാശുദ്ധിയിൽനിന്ന് എന്റെ ആത്മാവിനെ കാത്തുസൂക്ഷിച്ചിട്ടുണ്ട്.

**ചാവറപിതാവിന്റെ പരിശുദ്ധ ത്രിത്വത്തോടുള്ള ചില പ്രാർത്ഥനകൾ:**

> പിതാവും പുത്രനും പരിശുദ്ധാത്മാവുമായ തമ്പുരാനേ, എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനും ആകുന്ന അങ്ങയെ ഞാൻ വന്ദിച്ചു കുമ്പിടുന്നു" (ധ്യാനസല്ലാപങ്ങൾ, 68).
>
> പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, എന്റെ വിശ്വാസത്തെ ഉറപ്പിക്കണമേ" (ധ്യാനസല്ലാപങ്ങൾ, 69).

## കണ്ണാടിപോലെ ഒരു ജീവിതം!

"മറ്റുള്ളവർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുക" (കത്തുകൾ, VI/1).

കണ്ണാടികളുമായി നടക്കുവാനല്ല, സ്വയം കണ്ണാടികളായിത്തീരുവാനാണ് ചാവറതാതൻ ഓർമ്മിപ്പിക്കുന്നത്.

"ഉത്ഭവ പാപം കൂടാതെ ജനിച്ച കർമ്മല ദൈവമാതാവിന്റെ ശുശ്രൂഷികൾ" (നാളാഗമം, പേജ് 170). കറകളഞ്ഞ കണ്ണാടികൾപോലെ നിർമ്മലരും സുതാര്യരുമായിരിക്കണം!

"പുണ്യത്തിന്റെ കണ്ണാടി"കളായ ആശ്രമങ്ങൾ സുതാര്യതയുടെ ഇടങ്ങളാവണം! പുണ്യത്തിന്റെ കണ്ണാടികളായ സന്യസ്തരും സുതാര്യരായിരിക്കണം. അതെ, ആശ്രമം = കണ്ണാടി. ആശ്രമാംഗങ്ങൾ = കണ്ണാടികൾ. **അപ്പോൾ ആശ്രമജീവിതം മണ്ണിലെ കണ്ണാടിവാസമായിരിക്കും.** അകത്തുള്ളവർക്കും പുറത്തുള്ളവർക്കും എല്ലാം വ്യക്തം!

'ക്രിസ്റ്റൽ ക്ലിയർ'!

സുതാര്യതയുള്ള ഭവനങ്ങളും സുതാര്യതയുള്ള വ്യക്തികളും! ദുരൂഹതകൾ ഒഴിവാക്കുന്ന സുതാര്യതയുടെ ചാരുത!

**പ്രകാശത്തെ തടയാത്ത കണ്ണാടിയുടെ സുതാര്യതയുള്ള ചാവറതാതന്റെ മനസ്സിന്റെ വെണ്മ!**

കണ്ണാടിയുടെ പൊടിതുടച്ച് കറകഴുകി ആദ്യപരിശുദ്ധിയിലേയ്ക്ക് മടങ്ങുവാനുള്ള പിതാവിന്റെ ഓർമ്മപ്പെടുത്തലുകൾ നമ്മുടെ ഓർമ്മകളിൽ സൂക്ഷിക്കാം. മറവിരോഗത്തെ പ്രതിരോധിക്കാം.

> "മുൻപിലത്തെ എളിമയും കീഴ്‌വഴക്കവും ഭക്തിയും മാറി... പ്രവർത്തിക്കുന്നതൊക്കെയും തമ്പുരാനെക്കുറിച്ചല്ല... ഇങ്ങനെ എല്ലാവരും ആത്മഫലം കൂടാതെ വേലയെടുക്കുകയും ചെയ്യുന്നു. ഈ കൂടെപ്പിറപ്പുകളിൽ ചിലർ കുമ്പസാരം മുതലായ കൂദാശകൾ അപൂർവ്വമായി കൈക്കൊള്ളുന്നു. അവരുടെ ചൊല്ലുവിളി ഇല്ലായ്മകൊണ്ട് തലവന്മാരെ സങ്കടപ്പെടുത്തുന്നു... ഇങ്ങനെയല്ല നിങ്ങളുടെ ദൈവവിളിയും ഇങ്ങനെയല്ല കൊവേന്തയിൽ വരുമ്പോൾ ചെയ്തുതുടങ്ങിയതും" (കത്തുകൾ VI/1).

നിങ്ങൾ ഉണർന്നിരിക്കുന്നവരാകുവിൻ എന്ന നമ്മുടെ കർത്താവിന്റെ തിരുവചനത്താൽത്തന്നെ നമ്മുടെ ബലക്ഷയത്താൽ നാം മന്ദിച്ചുപോകുമെന്നും ഇതിനാലെ **കൂടെക്കൂടെ നമ്മെ നാം ഉണർത്തി ചൂടുപിടിപ്പിക്കണമെന്നും** കല്പിക്കുന്നു" (കത്തുകൾ, VI/2).

**"ആത്മാവ് സഭകളോടരുളിച്ചെയ്യുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ"** (വെളിപാട് 2:7, 11, 17, 29; 3:6, 13, 22)

വെളിപാടുപുസ്തകത്തിൽ ഏഴുവട്ടം ആവർത്തിക്കുന്ന ആത്മാവിന്റെ ആഹ്വാനം! ഇത് ഏഴു സഭകളോടുള്ള ആത്മാവിന്റെ ആഹ്വാനമാണ്. ആത്മാവിന് കാതു തുറന്നുകൊടുക്കാനുള്ള ആഹ്വാനം. ഏഴു സഭകളിൽ എഫേസോസിലെ സഭയ്ക്കുള്ള ആഹ്വാനം എല്ലാ സഭകൾക്കും എല്ലാ വ്യക്തികൾക്കുമുള്ള പരിശുദ്ധാത്മാവിന്റെ ആഹ്വാനമാണ്; അന്നും ഇന്നും എന്നും.

> "എങ്കിലും നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്... നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ, നീ ഏതവസ്ഥയിൽനിന്നാണ് അധഃപതിച്ചതെന്ന് ചിന്തിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക" (വെളി. 2:4-5).
>
> "സ്വർണമെങ്ങനെ മങ്ങിപ്പോയി? തങ്കത്തിന് എങ്ങനെ മാറ്റം വന്നു?" (വിലാപം 4:1).
>
> "തിരഞ്ഞെടുക്കപ്പെട്ട വിശിഷ്ടമുന്തിരിച്ചെടിയായിട്ടാണ് ഞാൻ നിന്നെ നട്ടത്. പിന്നെ എങ്ങനെ നീ ദുഷിച്ചു കാട്ടുമുന്തിരിയായി ത്തീർന്നു" (ജറെമിയാ 2:21).
>
> "പലരുടെയും സ്നേഹം തണുത്തുപോകും" (മത്തായി 24:12).
>
> "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. ഉറകെട്ടുപോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറകൂട്ടും?" (മത്തായി 5:13).

**ലെയോപ്പോൾദ് മിഷനറി** ചാവറയച്ചന്റെ മരണദിനത്തിൽ തന്റെ ഡയറിക്കുറിപ്പ് എഴുതി അവസാനിപ്പിച്ചത് ഇപ്രകാരമാണ്:

**"ഓ, പരിശുദ്ധവും മനോഹരവുമായ ആത്മാവേ, എനിക്കുവേണ്ടി അപേക്ഷിക്കണമേ."**

**"O! HOLY AND BEAUTIFUL SOUL! PRAY FOR ME!"**

**"O! SPIRIT, FAIR AND PURE PRAY FOR ME!"**

# 3

# മധുരസംസ്കാരം

"സ്നേഹമണവാളന്റെ സ്വരം എത്രയോ
മധുരമുള്ളതെന്നോർക്കുവിൻ"

ചാവറപിതാവ് (കത്തുകൾ)



**തോമസ് റോക്കോസ് മെത്രാനെ സ്നേഹപൂർവ്വം
മാന്യമായി യാത്രയയ്ക്കുന്ന ചാവറ പിതാവിന്റെ കുലീനത**

"അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്. അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ്" (സങ്കീർത്തനം 119:103).

**ഒരു മധുരസംസ്കാരത്തിന്റെ ഉടമയായിരുന്നു ചാവറയച്ചൻ.** മനസ്സാ വാചാ കർമ്മണാ ജീവിച്ച കാലഘട്ടത്തെ മധുരിപ്പിച്ചവൻ. പെരുമാറ്റ മാധുര്യത്തിന്റെ രുചി വ്യാപരിച്ച മേഖലകളിലെല്ലാം പകർന്നവൻ. എല്ലാം മധുരതരമാക്കുവാൻ ശ്രമിച്ചവൻ. **കയ്പ് കലരാത്ത ഒരു തേൻമാവ്!** ചാവറയച്ചന്റെ വ്യക്തിത്വത്തിന്റെ മധുരസംസ്കാരം എടുത്തുകാട്ടുന്ന ചില സംഭവങ്ങൾ:

## 'ദുക്റാനൻ' അഥവാ 'പ്രിയോർമാവ്': മധുരസംസ്കാരത്തിന്റെ ഓർമ്മ

മാന്നാനം കൊവേന്ത പ്രിയോരായിരുന്ന പോരൂക്കര ഏലീശാ അച്ചന് 1870 കന്നിമാസത്തിൽ എഴുതിയ കത്തിൽ എല്ലാ കൊവേന്തകളിലും മാവുവയ്ക്കുന്ന കാര്യം പറയുന്നുണ്ട്.

പോരൂക്കര കുറിയാക്കോസ് ഏലീശാ അച്ചന്,

കൊടുത്തയച്ച 520 രൂപയും കുറിമാനവും കിട്ടി. എന്നേക്കാൾ ഈടുനിൽക്കുന്നതും മധുരഫലങ്ങൾ കായ്ക്കുന്നതുമായ ഓരോർമ്മ ഇത്. ഇതിനെ അപേക്ഷിച്ച് മനുഷ്യർ എത്ര ബലക്ഷയമുള്ളവരും ദുർബലരും. ഇക്കാര്യം എല്ലാ കൊവേന്തക്കാരും **ഓർക്കാൻ** വേണ്ടി ഓരോ കൊവേന്തകളിൽ **'ദുക്റാനൻ'** എന്ന് പേരിട്ട് ഓരോ മധുരമാവ് നടുവാൻ നിരൂപിച്ച് ചിലയിടങ്ങളിലേക്ക് കൊടുത്തയച്ചു. ഇതാ ഒന്ന് മുത്തോലിയിലും. വേണമെങ്കിൽ അവിടെയും (മാന്നാനത്തും) എടുക്കാം.

(ഒപ്പ്)

ആഹാ കുറിയാക്കോസ്

ചാവറയച്ചൻ കൂനമ്മാവിൽനിന്നം എല്ലാ കൊവേന്തകളിലേക്കും മധുരമാവ് കൊടുത്തയച്ചു. **'ദുക്റാനൻ'** എന്നാണ് അദ്ദേഹം അതിന് പേരിട്ടതെങ്കിലും പിൽക്കാലത്ത് **'പ്രിയോർമാവ്'** എന്ന പേരിലാണ് അതറിയപ്പെട്ടത്. കാരണം ചാവറയച്ചൻ **'വലിയ പ്രിയോരച്ചൻ'** എന്ന പേരിലായിരുന്നത്രേ അറിയപ്പെട്ടിരുന്നത്. അദ്ദേഹം വിതരണം ചെയ്ത മധുരമാവ് പ്രിയോർമാവായി മാറിയ കഥയിതാണ്. ഈ കഥയറിയാത്തവരുടെ വായിൽ പ്രിയോർമാങ്ങാ പേരയ്ക്കമാങ്ങയായി മാറി!

താൻ രുചിച്ച മധുരം സ്വയം മറച്ചുവയ്ക്കാതെ ഏവരും നുകരണമെന്ന് ആഗ്രഹിച്ച മധുരവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ചാവറയച്ചൻ.

ആത്മീയ-വിദ്യാഭ്യാസ-സാമൂഹികമേഖലകളിലെല്ലാം ഈ മധുരസം സ്കാരം അദ്ദേഹം പ്രസരിപ്പിച്ചു. ഇനിയും കാണാം ഉദാഹരണങ്ങൾ.

## മധുരസമ്മാനങ്ങൾ!

പലപ്പോഴായി പലർക്കും പലവിധ സമ്മാനങ്ങൾ കർമ്മലീത്താ സഭാംഗങ്ങളായ കന്യാസ്ത്രീകൾക്കും ചാവറപിതാവ് കൊടുത്തയച്ചു. താൻ രുചിച്ചറിഞ്ഞതിനെ മറ്റുള്ളവരും രുചിച്ചറിയണമെന്ന് ഏറെ ആഗ്ര ഹിച്ച ഒരു മധുരവ്യക്തിത്വമായിരുന്നു പിതാവിന്റേത്.

**ഇതാ മറ്റൊരു കത്ത്:**

"പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈ സമ്മാനം നിങ്ങൾക്കു ഞാൻ കൊടുത്തയയ്ക്കുന്നു.

ഈ **മുളക്** എന്റെ മുറിവാതിൽക്കൽ പെട്ടിയിൽ വളർത്തിയത്. ഇതിന്റെ അനുഭവം തീർന്നുവെന്ന് നിരൂപിച്ചാറെ ഒടുക്കമായിട്ടും ചെറി യതായിട്ടും ആരും നോക്കാതെ നിന്നു ഒരുമിച്ചു പഴുത്തത്. നിങ്ങൾ ഇതുകൊണ്ട് വല്ലതും പെരുമാറുവിൻ (ഉപയോഗിക്കുവിൻ). വെറുതെ കളയാതിരിക്കാനുമായിട്ടത്രേ കൊടുത്തയയ്ക്കുന്നത്.

ഈ **മാങ്ങ** - പാററായി എനിക്കു കൊടുത്തയച്ച രണ്ടുതരം മാങ്ങ - ഇതിൽ ചുവന്നതു രണ്ടും ഇന്ത്യയിൽ ഉണ്ടാകുന്നതിൽ ഒന്നാംതരം. നിങ്ങൾ ഇതിന്റെ രുചി അറിഞ്ഞു കിളിർപ്പിച്ചു ഉണ്ടാക്കുവാനായിട്ടു കൊടുത്തയയ്ക്കുന്നു. **പൂളി ഇതിന്റെ രുചി എല്ലാവരെയും അറിയി ക്കണം.**

മുളകും മാമ്പഴവും വേണമെങ്കിൽ പുണ്യത്തിന്റെ എരിവും മാമ്പഴ ത്തിന്റെ പെരുമാറ്റമാധുര്യവുമാകാം. രുചിച്ചാൽ മാത്രം പോരാ, രുചി പകരണം എന്നുകൂടി പിതാവ് സഭാതനയരെ ഓർമ്മിപ്പിക്കുന്നു.

**മധുരഫലങ്ങളും മധുരവൃക്ഷങ്ങളും സമ്മാനമായി നൽകുന്ന ഒരു സംസ്കാരസവിശേഷത ചാവറയച്ചനുണ്ടായിരുന്നു. മധുരമനോ ഹരസംസ്കാരം. ഇത് ചാവറസംസ്കാരം!**

## വ്യക്തിത്വത്തിലെ മധുരസംസ്കാരം

## ആരെയും മധുരിപ്പിക്കുന്ന വിധേയത്വം

ജീവിതപ്രശ്നങ്ങളെ എങ്ങനെ നേരിടുന്നു, അവയോടുള്ള പ്രതികരണം എങ്ങനെ എന്നതും ഒരാളുടെ വ്യക്തിത്വം അളക്കുന്ന

ഘടകങ്ങളാണ്. ഒറ്റാൻ വന്നവനെ 'സ്നേഹിതാ' എന്ന് വിളിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ പ്രതികരണം മധുരതരമായിരുന്നു. ക്രിസ്തുശിഷ്യനായിരുന്ന ചാവറയച്ചനിലും മധുരസംസ്കാരത്തിന്റെ ഒരു മധുരിമ നിറഞ്ഞുനിന്നിരുന്നു.

> ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്താ വരാപ്പുഴ രൂപതയുടെ അധികാരിയായി വന്നു. കൊവേന്ത സ്ഥാപനത്തിനായി ഓടിനടന്ന ചാവറയച്ചനെക്കുറിച്ചും പാലയ്ക്കൽ പോരൂക്കര മല്പാന്മാരെക്കുറിച്ചും മെത്രാന് അത്ര തൃപ്തിയില്ലായിരുന്നു. സന്യാസഭവനത്തിന്റെ പണി അവസാനിപ്പിച്ച് പള്ളിപ്പുറം പള്ളിയുടെ വികാരിയായി ചാർജെടുക്കുവാൻ ചാവറയച്ചനോട് മെത്രാപ്പോലീത്താ കല്പിച്ചു. അനുസരണം ബലിയേക്കാൾ വലുതെന്ന് കരുതിയ ചാവറയച്ചൻ ആ കല്പന വിധേയത്വത്തോടെ സ്വീകരിച്ചു. പിൽക്കാലത്ത് സഭാസ്ഥാപകരായ മൂന്നുപേരെയും കുറിച്ച് മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന അഭിപ്രായം മാറി. 1844 ഫെബ്രുവരി 16-ാം തീയതി ചാവറയച്ചനെ മല്പാൻസ്ഥാനത്തേക്ക് നിയോഗിച്ചുകൊണ്ടുള്ള അധികാരപത്രം മെത്രാപ്പോലീത്താ കൊടുത്തു:

"താങ്കളെ നമ്മുടെ സുറിയാനി വികാരിയാത്തിലുള്ള സുറിയാനിക്കാരായ സകല വൈദികരുടെയും പരീക്ഷകനായും സർവ്വ വൈദിക ശാസ്ത്രങ്ങളുടെയും മല്പാനായും നിയമിക്കുന്നതിന് നിങ്ങളുടെ സൽഗുണങ്ങളും കർമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു."

## മധുരോദാരമായ പരോന്മുഖത

ക്രിസ്തീയ കുടുംബജീവിതത്തിന്റെ വിശുദ്ധിയും ക്രമവും ലക്ഷ്യമാക്കി "നല്ല അപ്പന്റെ ചാവരുൾ" (ക്രിസ്തീയ കുടുംബചട്ടം) കൈനകരിക്കാർക്ക് ചാവറയച്ചൻ എഴുതി നൽകി. കുടുംബജീവിതം ഒരു 'മാഗ്നിഫിക്കാത്ത്' (സ്തോത്രഗീതം) ആക്കുവാനുതകുന്ന 'മാഗ്നാകാർട്ട'യാണ് (മഹാപ്രമാണം) ചാവറയച്ചൻ കുറിച്ച ഈ സൂക്തങ്ങൾ. ചാവറയച്ചന്റെ വ്യക്തിത്വത്തിന്റ മധുരോദാരമായ പരോന്മുഖത വ്യക്തമാക്കുന്ന ചാവരുളിലെ ഒരു അരുൾ അഥവാ മൊഴി:

> **"ഭിക്ഷക്കാർ വെറും കൈയോടെ നിന്റെ വീട്ടിൽനിന്നും പോകുവാൻ നീ അനുവദിക്കരുത്. പാടുള്ളപ്പോഴൊക്കെ ദാനധർമ്മം നൽകുക. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ, അതുവച്ചു താമസിപ്പിക്കുകയോ**

**ചെയ്യുന്നത് ശരിയല്ല. പാവപ്പെട്ടവരെ നിന്ദിക്കരുത്. എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും പകരം ചോദിക്കും."**

"നിങ്ങളുടെ അടുത്തേയ്ക്കുവരുന്ന ഒരാളെയും സന്തോഷം കിട്ടാതെപോകാൻ അനുവദിക്കരുത്" എന്ന **മദർതെരേസയുടെ** സമാന ചിന്തയുടെ അഴകും ശ്രദ്ധേയം.

## തിരസ്കാരം പുരസ്കാരമാക്കിയ മധുരിമ

ആസ്ഥപാടു പട്ടം കിട്ടിയശേഷം ചേന്നംകരി (ചേന്ദൻകരി) പള്ളിയിൽ ചെന്നപ്പോൾ അന്നത്തെ വികാരി ചാവറ ശെമ്മാശനെ പള്ളിയിൽ പ്രവേശിക്കാൻ അനുവദിച്ചില്ല. ഈ തിരസ്കാരത്തെ തുടർന്ന് ഉണ്ടാകുമായിരുന്ന സംഘർഷം ഓർത്തു ചാവറ ശെമ്മാശൻ ഓടിയെത്തി ബന്ധുജനങ്ങളെ പകരംവീട്ടലിൽനിന്ന് പിന്തിരിപ്പിച്ചു. അവരെ ശാന്തരാക്കി. ചേന്നംകരിയിൽ കിട്ടിയത് തിരസ്കാരമായിരുന്നുവെങ്കിൽ ശത്രുസ്നേഹത്തിന്റെ മധുരിമ ചാവറയച്ചൻ ഉടനെതന്നെ പ്രകടമാക്കി. പിന്നീട് ചേന്നംകരി പള്ളിയിൽ പോയി താമസിക്കുകയും യൂറോപ്പിൽ നിന്നും തനിക്കു കിട്ടിയ അതീവ സുന്ദരമായ യൗസേപ്പുപിതാവിന്റെ കൊത്തുരൂപം ചേന്നംകരി പള്ളിക്കു സംഭാവന ചെയ്യുകയും ചെയ്തു. എല്ലാ വർഷവും ചേന്നംകരി പള്ളിയിലെ പെരുന്നാൾ പ്രസംഗം നടത്തിയിരുന്നത് 'വലിയ പ്രിയോരച്ചൻ' ആയിരുന്നു.

## പകപോക്കാത്ത മധുരോദാരൻ

1. മുട്ടുചിറ ഇടവകക്കാരൻ മാഞ്ഞൂര് കളപ്പുരയ്ക്കൽ മാത്തൻ കള്ളക്കേസിൽ ചാവറയച്ചനെ പ്രതിയാക്കി കോടതികയറ്റി. അവിടെ വച്ച് ചാവറയച്ചനെ കാണുകയും പരിചയപ്പെടുകയും ചെയ്ത ജഡ്ജിക്ക് ചാവറയച്ചനെക്കുറിച്ച് വലിയ മതിപ്പും ഭക്തിയുമാണുണ്ടായത്. ചാവറപിതാവിന്റെ പെരുമാറ്റമര്യാദയും മധുരോദാരമായ സംസാരവും അദ്ദേഹത്തിന്റെ കറയറ്റ വ്യക്തിത്വത്തിന്റെ 'തൽസമയസംപ്രേഷണ'മായിരുന്നു! ജഡ്ജി ഒടുവിൽ ചാവറയച്ചനെ വെറുതെവിടുകയും കേസുകൊടുത്തയാളെ ശാസിക്കുകയും ചെയ്തു.

പിന്നീട് സാമ്പത്തികബാദ്ധ്യതകൾ അലട്ടിയപ്പോൾ പലയാളുകൾവഴി രഹസ്യമായി ഈ വ്യക്തിയെ ചാവറപിതാവ് വളരെയധികം സഹായിച്ചു.

> **തന്റെ മരണപത്രത്തിൽ ചാവറയച്ചൻ എഴുതി: "മാന്നാനം കൊവേന്തക്കാർ കളപ്പുരയ്ക്കൽ മാത്തനോടും കുടുംബത്തോടും കാരുണ്യം കാണിക്കണം. കൊല്ലംതോറും കഴിയുന്നത്ര സഹായം ചെയ്തുകൊടുക്കണം. ഇത് കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയായിരിക്കും."**

2. മീനച്ചിലെ ശീശ്മവഴക്കുകൾക്കിടയിൽ ശീശ്മക്കാരിൽ ചിലർ പ്രിയോരച്ചനെതിരായി തഹസീൽദാരുടെ പക്കൽ ഒരു ഹർജി ബോധിപ്പിച്ചു. ഹൈന്ദവമതാനുയായിയായ ഈ ഉദ്യോഗസ്ഥൻ പ്രിയോരച്ചനെ കണ്ടതിനുശേഷം പ്രസ്താവിച്ചു:

> **"അദ്ദേഹം ഒരു ദിവ്യപുരുഷനാകുന്നു, ഇത്ര മഹാനും ഈശ്വര പ്രസാദമുള്ളവനുമായ ഈ ദേഹത്തെപ്പറ്റി പരാതി ബോധിപ്പിച്ചവർ മഹാദുഷ്ടന്മാരും ഈശ്വരകോപത്തിന് അർഹരുമത്രെ."**

**3. അബ്ദ്ഈശോയും മാപ്പുകൊടുക്കലും**

സ്വയം ഭരണവാദിയായിരുന്ന തൊണ്ടനാട്ട് അന്തോണിക്കത്തനാർ ബാബേലിൽ ചെന്ന് ശീശ്മ മെത്രാനിൽനിന്ന് (നെസ്തോറിയൻ പാത്രിയർക്കീസ്) മെത്രാപ്പോലീത്താപ്പട്ടം സ്വീകരിച്ച് കേരളത്തിലെത്തി. അവുദീശോ എന്ന പേരിലാണ് തൊണ്ടനാട്ടു മെത്രാൻ അറിയപ്പെട്ടത്. പുതിയ മെത്രാന് മലമ്പനി ബാധിച്ചു. പ്ലാശനാലിൽ ഒരു വീട്ടിൽ തങ്ങി, കിടപ്പിലായി. അനുയായികൾ സലാം പറഞ്ഞ് പിരിഞ്ഞു. ബന്ധുജനങ്ങളും കൈവിട്ടു.

എല്ലാവരും കൈവെടിഞ്ഞപ്പോൾ അവുദീശോ അഭയം കണ്ടെത്തിയത് വലിയ പ്രിയോരച്ചനിലാണ്. ചാവറയച്ചൻ വരാപ്പുഴ മെത്രാപ്പോലീത്തയുമായി ആലോചിച്ചു, റോമിൽനിന്നുള്ള അനുവാദത്തോടെ മുടക്കുകൾ നീക്കി. അവുദീശോയെ വീണ്ടും കത്തോലിക്കാസഭയിലേക്ക് തിരിച്ചെടുക്കാമെന്ന് തീരുമാനിച്ചു.

അതുവരെ മാന്നാനത്തുപോയി തപസ്സും പ്രാർത്ഥനയുമായി കഴിയണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. റോമിൽനിന്നും അനുവാദം വന്നു. എല്ലാ മുടക്കുകളും മാറ്റിക്കൊടുക്കുകയും ചെയ്തു. നിത്യച്ചെലവിനും ചികിത്സയ്ക്കുമുള്ള തുക അവുദീശോമെത്രാന് നൽകുകയും ചെയ്തു. പിന്നീട് തൊണ്ടനാട്ടച്ചൻ മേലൂസിന്റെ പിൻഗാമിയാകുകയും ശീശ്മയിൽത്തന്നെ മരിക്കുകയും ചെയ്തു.

**4. റോക്കോസിന് മാപ്പ് നൽകൽ**

കേരള സുറിയാനി സഭയിൽ ഭിന്നിപ്പുണ്ടാക്കിയ തോമസ് റോക്കോസ് മെത്രാനെ ചെന്നു കണ്ട് സംസാരിക്കുകയും റോക്കോസിന് മടങ്ങിപ്പോകുന്നതിനാവശ്യമായ പണവും യാത്രാസൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്യുന്ന ചാവറഹൃദയത്തിന്റെ ചാരുത ചരിത്രത്തിന്റെ താളുകളിൽ തിളങ്ങിനിൽക്കുന്ന ചേതോഹര കാഴ്ചയാണ്!

## മധുരതരമായ കൃതജ്ഞതാഭാവം

ഉപകാരങ്ങൾ ചെയ്തവരെ മറക്കാത്ത കൃതജ്ഞതാഭാവത്തിനുടമയായിരുന്നു ചാവറയച്ചൻ. ചാവറയച്ചൻ ഉപകാരികളെ നന്ദിയോടെ സ്മരിച്ചിരുന്നു.

> **'ആത്മാനുതാപ'**മെന്ന തന്റെ ആത്മാംശം നിറഞ്ഞുനിൽക്കുന്ന കൃതിയിൽ അതിന്റെ ആദ്യഭാഗം ദൈവത്തോടുള്ള **കൃതജ്ഞതാപ്രകാശനമാണ്.**

തന്റെ വൈദികവിദ്യാഭ്യാസത്തിന്റെ ചെലവുവഹിക്കുകയും തനിക്കുവേണ്ടി ഏറെ അദ്ധ്വാനിക്കുകയും ചെയ്ത തോമസ് പാലയ്ക്കൽ മല്പാനെ നന്ദിനിറഞ്ഞ മനസ്സോടെ ചാവറപിതാവ് സ്മരിക്കുന്നു.

> പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ കണക്കാക്കാതെ തന്നെയും തന്റെ സമൂഹത്തെയും സഹായിച്ച സകലരെയും ചാവറയച്ചൻ നന്ദിയോടെ പേരുചൊല്ലി ഓർക്കുന്നുണ്ട്. മാന്നാനം കുന്നിലെ കാടുവെട്ടിത്തെളിച്ച ഇട്ടൻ, ഭക്ഷണം കൊടുത്ത കൊച്ചുപുരയ്ക്കൽ മാപ്പിള, വേമ്പേനി, തറയിൽ, മലയിൽ എന്നീ വീട്ടുകാർ, തയ്യിൽ-പെരുമാലി കുടുംബക്കാർ എന്നിവരെയൊക്കെ **'നാളാഗമ'**ത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. വസൂരിരോഗം പിടിപെട്ടപ്പോൾ ചാവറയച്ചനെ ചികിത്സിച്ച വൈദ്യനും പരിചരിച്ച ശുശ്രൂഷിക്കും സമ്മാനം കൊടുത്തയച്ച ശിഷ്യന്മാർക്കും ചാവറയച്ചൻ നന്ദിപറയുന്നു. തനിക്കെതിരെ കള്ളക്കേസുകൊടുത്ത വ്യക്തിയെപ്പോലും സ്നേഹത്തോടെ ഓർക്കുകയും ആ വ്യക്തിക്കു സഹായം ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## മധുരനിർഭരമായ കത്തോലിക്കാ സഭാസ്നേഹം

കത്തോലിക്കാ തിരുസഭയോടും അതിന്റെ പരമാധ്യക്ഷനായ മാർപ്പാപ്പായോടും ചാവറയച്ചനുള്ള വിധേയത്വം പൂർണ്ണമായിരുന്നു.

**"റോക്കോസിന്റെ കയ്യും കാലും മുത്താം. പക്ഷേ, മോതിരം മുത്തില്ല"** എന്ന് ചാവറയച്ചൻ പറയുന്നതിന്റെ സാരം സത്യസഭയോടുള്ള പരിപൂർണ്ണ വിധേയത്വവും സ്നേഹവും ഒന്നുമാത്രമാണ്.

**ചാവറയച്ചൻ എഴുതിയ കത്തുകളിലും നാളാഗമങ്ങളിലും തെളിയുന്നത് അദ്ദേഹത്തിന്റെ കറതീർന്ന സഭാസ്നേഹമാണ്.**

"റോമാപള്ളി എന്ന ഈ അനുഗ്രഹമുള്ളതും പ്രിയമുള്ളതുമായ നമ്മുടെ അമ്മയുടെ സങ്കേതത്തിൽ ആയിരിക്കുക" (നാളാഗമങ്ങൾ).

സത്യസഭയുടെ സത്യപ്രബോധനവും വസ്തുതകളുടെ സത്യാവസ്ഥയും തിരയുന്ന ഒരു മനസ്സ് ചാവറയച്ചനിലുണ്ടായിരുന്നു.

ഉദാ: "പരിശുദ്ധ പിതാവേ, എളിമയോടുകൂടി ഞങ്ങൾ, കണ്ണുകളിൽ നിറഞ്ഞുനിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങേപ്പക്കൽ അഭ്യർത്ഥിക്കുന്നു. **ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണ**മെന്ന്" (കത്തുകൾ I/1)

"ഏങ്ങലോടും നെടുവീർപ്പോടും കണ്ണീരോടുംകൂടി ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുകയാണ്, ഒട്ടും താമസം കൂടാതെ **ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണ**മെന്ന്" (കത്തുകൾ II/1).

# 4

# ആത്മാവിന്റെ മഴവിൽശോഭ!



"വിശ്വാസം, ശരണം, ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം എന്നീ ദൈവികപുണ്യങ്ങളും വിവേകം നീതി, അടക്കം, ആത്മധൈര്യം എന്നീ തലപ്പെട്ട പുണ്യങ്ങളും അവയോടു ബന്ധപ്പെട്ട മറ്റു പുണ്യങ്ങളും **വീരോചിതമായി അഭ്യസിച്ചിരുന്നുവെന്ന്** തിരുസംഘത്തിന് ബോദ്ധ്യമാവുകയും ഇക്കാര്യം നാം പ്രഖ്യാപിക്കുകയും ചെയ്യുന്നു"

ജോൺപോൾ രണ്ടാമൻ പാപ്പാ, നാമകരണ ഡിക്രി

# അക്ഷര അഴക്

ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ
കൈയെഴുത്തുപ്രതിയിൽനിന്ന്



# കർമലീത്താ നിഷ്പാദുക സഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്ത്.



# കാണികളുടെ കണ്ണുംകരളും കവരുന്ന രൂപം! (അഴകുള്ള ആത്മാവിന്റെ ആകാരവർണ്ണന)

ഈ മഹാത്മാവിന്റെ ആകൃതിയെപ്പറ്റി അല്പം അറിയിക്കാം. നിറം നാടൻരീതിയിൽ തനിവെള്ള. ഇത്രയുംകൊണ്ട് വർണ്ണനിർണ്ണയം ചെയ്യാൻ കുഴങ്ങുന്നവർ നമ്മുടെ കഥാനായകന്റെ ഒരു അനന്തിരവനും ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനുമായ കാളാശ്ശേരിൽ ജെയിംസ് മെത്രാനച്ചൻ തിരുമേനിയെ ഒരു നോക്കുകണ്ടാൽ മതി. മുഖം അണ്ഡാകൃതിയേക്കാൾ വൃത്താകൃതിയേയാണു അവലംബിച്ചിരുന്നത്. അഗാധമായ ബുദ്ധിത്വത്തെ പ്രദ്യോതിപ്പിക്കുന്ന വിസ്താരമായ നെറ്റിത്തടം. കഷണ്ടിയാണെങ്കിൽ "ഉണ്ടെന്നു പറവാനൊട്ടില്ലതാനും; ഇല്ലെന്നു പറവാനൊട്ടില്ലതാനും." വിശാലഹൃദയത്വത്തെ വിളിച്ചറിയിക്കുന്നുവോ എന്നു തോന്നിക്കുന്ന വിശാലനേത്രങ്ങൾ. വിശുദ്ധ നാസികയ്ക്ക് അശുദ്ധവായു അനുയോജ്യമെന്നു കണ്ടിട്ടായിരിക്കുമോ സൃഷ്ടികർത്താവു നാസികാനിർമ്മാണത്തിൽ അല്പലോപം പ്രദർശിപ്പിച്ചത്? അതെങ്ങനെയുമാകട്ടെ; കണ്ണിന്റെ വലിപ്പവും മൂക്കിന്റെ ചെറുപ്പവും സുമുഖതയ്ക്കു തെല്ലും ഹാനികരമല്ലായിരുന്നു എന്നു തീർത്തുപറയാം. വളരെ വളരെ ദേഹാദ്ധ്വാനം ചെയ്തിട്ടുള്ള ഒരാളിന്റെ കരചരണങ്ങൾ ബലിഷ്ഠങ്ങളായിരുന്നു എന്നു പറവാൻ ആവശ്യമില്ലെങ്കിലും സുന്ദരങ്ങളായിരുന്നു എന്നു പറവാൻ ആവശ്യമുണ്ട്. മാംസളശരീരനായിരുന്നതിനാൽ ഉള്ളേടത്തോളം പൊക്കം തോന്നിച്ചിരുന്നില്ലെങ്കിലും ഹ്രസ്വകായനായിരുന്നില്ല. ആകെക്കൂടിപറഞ്ഞാൽ കാണികളുടെ കണ്ണുംകരളും കവരുന്ന രൂപം (മത്യാസ് പട്ടക്കാരൻ, TOCD).

- കേരള പ്രസിദ്ധനായ **തച്ചിൽ മാത്തുത്തരകന്റെ** പ്രസ്താവന "പുരുഷവർഗ്ഗത്തിൽ ഇത്രയും യോഗ്യനായ ഒരാളെ ഞാൻ കണ്ടിട്ടില്ല."
- കുര്യാക്കോസച്ചനുമായി അടുത്തുപരിചയമുണ്ടായിരുന്ന ആളും 'നസ്രാണി ദീപിക'യുടെ ആരംഭകരിൽ ഒരാളുമായ **ജരാദ്ദച്ചന്റെ** അഭിപ്രായം "അദ്ദേഹത്തിന്റെ കൈകാലുകൾ ദന്തം കടഞ്ഞെടുത്തതുപോലെയാണ്."
- 1868–ൽ നടന്ന ലെയോനാർദ് മെത്രാപ്പോലീത്തായുടെ അഭിഷേകകർമ്മത്തിനു കോയമ്പത്തൂരിൽനിന്നു വരാപ്പുഴ വന്നിരുന്ന **ദെപ്പോമിയാ എന്ന മെത്രാൻ** കുര്യാക്കോസച്ചനെ കണ്ടപ്പോൾ "നാട്ടിൽവന്നിട്ടു എത്രനാളായി" എന്നു ചോദിച്ചു. താൻ നാട്ടുകാരനാണെന്നു പലവുരു പറഞ്ഞിട്ടും അല്ല ഇത്താലിയാക്കാരൻ തന്നെയെന്ന് അദ്ദേഹത്തെ തെറ്റിദ്ധരിക്കുകയും ചെയ്യുകയുണ്ടായി.

## അഴകുള്ള ആത്മാവിന്റെ സ്വരമധുരിമയും ദർശന വിശേഷതയും

മുട്ടുചിറ ഇടവക **മഠത്തിക്കുന്നേൽ മാണി കുര്യൻ** എന്ന വയോവൃദ്ധൻ ഇങ്ങനെ പറയുന്നു:

"വലിയ പ്രിയോരച്ചനെ ഞാൻ കണ്ടിട്ടുണ്ട്. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നതിനും എനിക്കു ഭാഗ്യമുണ്ടായി. ഹാ! എത്ര സന്തോഷകരമാണ് അദ്ദേഹത്തിന്റെ ദർശനം എന്നു പറവാൻതന്നെ പ്രയാസം. റൂഹാദക്കുദിശായാൽ നിറഞ്ഞ ആൾ. **ചെറിയ മണിസ്വരം.** എന്നാൽ പള്ളിയിൽ എല്ലാവർക്കും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ യാതൊരു പ്രയാസവുമില്ല. ഹാ! ആ ഓർമ്മ, ഞാൻ ഒരിക്കലും മറന്നിട്ടില്ല. ഇന്നും ഞാൻ ആ കാര്യം ഇന്നലെ എന്ന പോലെ ഓർക്കുന്നു!" (മത്യാസ് പട്ടക്കാരൻ, TOCD)

## നിർമ്മല മനസ്സാക്ഷിയുടെ അഴക്

**"മനസ്സാക്ഷി കുറ്റപ്പെടുത്താത്തവൻ ഭാഗ്യവാനാണ്"** (റോമ. 14:22).

ചികിത്സയ്ക്കായി കൂനമ്മാവിൽനിന്നും മാന്നാനത്തേയ്ക്ക് സ്ഥലം മാറണമോ എന്ന് ചോദിച്ചപ്പോൾ ചാവറപിതാവ് പറഞ്ഞത്: അധികാരികൾ വിദേശത്തായിരിക്കെ **"എന്റെ മനസ്സാക്ഷി സമ്മതിക്കുന്നില്ല"** എന്നാണ്. മാർപ്പാപ്പയ്ക്ക് എഴുതുമ്പോൾ: **"ശുദ്ധമനസ്സാക്ഷിയോടെ** ചില വസ്തുതകൾ അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു" (കത്തുകൾ 11/5).

സന്യാസത്തിൽ ആദർശപരമായി ജീവിക്കുന്നതിനും സ്വന്തം ദൈവവിളി പരിപോഷിപ്പിക്കുന്നതിനും തന്റെ അനന്തരവനായ യൗസേപ്പച്ചനെ ഉപദേശിച്ചുകൊണ്ട് എഴുതിയ കത്തിൽനിന്നും:

എന്റെ അദ്ധ്വാനത്തിന്റെ മണിക്കൂറുകൾ തീരാറായിരിക്കുന്നു. ഇനി അധികമില്ല. എന്റെ കാരണവന്മാർക്ക് കൊടുത്തതിനേക്കാൾ അധികം ആയുസ്സ് ദൈവം എനിക്കു തന്നു. ദൈവത്തിന്റെ അധികകൃപയാൽ അത് എനിക്കുവേണ്ടിയല്ല, മറ്റുള്ളവർക്കുവേണ്ടി അദ്ധ്വാനിക്കാൻ വേണ്ടിയായിരുന്നു എന്ന് ഇപ്പോൾ ഞാൻ സ്പഷ്ടമായി മനസ്സിലാക്കുന്നു. എന്നാൽ ഞാനത് മുഴുവൻ ഫലിപ്പിക്കാതെ ഒരു താലന്തു കിട്ടിയവനെപ്പോലെ കുഴിച്ചുമൂടി വച്ചുപോയി; ശരിയായി അദ്ധ്വാനിച്ചില്ല എന്ന് എന്റെ **മനസ്സാക്ഷി** ഇപ്പോൾ എന്നെ **കുറ്റപ്പെടുത്തുന്നു.**

...എല്ലാം ദൈവം തരും. അവിടുത്തെ സ്തുതിക്കായിട്ടുമാത്രം ജീവിക്കാൻ നിശ്ചയിക്കുക. എന്റെ ദൈവവിളിക്കു ചേർന്ന ജോലി ഞാൻ ചെയ്യുമെന്നുറച്ച് മനസ്സാക്ഷിയെ മിനുക്കി തെളിയിക്കുക. നിന്റെ സഹകരണവും ദൈവകൃപയും ഒന്നിച്ചുചേരുമ്പോൾ ധാരാളം സൽഫലങ്ങളുണ്ടാകും, തീർച്ച. വിശുദ്ധ ഫ്രാൻസീസ് അസ്സീസി റോമിലെ ഒരു പ്രഭിക്ക് കൊടുത്ത ആട്ടിൻകുഞ്ഞിനെപ്പോലെ എന്റെ ഈ എഴുത്ത് നിന്നിൽ ധൈര്യവും ആത്മവീര്യവും നിറയ്ക്കട്ടെ... ദൈവമാതാവിൽ ഞാൻ ശരണപ്പെട്ടുകൊണ്ട് നിർത്തുന്നു... (ജൂലൈ 21, 1868).

## നിരീക്ഷണ ചാരുത

ചാവറപിതാവിന്റെ പ്രകൃതി പ്രതിഭാസ നിരീക്ഷണങ്ങൾകൂടി മേല്പറഞ്ഞ കത്തിന്റെ അവസാന ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു:

"ഈ വരുന്ന 18-ന് കാലത്ത് 9 മണിക്ക് പൂർണ്ണ സൂര്യഗ്രഹണം ഉണ്ടാകും. കഴിഞ്ഞ ഏറെ വർഷങ്ങൾക്കകം ഇങ്ങനെയൊന്ന് ഉണ്ടായിട്ടില്ല." കാർമൽ കൊവേന്തയിൽ ബഹു. ആഹാ യൗസേഫ് ത്രേസ്യാ അച്ചന്, കൂനമ്മാവുങ്കൽനിന്ന്.

## ബോദ്ധ്യത്തിന്റെ അഴക്

1863-ൽ ലെയോപ്പോൾദ് മിഷനറി സഭയുടെ ഡലഗേറ്റും നോവിസ് മാസ്റ്ററും ആയി നിയമിതനാകുന്നു. കർമ്മലസഭയുടെ കാർക്കശ്യം അങ്ങനെതന്നെ സി. എം. ഐ. സഭയിൽ പ്രാവർത്തികമാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

മാന്നാനം പ്രിയോരായിരുന്ന കളത്തിൽ അപ്രേം അച്ചന്റെ അമ്മാവൻ മരണാസന്നനായപ്പോൾ, അപ്രേമച്ചനെ ആളയച്ചു വിളിപ്പിച്ചു. രോഗികളെ കാണാൻപോലും ആശ്രമത്തിനു പുറത്തുപോകുന്നത് കർമ്മല സഭാചൈതന്യത്തിന് അനുയോജ്യമല്ലെന്ന് ലെയോപ്പോൾദ് മിഷനറി പ്രസ്താവിച്ചു. പക്ഷേ, ചാവറയച്ചനോട് ആലോചിച്ചപ്പോൾ, "ലോകർക്കു സേവനമനുഷ്ഠിക്കുക" കൂടിയാണ് സഭാംഗങ്ങളുടെ സുദൃഢ ലക്ഷ്യം എന്ന് അദ്ദേഹം സ്പഷ്ടമാക്കി. ഏതായാലും തീരുമാനമെടുക്കുന്നതിനുമുമ്പ്, ആശ്രമസംഘത്തിന്റെ അഭിപ്രായം ആരായണമെന്ന് ലെയോപ്പോൾദ് മിഷനറി ആവശ്യപ്പെട്ടു. അദ്ദേഹംതന്നെ കാര്യം സംഘത്തിൽ വിശദീകരിച്ചശേഷം, ഒന്നാമതായി കറുത്ത വോട്ട് പൊക്കി കാണിച്ച്, കുറിപ്പാത്രത്തിൽ നിക്ഷേപിച്ചു.

രണ്ടാമതായി ചാവറ വെള്ളവോട്ടെടുത്ത് അതേവിധം പൊക്കിക്കാണിച്ച്, കുറിപ്പാത്രത്തിലിട്ടു. ഫലം: ഒരു കറുപ്പൊഴികെ മറ്റെല്ലാം

വെള്ള! മിഷനറിയുടെ മുഖം കറുത്തു. അദ്ദേഹം വികാരാധീനനായി. ചാവറയും അതിമാത്രം വേദനിച്ചു. ഇതുമൂലം അവരുടെ ബന്ധത്തിൽ ഒട്ടും ഉലച്ചിൽ സംഭവിച്ചില്ല (ഫാ. കനീഷ്യസ് സി. എം. ഐ., വാഴ്ത്തപ്പെട്ട ചാവറ കേരളസഭാ സമുദ്ധാരകൻ, പേജ് 21).

## വിയോജിപ്പിന്റെ അഴക്!

**മാന്നാനം ആശ്രമം ഏതു വിശുദ്ധന്റെ നാമത്തിൽ പ്രതിഷ്ഠി**ക്കണം. മൂന്നുപേർക്ക് മൂന്ന് അഭിപ്രായം. മെത്രാപ്പോലീത്താ: സ്നാപകയോഹന്നാൻ, പോരൂക്കരയച്ചൻ: വി. യൗസേപ്പ്, പാലയ്ക്കൽ: വി. ദൊമിനിക്കോസ് (ഡൊമിനിക്ക്) എന്നിങ്ങനെ പേരുകൾ നിർദ്ദേശിച്ചു.

"ഭക്താത്മാക്കൾ തമ്മിൽ വിശ്വവിശുദ്ധരായ പുണ്യവാന്മാരുടെ പേരിൽ നടത്തിയ സ്നേഹാത്മകമായ ഒരു മത്സരമായിരുന്നു" അത്, എന്ന് പ്രൊഫ. പി. റ്റി. തോമസ് തന്റെ 'കർമ്മയോഗി' എന്ന ഗ്രന്ഥത്തിൽ പറയുന്നു, അവസാനം എല്ലാവരും പോരൂക്കരയച്ചന്റെ നിർദ്ദേശത്തിന് വഴങ്ങിക്കൊടുത്തു.

### സെമിനാരിചിന്തയിലെ വിയോജിപ്പും തുടർന്നുള്ള യോജിപ്പും

മല്പാനച്ചനായ പാലയ്ക്കലച്ചന് സെമിനാരി തുടങ്ങുവാൻ അതീവ താല്പര്യം. പോരൂക്കരയച്ചന് താല്പര്യക്കുറവ്. ചാവറയച്ചന് മേല്പറഞ്ഞ രണ്ടഭിപ്രായങ്ങളോടും സമദൂര സമീപനം. ചാവറയച്ചൻ തന്റെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു: "ഭോഷനായ എനിക്ക് രണ്ടിലും സന്തോഷം ഒരുപോലെ തോന്നിയിരുന്നു." അവസാനം പാലയ്ക്കലച്ചന്റെ താല്പര്യത്തിന് പോരൂക്കരയച്ചൻ താല്പര്യപൂർവ്വം വഴങ്ങിക്കൊടുത്തു.

### മഠസംബന്ധമായി

കൂനമ്മാവ് മഠത്തിന്റെ ഖ്യാതി പരന്നു. ധാരാളം പെൺകുട്ടികൾ സന്യാസിനികളാകുവാൻ കൂനമ്മാവിൽ എത്തി. എന്നാൽ ഒരു മഠത്തിൽ അംഗങ്ങളുടെ എണ്ണം 13-ൽ കവിയരുതെന്നു ലെയോപ്പോൾദ് മൂപ്പച്ചൻ നിർബന്ധം പിടിച്ചു. ചാവറയച്ചൻ പ്രതികരിച്ചത് ഇങ്ങനെ: "അതു യൂറോപ്പിലെ നിയമമല്ലേ? ഇവിടെയതു കർശനമായി നടപ്പാക്കണോ?" മിഷനറി സാവധാനം പ്രിയോരച്ചനോട് യോജിച്ചു. മഠത്തിൽ കൂടുതൽ അർത്ഥികൾ വന്നുതുടങ്ങി.

## സഭാസംബന്ധമായി

ചാവറപിതാവ് പ്രൊപ്പഗാന്ത തിരുസംഘാദ്ധ്യക്ഷന് സുറിയാനി സഭയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗം നിർദ്ദേശിച്ച് എഴുതിയ കത്തിലുള്ളത്: "...നല്ലതെന്ന് എനിക്കുതോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാന്മാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്ന് ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും" (കത്തുകൾ).

## മിഴിനീർ അഴക്

ചാവറയച്ചന്റെ സമകാലികനായിരുന്ന ബഹു. ലൂയിസച്ചൻ (മഞ്ഞുമ്മേൽ) അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ വിവരിക്കുന്നുണ്ട്: "വൈകിട്ടത്തെ ധ്യാനം ഒരുമണിക്കൂർ ആയിരുന്നല്ലോ. ആ സമയം മുഴുവൻ സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ടു അദ്ദേഹം മുട്ടിന്മേൽത്തന്നെ പരവശനായി നിന്നിരുന്നു. കണ്ണുനീർ ഒഴുക്കിക്കൊണ്ടാണ് പ്രാർത്ഥനാലയത്തിൽനിന്നു സ്വന്തം മുറിയിലേക്ക് പോയിരുന്നത്."

### കർമ്മലീത്താ പ്രിയോർ ജനറാളിന്

"അപ്പനിൽനിന്ന് വിദൂരത്തിൽ താമസിക്കുന്ന ഒരു മകന് അപ്പനെ കാണാൻ സാദ്ധ്യതയില്ലെന്നാലും, അപ്പന്റെ എഴുത്ത്, അപ്പന്റെ കൈകൊണ്ട് എഴുതിയിട്ടുള്ള 'ഒരു എഴുത്ത് മകൻ സ്വന്തകയ്യിൽ പിടിച്ചു വായിക്കുമ്പോൾ അനുഭവപ്പെടുന്നതുപോലെ **കണ്ണുനീരോടുകൂടിയ**ല്ലാതെ അങ്ങയുടെ എഴുത്ത് ഞങ്ങൾക്ക് വായിക്കുവാൻ സാധിച്ചില്ല" (കത്തുകൾ IV/1).

### ചാവറയച്ചൻ 9-ാം പീയൂസിന് എഴുതിയ കത്തിന്റെ അവസാനഭാഗം

> "...അതിനാൽ പരിശുദ്ധ പിതാവേ, എളിമയോടുകൂടി ഞങ്ങൾ **കണ്ണുകളിൽ നിറഞ്ഞുനിൽക്കുന്ന കണ്ണീരോടുകൂടി** അങ്ങേ പക്കൽ അഭ്യർത്ഥിക്കുന്നു. ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമെന്ന്."

## മരിയ ഭക്തിയുടെ അഴക്

"എനിക്കും എന്റെ ആത്മഗുരു പെ. ബ. ദെലഗാദായ മൂപ്പച്ചനും എത്രയും വലിയ ഒരു ദുഃഖം വന്നപ്പോൾ നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ട് 3 രാജകന്നി, 3 എത്രയും ദയയുള്ള മാതാവേ എന്ന ജപവും

അപേക്ഷിച്ചു. ഫലമോ, ഉടനെ മലപോലെ വന്ന ഈ കാര്യം മാതാവ് പൂപോലെയാക്കുകയും ചെയ്തു" (ചാവറയച്ചൻ: സമ്പൂർണ്ണ കൃതികൾ).

"നീ സർവ്വം മഹാശുദ്ധി നീ സർവ്വം മഹാരശ്മി
നീ മാത്രം പരജന്മ പാപത്തിൻ മലംവിന"

(ചാവറയച്ചൻ്റെ സമ്പൂർണ്ണകൃതികൾ, വാല്യം 11).

## അഴകുള്ള ലാളിത്യം

ചാവറപിതാവിൻ്റെ ഹൃദയത്തിൻ്റെ എളിമ എല്ലാക്കാര്യങ്ങളിലും പ്രകടമായിരുന്നു. താമസിച്ചിരുന്ന മുറി തികച്ചും ലാളിത്യമുള്ളതായിരുന്നു. ലൂയിസച്ചൻ്റെ വാക്കുകളിൽ: "മുറിക്കകത്തു നിത്യപെരുമാറ്റത്തിനുള്ള കൂശും (കൂജ) വെള്ളവും നാലഞ്ചു പുസ്തകവും മേശപ്പുറത്ത്; കട്ടിലും മേശയും ഒരു കസേരയും; കട്ടിൽ സാധാരണ, മേക്കട്ടിയില്ല, വിരിയില്ല, ഒരു തലയിണ..."

ഒരിക്കൽ മെത്രാപ്പോലീത്താ ബെർണർദീനോസ് പ്രിയോരച്ചനെ കാണുവാനായി മുറിയിൽ ചെന്നു. അവിടെ ഒരു കസേര മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രിയോരച്ചനെ ആ കസേരയിൽ ഇരുത്തി മെത്രാപ്പോലീത്താ ഒരു പെട്ടിപ്പുറത്ത് ഇരിക്കുകയാണ് ചെയ്തത്. ലാളിത്യത്തിൻ്റെ അഴകാർന്ന മത്സരം!

## അഴകാർന്ന അനുസരണം

രോഗിയായിരുന്നപ്പോൾപ്പോലും ആശ്രമാനുഷ്ഠാനങ്ങൾക്ക് അദ്ദേഹം അല്പംപോലും അയവ് വരുത്തിയിരുന്നില്ല. ക്ഷീണവും തളർച്ചയും വർദ്ധിച്ചുകൊണ്ടിരുന്നു. കിടക്കുകയല്ലാതെ നിവൃത്തിയില്ലെന്നു വന്നു. എങ്കിലും വളരെ ക്ലേശിച്ച് അടുത്തമുറിവരെ നടന്നുചെന്ന് മൂപ്പച്ചനോട് അനുവാദം ചോദിച്ചാണ് കിടക്കുവാൻ പോയിരുന്നത് എന്ന് കൂനമ്മാവ് ആശ്രമവാസികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

"അങ്ങയുടെ ഏറ്റവും എളിയ **വിധേയത്വമുള്ള** മകൻ" (കത്തുകൾ).

"മെത്രാപ്പോലീത്താ അച്ചൻ്റെ കല്പന ആകയാൽ **കീഴ്വഴക്കത്തിൽ** അനുസരിക്കുന്നു" (കത്തുകൾ).

"അങ്ങ് ഞങ്ങൾക്കു നൽകുന്ന എല്ലാ കല്പനകളെയും **സ്നേഹപൂർവ്വം** അനുസരിച്ചുകൊള്ളാമെന്ന് ഞങ്ങൾ അങ്ങേയ്ക്കു വാക്കുതരുന്നു" (പ്രൊക്കുറേറ്റർ ജനറാളിന്, കത്തുകൾ).

## അഴിയലിന്റെ അഴക്!

**"ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേ പടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ. 12:24).**

ചാവറപിതാവിനെ സംസ്കരിച്ച് ഏറെനാൾ കഴിയുന്നതിനുമുമ്പേ പല വിശുദ്ധരെയുംപോലെ ചാവറപിതാവിന്റെ മൃതശരീരം അഴിയുകയില്ല എന്ന വിശ്വാസത്തിൽ പ്രേരിതനായി ചാവറയച്ചനെ ഏറെ സ്നേഹിക്കുകയും അദ്ദേഹത്തിന്റെ വിശുദ്ധിയെ നന്നായി മനസ്സിലാക്കുകയും ചെയ്തിരുന്ന ലെയോപ്പോൾഡ് മിഷനറി സ്വകാര്യമായി കബറിടം തുറപ്പിച്ചു നോക്കുകയുണ്ടായി. അപ്പോൾ ശരീരം അഴിഞ്ഞുപോയതായി കണ്ടു (പ്രൊഫ. പി. റ്റി. തോമസ്, കർമ്മയോഗി).

അഴിയലിന്റെ അഴക് ചാവറപിതാവ് കാട്ടിത്തരുന്നു. വിത്ത് അഴിയണം. മേനി അഴിയണം. ചന്ദനം ചതയണം. സാമ്പ്രാണി പുകയണം. പുഴ ഒഴുകണം. മണി മുഴങ്ങണം. തിരി ഉരുകണം. തൂലിക ഉരയണം. വിശറി വീശണം. ചിലങ്ക ചലിക്കണം.

അഴിയാത്ത വിത്തും, അഴിയാത്ത (ആർദ്രമാകാത്ത) മനസ്സും, ഒഴുകാത്ത പുഴയും, മുഴങ്ങാത്ത മണിയും, ഉരുകാത്ത തിരിയും, പുകയാത്ത സാമ്പ്രാണിയും നിരർത്ഥകമാണ്. അഴിയുന്നെങ്കിൽ അർത്ഥം. അഴിയുന്നില്ലെങ്കിൽ അനർത്ഥം!

ജീവിതം മുഴുവൻ ദൈവത്തിനും ദൈവജനത്തിനുമായി ഉഴിഞ്ഞുവച്ചവൻ അഴിഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ. അയയ്ക്കപ്പെട്ടവർ അഴിക്കപ്പെട്ടവരാണ്. അഴിക്കപ്പെട്ടവർ അഴിയപ്പെട്ടവരാണ്. അറിയപ്പെടാത്ത മേഖലകളിലേക്കുള്ള എറിയപ്പെടലാണ് അയയ്ക്കപ്പെടൽ. എറിയപ്പെട്ടിടത്ത് അഴിയപ്പെടലാണ് മിഷൻ പ്രവർത്തനം. ചാവറപിതാവ് കേരള മണ്ണിൽ ദൈവത്തിനും ജനത്തിനുമായി അഴിയപ്പെട്ട് അർത്ഥം കണ്ടെത്തിയ ജനകീയ വിശുദ്ധനാണ്. അഴിയാത്ത അഴകിന്റെ 'തിരുമേനി'യല്ലായിരുന്നു!

## സാന്നിദ്ധ്യത്തിന്റെ (സാമീപ്യം) അഴക്

ആനക്കല്ലുങ്കൽ (ഭരണങ്ങാനം) ഇടവകയിൽ ശീശ്മസംബന്ധമായ തർക്കം തുടരവേ സമാധാനം പുനഃസ്ഥാപിക്കുവാനുള്ള എല്ലാ ശ്രമങ്ങളും പരാജയമടഞ്ഞപ്പോൾ ഇടവക പ്രമാണികൾ പ്രിയോരച്ചന്റെ സഹായം തേടി. "പ്രിയോരച്ചൻ ഒന്നുവരികമാത്രം ചെയ്താൽ എല്ലാം

സമാധാനമാകും.'' ചാവറയച്ചൻ ചെന്നു എല്ലാം ശാന്തമാകുകയും ചെയ്തു.

- മീനച്ചിൽ നടന്ന ശീശ്മ സംബന്ധമായ പിണക്കങ്ങൾക്കിടയിൽ ശീശ്മപക്ഷക്കാരിൽ ചിലർ പ്രിയോരച്ചന് എതിരായി തഹസിൽദാരുടെ പക്കൽ ഒരു ഹർജി സമർപ്പിച്ചു. ചാവറയച്ചന്റെ സാമീപ്യവും സംസാരവും പെരുമാറ്റവും ഹൈന്ദവനായ ആ ഉദ്യോഗസ്ഥന് ഏറെ ഇഷ്ടപ്പെട്ടു. അദ്ദേഹം പറഞ്ഞു: "ഇദ്ദേഹം ഒരു ദിവ്യപുരുഷനാകുന്നു. ഇത്ര മഹാനും ഈശ്വരപ്രസാദമുള്ളവനുമായ ഇദ്ദേഹത്തെപ്പറ്റി പരാതി ബോധിപ്പിച്ചവർ മഹാദുഷ്ടന്മാരും ഈശ്വരകോപത്തിന് അർഹരുമത്രെ.
- പാറപ്പുറത്ത് വർക്കിയച്ചന്റെ ഡയറിയിൽ 1868 സെപ്റ്റംബർ 3-ാം തീയതി നടന്ന ഒരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. ബെർണർദീനോസ് മെത്രാനച്ചൻ മരണാസന്നനായി കിടക്കുന്നു. ലെയോപ്പോൾദ് മിഷനറി അരികിലുണ്ട്. മുറിവാതിൽക്കൽ ആരോ കാണുവാനായി വന്നു. മിഷനറി കാര്യം രോഗിയെ അറിയിച്ചു: **"ഡോക്ടർ വന്നിട്ടുണ്ട്."**

  മെത്രാപ്പോലീത്താ: **"പൊയ്ക്കൊള്ളാൻ പറയൂ."**

  അല്പംകഴിഞ്ഞപ്പോൾ കൂനമ്മാവിൽനിന്ന് ചാവറയച്ചൻ വന്നു. ലെയോപ്പോൾദ് മിഷനറി മെത്രാനച്ചനോട് പറഞ്ഞു: **"പ്രിയോരച്ചൻ വന്നിട്ടുണ്ട്."**

  മെത്രാനച്ചൻ: **"വരാൻ പറയൂ."**

  ചാവറസാന്നിദ്ധ്യം മരണാസന്നനായ രോഗിപോലും ഏറെ കൊതിച്ചു.

## പരിപാലനയുടെ അഴക്

**'കുര്യാക്കോസ്'** എന്ന പദത്തിനർത്ഥം **'ദൈവത്തിന്റെ സ്വന്തം'** എന്നത്രേ. ദൈവത്തിന്റെ സ്വന്തമായവൻ എന്തിനും ഏതിനും സാന്ത്വനം തേടിയത് ദൈവത്തിലായിരുന്നു. 'ദൈവത്തിന്റെ സ്വന്ത'മായവന് (കുര്യാക്കോസ്) സാന്ത്വനം ദൈവം മാത്രമായിരുന്നു. **'തിരുഹിതം നടക്കും, നടത്തും' ഇതായിരുന്നു ചാവറ ചിത്തം.**

**കൂനമ്മാവ് മഠംപണി:** പനമ്പുമഠവും നാലംഗങ്ങളും 18 രൂപയുമായി ആരംഭിച്ച് എട്ടുമാസത്തിനുള്ളിൽ 8000 രൂപകൊണ്ട് ദൈവപരിപാലനയിൽ ആശ്രയിച്ച് പണി പൂർത്തിയാക്കിയ കൃപയുടെ മഠം.

**മാന്നാനം** ആശ്രമനിർമ്മാണപ്രവർത്തനങ്ങൾ: ജോലിക്കാർക്ക് കൂലി നൽകാൻ പണമില്ല. ചാവറപിതാവ് ദിവ്യകാരുണ്യസന്നിധിയിൽ ആരാധന നടത്തി പുറത്തിറങ്ങിയപ്പോൾ ചേർപ്പുങ്കൽക്കാരൻ ചേട്ടൻ 500 ചക്രവുമായി നിൽക്കുന്നു. ഇനിയും ആവശ്യമുണ്ടെങ്കിൽ ഒരാളെ പറഞ്ഞയച്ചാൽ മതി, 500 കൂടി കൊടുത്തുവിടാം.

## തോറ്റുകൊടുക്കലിന്റെ അഴക്

ഇടംകൊടുക്കുന്നവനാണ് ഇടയൻ. ചാവറയച്ചൻ എല്ലാവർക്കും ഹൃദയത്തിൽ ഇടം നൽകി. ആരെയും മാറ്റിനിർത്തിയില്ല.

പുല്ലരിക്കുന്നിൽ ആശ്രമനിർമ്മാണത്തിന് സ്ഥലം കണ്ടിരിക്കെ ക്ഷേത്രത്തിലെ ഊരാൺമക്കാരായ ഹിന്ദുക്കൾ എതിർപ്പ് പ്രകടിപ്പിച്ചു: "കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതസ്ഥലമാണിത്. ഇവിടെ ക്രിസ്തീയദേവാലയം തുടങ്ങുന്നതിനോടു ഞങ്ങൾക്ക് എതിർപ്പുണ്ട്!"

സ്ഥലം സംബന്ധിച്ച തർക്കം മുറുകിയപ്പോൾ സ്ഥാപകരായ പിതാക്കന്മാർ പറഞ്ഞു: "മറ്റു മതസ്ഥരായ സഹോദരങ്ങളുടെ മനസ്സിനെ വ്രണപ്പെടുത്തിയിട്ട് ഞങ്ങൾക്ക് ദേവാലയം പണിയേണ്ടാ."

## മതമൈത്രിയുടെ അഴക്

മാന്നാനത്ത് സംസ്കൃത സ്കൂൾ ആരംഭിച്ചപ്പോൾ തൃശൂരിൽനിന്നുള്ള ഒരു വാര്യരെയാണ് മാഷായി ചാവറയച്ചൻ നിയമിച്ചത്. അതുപോലെതന്നെ ഈ സ്കൂളും എല്ലാ മതസ്ഥർക്കുംവേണ്ടിയുള്ളതായിരുന്നു. ഏറ്റുമാനൂർക്കാരൻ ഒജനാർ മേത്തർ മാന്നാനത്ത് ആശ്രമം നിർമ്മാണവുമായി ബന്ധപ്പെട്ട് കാടുവെട്ടിത്തെളിക്കുവാൻ ആളുകളെ വിട്ട് സഹായിക്കുകയും ചെയ്തു.

## നാണംകെടലിന്റെ അഴക്

പാവപ്പെട്ടവരുടെ സംരക്ഷണാർത്ഥം പണം സമാഹരിക്കുവാൻ ദാനം ഇരന്നു നടക്കാൻ പിതാവ് നന്മരണസഖ്യാംഗങ്ങളെ ഓർമ്മിപ്പിച്ചു. അതിനായി **"കർത്താവിനെ പ്രതി നാണമില്ലാത്തവരാകുവിൻ"** എന്നും പറയുന്നു (ചാവറ സമ്പൂർണ്ണകൃതികൾ, വാല്യം 4, കത്തുകൾ).

## അഴകുള്ള നീതിബോധവും ദീനാനുകമ്പയും

ഉപവിശാലയും നന്മരണസഖ്യവും സ്ഥാപിച്ച ചാവറതാതൻ ദാനധർമ്മം കൊടുക്കണമെന്നും കൂലികൊടുക്കണമെന്നും അതുവച്ച് താമസിപ്പിക്കരുതെന്നും ചാവരുളിൽ എഴുതി.

“ഭിക്ഷക്കാർ വെറും കയ്യോടുകൂടി നിന്റെ വീട്ടിൽനിന്നു പോകുവാൻ നീ സമ്മതിക്കേണ്ട. പാടുള്ളപ്പോഴൊക്കെയും **ദാനധർമ്മം** ചെയ്യുക. അപരന് **ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല”** (ചാവരുൾ).

## ജ്ഞാനവായനയുടെ അഴക്

“കിട്ടുന്നനേരം ജ്ഞാനവായനയിൽ ചെലവഴിക്കണം... വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിന്മേൽ സന്തോഷമാകും. ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വച്ചു കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നള്ളി ആത്മാവിനോടുകൂടെ സംസാരിച്ചുതുടങ്ങും” (ചാവറ സമ്പൂർണ്ണകൃതികൾ, വാല്യം 4, കത്തുകൾ VII/8).

## കാഴ്ചയുടെ അഴക്

കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം.

മാനുഷ നീചവേഷത്തെ ധരിച്ചൊരു
മാനുഷ ത്രാതാവെ കാണാകേണം

മിത്രനെ മന്ദിപ്പിച്ചീടുന്ന ദീപ്തി
ഗാത്രേ മറച്ചതും കാണാകേണം.

ഉന്നതനാം ദൈവം കന്നിമറിയത്തിൽ
വന്നുപിറന്നതും കാണാകേണം.

അമ്മനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണം.

മാലാഖാമാതാവിൻ കൈകളിൽ നൽകിയ
ആലാഹാ (ദൈവം) പുത്രനെ കാണാകേണം.

മാലാഖമാർ വന്നു കുമ്പിട്ടു വാഴ്ത്തുന്ന
ചേലൊത്തമേനി ഞാൻ കാണാകേണം.

മാതാപിതാക്കൾക്കു കീഴ്വഴങ്ങിപ്പാർത്ത
മാതൃകയേയും ഞാൻ കാണാകേണം.

കല്യാണപ്പന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം.

(ആത്മാനുതാപം)

## ഹൃദയവിശാലത

പരിശുദ്ധ മാർപ്പാപ്പായ്ക്കുള്ള ഒരു കത്തിൽ മതാതീതമായി എല്ലാവർക്കും (ആരെയും മാറ്റിനിർത്താതെ) അദ്ദേഹം ആശീർവ്വാദം യാചിക്കുന്നു:

അങ്ങേ ആശീർവ്വാദം ഞങ്ങളുടെ പള്ളികൾക്കും ഞങ്ങളുടെ രാജ്യത്തിനും അതിൽ വസിക്കുന്ന എല്ലാവർക്കും അങ്ങ് നൽകണമേ... അവസാനമായി ഞങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ രാജ്യത്തിനും മഹാരാജാവിനും മന്ത്രിമാർക്കും ദൈവം അവരുടെ ഹൃദയത്തെ വിശ്വാസത്തിലേയ്ക്ക് തിരിക്കുമാറ് അങ്ങയുടെ ശ്ലൈഹിക ആശീർവ്വാദം നൽകണമെന്ന് അപേക്ഷിക്കുന്നു (കത്തുകൾ).

## മാലാഖയുടെ അഴക്

"വിശുദ്ധ കുർബ്ബാനയുടെ മുമ്പിൽ ഇദ്ദേഹത്തിന്റെ നില എത്രയും മനോഹരമായ ഒരു കാഴ്ചയായിരുന്നു. ഈ അവസരത്തിൽ ഒരു മനുഷ്യനെന്നതിനേക്കാൾ മാലാഖ എന്നു തോന്നിപ്പോകും."

## രോഗി ശുശ്രൂഷയുടെ അഴക്

**"ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു"** (മത്തായി 25:36).

> ചാവറയച്ചൻ പള്ളിപ്പുറത്ത് വികാരിജോലിനോക്കുന്ന അവസരത്തിൽ വസൂരി രോഗം ബാധിച്ച ഒരാൾക്കു അന്ത്യകൂദാശകൾ നൽകാൻ വിളിക്കപ്പെട്ടു. അവിടേയ്ക്കു പോകരുതെന്ന് പലരും അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തിയെങ്കിലും ചാവറയച്ചന്റെ മറുപടി ഇതായിരുന്നു: **"ഇതെന്റെ കടമ (ജോലി), തമ്പുരാൻ എന്നെ സഹായിക്കും."**
>
> **"ദൈവമാതാവ് നമുക്ക് കടിഞ്ഞൂൽ ഫലമായിത്തന്ന നിക്ഷേപം"** എന്നാണ് രോഗിയായിരുന്ന നെല്ലിശ്ശേരിയച്ചനെ ചാവറയച്ചൻ വിശേഷിപ്പിച്ചത്. **"ദീനക്കാരില്ലാത്ത കൊവേന്തമേൽ എനിക്കു ഭയമാകുന്നു"** എന്ന് ചാവറയച്ചൻ ആശങ്കപ്പെട്ടു (ചാവറ സമ്പൂർണ്ണകൃതികൾ, വാല്യം 1, പുറം 81).

## ക്ഷമയുടെ അഴക്

> റോക്കോസ് മെത്രാന് മാപ്പുകൊടുക്കുകയും തിരിച്ചുപോകാനാവശ്യമായ യാത്രച്ചെലവ് നൽകുകയും അദ്ദേഹത്തെ സുരക്ഷി

തനായി തല്പരകക്ഷികളുടെ ഉപദ്രവം ഏൽക്കാതെ കപ്പൽ കയറ്റിവിടുകയും ചെയ്തു.

റോക്കോസിനുശേഷം ബാബേലിൽ പോയി മെത്രാൻപട്ടം സ്വീകരിച്ചുവന്ന തൊണ്ടനാട്ട് അന്തോനി കത്തനാർ അഥവാ അബ്ദീശോ രോഗിയായി ആരും സഹായത്തിനില്ലാതെ പ്ലാശനാലിൽ താമസിക്കുമ്പോൾ വലിയ പ്രിയോരച്ചന്റെ സഹായം തേടി. അദ്ദേഹത്തിന് മാന്നാനം കൊവേന്തയിൽ കുറച്ചുകാലം ധ്യാനിച്ചു കഴിയാൻ അവസരം ഒരുക്കി. മഹറോൻ ശിക്ഷയിൽനിന്ന് ഒഴിവാക്കി. തുടർന്ന് ഇടമറ്റം വിളക്കുമാടം പള്ളികളിൽ അദ്ദേഹം വികാരിയുമായി.

## ശരണശോഭ

എന്തിനും ഏതിനും ദിവ്യകാരുണ്യസന്നിധിയിൽ അഭയം കണ്ടെത്തിയവനായിരുന്നു ചാവറയച്ചൻ.

എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കുനീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ യാവന പാനം നീയെ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ

(ആത്മാനുതാപം)

## മാർപ്പാപ്പായോടുള്ള വിധേയത്വം

"അവസാനമായി അങ്ങയുടെ സിംഹാസനത്തിന് മുമ്പിൽ മുട്ടുകുത്തി തൃപ്പാദങ്ങൾ ചുംബിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു, അങ്ങേയ്ക്ക് കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്തമക്കളായി വ്യാപരിക്കുന്നതിന് ഞങ്ങൾക്ക് കഴിയുമാറ് അങ്ങേ പൈതൃകാശീർവ്വാദം ധാരാളമായി ഞങ്ങൾക്ക് നൽകണമെന്ന്... (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 4).

## അച്ചടിയുടെ അഴക്

ചതുരവടിവിൽ പാണ്ടിത്തട്ടാൻ വാർത്തെടുത്ത അക്ഷരങ്ങൾ ചതുരംവിട്ട് (ഫ്രെയിം) ചിന്തിച്ച ചാവറപിതാവിന്റെ ചാരുതയാർന്ന വ്യക്തിത്വത്തിന്റെ അക്ഷരസാക്ഷ്യമാണ്. കർമ്മയോഗിയായ ചാവറപിതാവിന്റെ അഴകാർന്ന കർമ്മകാണ്ഡത്തിലെ നിർണ്ണായക നിയോഗം.

## ആത്മാവിൽ അഴകുചാലിച്ച അമ്മ

പൈതൽപ്രായത്തിൽ തീറ്റിവളർത്തുവാൻ
അയ്യംകൂടാതെ* തന്നുമാതാവിനെ

അന്നവൾക്കു നീ നൽകിയ സ്നേഹത്തിൽ
അമൃതപാനം തന്നു വളർത്തുമ്പോൾ

അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചു തന്നവൾ

ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം.

അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും

അന്നവൾ രാത്രി പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്

മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും

രാജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങൾ

പരം ജ്യോതിയെ ഈശോയെ രക്ഷിക്ക
പാരിതിന്റെ പുഷ്പമേ ജയാജയാ

എന്നീവണ്ണമോരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്തു

മന്ദമായതു കേട്ടിരുന്നുംകൊണ്ടാ
സുന്ദരിയുടെ പാദേ ഉറങ്ങി ഞാൻ

(ആത്മാനുതാപം)

---

*അയ്യംകൂടാതെ = കുറവ് കൂടാതെ

# 5

# ചാവറായനം

## ചാവറപിതാവിന്റെ ജീവിതയാത്ര
## കൈനകരി മുതൽ കൂനമ്മാവ് വരെ

"മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി"
(ലൂക്കാ. 1:38).



"നിന്റെ തിരുമനസ്സ് എന്തോ
അതുതന്നെ അടിയന്റെ ഭാഗ്യം"

(ചാവറയച്ചന്റെ സാഹിത്യകൃതികൾ, വാല്യം 3, പുറം 62).

'സന്തോഷ'വും 'സങ്കട'വും ഇടകലർന്ന് 'മഹിമ'യായിമാറുന്ന **ജപമാല രഹസ്യംപോലെ** 'പ്രകാശ'പൂരിതമായ ഒരു ജീവിതം. 'ചരടിൽ കോർത്ത സുവിശേഷം' എന്ന അർത്ഥഗർഭവും മധുരമനോഹരവുമായ നിർവ്വചനം ജപമാലയ്ക്ക് സമ്മാനിച്ചവന് തിരികെ സമ്മാനിക്കാവുന്ന നല്ല വിശേഷണം!

## ചാവറായനം!

അയനം എന്നാൽ 'വഴി' എന്നർത്ഥം. 'വാതായനം' വാതം (കാറ്റ്) കടന്നുവരുന്ന വഴിയാണ് (ജനാല). 'രാമായണം' രാമന്റെ അയനമാണ്. 'ചാവറായനം' ചാവറപിതാവ് ചരിച്ച വഴിയാണ്. ഇത്, ചാവറചരിതമഹിതപാത. ഈ അയനഗമനം അതിശയകരമാണ്. കോരിത്തരിപ്പിക്കുന്നതുമാണ്. നമ്മെ കൂടുതൽ വിനീതരാക്കുന്നതും വിവേകമതികളാക്കുന്നതുമാണ്. ആത്മസംയമനവും അനുസരണയുമുള്ള സഭാസ്നേഹികളാക്കുവാൻ പര്യാപ്തവുമാണ്. നക്ഷത്രശോഭ ദൃശ്യമാക്കുന്ന 'ഇരുണ്ടരാത്രി'കളുടെ പശ്ചാത്തലവും 'ആത്മാനുതാപ'ത്തിന്റെയും 'ധ്യാനസല്ലാപ'ങ്ങളുടെയും തപസല്ലാപസംഗീതവും ചാവറതാതന്റെ മഹിതമുഖം കൂടുതൽകൂടുതൽ തേജോമയമാക്കുന്നു!

## അൾത്താരയുടെ അരികിൽനിന്നും അൾത്താരവണക്കത്തിനായി!

"കുരികിൽപ്പക്ഷി ഒരു സങ്കേതവും മീവൽപ്പക്ഷി കുഞ്ഞിന് ഒരു കൂടും അങ്ങയുടെ ബലിപീഠത്തിങ്കൽ കണ്ടെത്തുന്നുവല്ലോ" (സങ്കീ. 84:3).

അൾത്താരയുടെ ആത്മീയപരിസരങ്ങളിൽ വേണം മക്കളെ നിഷ്കളങ്കരായി വളർത്തേണ്ടതെന്നുള്ള സങ്കീർത്തകന്റെ ഓർമ്മപ്പെടുത്തൽ. അൾത്താരവണക്കത്തിന് യോഗ്യനായ ചാവറപിതാവിന്റെ ബാല്യം ഇടവകദേവാലയത്തിലെ അൾത്താരയുടെ ആത്മീയ പരിസരങ്ങളിലായിരുന്നു. ബഹു. വലേരിയനച്ചൻ ചാവറയച്ചന്റെ ജീവചരിത്രത്തിൽ എഴുതിയിരിക്കുന്നു:

"കുർബ്ബാനയിൽ ശുശ്രൂഷിക്കണമെങ്കിൽ ഒട്ടേറെ സുറിയാനിജപങ്ങൾ മനഃപാഠമാക്കേണ്ടത് ആവശ്യമാണ്. അതിൽ ശുശ്രൂഷകനായിരിപ്പാനുള്ള ആഗ്രഹംകൊണ്ട് അവയെല്ലാം ശൈശവത്തിൽത്തന്നെ - അതായത് കുർബ്ബാനതക്സാ എടുത്തുപൊക്കുവാൻപോലും

കായബലമില്ലാതിരുന്ന പ്രായത്തിൽതന്നെ - പഠിച്ചു ദിവ്യപൂജയിൽ സഹായിച്ചിരുന്നു."

ചാവറപിതാവ് തന്നെ ഇതാ എഴുതുന്നു: "ബഹു. കൂടപ്പിറപ്പേ, നീ ദിവസവും കരേറ്റുന്ന അൾത്താര എത്രയോ ഉയരപ്പെട്ടതായിരിക്കുന്നു എന്നും ഈ ഉയരപ്പെട്ട അൾത്താരയിൽ ദിവസേന നീ അർപ്പിക്കുന്ന ബലി ഏതുപ്രകാരമുള്ളതാകുന്നു എന്നും നീ ഓർത്തുകൊൾക" (ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, പുറം. 58-59).

## 'കുര്യാക്കോസ്': ഞാൻ കർത്താവിന്റേതാണ്

1805 ഫെബ്രുവരി 10-ന് ആലപ്പുഴ കൈനകരിയിൽ ചാവറ കുടുംബത്തിൽ കുര്യോക്കോസിന്റെയും മറിയത്തിന്റെയും ഇളയപുത്രനായാണ് (ആറാമൻ) കഥാനായകന്റെ ജനനം. ചേന്നങ്കരിപള്ളിയിൽ എട്ടാം ദിവസം കുഞ്ഞിന് മാമ്മോദീസാ. മാമ്മോദീസായിൽ ലഭിച്ച മനോഹരമായ നാമം **'കുര്യാക്കോസ്.'** ഈ സുറിയാനിപദത്തിന്റെ അർത്ഥം. **'ഞാൻ കർത്താവിന്റേതാണ്'** എന്നത്രേ.

പരിശുദ്ധ മാതാവിന്റെ വലിയ ഭക്തയായ അമ്മ തുടർന്ന് കൊച്ചു കുര്യാക്കോസിനെ ദൈവമാതാവിന്റെ നാമത്തിലുള്ള കുടവെച്ചൂർ പള്ളിയിൽ മാതാവിന്റെ അടിമയായും സമർപ്പിച്ചു. അപ്രകാരം പരിശുദ്ധ മാതാവിന്റെ മകനായി വളർത്തി. പച്ചയായ ഈ സുന്ദരയാഥാർത്ഥ്യം എന്നും പച്ചകെടാതെ ചാവറയച്ചന്റെ ഓർമ്മയിലുണ്ടായിരുന്നു. കൊച്ചു കുര്യാക്കോസിനെ മാതാവിന്റെ മുൻപിൽ കിടത്തി പരിശുദ്ധ അമ്മയുടെ നാമത്തിൽ പ്രാർത്ഥിച്ച് പുരോഹിതൻ പൂവും നീരും കൊച്ചുകുര്യാക്കോസിന്റെ അമ്മയുടെ കൈയ്യിൽ കൊടുത്തു ചൊല്ലി:-

മാതൃദാസനാമിവനേ നീ
സൂക്ഷിച്ചുവളർത്തുക പാലിച്ചുഭരിക്ക നീ
സാക്ഷാൽ നിൻ സുതനല്ല, മാതാവിൻ ദാസൻ ദൃഢം
(ആത്മാനുതാപം)

## പുനരർപ്പണം

എല്ലാ വർഷവും അമ്മ വെച്ചൂർപള്ളിയിൽ പോയി നേർച്ച പുതുക്കി അടിമപ്പണം അടച്ചിരുന്നു. മകനെ ഇപ്രകാരം ഓർമ്മിപ്പിച്ചിരുന്നു:

നിന്നുടെ നാഥ മാതാവവൾക്കു ദാസൻ നീയെ-
യെന്നിതു മനസ്സതിലെപ്പോഴും സ്മരിക്കണം
(ആത്മാനുതാപം)

മരിയ സ്മരണകളോടെയാണ് കുഞ്ഞിനെ അമ്മ വളർത്തിയത്. ഒപ്പം ഈശ്വരസ്നേഹത്തിൽ.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ

എന്ന് 'ആത്മാനുതാപ'ത്തിൽ ചാവറപിതാവ് കുറിച്ചിട്ടിരിക്കുന്നു. പൂർവകാല ഓർമ്മകൾ ഓർത്തോർത്ത് എല്ലാം ദൈവദാനം എന്ന് പറയുന്നു ചാവറയച്ചൻ. ദാനബോധത്തിന്റെ അവബോധം ചാവറപിതാവിനുണ്ടായിരുന്നു.

വഴിതെറ്റാതെ വഴിയെ നടക്കുവാൻ കാവൽദൂതനെ നൽകിയതിനും ചാവറയച്ചൻ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുന്നു:

ഊനം കൂടാതെ ഭൂമിയിൽ മേയുവാൻ
ഊനഹീനമാം കാവലും തന്നല്ലോ?
(ആത്മാനുതാപം)

## വിശ്വാസ കൈമാറ്റം

ഉത്തമരായ മാതാപിതാക്കളെ തന്നനുഗ്രഹിച്ചതും കൃതജ്ഞാനിർഭരമായ മനസ്സോടെ സ്മരിക്കുന്നു:

വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായീയെന്നെയും തീർത്തു നീ
പൈതൽ കാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യംകൂടാതെ തന്നു മാതാവിനെ

(ആത്മാനുതാപം)

അമ്മിഞ്ഞപ്പാലിനൊപ്പം ആത്മീയസുകൃതങ്ങൾക്കൂടി ചാലിച്ചുകൊടുത്ത അമ്മയുടെ കഥയുണ്ട് ചാവറപിതാവിന്റെ ഓർമ്മകളിൽ:

അന്നവൾക്കു നീ നൽകിയ സ്നേഹത്തിൽ
അമൃതപാനം തന്നു വളർത്തുമ്പോൾ,
അതിനോടു കലർത്തി ജപങ്ങളും

അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചുതന്നവൾ
ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചുനിശ്ചയം
(ആത്മാനുതാപം)

## ശിക്ഷണം

വടി കൂടാതെ കണ്ണുകൾകൊണ്ട് ശിക്ഷണം തന്നവൾ എന്നാണ് ചാവറതാതൻ അമ്മയെ വിശേഷിപ്പിക്കുക. അമ്മയുടെ **'നോട്ട'**ത്തിന്റെ ശക്തിയും സൗന്ദര്യവും ചാവറയച്ചൻ കുറിച്ചിട്ടിരിക്കുന്നു:

ഒരുകാലവും (ഒരുകാലത്തും) യാതൊരു കാരണാൽ
കരുവാലു (വടി) കരത്തിലും തൊട്ടില്ല
ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിടും
ദുഃഖിപ്പിക്കും തോഷിച്ചീടും ചക്ഷുസ്സാൽ
(ആത്മാനുതാപം)

## ദൈവവിളി

വൈദികജീവിതത്തിലുള്ള വിളിയെപ്പറ്റിയും ചാവറയച്ചൻ സൂചിപ്പിച്ചിരിക്കുന്നു:

ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ അങ്ങുതന്നെ വിളിച്ചു മഹാദയാൽ (ആത്മാനുതാപം).

ഇങ്ങനെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും മേഘസാന്നിദ്ധ്യം പോലെ തന്റെ പിന്നാലെ നടന്ന പിതാവായ ദൈവത്തെ ചാവറയച്ചൻ നന്ദിയോടെ ഓർക്കുന്നു:

"താതനെപ്പോലെ മമ
പിന്നാലെ നടന്നു നീ" (ആത്മാനുതാപം).

**"കർത്താവിന്റെ മേഘം പകൽസമയത്ത് കൂടാരത്തിനു മുകളിൽ നിലകൊണ്ടിരുന്നു. രാത്രിസമയത്ത് മേഘത്തിൽ അഗ്നി ജ്വലിച്ചിരുന്നു. ഇസ്രായേൽജനം യാത്രയുടെ ഓരോ ഘട്ടത്തിലും ഇതു ദർശിച്ചു" (പുറപ്പാട് 40:38).**

ചില കണ്ടുമുട്ടലുകൾ ജീവിതനിയോഗങ്ങളെ മാറ്റിമറിക്കുന്നു. പാലയ്ക്കൽ തോമ്മാ മല്പാനച്ചനുമായുള്ള പത്താംവയസ്സിലെ

കൊച്ചുകുര്യാക്കോസിന്റെ കണ്ടുമുട്ടൽ സെമിനാരി പ്രവേശനത്തിന് വഴിയൊരുക്കി. തന്റെ കുഞ്ഞുമനസ്സിലെ വലിയ ആഗ്രഹം പാലയ്ക്കലച്ചൻ വായിച്ചെടുത്തതിൽ കൊച്ചുകുര്യാക്കോസ് സന്തോഷിച്ചു. അപ്പോൾ പത്തുവയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ ഒരുവർഷക്കാലം ചേന്നങ്കരിപള്ളിയിൽ വികാരിയുടെ ശിക്ഷണത്തിൽ. പിറ്റേവർഷം പള്ളിപ്പുറം സെമിനാരിയിൽ.

സെമിനാരി ജീവിതം സന്തോഷപൂർവ്വം മുന്നോട്ട് നീങ്ങവേ സങ്കടകരമായ ഒരു വാർത്ത കൊച്ചുകുര്യാക്കോസിനെ അപ്പാടെ ഞെട്ടിച്ചുകളഞ്ഞു. കുട്ടനാട്ടിൽ പടർന്നുപിടിച്ച **പകർച്ചവ്യാധിമൂലം തന്റെ പ്രിയപ്പെട്ട അപ്പനും അമ്മയും ഏക സഹോദരനും മൃത്യുവിനിരയായി!** മരണവാർത്ത അറിയുന്നതും മരിച്ചടക്കുകഴിഞ്ഞ് കുറെ വൈകി. വാത്സല്യംചൊരിഞ്ഞ അപ്പനമ്മമാരെയും സഹോദരനെയും അവസാനമായി ഒരുനോക്കു കാണാൻപോലും കൊച്ചുകുര്യാക്കോസിന് വിധി അനുമതി നൽകിയില്ല. **കൊച്ചുചാവറയുടെ കുഞ്ഞുഹൃദയത്തിന്റെ വലിയ നൊമ്പരം വാക്കുകൾക്കതീതം!** വീട്ടിലെത്തിയപ്പോൾ വീണ്ടും വീട്ടുകാര്യങ്ങളുടെ വ്യഗ്രതകൾ, വിഷമതകൾ... കുടുംബം. കുടുംബം നോക്കാൻ ആളില്ലെന്ന്, **കുടുംബം അന്യംനിന്നുപോകാതിരിക്കാൻ സെമിനാരിയിൽനിന്നും തിരിച്ചുവരാനുള്ള നിർബന്ധങ്ങൾ! ശാഠ്യങ്ങൾ! കൊച്ചുകുര്യാക്കോസിന് വീട്ടുതടങ്കലിലായ പ്രതീതി.** ഒരർത്ഥത്തിൽ അതു ശരിയായിരുന്നു. "ദൈവത്തിന്റെ സ്വന്തമായ" കുര്യാക്കോസിന് സ്വന്തക്കാരുടെ സ്നേഹശാഠ്യങ്ങളും സ്വാർത്ഥതകളും നിർബന്ധങ്ങളും അസ്വസ്ഥത സൃഷ്ടിക്കുന്നു. **ഉറ്റവരുടെ വിരഹനൊമ്പരത്തിനു പുറമേ വരിഞ്ഞുമുറുകുന്ന കുടുംബബന്ധങ്ങളുടെ അഴിയാകുരുക്കുകൾ.** എന്നാൽ **'ദൈവത്തിന്റെ സ്വന്ത'മായവൻ** അവർ വിരിച്ച വലയിൽ കുരുങ്ങാതെ, ചൂണ്ടയിൽ കൊത്താതെ എല്ലാം ഭംഗിയായി ക്രമീകരിച്ച് വീണ്ടും തന്റെ പ്രിയപ്പെട്ട സെമിനാരിയിലും പ്രിയങ്കരനായ ഗുരുനാഥനരികിലും തിരികെ എത്തി. **സഹോദരിയും അവളുടെ ഭർത്താവും ചാവറഭവനത്തിന്റെ നടത്തിപ്പും മരിച്ചുപോയ ജ്യേഷ്ഠന്റെ മകളുടെ വളർത്തലും ഏറ്റെടുക്കുവാൻ മനസ്സായി. തന്റെ പേരിലുള്ളതൊക്കെ അവർക്ക് നൽകാൻ കൊച്ചുകുര്യാക്കോസ് തയ്യാറായി.**

തുടർന്ന് **ലത്തീൻഭാഷാപഠനത്തിനായി** മല്പാൻ ചാവറശെമ്മാശനെ വരാപ്പുഴ സെമിനാരിയിലേയ്ക്ക് അയച്ചു. എന്നാൽ **സുറിയാനിക്കാരനായ** ചാവറ **ശെമ്മാശനും കൂട്ടുകാർക്കും ക്ലാസ്സിനു പുറത്തായിരുന്നു സ്ഥാനം! അവിടെ പഠിക്കാൻ അനുവദിക്കാതിരുന്നതിനാൽ**

**തിരിച്ചുപോരേണ്ടിവന്നു.** ഇതുസംബന്ധമായി ചാവറയച്ചൻ സരസ തയോടെ പറഞ്ഞത് ഇത്രമാത്രം:

"ഇതുകൊണ്ടുണ്ടായ ഗുണം പഠിച്ച സുറിയാനിയും മറക്കുവാൻ ഇടയായി എന്നതുമാത്രമാണ്."

## 'വീടുകയറ്റ'വും 'ഇടവക കയറ്റ'വും

ഒരുവനെ തന്റെ ശുശ്രൂഷയ്ക്കായി ഉരുക്കിവാർക്കുന്ന ദൈവപദ്ധ തിയുടെ അജ്ഞാതമായ വഴികളും വേറിട്ട കാഴ്ചകളും ഇനിയുമുണ്ട്!

> ചാവറയച്ചന്റെ 'ഇടവകകയറ്റ'പ്രശ്നത്തെക്കുറിച്ച് ചരിത്രകാരന്മാർ വ്യത്യസ്തരീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ചടങ്ങുനടക്കേണ്ടത് തിരുപ്പട്ട സ്വീകരണത്തിനുശേഷമാണ് എന്നു ചിലർ തെറ്റിദ്ധരിച്ചതുകൊണ്ടാണ് അപ്രകാരം സംഭവിച്ചത്. മാർ സ്ലീബാപള്ളിയിലല്ല പുത്തൻ കുർബ്ബാന നടത്തുന്നതും. 1850–നുശേഷം പൗരോഹിത്യസ്വീകരണത്തിനോട് ചേർന്ന് ഇടവകകയറ്റം നടത്തുന്നതായി ചരിത്രത്തിൽ കാണുന്നുണ്ട്. ചാവറയച്ചന്റെ കാര്യത്തിൽ ആസ്തപ്പാടുപട്ടത്തിന്റെ സമയത്താണ് പ്രശ്നങ്ങളുണ്ടായത്. പൗരോഹിത്യം സ്വീകരിച്ചുകഴിഞ്ഞ് ആഘോഷമായി ചേന്നങ്കരിപള്ളിയിൽ പുത്തൻകുർബ്ബാനചൊല്ലി എന്നദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട് (നാളാഗമം 26).

ആസ്തപ്പാടുപട്ടം സ്വീകരിച്ചുകഴിഞ്ഞാൽ തുടർന്നുള്ള ആഘോഷമായ ഒരു ചടങ്ങാണ് 'വീടുകയറ്റ'വും 'ഇടവകകയറ്റ'വും.

**'ആസ്തപ്പാടുപട്ടം'* (പ്രാരംഭപട്ടങ്ങളിൽ ഒന്ന്) കഴിഞ്ഞുള്ള 'ഇടവക കയറ്റം' എന്ന ചടങ്ങ് ചാവറ ശെമ്മാശന് സമ്മാനിച്ചത് സങ്കടകരമായ നിമിഷങ്ങളാണ്!** 'ഇടവക കയറ്റ'ത്തിന് വീട്ടിൽനിന്നും ബന്ധുമിത്രങ്ങളോടൊത്ത് ഘോഷയാത്രയായി പള്ളിയിലേയ്ക്ക് ചെല്ലുകയാണ് പതിവ്.

'ദേശക്കുറി'യില്ലാതെ സെമിനാരിയിൽ പോയെന്നതായിരുന്നു ഇടവകക്കാരെ പ്രകോപിപ്പിച്ചത്. സെമിനാരി മല്പാനായ പാലയ്ക്കലച്ചൻ നേരിട്ട് കുട്ടിയെ കാണുകയും സെമിനാരി പ്രവേശനം സാധ്യമാക്കുകയുമാണ് ചെയ്തത്. ആ വിവരം ഇടവകയിൽ വികാരിയെ അറിയിക്കാൻ കാലതാമസം വന്നതായിരുന്നു കാരണം. അതൊരു നീരസമായി.

*ആസ്തപ്പാടുപട്ടം = പട്ടത്തിന് ഒരുക്കമായുള്ള പട്ടം

'ഇടവക കയറ്റ'ത്തിന്റെ നേരമായപ്പോൾ വികാരിയച്ചൻ ഇടവകയോഗ താല്പര്യപ്രകാരം പള്ളി പൂട്ടി മാറിക്കളഞ്ഞു! എന്നാൽ ആലപ്പുഴ മാർ സ്ലീബാ പള്ളിക്കാർ അവരെ സ്വാഗതം ചെയ്തു. അങ്ങനെ 'ഇടവകക യറ്റം' തെറ്റില്ലാതെ പര്യവസാനിച്ചു.

കുര്യാക്കോസ് ശെമ്മാശൻ അന്നുതന്നെ വൈകിട്ട് ചേന്നങ്കരി പള്ളി യിലെത്തി വികാരിയച്ചനോടൊപ്പം അവിടെ താമസിച്ച് ഉരുണ്ടുകൂടിയ പ്രശ്നങ്ങൾക്കുപശാന്തി വരുത്തി! മാന്യതയുടെ മഹിമ!

"ആസ്തപ്പാടുപട്ടത്തിന്റെ അന്നുതന്നെ ആ യുവാവിന് സ്വജനങ്ങ ളാൽ തിരസ്കൃതനായ ദിവ്യഗുരുവിന്റെ അനുഭവം ലഭിച്ചുവെന്ന്" ദൈവ ദാസനായ ഫാ. കനീഷ്യസ് സി. എം. ഐ. രേഖപ്പെടുത്തുന്നു.

NB: ആസ്തപ്പാട്പട്ടം സ്വീകരിച്ച ശെമ്മാശനെ ഇടവകയോഗവും ജനങ്ങളും ചേർന്ന് ഘോഷമായി സ്വന്തം ഇടവകയിലേയ്ക്ക് സ്വീകരി ക്കുന്നു. അതിനുശേഷം സമൃദ്ധമായ സദ്യയും എല്ലാവർക്കും കൊടു ക്കുന്നു. ഇതിനുള്ള ചെലവുകൾ വീട്ടുകാരാണ് വഹിക്കുന്നത്. സെമി നാരിയിൽ ചേരുമ്പോൾ ദേശക്കുറി കിട്ടുകയും ആസ്തപ്പാടുപട്ടത്തിന് ഇടവകകയറ്റം ഇപ്രകാരം ഔദ്യോഗികമായി നടത്തുകയും ചെയ്തി ല്ലെങ്കിൽ ഇടവകയോഗവും വികാരിയും നവാഭിഷിക്തനെ കുർബ്ബാന ചൊല്ലാൻ അനുവദിക്കുകയില്ല. ഇവ രണ്ടും നടന്നില്ലെങ്കിൽ സെമിനാരി പഠനത്തിനുള്ള ചെലവുകൾ ഇടവക ഏറ്റെടുക്കുകയുമില്ല. ശെമ്മാശന് പള്ളിയുടെ പസാരം സ്വീകരിക്കാനും അതോടെ അർഹതയില്ലാതാകും.

ഇത്രയും കാര്യങ്ങൾ സ്വാഭാവികമായി നടക്കണമെങ്കിൽ സെമി നാരിയിലേയ്ക്ക് പുറപ്പെടുന്നതു മുതലുള്ള കാര്യങ്ങൾ ഇടവകയോഗ ത്തിന്റെ അറിവോടും സമ്മതത്തോടുംകൂടി ആയിരിക്കണം. കൊച്ചു കുര്യാക്കോസിന്റെ കാര്യത്തിൽ സെമിനാരിയിലേയ്ക്കുപോയത് ഇട വകയോഗത്തിന്റെ തീരുമാനത്തോടുകൂടി ആയിരുന്നില്ലല്ലോ.

**ഇടവകയോഗത്തിന്റെ കീഴ്വഴക്കതിരഞ്ഞെടുപ്പു വഴിയല്ലാതെ സെമിനാരിയിലെത്തിയ ചാവറയച്ചന്റെ പ്രവേശനം തക്കസമയത്ത് ഇടവകയിൽ അറിയിക്കുവാൻ പാലയ്ക്കൽ മല്പാനും വിട്ടുപോ യിരുന്നു. അതൊരു നീരസത്തിനു കാരണമായിത്തീരുമെന്നാരും കരുതിയതല്ല. പക്ഷേ, നിർഭാഗ്യവശാൽ അങ്ങനെ സംഭവിച്ചു.** ദുരു ദ്ദേശപരമായല്ലാതെ സംഭവിച്ചതെല്ലാം അപരാധമായി കലാശിച്ചു. ഈ കാര്യത്തിൽ യാതൊരു മനസ്സറിവും ഇല്ലാത്ത ഒരു ബാലൻ ശിക്ഷിക്ക പ്പെടുകയായിരുന്നു (ഈ വിശദാംശത്തിന് കടപ്പാട്: "ഇതാ ഞാൻ അവി ടുത്തെ ദാസൻ', ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ.).

## പട്ടവും പ്രശ്നവും

അന്ന് വരാപ്പുഴ ലത്തീൻ രൂപതയുടെ കീഴിലായിരുന്നു കേരള ത്തിലെ കത്തോലിക്കാസഭ. സെമിനാരി മല്പാനായ പാലയ്ക്ക ലച്ചൻ ചാവറ ശെമ്മാശന്റെ പട്ടസംബന്ധമായ കാര്യങ്ങൾ മെത്രാ നുമായി സംസാരിച്ചു തീരുമാനിച്ചുറപ്പിക്കാൻ ചെന്നപ്പോൾ **കേട്ടത് പട്ടം നൽകാനാവില്ല എന്ന സങ്കടകരമായ വാർത്ത യാണ്.** ലത്തീൻ സഭയിലെ 'എഴുന്നൂറ്റിക്കാരും' 'അഞ്ഞൂറ്റി ക്കാരും' തമ്മിലുണ്ടായ തർക്കത്തിന്റെ അനന്തരഫലം! കാത്തി രിപ്പിനൊടുവിൽ സാഹചര്യങ്ങൾ അനുകൂലമായി. ചാവറയ്ക്ക് പട്ടം നൽകാൻ തീരുമാനമായി. **ഉരുണ്ടുകൂടുന്ന കാർമേഘ ങ്ങളെ ഊതിമാറ്റുന്ന 'റൂഹാ'യുടെ (കാറ്റ് + പരിശുദ്ധാത്മാവ്) ശക്തിവിശേഷങ്ങൾ ചാവറ തൊട്ടറിഞ്ഞ നിമിഷങ്ങൾ!** അങ്ങനെ അവസാനം ആ ധന്യദിനം സമാഗതമായി.

1829 നവംബർ 29. അന്ന് ചാവറ ശെമ്മാശൻ അർത്തുങ്കൽ പള്ളി യിൽ മൗറേലിയൂസ് സ്തബിലീനി മെത്രാന്റെ കൈവെയ്പ്പോടെ കർത്താവിന്റെ അഭിഷിക്തനായി. 30–ാം തീയതി സ്വന്തം ഇടവ കയായ ചേന്നങ്കരിയിൽ പുത്തൻകുർബ്ബാനയും അർപ്പിച്ചു.

**കൊവേന്ത സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആശങ്കകളുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടുകയും പിന്നീട് അവ പെയ്തൊഴിയു കയും ചെയ്തുകൊണ്ടിരുന്നു.**

## തെറ്റിദ്ധരിക്കൽ

ലത്തീൻപള്ളിയിലും സുറിയാനിപള്ളികളിലും പോയി വൈദിക കർമ്മങ്ങൾ നടത്തുന്നതിന് അന്നുവരെ അവർക്ക് തടസ്സമുണ്ടായിരു ന്നില്ല. ആ അവസരത്തിൽ പത്തു ലത്തീൻ പള്ളികൾക്കൂടി ഇങ്ങനെ ഒരു തീരുമാനമെടുത്തു. പള്ളിപ്പുറം സെമിനാരി റെക്ടർ പാലയ്ക്കൽ തോമ്മാ മല്പാൻ, പോരൂക്കര തോമ്മാ മല്പാൻ, ചാവറ കുറിയാ ക്കോസ് ഏലിയ കത്തനാർ എന്നീ മൂന്നുപേരിൽ ആരെയും പെരുന്നാൾ പ്രസംഗത്തിനും ലദീഞ്ഞിനും മറ്റും വിളിക്കുകയോ അവർക്ക് ഒത്താ ശചെയ്യുകയോ പാടില്ല. നിസ്സാരമായ കാര്യങ്ങളായിരുന്നു കാരണം. വരാപ്പുഴെനിന്നും സ്തബലീനി മെത്രാനച്ചൻ പിണങ്ങി അർത്തുങ്കൽ പള്ളിയിൽ വന്നുതാമസിച്ചത്, മേല്പറഞ്ഞവരുടെ പ്രേരണമൂലം ആണെന്നായിരുന്നു പത്തു പള്ളിക്കാർ പ്രചരിപ്പിച്ചത്!

## സ്ഥലംമാറ്റം!

സന്യാസഭവനം ആരംഭിക്കാൻ അനുവാദം നൽകിയതും, 1831 മെയ് 11-ാം തീയതി, അതിന്റെ ശിലാസ്ഥാപനകർമ്മത്തിൽ സന്നിഹിതനായിരുന്നതും സ്തബിലീനി മെത്രാപ്പോലീത്തയായിരുന്നു. അദ്ദേഹത്തിന്റെ സംരക്ഷണയിലാണ് ആശ്രമനിർമ്മാണ യജ്ഞങ്ങൾ ഊർജ്ജിതമായി മുന്നേറിയതും. എന്നാൽ! **പിൻഗാമിയായിവന്ന ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്തായുടെ നയവും സമീപനവും തികച്ചും വ്യത്യസ്തമായിരുന്നു.**

**ആശ്രമനിർമ്മാണത്തിനുള്ള അനുമതി ആരുതന്നു? രേഖ എവിടെ? പലവിധ ചോദ്യങ്ങൾ** ആ തിരുനാവിൽ നിന്നുയർന്നു! അവർ രേഖകൾ ഹാജരാക്കി. ആഴ്ചകൾ കഴിഞ്ഞില്ല. **അജ്ഞാതമായ കാരണങ്ങളാൽ ആശ്രമനിർമ്മാണവുമായി ഓടിനടന്നിരുന്ന ചാവറയച്ചന് പള്ളിപ്പുറം പള്ളിയിലേയ്ക്ക് വികാരിയായി സ്ഥലംമാറ്റം!** കാര്യകാരണങ്ങൾ നിരത്തുവാൻ വിനീത വിധേയനായി നിന്ന ചാവറയച്ചനോട് മെത്രാപ്പോലീത്താ കല്പിച്ചു:

**"കല്പന അനുസരിക്കണം."** ആശ്രമനിർമ്മാണവുമായി ഓടിനടക്കുന്ന തനിക്കുള്ള അസൗകര്യവും കാര്യത്തിന്റെ ഗൗരവവും പിതാവിനെ ഒന്നുകൂടി ഗ്രഹിപ്പിക്കാമെന്നുവച്ച്, ചാവറയച്ചന്റെ ശൈലിയിൽ, **"പൈതങ്ങളുടെ സിദ്ധാന്തത്തോടെ"** ഒരുവട്ടംകൂടി അദ്ദേഹം പിതാവിനെ സമീപിച്ചു. പിതാവിന്റെ തിരുമൊഴികൾ ഇതായിരുന്നു:

**"തന്റെ തന്നിഷ്ടംപോലെ നടക്കണം. മേൽപ്പട്ടക്കാരന്റെ ചൊൽവിളി പഠിച്ചിട്ടില്ലയോ?"**

"പിതാവേ, ക്ഷമിക്കണം."

"ഒന്നും പറയേണ്ട, പോയി കല്പന അനുസരിക്കുക."

**ഇതേക്കുറിച്ച് ചാവറയച്ചന്റെ പിൻഗാമിയായിവന്ന പോരൂക്കര കുറിയാക്കോസ് ഏലീശ്വാ അച്ചൻ എഴുതിയത്:**

**"മഹാ കീഴ്വഴക്കത്തോടുകൂടെ അദ്ദേഹം മാന്നാനം വിട്ട് പള്ളിപ്പുറത്തുപോയി"** എന്നാണ്.

**തുടർന്ന് പോരൂക്കരയച്ചനും** പിതാവിന്റെ കല്പന കിട്ടി. കൊല്ലം രൂപതയിൽപ്പെട്ട കായംകുളം, പിള്ളത്തോപ്പ് എന്നീ ഇടവകകളുടെ **വികാരിയായി സ്ഥലംമാറ്റം! ആശ്രമനിർമ്മാണം വഴിത്തിരിവിൽ!** മരുഭൂമിയിലൂടെ ഇസ്രായേൽജനത്തെ വഴിനടത്തിയവന്റെ വെളിപാടുകളുടെ പുറപ്പാട് യാത്ര!

അക്കാലത്ത് പള്ളിപ്പുറം പള്ളിയിൽ പാലയ്ക്കൽ വർക്കി എന്ന യുവവൈദികൻ താമസിക്കുവാൻ വന്നു. അദ്ദേഹത്തെ തൽക്കാലം പള്ളിക്കാര്യങ്ങൾ നടത്താൻ ചുമതലപ്പെടുത്തി. ചാവറയച്ചൻ പലപ്പോഴും മാന്നാനത്ത് താമസിച്ച്, പണികൾക്ക് നേതൃത്വം നൽകി വന്നു.

## മറ്റൊരു പ്രതിസന്ധി

ചാവറയച്ചന്റെ അസാന്നിദ്ധ്യത്തിൽ പള്ളിക്കാര്യത്തിൽ സഹായിച്ചു കൊണ്ടിരുന്ന വർക്കിയച്ചൻ ഒരു ചടങ്ങിനിടെ ക്രമക്കേട് കാട്ടിയ ഒരാളെ വടികൊണ്ട് അടിക്കുവാൻ ഇടയായി. അപമാനിതനായ ആ ഇടവകക്കാരൻ പരാതിയുമായി മെത്രാന്റെ അരികിൽ! അതിന്റെ ഫലമായി **വീണ്ടും ചാവറയച്ചന് വിലക്ക്. "പള്ളിപ്പുറം പള്ളി വിട്ട് എട്ടുദിവസത്തിൽ കൂടുതൽ മറ്റൊരിടത്തും താമസിച്ചുകൂടാ."**

വിശദീകരണത്തിനെത്തിയ ചാവറയച്ചനോട് മെത്രാൻ കല്പിച്ചു: "താൻ പോകുക" എന്നിട്ടും ചാവറയച്ചന്റെ ഭാഷയിൽ "പൈതങ്ങൾക്കടുത്ത സിദ്ധാന്തത്തോടെ" പിതാവിനോട് സംസാരിക്കുവാൻ തുനിഞ്ഞു. അതിൽ കോപിഷ്ഠനായ പിതാവ് ഇരുന്ന കസേരയോടുകൂടി തിരിഞ്ഞ് ചാവറയെ ഗൗരവപൂർവ്വം നോക്കിപറഞ്ഞു: **"താൻ ചെറുപ്പം, ഇങ്ങനെയോ മേൽപ്പട്ടക്കാരന്റെ മുമ്പിൽ ഉത്തരിക്കേണ്ടത്? തന്റെ മനസ്സുപോലെ നടക്കണം, ഇതിനോ പട്ടമേറ്റത്? പോ! പോ!"** ഭയപ്പെട്ട് ചാവറയച്ചൻ തിരിച്ചുപോന്നു. തന്റെ ശരിയല്ലാത്ത ഇടപെടലുകളാകാം കാര്യങ്ങൾ ഈ രീതിയിൽ വഷളാക്കിയത് എന്ന് സ്വയം പരിതപിക്കുന്ന ചാവറയച്ചന്റെ കുറിപ്പുകൾ (നാളാഗമം) സ്വയം താഴ്ത്തുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വ കാന്തിവെളിപ്പെടുത്തുന്നതാണ്.

## മരണങ്ങൾ

പാലയ്ക്കലച്ചന്റെയും (1841) തുടർന്ന് പോരൂക്കരയച്ചന്റെയും മരണവും (1846) ചാവറയച്ചന് സങ്കടകരമായ സമയങ്ങളാണ് സമ്മാനിച്ചത്. എല്ലാ ഭാരവും ഈ യുവാവിന്റെ തോളത്ത്!

തന്റെ പുത്രനെ ശക്തിപ്പെടുത്തുവാൻ മാലാഖയെ പറഞ്ഞയച്ച സ്വർഗ്ഗീയതാതൻ മാലാഖാഭക്തനായ ഈ യുവയോഗിക്കും മാലാഖവൃന്ദത്തിന്റെ സംരക്ഷണവും ശക്തിയും പ്രദാനം ചെയ്തിട്ടുണ്ടാവണം!

# സഭയുടെ കാനോനിക സ്ഥാപനം

**1855-ൽ നടന്ന സി. എം. ഐ. സഭയുടെ കാനോനികസ്ഥാപനത്തിലും ഏറെ സങ്കടകരമായ അനുഭവങ്ങളിലൂടെ നേതൃത്വം** വഹിക്കുന്ന ചാവറയച്ചന് **കടന്നുപോകേണ്ടിവന്നു.** സഭാസ്ഥാപനത്തിന് അനുമതി തന്ന സ്തബലീനി മെത്രാനുശേഷം വന്ന ഫ്രാൻസീസ് സേവ്യർ, ലുദവിക്കോസ് മെത്രാന്മാർക്ക് ഇക്കാര്യത്തിൽ നിസ്സംഗതയായിരുന്നു. ചാവറയച്ചൻ ഇക്കാര്യത്തിനായി തുടർന്നുവന്ന ബെർണർദീനോസ് മെത്രാപ്പോലീത്തായെ സമീപിച്ചു. ആദ്യം അദ്ദേഹവും അനുകൂലമല്ലായിരുന്നു. ആശ്രമാംഗങ്ങളുടെ ജീവിതചര്യയുടെ വിവരങ്ങൾ എഴുതിത്തരുവാൻ മെത്രാൻ ആവശ്യപ്പെട്ടു. ചാവറയച്ചൻ അത് എഴുതിനൽകി. മെത്രാൻ അത് താൻ അംഗമായ കർമ്മലീത്താ സഭയുടെ അധികാരിക്ക് അയച്ചുകൊടുത്തു. തുടർന്ന് കർമ്മലീത്താ സഭയുടെ നിയമാവലി അയച്ചുകിട്ടി. ഇവ വായിച്ച് ഭേദഗതികളോടെ തിരിച്ചുതരാൻ ചാവറയച്ചനോട് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. അവർ അപ്രകാരം ചെയ്തു. എന്നാൽ കാര്യമായ ഭേദഗതികൾ മെത്രാനും കർമ്മലീത്താ അധികാരികളും അതിന് വരുത്തിയില്ല. ഈ നിയമം അനുസരിക്കാൻ മനസ്സുള്ളവർ തുടർന്നാൽ മതിയെന്നുള്ള കർക്കശമായ ഉത്തരവും. ചാവറയച്ചന് ഉള്ളിൽ വേദന ഉളവാക്കിയ നിമിഷങ്ങൾ. 1831-ൽ ആരംഭിച്ച സന്യാസസഭയ്ക്ക് 1855-ലും അംഗീകാരം ലഭിച്ചിരുന്നില്ല. 24 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഒടുവിൽ ഈ സുവർണാവസരത്തിന് രംഗമൊരുങ്ങി. അതിനൊരുക്കമായുള്ള ധ്യാനത്തിനായി മർസലിനോസ് മിഷനറി മാന്നാനത്തു വന്നു. ധ്യാനസമാപനത്തോടെ രണ്ടു വൈദികരും എട്ടു ശെമ്മാശന്മാരും ഒരു യോഗാർത്ഥിയും നിയമകാർക്കശ്യം നിമിത്തം പിന്മാറി. ചാവറയച്ചനും പത്തു വൈദികരും മാത്രം ശേഷിച്ചു. 11 പേർ പോയി. 11 പേർ നിന്നു. ഇതും ചാവറയച്ചനെ ഏറെ വ്യസനിപ്പിച്ചു.

> 1855-ൽ അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ എട്ടിന് ഇന്ത്യയിൽ ആദ്യമായി ഒരു സന്യാസസഭ പതിനൊന്ന് അംഗങ്ങളുമായി വ്രതവാഗ്ദാനം നടത്തി തിരുസ്സഭയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. ഭാരത ജനതയിൽ നിന്നും ആദ്യക്രൈസ്തവ പുരോഹിതൻ സന്യാസവ്രതം ചെയ്തു. ഭാരതത്തിലെ ആദ്യത്തെ ക്രൈസ്തവസന്യാസി!

1831 മുതൽ **'അമലോത്ഭവ മാതാവിന്റെ ദാസസംഘം'** (Servents of Mary Immaculate) എന്ന പേരിൽ അറിയപ്പെട്ടിരുന്ന സമൂഹത്തിന്

1861–ൽ ബെർണർദീനോസ് മെത്രാൻവഴി കർമ്മലീത്താ സഭയുടെ ആധികാരികളിൽനിന്നുള്ള അറിയിപ്പ് കിട്ടി:

മാന്നാനത്തെ സന്യാസസമൂഹത്തെ കർമ്മലീത്താ സഭയുടെ മൂന്നാം സഭയായി സ്വീകരിച്ചിരിക്കുന്നു! ഇതായിരുന്നു അറിയിപ്പ്. തങ്ങൾ ആഗ്രഹിക്കുകയോ, ചോദിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്യാത്ത ഒരു കാര്യം! ഇത് സഭാംഗങ്ങളിൽ അതൃപ്തിയുളവാക്കി. **ചാവറയച്ചന് ഇതെല്ലാം സങ്കടകരമായ സമയങ്ങളായിരുന്നു.**

**എല്ലാം സംയമനത്തോടെ ശിരസ്സാവഹിച്ചു അനുസരണയുള്ള ആ സഭാസ്നേഹി. അനുസരണത്തിന്റെ ആൾരൂപം! അനുസരണയുള്ളവൻ സന്യാസി എന്നു പറഞ്ഞവൻ സ്വയം കാട്ടിത്തന്നു സന്യാസത്തിന്റെ ആദർശരൂപം.**

അങ്ങനെ 'അമലോത്ഭവ മാതാവിന്റെ ദാസസംഘം' 'കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയായി!' (ക. നി. മൂ. സ.) Third order of Carmelites Discalced (TOCD). 'കർമ്മലീത്താ ദിസ്കാൾസ്* മൂന്നാംസഭ' എന്നത് തുടർന്ന് കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ എന്നാക്കി.

ഈ തീരുമാനത്തെ ചാവറപിതാവ് സ്വീകരിച്ചവിധം അദ്ദേഹത്തിന്റെ കത്തുകളിൽനിന്ന് വ്യക്തമാണ്. ചാവറയച്ചന്റെ വാക്കുകളിൽ ഇക്കാര്യത്തിലുള്ള ദൈവഹിതം ചാവറയച്ചന് **'കടലാസ്' പോലെ**, കൂടുതൽ വ്യക്തമാണ്:

"പ്രിയമുള്ള കുഞ്ഞുങ്ങളെ, സർവ്വേശ്വരന്റെ വിശേഷകൃപയാൽ, ദൈവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി നാം വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയാൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താൽ അല്ലായെന്ന് **ഇത് കടലാസ് എന്നു കാണുംവണ്ണം ഉറച്ചിരിക്കുന്നു"** (കത്തുകൾ VI/4).

**പ്രതിസന്ധികളുടെ നടുവിൽ ദൈവത്തിന്റെ ഇടപെടലുകളും കരുതലും 'ക്രിസ്റ്റൽ ക്ലിയറായി' "ഇത് കടലാസ് എന്ന് കാണും വണ്ണം" പകൽപോലെ വ്യക്തമായി കാണുവാനുള്ള ആത്മീയനേത്രങ്ങൾ ചാവറപിതാവിനുണ്ടായിരുന്നു.**

> നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യർ ഉണ്ടാക്കിയതല്ല, പിന്നെയോ തമ്പുരാൻ എത്രയോ പുതുമകളാൽ (അത്ഭുതങ്ങളാൽ) ഇതിനെ

*ദിസ്കാൾസ് എന്ന പാശ്ചാത്യചുവയുള്ള വാക്ക് 'നിഷ്പാദുക' എന്ന സംസ്കൃതപദമായി മാറ്റുകയാണ് ചെയ്തത്.

സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്ന തിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുന്നു (കത്തുകൾ).

## റോക്കോസ് പ്രതിസന്ധി!

തുടർന്ന് **റോക്കോസിന്റെ ആഗമനമായി.** റോമിന്റെ അനുവാദമി ല്ലാതെ ബാഗ്ദാദിലെ പാത്രിയാർക്കീസ്, കേരളസഭയിലെ പ്രശ്നങ്ങൾ (സ്വദേശിമെത്രാന്മാർക്കുവേണ്ടിയുള്ള ആവശ്യങ്ങൾ) പഠിക്കാൻ വിട്ട ആളായിരുന്നു തോമസ് റോക്കോസ്. നിരീക്ഷകനായി വന്നയാൾ അധി കാരിയാകാൻ ശ്രമംതുടങ്ങി. റിപ്പോർട്ടറായി വിട്ടയാൾ അഡ്മിനി സ്ട്രേറ്റർ ആകുവാൻ നടത്തിയ വഴിവിട്ട നീക്കങ്ങൾ!

### റോമിന്റെ അംഗീകാരമില്ലാത്ത ആഗമനവും പര്യടനവും

തദ്ദേശീയമെത്രാനെ കാത്തിരുന്നവർ റോക്കോസിന് ഗംഭീരമായ സ്വീകരണം നൽകി. കേരള സുറിയാനിസഭ റോക്കോസിന്റെ പിന്നാ ലെയായി! അവസരോചിതമായ കൂടുമാറൽ നയം!

പ്രതിസന്ധിയുടെ തീവ്രത ഗ്രഹിച്ച വരാപ്പുഴ നേതൃത്വം തലപു കച്ചു. ഈ സാഹചര്യത്തെ നേരിടാനും ആഭ്യന്തരപ്രശ്നങ്ങൾ പരിഹ രിക്കുവാനും ഇവയെ അതിജീവിക്കുവാനുമായി ചാവറപിതാവിന് അവർ മെത്രാൻപട്ടം വച്ചുനീട്ടിയെങ്കിലും അദ്ദേഹമതു സ്നേഹപൂർവ്വം നിര സിക്കുകയാണു ചെയ്തത്. തുടർന്ന് അനുസരണത്തിന്റെ കീഴിൽ ആ 'അനഭിക്ഷിതനായ മെത്രാൻ' കേരള സുറിയാനി സഭയുടെ ആദ്യസ്വ ദേശാധികാരിയായ അധികാരിയായി, വികാരി ജനറാളായി സ്ഥാനമേറ്റു. ബഹു. വലേരിയനച്ചന്റെ ഭാഷയിൽ:

"മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ (മലബാർ സഭ) 19-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും ശോചനീയമായ ഒരു നിലയിൽ എത്തിക്കഴിഞ്ഞു എന്ന് ബർണർ ദീനോസ് മെത്രാപ്പോലീത്താ സവ്യഥം സമ്മതിക്കുന്നുണ്ട്."

"നമ്മുടെ ഭരിപ്പിൽനിന്ന് പട്ടസുഖക്കാർക്കും (വൈദികർക്കും) മറ്റുള്ള അൽമേനികൾക്കും അവരുടെ ആത്മഗുണത്തിനടുത്ത ഫലം ഉണ്ടായി കാണ്മാനില്ലാത്തതിനാലും" ചാവറ കുര്യാക്കോസ് ഏലി യാസച്ചനെ വികാരി ജനറാളാക്കുന്നു എന്നാണ് അദ്ദേഹം പറയുന്നത്. ഇത്ര ദയനീയസ്ഥിതിയിൽനിന്ന് കേരള ക്രൈസ്തവസഭയെ സമുദ്ധരിച്ച് ആത്മീയസമ്പന്നയാക്കുവാൻ ദൈവം അനുഗ്രഹിച്ചയച്ച കേരള

# റോക്കോസ് മെത്രാനെക്കുറിച്ചുള്ള സർക്കുലർ



റോക്കോസ് മെത്രാനെതിരായി ഇറക്കിയ സർക്കുലർ

സഭാമാതാവിന്റെ ഒരു വീരസന്താനമാണ് നമ്മുടെ കഥാനായകനായ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ." (ഫാ. വലേരിയൻ, ചാവറ യച്ചന്റെ ജീവചരിത്രം).

തുടർന്ന് ചാവറപിതാവ് നടത്തിയ നീക്കങ്ങളാണ് ഭിന്നിച്ചുനിന്ന സുറിയാനിസഭയെ ഒന്നാക്കിയതും റോക്കോസ് പ്രതിസന്ധി ഇല്ലാതാക്കിയതും.

## തിരുസഭാദ്ധ്യക്ഷനോട് ആലോചന ചോദിക്കുന്ന ആത്മാവിന്റെ അഴക്

ഒമ്പതാം പീയൂസ് പാപ്പായുടെ പ്രത്യേക പ്രശംസയ്ക്ക് ചാവറയച്ചന്റെ അവസരോചിതമായ ആലോചന ചോദിക്കലും ഇടപെടലുകളും പാത്രീഭൂതമായി.

**ലെയോപ്പോൾദ് മൂപ്പച്ചൻ** കുറിച്ചതുപോലെ **"മലബാറിലെ (സീറോ മലബാർ സഭ) ക്രൈസ്തവരുടെ നന്മയ്ക്കുവേണ്ടി കടുത്ത പ്രതിസന്ധികളിലൂടെയാണ് അദ്ദേഹം കടന്നുപോയത്."** വലിയ സഹനസരണികൾ! ഭീഷണികൾ!

റോക്കോസ് ശീശ്മയുടെ കാലത്ത് ചാവറയച്ചൻ നൽകിയ മാതാവിനോടുള്ള പ്രത്യേക പ്രാർത്ഥന:

ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമെ! തിരുസഭയ്ക്ക് നേരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവേ! പുത്തനായിട്ടു മുളച്ചുണ്ടാകുന്ന ശീശ്മകളാൽ ഈ തിരുസഭയെ കലക്കുവാൻ തക്കവണ്ണം നീ കൈവിടാതിരിക്കണമേ. ശുദ്ധമാന പത്രോസിന്റെ അധികാരം കൈക്കൊണ്ടിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പായ്ക്കു മുഴുവനായ കീഴ്‌വഴക്കം എല്ലായിടത്തും നടന്നുവരുവാൻ നീ കൃപചെയ്യണമേ. ആമേൻ (ചാവറ സമ്പൂർണ്ണകൃതികൾ).

**തോമസ് റോക്കോസിന് മാന്യമായും ഉചിതമായും ക്രിസ്തീയമായും മാപ്പ് നൽകി സുരക്ഷിതമായി കപ്പൽ കയറ്റിയ ചാവറയച്ചന്റെ വിശ്വാസസ്ഥിരതയും, സഭാസ്നേഹവും പരിശുദ്ധ പിതാവിനോടുള്ള വിധേയത്വവും തെറ്റ് മനസ്സിലാക്കിയവർക്ക് മാപ്പു നൽകുന്ന ഹൃദയവിശാലതയും എത്രയോ വലുത്! എത്രയോ ആദരണീയം! എത്രയോ കരണീയം!**

# കേരളസഭയിലെ നോഹിന്റെ പെട്ടകം

ചാവറയച്ചന്റെ പിൻഗാമിയായി വന്ന **പോരൂക്കര കുറിയാക്കോസ് ഏലീശ്വാ അച്ചൻ എഴുതിയിരിക്കുന്നത്** ശ്രദ്ധേയം:

1861-ാം കാലം ഒൻപതാം പീയൂസ്സെന്ന ശുദ്ധ. മാർപാപ്പായുടെ യാതൊരധികാരവും കൂടാതെ തോമ്മാ എന്ന പേരു ധരിച്ചുകൊണ്ട് തോമസ് എന്നു പേരുള്ള ഒരു സുറിയാനി മെത്രാൻ ബാഗ്ദാദിൽനിന്നും മലയാളത്തുവന്നു. പ്രിയോരച്ചൻ ശീശ്മ മെത്രാന്റെയും മറ്റു പലരുടെയും വിളികളും അപേക്ഷകളും അവരു ചെയ്യുമെന്നു പറഞ്ഞിരുന്ന മറുതലകളും കൂട്ടാക്കാതെ ചൊവ്വുള്ള മേല്പട്ടക്കാരന് കീഴ്വഴങ്ങി നിലനിന്നു. ആ കൊടുങ്കാറ്റുള്ള കാലങ്ങളിൽ സുറിയാനിപ്പള്ളികളുടെ വികാരി ജനറാളെന്ന ഉയർന്ന സ്ഥാനവും പ്രിയോരച്ചന് നൽകി. അക്കാലത്തിൽ ശീശ്മയുടെ പാതാളത്തിൽ വീഴാതിരിപ്പാൻ എത്രയോ ആളുകളെ സഹായിച്ചു എന്നും എത്രയോ പള്ളികളെ ശീശ്മയിൽനിന്നും തന്റെ ജനസമ്മതത്താലും വാഗ്വൈഭവത്താലും പുണ്യസ്ഥിരതയാലും രക്ഷിച്ചുവെന്നും ആ കാലത്തിന്റെ ഓർമ്മയുള്ളവരൊക്കെയും വേണ്ടും വണ്ണം ഗ്രഹിച്ചിരിക്കുന്ന സത്യമായിരിക്കുന്നു. **ജലപ്രളയത്തിൽ നോഹിന്റെ പെട്ടകം ഇല്ലായിരുന്നു എന്നുവരികിൽ യാതൊരു മനുഷ്യരും രക്ഷാപെടാതിരുന്നേനെ എന്നപോലെ പ്രിയോരച്ചനും ഈ സഭയും ഇല്ലായിരുന്നു എന്നുവരികിൽ,എല്ലാ സുറിയാനിപള്ളികളും ശീശ്മയിൽ ഉൾപ്പെട്ടുപോകുമായിരുന്നേനെ എന്നു ന്യായത്തോടുകൂടെ വിചാരിക്കാവുന്നതായിരിക്കുന്നു.** ഈ സംഗതികളൊക്കെയും ഭാഗ്യമായി വാഴുന്ന ഒമ്പതാം പീയൂസെന്ന ശുദ്ധ. മാർപ്പാപ്പാ കേട്ടു അത്യന്തം സന്തോഷിക്കുകയും ഒരു തിരുവെഴുത്ത് പ്രിയോരച്ചന്റെ പേർക്ക് എഴുതി അയയ്ക്കുകയും ചെയ്തു."

പ്രശ്നങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കിയ ചാവറയച്ചൻ ഭാവിയെ ലാക്കാക്കി മനോഹരവും ശാശ്വതഫലം ചെയ്യുന്നതുമായ തന്റെ നിരീക്ഷണം 1869-ൽ പ്രൊപ്പഗാന്താ തിരുസംഘാദ്ധ്യക്ഷന് എഴുതിയിരുന്നു: **"ഞങ്ങൾ തോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. അനേകം കൊല്ലങ്ങളായി ഞങ്ങൾക്ക് സ്വന്തം മെത്രാനില്ല. എന്നാൽ അടുത്ത കാലങ്ങളിൽ വിശ്വാസം സ്വീകരിച്ചവർക്ക് അവരുടെ സ്വന്തം മെത്രാനുണ്ട്. അതുകൊണ്ട് സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കാനായി, നമുക്ക് ബാബേലിനെ ആശ്രയിക്കാം... അവസരം കിട്ടുമ്പോൾ അവർ ബാബേലിലേയ്ക്ക് പോകും...** അതുകൊണ്ട് അത്യുന്നതതിരുമേനീ, നല്ലതെന്ന് എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്.

ഇവിടെ രണ്ടു മെത്രാൻമ്മാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്ന് ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്ന ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും" (എഴുത്തുകൾ).

ദൈവദാസനും പണ്ഡിതനും ധ്യാനയോഗിയുമായിരുന്ന ഫാ. **കനീഷ്യസ് സി. എം. ഐ.യുടെ വാക്കുകളിൽ റോക്കോസ് പ്രതിസന്ധിയുടെ** തുടർക്കഥ കേൾക്കുക എന്തുകൊണ്ടും ഉചിതമാണ്:

റോമിൽവച്ച്, ഈ എഴുത്തിലെ ഉള്ളടക്കം മനസ്സിലാക്കിയ മോൺ ലെയോനാർദ് തിരിച്ചെത്തിയത്, ഉള്ളിൽ ചാവറയോടുള്ള അമർഷത്തോടുകൂടിയാണ്. അതിന്റെ ഫലം ഊഹ്യമാണല്ലോ. ആവശ്യത്തിനുമാത്രം, അതും തീരെ തണുത്ത ബന്ധം! **ശാരീരികമായി തീർത്തും അവശനായി കഴിഞ്ഞിരുന്ന ചാവറയുടെ മരണവേദന പൂർത്തിയാക്കാൻ ഈ മനോവ്യഥയും ആവശ്യമായിരുന്നു** (കേരള സഭാ സമുദ്ധാരകൻ (വാഴ്ത്തപ്പെട്ട ചാവറ), പുസ്തകം രണ്ട്, പുറം-31).

**'സി. എം. ഐ. സഭയുടെ ചരിത്രസംക്ഷേപ'ത്തിൽ ഫാ. ഗ്രിഗറിയുടെ വാക്കുകളിൽ തുടർന്നുള്ളതും കൂടി മനസ്സിലാക്കാം:** ചാവറയച്ചൻ പ്രൊപ്പഗാന്താ തിരുസംഘത്തിനുള്ള എഴുത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ അദ്ദേഹത്തിന്റെ മരണശേഷം വീണ്ടും ബാബേലിൽ നിന്നുള്ള നുഴഞ്ഞുകയറ്റം ആരംഭിച്ചു. 1872-ൽ കൽദായക്കാരനായ ഒരു പീലിപ്പോസ് പട്ടക്കാരൻ കേരളത്തിലെത്തി. ചില സുറിയാനിവൈദികരോട് ചേർന്ന്, ഒരു സുറിയാനി മെത്രാനെ വരുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തൽഫലമായി 1874-ൽ ഏലിയാമേലൂസ് എന്ന മെത്രാൻ മലയാളത്തിൽ വന്നിറങ്ങി.

മോൺ. ലെയോനാർദ് - വികാരി അപ്പസ്തോലിക്കാ - സി. എം. ഐ. സഭാംഗമായ കട്ടക്കയത്ത് ചാണ്ടിയച്ചനോട് ആജ്ഞാപിച്ചു, റോക്കോസ് ശീശ്മയ്ക്കെതിരായി ചെയ്തതുപോലെ, മേലൂസിനെതിരായും പോരാടുക. മേലൂസിന്റെ നുഴഞ്ഞുകയറ്റം തടഞ്ഞുവെങ്കിലും തൃശൂർഭാഗത്ത് ചിലർ (സൂറായിക്കാർ) അദ്ദേഹത്തിന്റെ ഭാഗത്ത് ഉറച്ചുനിൽക്കുകയാണ് ചെയ്തത്.

## ഏഴു വ്യാകുലങ്ങൾ

കേരളത്തിൽനിന്ന് ശീശ്മകളെ ഉച്ചാടനം ചെയ്യാനുള്ള ഏകമാർഗ്ഗം, ചാവറ, മുമ്പേതന്നെ, പ്രൊപ്പഗാന്താ തിരുസംഘത്തെ ധരിപ്പിച്ചതുപോലെ, സുറിയാനിക്കാർക്ക് തനിച്ചൊരു മെത്രാനെ നിയമിക്കു

കയാണെന്ന് ബോദ്ധ്യമുണ്ടായിരുന്ന പലരും ഈ അവസരത്തിൽ, വിവരം നേരിട്ട് തിരുസംഘത്തെ അറിയിക്കുവാൻ പരിശ്രമിച്ചു. അക്കൂട്ടത്തിൽ ചില സി. എം. ഐ. സഭാംഗങ്ങളുമുണ്ടായിരുന്നു. വർദ്ധിച്ച നീരസത്തോടെ മോൺ. ലെയോനാർദ്, പ്രസ്തുത വ്യക്തികൾക്കും, സി. എം. ഐ. സഭയ്ക്കു തന്നെയും എതിരായി കർശനനടപടികൾ സ്വീകരിച്ചു. പ്രമുഖരായ ഏഴുസഭാംഗങ്ങളെ 1876-ൽ അദ്ദേഹം സഭയിൽനിന്ന് ബഹിഷ്കരിച്ചു. ഇവരാണ് ഏഴു വ്യാകുലങ്ങൾ എന്ന് കേരള സഭാചരിത്രത്തിൽ അറിയപ്പെടുന്നത്.

അവരുടെ പേരുകൾ

1. ശങ്കുരിക്കൽ ബഹു. പൗലോസച്ചൻ
2. മാതേയ്ക്കൽ ബഹു. മത്തായി അച്ചൻ
3. മീനാട്ടൂർ ബഹു. മാണിയച്ചൻ
4. ചാവറ ബഹു. ഔസേപ്പച്ചൻ
5. കീരി (ഇരിമ്പൻ) വർഗീസച്ചൻ
6. തറവട്ടത്തിൽ ബഹു. ഹില്ലാരിയോസച്ചൻ
7. പഴേപറമ്പിൽ ബഹു. ളൂയീസച്ചൻ

സഭയിൽ, പുതുതായി ആരെയും സ്വീകരിക്കരുതെന്ന് ആജ്ഞാപിച്ചു. പാണാപള്ളിയിൽ വി. ഫിലിപ്പ് നേരിയുടെ നാമത്തിൽ പുതിയൊരു സഭ ആരംഭിക്കുവാൻ അദ്ദേഹം തീരുമാനവുമെടുത്തു. മാത്രമല്ല, സുറിയാനിക്കാരുടെ സ്വജാതി മെത്രാൻ പ്രസ്ഥാനത്തോട് അനുഭാവം പ്രകടിപ്പിച്ച പ്രഗത്ഭരായ രണ്ടു മിഷനറിമാരെ ലെയോപ്പോൾദ്, ജരാർദ് അച്ചന്മാരെ യൂറോപ്പിലേക്ക് തിരിച്ചുവിളിക്കുവാനും അദ്ദേഹം ഇടയാക്കി.

ഏതായാലും ചാവറയുടെ അഭിപ്രായം പണ്ടേ പരിഗണിച്ചിരുന്ന പ്രോപ്പഗാന്താ തിരുസംഘം വികാരി അപ്പസ്തോലിക്കാ സി. എം. ഐ. സഭയ്ക്കെതിരെ എടുത്ത തീരുമാനങ്ങൾ തടഞ്ഞു.

കേരള സഭയുടെ സ്ഥിതി വസ്തുനിഷ്ഠമായി അറിയുവാൻ അപ്പസ്തോലിക്ക് വിസിറ്റർമാരെ അയച്ചു. തൽഫലമായി പതിമൂന്നാം ലെയോൻപാപ്പാ, 1886-ൽ കേരളത്തിൽ ലത്തീൻ ഹയരാർക്കി സ്ഥാപിക്കുകയും മോൺ. ലെയോനാർദിന്റെ കാലത്തുതന്നെ സുറിയാനിക്കാരെ വരാപ്പുഴ അധികാരത്തിൽനിന്ന് വിടർത്തി, അവർക്കായി, **1887-ൽ തൃശൂർ, കോട്ടയം എന്ന രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കുകയും ചെയ്തു.** അങ്ങനെ ഐക്യസംരക്ഷണത്തിനുവേണ്ടിയുള്ള ചാവറയുടെ മുൻകരുതൽ സഫലമായി.

## കൂനമ്മാവിലേയ്ക്കുള്ള സ്ഥലംമാറ്റം

ചാവറപിതാവിന്റെ കൂനമ്മാവിലേയ്ക്കുള്ള സ്ഥലംമാറ്റം സംബന്ധിച്ചുള്ള പോരൂക്കര കുറിയാക്കോസ് ഏലിശ്വായുടെ നിരീക്ഷണം:

"1864–ാം കാലം മേല്പ്പട്ടക്കാരന്റെ കല്പനയ്ക്കു നല്ല മനസ്സോടെ കീഴ്‌വഴങ്ങി താൻ ചെറുപ്പംമുതൽ പണിയിച്ചു ഭരിച്ചുനടത്തിയ ഏറിയ ഗുണങ്ങൾ ചെയ്തിരുന്ന മാന്നാനത്തിൽനിന്ന് കൂനമ്മാവ് കൊവേന്തയിൽ പോയി പാർത്തു. അവിടെവച്ചു പ്രത്യേകമായിട്ടു മലയാളത്തിലെ പെൺപൈതങ്ങൾക്കു ഒരു പുണ്യസങ്കേതമായി വേദകാര്യങ്ങൾ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായി വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് ആഗ്രഹിച്ചു. ദൈവത്തിൽ ശരണപ്പെട്ട് അതിന് താൽപര്യമായി വന്നവരെ സ്വീകരിച്ചു. തൽക്കാലം പനമ്പുകൊണ്ട് വീടുണ്ടാക്കി പാർപ്പിച്ചു. എട്ട് മാസത്തിന്റെ ഇടകൊണ്ട് എണ്ണായിരം രൂപവരെയും പലവഴിയായി ധർമ്മംവരുത്തി. അതിൽ അവരെ പാർപ്പിക്കുകയും പറഞ്ഞൊപ്പുചെയ്യിക്കയും ചെയ്തു. അവരെ ഏറ്റമായി സ്നേഹിക്കയും **തള്ള മക്കളെ വളർത്തുന്നതുപോലെ അവരെ വളർത്തി പരിപാലിച്ചുവരികയും ചെയ്തുവന്നിരുന്നു."**

സഹനങ്ങളുടെ മൂശയിൽ സ്ഫുടംചെയ്യപ്പെട്ട ജീവിതമായിരുന്നു ചാവറപിതാവിന്റേത്. സന്യാസിനീസമൂഹസ്ഥാപനത്തിനുവേണ്ടി നിരവധി സഹനങ്ങൾ ചാവറ പിതാവ് ഏറ്റുവാങ്ങേണ്ടിവരികയും ചെയ്തിരുന്നു: സ്വന്തം പദ്ധതികൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമില്ലായ്മ, മൂപ്പച്ചന്മാരുടെ മേൽക്കോയ്മ, മഠംപണി നടത്തുന്നതിനുവേണ്ടി നിർവ്വഹിക്കേണ്ടിവന്ന ക്ലേശംനിറഞ്ഞ യാത്രകൾ ചാവറയച്ചന്റെ നിർദ്ദേശപ്രകാരം മഠാംഗമാകുവാൻ എത്തിയ പുത്തനങ്ങാടി ഏലീശ്വാ സ്ഥാപനദിനത്തിൽ തഴയപ്പെട്ടത്... ഇവ ചിലതുമാത്രം (കൂനമ്മാവ് നാളാഗമം, വാല്യം 1, പേജ് 7–11).

കൂനമ്മാവ്മഠം സ്ഥാപനവുമായി ബന്ധപ്പെട്ടനുഭവിച്ചിട്ടുള്ള കായക്ലേശങ്ങളുടെയും മനഃക്ലേശങ്ങളുടെയും ആഴമളക്കുവാൻ ചാവറയച്ചൻ മരിച്ചദിവസം ലെയോപ്പോൾദ് മൂപ്പച്ചൻ തന്റെ ഡയറിയിൽ കുറിച്ചിട്ടത് വായിച്ചാൽ ധാരാളം മതിയാകും:

**"വളരെ ക്ലേശങ്ങൾ സഹിച്ച് കന്യാസ്ത്രീകൾക്കായി ഒരു മഠവും അദ്ദേഹം സ്ഥാപിച്ചു"** (ലെയോപ്പോൾദ് അച്ചന്റെ ഡയറി, സി. എം. ഐ., ആർക്കൈവ്സ് വാല്യം 1, പേജ് 6).

1866-ൽ കൂനമ്മാവിൽമഠം സ്ഥാപിക്കുന്നതിനുമുമ്പേ 1859-ൽ ആലങ്ങാട്ടും 1860-ൽ പുത്തൻ പള്ളിയിലും ചാവറയച്ചൻ മഠം സ്ഥാപനത്തിനായി നീക്കങ്ങൾ നടത്തിയിരുന്നു. റോക്കോസ് ശീശ്മ കാരണം കന്യാസ്ത്രീകൾക്കാവശ്യമുള്ള ആത്മീയകാര്യങ്ങൾ നടത്തിക്കൊടുക്കുന്നതിന് അകലം ഒരു തടസ്സമാണെന്ന് തൃശ്ശിനാപ്പള്ളിയിൽനിന്നു വന്ന കാനൂസ് മെത്രാൻ ചൂണ്ടിക്കാട്ടിയതിനാലാണ് 1859-ലെ ആലങ്ങാട്ടെ ആദ്യ ഉദ്യമം അവസാനിപ്പിച്ചത് എന്ന് പാറപ്പുറം വർക്കിയച്ചൻ കൂനമ്മാവ് ആശ്രമനാളാഗമത്തിൽ എഴുതിയിരിക്കുന്നു. പുത്തൻപള്ളിയിൽ മഠത്തിനായി നിർമ്മിച്ച കെട്ടിടം പിന്നീട് സെമിനാരിയാക്കി മാറ്റേണ്ടിവന്നു!

"നല്ല പട്ടക്കാരില്ലായ്കയാലുള്ള ആത്മനാശം കണ്ട് കന്യാസ്ത്രീമഠം ആയത് മാറ്റി സെമിനാരിയാക്കി എന്നു നിശ്ചയിച്ച് അപ്രകാരം പഠിത്വശാലയാക്കിയതിനാൽ ഞങ്ങൾക്കുണ്ടായിരുന്ന ശരണം കെട്ടു. മുൻപിലത്തെപ്പോലെയുള്ള ദുഃഖാവസ്ഥയിൽ ജീവിച്ചുവരുമ്പോൾ" എന്നെഴുതിയിരിക്കുന്നു കൂനമ്മാവിലെ നാളാഗമത്തിൽ ചാവറപിതാവ്.

ഇത് ചാവറയച്ചൻ കൂനമ്മാവിലേയ്ക്ക് മാറുന്നതിന് മുമ്പു തന്നെയുള്ള ഒരു ആഗ്രഹമായിരുന്നു എന്നതും ശ്രദ്ധേയം. ചിന്തനീയം.

## ശാരീരിക വേദനകൾ!

ഏറെ പറയാത്ത ഏറെ അറിയാത്ത ശാരീരിക സഹന സരണികളിലൂടെയും ചാവറയച്ചൻ ചരിക്കേണ്ടിയിരുന്നു. ചാവറപിതാവിന് ജീവിതത്തിന്റെ അവസാനകാലങ്ങൾ ശാരീരിക അസ്വസ്ഥതകൾ ഏറെ അലട്ടിയ കാലയളവുകളായിരുന്നു. ബാല്യകാലം മുതലുള്ള **വാതപ്പനി** മരണം വരെ അദ്ദേഹത്തെ അലട്ടിയിരുന്നു! **കാലിനുണ്ടാകുന്ന നീരും** ഏറെ അസ്വസ്ഥതകൾ സൃഷ്ടിച്ചു. അവസാനനാളുകളിൽ **മൂന്നുമാസത്തോളം പൂർണ്ണമായ അന്ധത** ബാധിച്ചതും **കണ്ണിലുണ്ടായ** തീവ്ര **വേദനയും ചെന്നിക്കുത്തും ശ്വാസതടസ്സവും കൈകാലുകൾ കോച്ചി വലിക്കുന്ന കഠിനപീഡകളും** ചാവറതാതനെ ഏറെ അലട്ടിയിരുന്നു. പുറത്തുകാട്ടാത്ത വേദനയുടെ ഉൾത്താപം!

മഠസ്ഥാപനത്തിനുള്ള പണപ്പിരിവിനായി പള്ളികൾ കയറിയിറങ്ങിയപ്പോൾ ചേരാനെല്ലൂർ പള്ളിയിൽവച്ച വാതപ്പനി കലശലായി, അബോധാവസ്ഥയിൽ രണ്ടുദിവസത്തോളം കിടന്നശേഷം മറ്റുള്ളവർ പിതാ

വിനെ എടുത്ത് കൂനമ്മാവ് ആശ്രമത്തിലെത്തിക്കുകയാണ് ചെയ്തത്.

രോഗപീഡകളുടെ മൂർദ്ധന്യത്തിലും ഭരണങ്ങാനം (ആനക്കല്ല്) പള്ളിയിൽ ശീശ്മ സംബന്ധമായ കലഹം സമാധാനപരമാക്കുവാൻ ഏന്തിയും വലിഞ്ഞും ഈ സഹനദാസൻ ഭരണങ്ങാനത്തിന് പുറപ്പെട്ടു. പിന്നീടൊരു സഹനദാസിയുടെ തീർത്ഥാടനസ്ഥലമായി രൂപംകൊണ്ട ഭരണങ്ങാനത്തിന്! അതോടൊപ്പം ഏറെ ക്ലേശിച്ച് മുത്തോലികുന്ന് കയറി ആശ്രമത്തിനുള്ള സ്ഥലം നിശ്ചയിക്കുകയും ചെയ്തു ഈ തപോധനൻ. അതിനുശേഷം ഏറെ അവശതയിലാണ് പിതാവ് വള്ളത്തിൽ കയറുവാൻ കടവിലെത്തിയതും കൂനമ്മാവിൽ തിരിച്ചെത്തിയതും.

ഇതിനിടയിൽ മാന്നാനത്തുനിന്നുവന്ന ഈപ്പൻ വൈദ്യൻ **കണ്ണിൽ അട്ടയിടുക** എന്ന ഒരുതരം ചികിത്സചെയ്തു. **വളരെ വേദനയും വിഷമവും വരുത്തുന്ന ഒരു ചികിത്സയായിരുന്നു ഇത്.** പാറപ്പുറത്ത് വർക്കിയച്ചന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് പിന്നീട് എറണാകുളത്തുനിന്ന് ഡോക്ടർ ഗെഡ്റു എത്തി. ഇദ്ദേഹം **പ്രിയോരച്ചന്റെ രണ്ടുചെവികളുടെയും മേൽഭാഗം നോക്കി നെറ്റിവരെയും ഏതാനും സ്ഥലങ്ങളിൽ നാലുവിരൽ വീതിയിൽ പൊള്ളിക്കുന്നതിനുള്ള മരുന്നുപുരട്ടി. പൊള്ളിക്കാനുള്ള മരുന്നു പുരട്ടിയ സ്ഥലം കുമിളകളായി പൊങ്ങി. അവ പൊട്ടിയപ്പോൾ ധാരാളം ദുർന്നീര് അവയിൽനിന്നു പോയി.**

വീണ്ടും കാഴ്ച ലഭിച്ചു. ആ നാളുകളിൽ കൂനമ്മാവ്മഠം സന്ദർശിച്ച ചാവറയച്ചന്റെ ചരിത്രം കൂനമ്മാവ് നാളാഗമത്തിൽ കാണാം:

"പ്രിയോരച്ചന് സ്വയം നടക്കാൻ വയ്യാത്തതിനാൽ ബഹു. വികാരിയച്ചന്റെ (പ്രൊ. വികാരി അപ്പസ്തോലിക്കയായ പീലിപ്പോസ് മിഷനറി) സഹായത്തോടെയാണ് ഇവിടെവരെ നടന്നെത്തിയത്. ഞങ്ങളെക്കണ്ട് യാത്രപറയുന്നതിനാണ് അച്ചൻ ഇവിടെ വന്നത്. ബോർഡിംഗിലെ തെക്കേ വാതിൽ തുറന്ന് അകത്തുകയറി. അപ്പോൾ അച്ചൻ കുരുടന്മാരെപ്പോലെ തപ്പിത്തപ്പിവരുന്നതിനെയും സങ്കടം തോന്നുവാൻ തക്കവിധത്തിലുള്ള ക്ഷീണവും അസ്വസ്ഥതയും കണ്ടപ്പോൾ ഞങ്ങൾ കരഞ്ഞുപോയി. "നിങ്ങളോട് അവസാനത്തെ യാത്രചോദിച്ചുകൊണ്ട് പോകാമെന്നു കരുതിയാണ് ഇപ്പോൾ വന്നത്" അച്ചൻ പറഞ്ഞു. അപ്പോൾ ഞങ്ങളുടെ അമ്മ പറഞ്ഞു:

"അച്ചന് മനസ്സായാൽ അങ്ങോട്ടുപോകാതെ ഇവിടെ താമസിക്കാമല്ലോ..."

അപ്പോൾ അച്ചൻ പറഞ്ഞു: **"എനിക്ക് സ്വന്തമായിട്ട് ഒരു മനസ്സുണ്ടോ? എങ്ങനെ എന്നോടു കല്പിക്കുമോ, അതു സന്തോഷത്തോടെ ചെയ്യാൻ ഞാൻ തയ്യാറായിരിക്കുന്നു."**

എല്ലാ പുകഴ്ചകൾക്കു പിറകിലും ഏറെ കാഴ്ചകളുണ്ട്. വിജയങ്ങൾക്ക് പിന്നിൽ അപചയങ്ങൾ. കാഴ്ചവയ്പ്പുകൾ പുകഴ്ചകളാകുന്ന കാഴ്ചകൾ. ഓണയോർമ്മകൾക്ക് പിറകിലൊരു പാതാളകാഴ്ചയുണ്ട് (പാതാളദർശനം). ഓണാഘോഷങ്ങൾക്ക് പിറകിൽ കാണം (വസ്തുക്കൾ) വിൽക്കലുകളുടെ കാണാക്കാഴ്ചകളുണ്ട്. പനിനീർപ്പൂവിനു പിന്നിൽ (മറയിൽ) കൂർത്തുമൂർത്ത മുള്ളുകൾ ഉണ്ട്. കിരീടങ്ങൾക്കു പിന്നിൽ കുരിശുകളുണ്ട്. മോശയെ പരുവപ്പെടുത്തിയ മരുഭൂമിയിൽ ഒരു മൂശയുണ്ട്. ഏലിയായെ ഏലിയാ ആക്കുവാൻ എരിയിച്ച ഒരഗ്നിയുണ്ട്. എരിഞ്ഞ മുൾപ്പടർപ്പിൽ മോശ തിരിഞ്ഞു (തിരിച്ചറിവ്). ഹോറേബ് മലയിൽ ഏലിയാ തിരിഞ്ഞു. കാൽവരിയിലെ കുരിശിൽ യേശു വിരിഞ്ഞു (പുഷ്പിച്ചു/പുകഴ്ച).

തിരിയലും എരിയലും വിരിയിച്ചെടുത്ത പുകഴ്ചകളായിരുന്നു യേശുവും മോശയും ഏലിയായും. **വേദനകളുടെ നീറുന്ന സമാധികളും സമസ്യകളുമാണ് ജീവിതത്തിൽ പുകഴ്ചകൾ സമ്മാനിക്കുന്നത്. വിശ്വാസജീവിത വഴിത്താരകളിലും പുകഴ്ചയുടെ വേദാന്തം മധുരമുള്ള വേദനയാണ്.**

**'നൊമ്പരത്തിന്റെ മധുര'ത്തെപ്പറ്റി വിശുദ്ധ കൊച്ചുത്രേസ്യാ:** "നമ്മൾ തെറ്റിദ്ധരിക്കപ്പെടുമ്പോഴും തെറ്റായിവിധിക്കപ്പെടുമ്പോഴും നമ്മെത്തന്നെ നീതീകരിക്കുന്നതുകൊണ്ടോ, വിശദീകരണങ്ങൾ കൊടുത്തതുകൊണ്ടോ എന്തുഫലം? അവ ഗൗനിക്കേണ്ട ആവശ്യമില്ല. മിണ്ടാതിരിക്കാം. ഒന്നും പറയാതിരിക്കുന്നതും എങ്ങനെയെങ്കിലും വിധിച്ചുകൊള്ളട്ടെയെന്നുവയ്ക്കുന്നതും എത്ര മധുരമെന്നോ?"

യാത്ര തീർത്ഥയാത്രയാക്കിയ, സരണി സഹനസരണിയാക്കിയ, അഴകുള്ള ആത്മാവിന്റെ ജീവിതത്തിലെ ചില ചരിത്രസന്ധികളിലെ നേർചിത്രങ്ങളാണിവ. ഈ നേരിന്റെ നേർക്കാഴ്ചകൾ ചാവറതാതന്റെ മുഖം കൂടുതൽ ദീപ്തമാക്കുന്നു.

ജീവിതത്തിൽ 'സന്തോഷ'മുണ്ട്. ഒപ്പം 'സങ്കടവു'മുണ്ട്. സങ്കടങ്ങളിൽനിന്ന് ഓടിയൊളിക്കാതെ അവയെ സസന്തോഷം സ്വീകരിക്കുമ്പോൾ ജീവിതത്തിന് 'മഹിമ' കൈവരുന്നു. പരിശുദ്ധ അമ്മയും യേശുവും ജീവിതത്തിലൂടെ അതു തെളിയിച്ചു. ഇതാ സന്തോഷവും സങ്കടവും ഇടകലർന്ന് മഹിമയാർജിച്ച ഒരു ജീവിതം നമുക്ക് മുമ്പിൽ ജപമാല രഹസ്യംപോലെ!

# 6

# ആത്മമുദ്രയുമായി

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്"
(ലൂക്കാ. 4:18).



"ആത്മാവിൽ മഹത്വത്തിന്റെ സ്വർണ്ണമുദ്രയുള്ള ഒരാൾ
കാലത്തിൽ പ്രവേശിക്കുമ്പോൾ ചരിത്രത്തിന്
വ്യതിയാനം ഉണ്ടാകുന്നു.
പുണ്യശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസ്
അച്ചന്റെ ജീവിതം അങ്ങനെ ഒന്നായിരുന്നു"

(ശ്രീ. പെരുമ്പടവം ശ്രീധരൻ).

“മലയാളി മനുഷ്യനായി മാറിയ ഒരു ചെറിയ കാലയളവിനെയാണ് കേരളീയ നവോത്ഥാനകാലം എന്നു വിശേഷിപ്പിക്കുന്നത്. മലയാളിയെ ഒരു പൊതുസമൂഹമാക്കി മാറ്റാനായി നടത്തിയ ആദ്യപരിശ്രമം ചാവ റയച്ചന്റേതായിരുന്നു” (ഡോ. കെ. എസ്. രാധാകൃഷ്ണൻ).

വിണ്ണിനെ നോക്കി പുഞ്ചിരിച്ച് മണ്ണിനെ തഴുകിയൊഴുകുന്ന പുഴ പോലൊരു പുണ്യപ്രവാഹം! പുരാതന സംസ്കാരങ്ങളെല്ലാം (സിന്ധു, നൈൽ) നാമ്പെടുത്തത് നദീതടങ്ങളിലാണ്. വിശുദ്ധ ജീവിതങ്ങളുടെ പുണ്യപ്രയാണങ്ങളുടെ കഥകളും വ്യത്യസ്തമല്ല! ആ പ്രയാണതട ങ്ങളിൽ സംസ്കാരങ്ങൾ നാമ്പെടുക്കുന്നു. പൂവണിയുന്നു. ജീവിതങ്ങൾ പുഷ്കലമാകുന്നു. ചരിത്രത്തിന്റെ ഗതിവിഗതികളെ ഈ പ്രയാണങ്ങൾ പുണരുന്നു. തെളിയേണ്ടവയെ കഴുകുന്നു. ഗതിമാറുന്ന പുഴകൾപോലെ കാലത്തിന്റെ ഗതിവിഗതികളെപ്പോലും അവ മാറ്റിയെഴുതുന്നു. ക്രിയാ ത്മകമായി സ്വാധീനിക്കുന്നു. പാരിൽ പാഴാകാത്ത ഈ ജീവിതങ്ങളെ ചൂണ്ടി പിന്നാലെ വരുന്നവർ പറയും: സഫലമീയാത്ര; സഫലമീജന്മം!

ആലപ്പുഴ ജില്ലയിൽ കൈനകരിയിൽ പിറവിയെടുത്ത് ചേന്നങ്കരി, വെച്ചൂർ, പള്ളിപ്പുറം, അർത്തുങ്കൽ, മാന്നാനം വഴിയൊഴുകി കൂനമ്മാ വിൽ പ്രവേശിച്ച ചാവറ പുണ്യതീർത്ഥപ്രവാഹം ഒഴുകിയ ഇടങ്ങളി ലെല്ലാം വെള്ളവും വളവും പകർന്ന് ‘തരിശുകൾ’ (വിശുദ്ധരില്ലാത്ത വന്ധ്യയായ സഭയും പ്രസ്ഥാനങ്ങളും) വിളനിലമാക്കിയ കഥ കേരള സഭാചരിത്രത്തിന്റെ പഠിതാക്കൾക്ക് നാൾവഴി (നാളാഗമങ്ങൾ 1829–1870) താളുകളിലെ പാഠപുസ്തകമാണ്.

ചരിത്രത്തിൽ ആത്മമുദ്ര പതിപ്പിച്ച ആ കർമ്മയോഗിയുടെ നാൾവഴി താളുകളിലേയ്ക്ക് ഒരു പാളിനോട്ടം.

1831 മെയ് 11 ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭാ സ്ഥാപനം (സി. എം. ഐ.).

1833 സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതുസെമി നാരി മാന്നാനത്ത് ആരംഭിക്കുവാൻ പാലയ്ക്കൽ പോരൂ ക്കര തോമാച്ചന്മാർക്കൊപ്പം സഹകാരി.

1846 സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തേതും കേരളത്തിലെ മൂന്നാമത്തേതുമായ പ്രസ്സും പ്രസിദ്ധീകര ണകേന്ദ്രവും മാന്നാനത്തു ചാവറയച്ചൻ സ്ഥാപിച്ചു.



**ചാവറയച്ചൻ നിർമ്മിച്ച മരപ്രസ്സും ബ്രിട്ടീഷ് റെസിഡന്റ് എം. കല്ലൻവഴി ലഭ്യമായ രാജാവിന്റെ അനുമതിപത്രവും**

**1846** ആദ്യത്തെ കത്തോലിക്ക സംസ്കൃത സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു. വർണ്ണാവർണ്ണഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാദാനകേന്ദ്രം.

**1855** ഇന്ത്യൻ ജനതയിൽനിന്നും ആദ്യ ക്രൈസ്തവ പുരോഹിതനായി ചാവറയച്ചൻ സന്യാസവ്രതസമർപ്പണം ചെയ്തു.

**1857–58** ഇന്ത്യൻ ഭാഷാ നാടകവഴിയിലെ ആദ്യരചനയായി ഗണിക്കേണ്ട ഇടയനാടകങ്ങളുടെ (എക്ലോഗുകൾ-എക്ലോഗ്) രചന ചാവറപിതാവു നിർവ്വഹിച്ചു. തുടർന്ന് അവ സെമിനാരിയിൽ അവതരിപ്പിക്കപ്പെട്ടു തുടങ്ങി.

**1861** ആർച്ചു ഡീക്കന്മാരുടെ സ്ഥാനത്ത് സുറിയാനി കത്തോലിക്കരുടെ ആദ്യവികാരി ജനറാൾ ആയി നിയമിതനായി.




മാന്നാനത്ത് ചാവറപിതാവ് സ്ഥാപിച്ച സംസ്കൃതസ്കൂൾ

1862 മലയാളി എഴുതിയ മലയാളത്തിലെ ആദ്യഖണ്ഡകാവ്യമായ 'അനസ്താസ്യയുടെ രക്തസാക്ഷ്യം' രചിച്ചു.

1864 'ഒരു പള്ളിക്കൊരു പള്ളിക്കൂടം' എന്നപേരിൽ ചരിത്രപ്രസിദ്ധമായ നിർദ്ദേശോത്തരവു വരാപ്പുഴ മെത്രാസനത്തിൽനിന്നും ചാവറയച്ചൻ മുൻകൈയെടുത്ത് പുറപ്പെടുവിച്ച് നടപ്പിൽ വരുത്തി. ജാതിമതവർണ്ണവംശഭേദപരിഗണന കൂടാതെ സർവ്വർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകുകയായിരുന്നു ഇതുവഴി. പൊതുവിദ്യാഭ്യാസം ഇതിലൂടെ വഴിതുറന്നു. പൊതുസമൂഹനിർമ്മിതിയുടെ പൂമുഖവാതിൽ!

1865 കത്തോലിക്കാ പ്രൈമറി സ്കൂൾ മാന്നാനത്ത്.

1866 ഫെബ്രുവരി 13 സ്ത്രീകൾക്കായി കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനീസമൂഹം നിഷ്പാദക കർമ്മലീത്ത മൂന്നാം സഭ (T.O.C.D.) എന്നപേരിൽ ലെയോപ്പോൾദ് മിഷനറിയോടു ചേർന്ന് സ്ഥാപിച്ചു.

# പള്ളിയോടു ചേർന്ന് പള്ളിക്കൂടം നടത്തണമെന്ന് സർക്കുലർ



പള്ളിക്കൂടം സർക്കുലർ

# നന്മരണസഖ്യത്തെക്കുറിച്ചുള്ള സർക്കുലർ



നന്മരണസഖ്യം സർക്കുലർ

1868 പെൺകുട്ടികൾക്ക് ആദ്യത്തെ ബോർഡിംഗ് ഹൗസും സ്കൂളും കൂനമ്മാവിൽ ലെയോപ്പോൾഡ് മിഷനറിയോടു ചേർന്ന് ആരംഭിച്ചു.

1868 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന കുടുംബനവീകരണ ക്രമം അഥവാ 'ക്രിസ്തീയ കുടുംബചട്ടം' എഴുതി നൽകി.

1869 അനാഥർക്കും രോഗികൾക്കും വൃദ്ധർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരവും (ഉപവിശാല) 'വിശുദ്ധ യൗസേപ്പ് പിതാവിന്റെ നന്മരണസഖ്യ'വും കൈനകരിയിൽ ആരംഭിച്ചു. ഇവയുടെ സാമ്പത്തികവും ഭരണപരവുമായ പൂർണ്ണചുമതല അന്നാട്ടുകാരെ ഭരമേല്പിച്ചു.

1869 19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുനരൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.

## ഓർക്കാം ഇവകൂടി

WHEN YOU ARE REAPING THE FRUITS, YOU SHOULD NOT FORGET THE ROOTS.

• പിടിയരി • കെട്ടുതെങ്ങ് • നൂറ്റിക്കഞ്ഞ് • മുത്തിയൂട്ട് • പടാർത്ത (പള്ളിപ്രസംഗം) • 40 മണി ആരാധന • 13 മണി ആരാധന • തിരുമണിക്കൂർ • വൈദികർക്കുള്ള വാർഷിക ധ്യാനം • ഇടവക ധ്യാനങ്ങൾ (ജ്ഞാനധ്യാനം) • തൂക്കാസ (ആരാധനക്രമപുസ്തകം അഥവാ സുറിയാനി റീത്തിലെ പൂജാക്രമങ്ങൾ) • ഉച്ചക്കഞ്ഞി • ആരാധനക്രമനവീകരണം • നമസ്കാരപുസ്തകം • ഒട്ടംകെട്ടൽ (പുണ്യമത്സരം) • പള്ളിപഞ്ചാംഗം... • കുരിശിന്റെ വഴി

"പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്കായിരുന്നുവല്ലോ കേരള സുറിയാനിസഭയുടെ അതിർത്തി. പ്രധാന സ്ഥലങ്ങളിലെല്ലാം ആശ്രമങ്ങൾ സ്ഥാപിച്ചതിൽ ചാവറയുടെ വിശാലമായ വീക്ഷണം കാണാവുന്നതാണ്." (ഫാ. ഡോ. പോൾ കല്ലുവീട്ടിൽ സി. എം. ഐ., ചാവറയുടെ ചരിത്രം – നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും, പേജ് 40)



**ചൂണ്ടിക്കാട്ടാൻ ഇനിയുമേറെ**

"കർത്താവ് അബ്രഹാമിനോട്: നീ തലയുയർത്തി കിഴക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും നോക്കുക... എഴുന്നേറ്റ് ഈ ഭൂമിക്കു നെടുകെയും കുറുകെയും നടക്കുക. അത് നിനക്ക് ഞാൻ തരും" (ഉല്പത്തി 13:14, 17)

കുരിശാകൃതിയിൽ നോക്കാനും കുരിശാകൃതിയിൽ നടക്കാനും ഒരു ഓർമ്മപ്പെടുത്തൽ! കുരിശ് രക്ഷയുടെ അടയാളം. രക്ഷാകരമായ കാഴ്ചകളും രക്ഷാകരമായ ചുവടുവയ്പുകളുംവഴി ഏവർക്കും അനുഗ്രഹമാകുക. "നീ ഒരു അനുഗ്രഹമായിരിക്കും." (ഉല്പത്തി 12:2)

# 7

# അഭിഷേകമുള്ള അക്ഷരങ്ങൾ!



"എന്റെ ഹൃദയവും
ഈ തൂവൽ പിടിച്ചിരിക്കുന്ന കൈകളും
വിറയ്ക്കുന്നു."

(ചാവറയച്ചൻ, കത്തുകൾ)

## 1. അർച്ചനകൾ

അറുതിയില്ലാത്ത ദയാപരനായ ഈശോയേ, ഞങ്ങളുടെ **ആത്മാവ്** ശരീരത്തിൽനിന്ന് വേർപിരിയുമ്പോൾ, **ഞങ്ങളുടെ മരണം ദിവ്യപൂജ എന്നപോലെ സ്വീകരിച്ച്** ആ ഭീതിജനകമായ നിമിഷത്തിൽ ഞങ്ങളെ **അനുഗ്രഹിക്കണമേ** (ധ്യാനസല്ലാപങ്ങൾ).

ദയാപരനായ ഈശോയേ, ഞങ്ങളുടെ **ആത്മാവിനെ** തിരുമുമ്പിൽനിന്ന് **തള്ളിക്കളയരുതേ** (ധ്യാനസല്ലാപങ്ങൾ).

പ്രിയമുള്ള കൂടെപ്പിറപ്പുകളേ, നിങ്ങളുടെ **ആത്മാവിനെ രക്ഷിപ്പാൻ അറിഞ്ഞുകൂടെങ്കിൽ...** നിങ്ങൾക്ക് എന്തറിയാം? എന്തു പഠിച്ചു? (കത്തുകൾ).

എന്റെ കുഞ്ഞേ, മെത്രാൻപട്ടം കിട്ടണമെന്ന് എനിക്ക് ആഗ്രഹമില്ല. **നിത്യരക്ഷ ലഭിക്കണം** എന്നു മാത്രം ആഗ്രഹം (നാളാഗമങ്ങൾ).

ഓ, മനോഗുണമേ!
ഓ, സ്നേഹമേ!
ഓ, അനുഗ്രഹമേ!
ഓ, ക്ഷമയുടെ ആഴമേ!
ഓ, എന്റെ മനോഗുണമുള്ള പിതാവേ, നിന്റെ സ്നേഹത്തെ ഞാൻ കണ്ടിട്ടും അതിനേക്കാളധികം ഞാൻ മണ്ണിനെയും പുഴുവിനെയും സ്നേഹിച്ചു

(ധ്യാനസല്ലാപങ്ങൾ).

**ആത്മം അശുദ്ധമായി, തെളിവില്ലാത്തവനായി** (ധ്യാനസല്ലാപങ്ങൾ).

കൂടെപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ **ആത്മരക്ഷയ്ക്കായി** സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായിരിക്കുന്നു (കത്തുകൾ).

ദൈവത്തിനിഷ്ടമുള്ളതും **ആത്മാക്കൾക്ക് എത്രയും ഉപകാരമുള്ളതുമാണ്** ഈ കൊവേന്തകളുടെ കൂട്ടം (കത്തുകൾ).

അറുതിയില്ലാത്ത നന്മയാകുന്ന ദൈവമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു (ധ്യാനസല്ലാപങ്ങൾ).

നീ എന്നെ സൃഷ്ടിച്ചതിനും കഴിഞ്ഞ രാത്രിയിൽ നൽകിയ മനോഗുണങ്ങൾക്കും ഉപകാരങ്ങൾക്കും വേണ്ടി നിനക്കു ഞാൻ **സ്തോത്രം** ചെയ്യുന്നു (ധ്യാനസല്ലാപങ്ങൾ).

എന്റെ സ്നേഹിക്കപ്പെട്ട ദൈവമേ... എന്റെ സ്നേഹത്തിന് സാക്ഷ്യം നൽകുന്നതിനായി ഇന്നത്തെ ദിവസത്തിലും എന്റെ ആയുഷ്ക്കാലം മുഴുവനും ചെയ്യുന്നതും സഹിക്കുന്നതുമെല്ലാം നിനക്ക് കാഴ്ചവയ്ക്കുന്നു. ഈശോമിശിഹായുടെയും കന്യാമറിയത്തിന്റെയും മാർ യൗസേപ്പിന്റെയും നന്മപ്രവൃത്തികളോടുകൂടെ എന്നെ നിനക്ക് കാഴ്ചവയ്ക്കുന്നു.

നിന്റെ സ്തുതിക്കായി എന്റെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുമെല്ലാം, എന്റെ ഇഷ്ടങ്ങളൊക്കെയും വസ്തുക്കളൊക്കെയും ഇന്നും എല്ലായ്പ്പോഴും നിനക്ക് കാഴ്ചവയ്ക്കുന്നു (ധ്യാനസല്ലാപങ്ങൾ).

## 2. ശ്ലോകങ്ങൾ

മമ പിതാവു നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ,
എന്നുടെ സ്നേഹം നീയേ, ഭാഗ്യവും എനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ, യാവനപാനം നീയേ,
**ആശ്വാസം നിന്നിലല്ലാതെ**
എവിടെയെനിക്കയ്യോ!

(ആത്മാനുതാപം)

കേസരിരാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം

(ആത്മാനുതാപം)

നിന്നുടെ **തിരുമുമ്പിലെന്നുടെ ദേഹം ദേഹി-**
യിന്നിതാ **കാഴ്ചവച്ചു** നിന്നെ ഞാൻ ഏല്പിക്കുന്നേൻ

(ആത്മാനുതാപം)

മേ പാപം മഹാപാപം, മേ താപം വർദ്ധിക്കുന്നു
മേ നാഥേ, ശരണം നീയല്ലാതെ ഇല്ലമ്മ...

(ആത്മാനുതാപം)

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമേ,
ആദ്യഹീനനാം നിന്റെ ദയതന്നെ
(ആത്മാനുതാപം)

ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ
(ആത്മാനുതാപം)

നായകാ, നരദേവാ, കരുണാനിധേ, നാഥാ,
നയനാൽ തൃക്കൺ പാർക്കമേദാസൻ മഹാപാപി
(ആത്മാനുതാപം)

അമ്മനുവേലെന്ന നാമാർത്ഥംപോൽ ദൈവം
നമ്മോടുചേർന്നതും കാണാകേണം
(ആത്മാനുതാപം)

മാലാഖ മാതാവിൻ കൈകളിൽ നൽകിയ
ആലാഹാ (ദൈവം) പുത്രനെ കാണാകേണം
(ആത്മാനുതാപം)

കല്ല്യാണപന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്ല്യാണരൂപനെ കാണാകേണം
(ആത്മാനുതാപം)

വെൺമയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ
(ആത്മാനുതാപം)

ജ്ഞാനസ്നാനത്താലെന്നെ തനയനാക്കിവച്ച
മാനത്തെ നഷ്ടംചെയ്തു പിശാചിനടിമയായ്
(ആത്മാനുതാപം)

എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴികാട്ടുവാൻ പന്തം തന്നു
(ആത്മാനുതാപം)

മന്ദമായ് നടന്നയ്യോ പിന്നെയും മഹാപാപി
നന്ദിഹീനത്താൽ പാപക്കനത്തെ വർദ്ധിപ്പിച്ചു
(ആത്മാനുതാപം)

മന്നിലുള്ളവയൊക്കെ സ്ഥൂലവും അസ്ഥൂലവും
മിന്നൽപോൽ കടന്നീടുമെന്ന് ഞാനോർത്തീടാതെ
കണ്ണിനിഷ്ടമായിടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതിന്നോർത്തീടാതെ മനസ്സുമതിൽവച്ചേൻ
എന്നതുകൊണ്ടുനാഥൻ തന്ന കണ്ണിനാൽത്തന്നെ
നിന്ദിച്ചേനഹം തന്നെയ്യയ്യോ മഹാകഷ്ടം!
(ആത്മാനുതാപം)

കഷ്ടമേ, മഹാകഷ്ടം ദുഃഖമേ മഹാദുഃഖം
ദുഷ്ടനാമടിയനു... **പോക്കിടം** (അഭയസ്ഥാനം) **നീയ്യേ** നാഥാ
(ആത്മാനുതാപം)

പാപിയാ മമപൈതൽപ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെ കേണുപ്രാർത്ഥിക്കുന്നേൻ
(ആത്മാനുതാപം)

അമ്മനുവേലെന്ന തമ്പുരാനേ, നിന്നെ
അൻപൊടു പാപി ഞാൻ വന്ദിക്കുന്നേൻ
(ആത്മാനുതാപം)

ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറിനീങ്ങുന്നു ക്ഷണേ ക്ഷണേ
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള **ശോഭയും** സുഗന്ധവു-
മെത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനൊള്ളൊരഴുകുമൊക്കെപ്പോകും
(ആത്മാനുതാപം)

## 3. മൊഴികൾ

1. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും **അടക്കമെന്ന** പുണ്യം പാലിക്കുക (കത്തുകൾ).
2. **ചൊൽവിളി** (അനുസരണം) സന്യാസാന്തസ്സിനടുത്ത പുണ്യ മാണ് (കത്തുകൾ).

3. സന്യാസിയുടെ ഏകമായ അടയാളം... കണ്ണും കാതുമില്ലാത്ത **ചൊൽവിളിയത്രേ**. ഇതുള്ളവൻ സന്യാസി (കത്തുകൾ).

4. **'ചൊൽവിളി'** കാക്കുന്നവൻ ആരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ (ആശ്രമം) വച്ചുതന്നെ രസിക്കും (കത്തുകൾ).

5. **എളിമ**യുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും **കണ്ണാടി**കളായി നടക്കുവിൻ (കത്തുകൾ).

6. അരൂപിയാലേ, നിങ്ങളുടെ ഹൃദയത്തിൽ **കർത്താവിനെ വിരുന്നുവിളിക്കുവിൻ** (കത്തുകൾ).

7. എല്ലാ ക്ലേശങ്ങളിലും ദിനങ്ങളിലും **ദൈവതിരുമനസ്സിന്** നിന്നെത്തന്നെ കയ്യാളിക്കുക (കത്തുകൾ).

8. കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല, പിന്നെയോ അതിൽ പാർക്കുന്നവരുടെ എരിവും **പുണ്യവുമായിരിക്കുന്നു** (കത്തുകൾ).

9. ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നോടുകൂടെ എപ്പോഴും **സംസാരിപ്പിൻ** (കത്തുകൾ).

10. നിങ്ങൾ തമ്മിൽത്തമ്മിൽ **ഉപവിയായിരിപ്പിൻ. സ്നേഹമായിരിപ്പിൻ.** ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ **ക്ഷമിപ്പിൻ** (കത്തുകൾ).

11 ഭിക്ഷക്കാർ വെറുംകയ്യോടുകൂടി നിന്റെ വീട്ടിൽനിന്ന് പോകുവാൻ നീ അനുവദിക്കരുത്. പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും **ദാനധർമ്മം** ചെയ്യുവാൻ ശ്രമിക്കണം (കത്തുകൾ).

12. നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ **ദേവമാതാവിന്** എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ല എന്ന് ഇത് കടലാസ് എന്ന് കാണും വണ്ണം കണ്ടുറച്ചിരിക്കുന്നു (കത്തുകൾ).

13. തമ്പുരാനെയും തന്റെ തിരുമനസ്സിനെയും മാത്രം അന്വേഷിച്ചിരുന്നെങ്കിൽ കൂടെപ്പിറപ്പുകൾക്ക് എല്ലാ സ്ഥലത്തും സൗഖ്യവും

സന്തോഷവും കിട്ടിയേനെ. എന്നാൽ തമ്പുരാനെയല്ല, സ്വന്തം ഇഷ്ടവും സ്വന്തമനസ്സും അന്വേഷിക്കുന്നതിനാൽ ഒരിക്കലും സൗഖ്യവും സന്തോഷവും ആകുന്നില്ല (കത്തുകൾ).

14. ദൈവം നിങ്ങളുടെമേൽ വച്ചിരിക്കുന്ന സ്നേഹവും അനുഗ്രഹവും അറിഞ്ഞ് നന്ദിനിറഞ്ഞ മനസ്സോടുകൂടി തന്നെ സ്തുതിപ്പാൻ എത്രയോ കടക്കാരായിരിക്കുന്നുവെന്ന് ഓർത്തുകൊൾവിൻ (കത്തുകൾ).

15. നന്മ ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ ദൈവം ചേർക്കുകയില്ല (കത്തുകൾ).

16. പണം തമ്പുരാൻ തരും (കത്തുകൾ).

17. **മരണമെന്ന മഹാകടൽ** കടക്കാൻ തക്കവണ്ണം മാലു(വള്ളി)വായിരിക്കുന്ന ശുദ്ധ യൗസേപ്പ് പിതാവിന്റെ ഭക്തി എത്രയോ വലുതായിരിക്കും (കത്തുകൾ).

18. **രോഗികളെ ശുശ്രൂഷിക്കുന്ന പ്രവൃത്തിയിലത്രേ സർവ്വേശ്വരൻ പുണ്യവാന്മാരെയൊക്കെയും പുണ്യപ്പെട്ടവരാക്കിയത്.** ഇത് മനുഷ്യർക്ക് ഏറ്റം അറപ്പുള്ളതും വെറുപ്പുള്ളതും പ്രയാസമുള്ളതും ലോകത്തിന്റെ മുൻപിൽ ഹീനമായി പരിഗണിക്കുന്നതും ദൈവതിരുമുമ്പിൽ വലിയ ഫലമുള്ളതുമാകുന്നു (കത്തുകൾ).

19. കിട്ടുന്നനേരം ജ്ഞാനവായനയിൽ ചെലവഴിക്കണം. വായനയിൽ ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമാകും. ഏകാന്തതയിൽ സന്തോഷമാകുമ്പോൾ ആ **ആത്മാവിനെ ഏകാന്തതയിൽ**വച്ചു കാണുവാനായിട്ട് ഈശോമിശിഹാ എഴുന്നള്ളിവന്ന് **ആത്മാവിനോടു** സംസാരിച്ചുതുടങ്ങും (കത്തുകൾ).

20. കൂടപ്പിറപ്പുകളിൽ ചിലർ കുമ്പസാരം മുതലായ കൂദാശകൾ അപൂർവ്വമായി മാത്രം കൈക്കൊള്ളുന്നു (കത്തുകൾ).

21. ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നതെങ്ങനെ? വീട്ടിൽനിന്നാരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി? കൊവേന്തയിലെങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ല, ഇല്ല, നിശ്ചയം. അപ്പോഴോ **തിരുമനസ്സ് നടക്കും**, നടത്തും (ധ്യാനസല്ലാപങ്ങൾ).

22. **ധ്യാനമെന്നത്** സ്നേഹിതന്മാരോടൊന്നിച്ചുള്ള സംഭാഷണമെന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്നു സംസാരിക്കലാണ് (ധ്യാനസല്ലാപങ്ങൾ).

23. ധ്യാനമെന്നത് ദൈവത്തോടുള്ള സംസാരമാകുന്നുവെന്നുവരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരംപോലെ ആകുന്നു. സ്നേഹമുണ്ടെങ്കിൽ അയാളോട് സംസാരിക്കുവാൻ വകയുണ്ടാകും. ഈ സംസാരം ആരും പഠിപ്പിക്കേണ്ടതില്ല (ധ്യാനസല്ലാപങ്ങൾ).

24. കഴിഞ്ഞ ജീവിതകാലത്ത് നിന്നോട് സഹായം അപേക്ഷിക്കാൻ ഉപേക്ഷ വരുത്തിയതിനാൽ കുറ്റങ്ങളിലും കുറവുകളിലും ഞാൻ ഉൾപ്പെട്ടുപോയി (ധ്യാനസല്ലാപങ്ങൾ).

25. നല്ല ക്രിസ്ത്യാനി **കുടുംബം ആകാശമോക്ഷത്തിന്റെ** സാദൃശ്യമാകുന്നു (ചാവരുൾ).

26. വേലക്കാർക്ക് ന്യായമുള്ള **കൂലി** കൊടുക്കാതിരിക്കുകയോ വച്ചുതാമസിപ്പിക്കുകയോ അരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ മുമ്പിൽ നിലവിളിക്കുന്ന പാപം (ഗൗരവമായ പാപം) ആകുന്നു (ചാവരുൾ).

27. പാവപ്പെട്ടവരെ നിന്ദിക്കേണ്ട. അവരെ ബുദ്ധിമുട്ടിക്കുകയും വേണ്ട. എന്തുകൊണ്ടെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായി നിന്നോടു പകരം ചോദിക്കും (ചാവരുൾ).

28. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രഗ്രന്ഥങ്ങളും മക്കൾക്കു സമ്പാദിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങൾ കഴിവുപോലെ വാങ്ങിച്ചു ശേഖരിക്കുക (ചാവരുൾ).

29. **മക്കൾ** സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന **നിക്ഷേപമാകുന്നു.** തന്റെ തിരുരക്തംകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും **വിധിദിവസത്തിൽ തിരികെ ഏല്പിക്കുന്നതിനുമായി ഈശോമിശിഹാ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കളാകുന്നു അവർ** (ചാവരുൾ).

30. അതിധാരാളിത്വവും ലുബ്ധും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുക പോലെ കടന്നുപോകും (ചാവരുൾ).

31. കട്ടവസ്തു ഒരു നാഴികനേരത്തേക്കെങ്കിലും നിന്റെ വീട്ടിൽ വച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ട. കട്ടവസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാ തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു (ചാവരുൾ).

32. നമ്മുടെ പാവപ്പെട്ട സഭയെയും സഭാംഗങ്ങളായ നിങ്ങളെ എല്ലാവരെയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ (അന്തിമവചസ്സുകൾ).

33. തിരുഹൃദയത്തിൽനിന്ന് പ്രവാചകവചനംപോലെ ആയുസ്സിന്റെ വെള്ളത്തെ കോരിയെടുപ്പിൻ (അന്തിമവചസ്സുകൾ).

34. ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ, മറിയം, യൗസേപ്പ് എന്ന മഹാകുടുംബത്തെ എന്നെ ഓർപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ (കട്ടിലിന്റെ അരികിൽ ഇരുന്നിരുന്നതും എപ്പോഴും കാണത്തക്കവിധം തന്റെ മേശയിൽ വച്ചിരുന്നതുമായ തിരുക്കുടുംബരൂപത്തെ കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമോദീസായിൽ എനിക്കു കിട്ടിയ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ലെന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട് (അന്തിമവചസ്സുകൾ).

35. ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടെ സ്നേഹിക്കണം (അന്തിമവചസ്സുകൾ).

# 8

# ലാവണ്യമുള്ള കഥകൾ



കണ്ണുകൾകൊണ്ട് മേല്പോട്ടുനോക്കി
ദൈവത്തിന്റെ സൃഷ്ടികളുടെ
മഹിമ കണ്ടുകൊണ്ട്
അവിടുത്തെ അറിഞ്ഞ് ബഹുമാനിക്കുക

(ധ്യാനസല്ലാപങ്ങൾ)

# ചാവറപിതാവ് പറഞ്ഞ കഥകൾ

## 1. പിശാചിന്റെ ആലോചനക്കാരി

ഒരിക്കൽ ഒരു കിഴവി ഒരു വീട്ടിൽ വഴക്കുണ്ടാക്കുവാൻ പല കാരണങ്ങളുമുണ്ടാക്കിയതിനാൽ പിശാചു കാണപ്പെട്ട് പൊന്നുനിറഞ്ഞ ഒരു സഞ്ചി അവൾക്കു കൊടുത്തുകൊണ്ട്, ഞാൻ മൂന്നുവർഷക്കാലം പ്രയത്നിച്ചിട്ടു സാധിക്കാത്തത് നീ മൂന്നുദിവസംകൊണ്ടു സാധിച്ചു. ഇതിനാൽ നീ എന്റെ ആലോചനക്കാരി ആയിരിപ്പാൻ യോഗ്യതയുള്ളവളായിരിക്കുന്നു എന്നു പറഞ്ഞ് അവളെ പിടിച്ച് നരകത്തിൽ കൊണ്ടുപോകുകയും ചെയ്തു.

**വഴക്കുകൾക്കു കാരണം കൊടുക്കുന്നവർക്ക് ദുരിതം (ചാവരുൾ)**

## 2. ക്ഷമയുടെ അഴകും ശക്തിയും

കോൺസ്റ്റന്റൈൻ എന്ന മഹാചക്രവർത്തി ഒരിക്കൽ തന്റെ രാജസമൂഹത്തോടുകൂടി നടക്കുമ്പോൾ വഴിമദ്ധ്യേ ഒരുത്തൻ ആ ചക്രവർത്തിയുടെ ഒരു കന്നത്തിൽ (കരണത്തിൽ) അടിച്ചു. അപ്പോൾ അവരെല്ലാവരും പകരം വീട്ടാനും ആ ദുഷ്ടനെ കൊല്ലുവാനും രാജാവിനെ ഉപദേശിച്ചു. ഇതിനു മറുപടിയായി രാജാവ് പറഞ്ഞു: "എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്യാൻ കഴിയുന്നത് ഞാൻ ചെയ്യുന്നത് വലിയ കാര്യമോ? എന്നാൽ ഇതു ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റം വലിയ ശക്തിയുടെ അടയാളമാകുന്നു."

**നീരസങ്ങളെക്കുറിച്ച് പകരം വീഴ്ച ചെയ്യാൻ (പകരം വീട്ടാൻ) മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരമാക്കാതെ പൊറുക്കുന്നത് മഹാശക്തിയും വിവേകവും ആത്മസംയമനവുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു (ചാവരുൾ).**

## 3. ശിക്ഷ ക്ഷണിച്ചുവരുത്തുന്ന അഹന്ത

ഒരിക്കൽ ദാവീദുരാജാവ് തന്റെ ശക്തിയിലും മഹിമയിലും ഇഷ്ടപ്പെട്ടു തന്റെ കീഴിലുള്ള ആളുകളെ എണ്ണുവാൻ കല്പിച്ചു. ഇതിനാൽ ദൈവശിക്ഷയായി ഉടനെ പകരുന്ന വ്യാധിയുണ്ടായി (2 സാമുവേൽ 24).

ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ള ഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു (ചാവരുൾ).

## 4. വിളക്കിന്റെ വെട്ടം

തൽക്ഷണംകൊണ്ട് കത്തി വലിയ വെട്ടത്തെ കാട്ടി കെട്ടുപോകുന്ന ഒരു വൈക്കോൽ തുറുവിന്റെ തീയേക്കാൾ നിലനിൽക്കുന്നതായ വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്ക് ഏറ്റം നല്ലതാകുന്നു.

## 5. എളിയഭാവം

ഒരു ദിവസം ദമൊക്രെസ്തോസ് എന്ന കീർത്തികേട്ട ശാസ്ത്രിയോട് (പണ്ഡിതൻ) മനുഷ്യരിൽ ഏറ്റം പ്രമുഖൻ ആരെന്നു ചോദിച്ചതിന് ഉത്തരം പറഞ്ഞത് "ഏറ്റം കുറഞ്ഞ ഭാവം കാണിക്കുന്നവൻ" എന്നാണ്. ഒരു പണക്കാരൻ, വിരുന്നുകൾ കല്യാണങ്ങൾ മുതലായ ആഘോഷങ്ങൾ നടത്തിയതിനാൽ ദരിദ്രനായി ദുഃഖിച്ചിരിക്കയിൽ, ഒരു ശാസ്ത്രി (അറിവുള്ളവൻ) അവനെ കണ്ട് പറഞ്ഞതായത്, "സഹോദരാ, നീ പകൽ വിളക്കു കത്തിക്കാതിരുന്നുവെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു."

അധികം ആഘോഷവും ചെലവും ചെയ്യേണ്ടാ. അതെന്തെന്നാൽ എല്ലായ്പ്പോഴും അതിൻവണ്ണം ചെയ്യാൻ പാടുണ്ടാകുമോ എന്നറിഞ്ഞുകൂടാ (ചാവരുൾ).

## 6. ദൈവപേടിയും ക്രമവും നല്ലതിന്

ഫ്രാൻസ് രാജ്യത്തിൽ ഒരപ്പന് ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൻ തന്റെ മകനെക്കൊണ്ട് വലിയ തറവാട്ടുകാരിയായ ഒരു മാടമ്പിയുടെ മകളെ വിവാഹം കഴിപ്പിക്കാൻ ഏറെ പണിപ്പെട്ടു. ഒടുക്കം തറവാട്ടുവക വസ്തുക്കളൊക്കെയും മകനായിട്ടെഴുതിക്കൊടുക്കണം എന്നുള്ള ഉടമ്പടിയോടുകൂടെ ആഗ്രഹംപോലെ സാധിച്ച് കല്യാണം നടത്തുകയും ചെയ്തു. കുറേനാൾ കഴിഞ്ഞപ്പോൾ മണവാളനും മണവാട്ടിയും കാരണവന്മാരും ഇയാളുടെ അവസ്ഥക്കുറവിനെക്കുറിച്ച് രസക്കേടായി വീട്ടിൽനിന്ന് അയാളെ പുറത്താക്കി. അയാൾ തെണ്ടിനടന്ന്, മകന്റെ വീട്ടിൽ വിരുന്നുകളും അടിയന്തിരങ്ങളും കഴിക്കുമ്പോൾ വാതുക്കൽ ചെന്ന് മിച്ചംവരുന്നവ യാചിക്കേണ്ടിവരികയും ചെയ്തു.

**ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം അരുത്. എന്തെന്നാൽ ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുന്നത് പണക്കാരായ ബന്ധുക്കളാലല്ല, പിന്നെയോ ക്രമവും ദൈവപേടിയും ഉള്ള ബന്ധുക്കളാലത്രേ (ചാവരുൾ).**

## 7. കുറ്റംപറച്ചിലും അതിനുള്ള ശിക്ഷയും

ഒരാൾ ശീലമെന്നപോലെ എന്നും മറ്റുള്ളവരുടെ കുറ്റം പറയുകയും ഓരോരുത്തരുടെയും കുറവുകൾ പറയുകയും ചെയ്തിരുന്നു. അവൻ ഭ്രാന്തുപിടിച്ചു ചുറ്റിത്തിരിഞ്ഞു നടന്നുനടന്ന് തന്നെത്താൻ പല്ലുകൊണ്ട് നാവു കടിച്ചുതിന്നുകയും മുഴുവൻ ചീഞ്ഞ് പുഴുക്കൾ നിറഞ്ഞു നിർഭാഗ്യനായി മരിക്കയും ചെയ്തു.

മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീട്ടിന്മേൽ വരികയും ചെയ്യും (ചാവരുൾ).

## 8. സ്വത്തുസമ്പാദനത്തിലെ സുതാര്യത

രണ്ടു കച്ചവടക്കാർ ഉണ്ടായിരുന്നു. ഇവർ പലപല കൗശലങ്ങളും സൂത്രങ്ങളും പ്രയോഗിച്ചിട്ടും കച്ചവടം ലാഭകരമായില്ല. ഒരുദിവസം രണ്ടുപേരും പാപസങ്കീർത്തനം (കുമ്പസാരം) നടത്താൻ ചെന്നു; ഈ കാര്യം കുമ്പസാരക്കാരനെ ബോധിപ്പിച്ചു. വൈദികൻ അവരെ ഉപദേശിച്ചു: ഇനി നിങ്ങൾ ഒരു സൂത്രവും ചെയ്യേണ്ട. ഒരു നുണയും പറയേണ്ട.

അവർ അപ്രകാരം ചെയ്തപ്പോൾ ഒരു വർഷംകൊണ്ട് ദൈവസഹായത്താൽ വലിയ പണക്കാരായിത്തീരുകയും ചെയ്തു.

**സൂത്രംകൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട സമ്പത്ത് മഞ്ഞുപോലെ വേഗമലിഞ്ഞുപോകും** (ചാവരുൾ).

## 9. പരോപകാരമേ പുണ്യം

മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസംതോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുകൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്ന് ആർക്കും ഉപകാരം

ചെയ്തില്ലെന്ന് ഓർത്തു എഴുന്നേറ്റു. ആയത് ചെയ്തതിനുശേഷമേ അത്താഴം കഴിച്ചൊള്ളൂ.

അന്യന്മാർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല (ചാവരുൾ).

## 10. ലോകം മുഴുവൻ നേടിയാലും...

ഒരു ദിക്കിൽ അന്യവസ്തുക്കൾ അന്യായമായി അപഹരിച്ച് പണക്കാരനായിത്തീർന്ന ഒരു വീട്ടുകാരനുണ്ടായിരുന്നു. അയാൾ അസുഖം പിടിച്ച് മരിക്കാറായപ്പോൾ വസ്തു ഭാഗം ചെയ്‌വാൻവേണ്ടി എന്ന പോലെ രായസക്കാരനെ വിളിച്ചുവരുത്തി. ഇപ്രകാരം എഴുതുവാൻ പറഞ്ഞു:

"എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു." ഇതു കേട്ടപ്പോൾ മക്കൾ "അപ്പാ! അപ്പാ! എന്താണ് പറയുന്നത്? അപ്പൻ ബോധക്കേട് പറയുന്നോ?" എന്നു ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു, "ഇല്ലാ ഇല്ലാ മക്കളേ, എനിക്ക് നല്ല ബോധമുണ്ട്. ഞാൻ പറയുന്നതു എഴുതട്ടെ, എന്റെ ആത്മാവിനെയും അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മാവിനെയും പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളെയും ഞാൻ പിശാചിനു ഏല്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കുവേണ്ടിയാണ് മറ്റുള്ളവരുടെ വസ്തുക്കൾ അപഹരിച്ചത്" എന്നു പറഞ്ഞു നിർഭാഗ്യവാനായി അന്ത്യശ്വാസം വലിച്ചു.

**കട്ടവസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാ തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു (ചാവരുൾ).**

## 11. പീഡിതരുടെ കണ്ണുനീരിന്റെ ശക്തി

ലോവൈൻ എന്ന നഗരത്തിൽ സംഭവിച്ച ഒരു വാർത്ത. ഈ നഗരിയിൽ ഒരു വീട്ടുകാരൻ ഉണ്ടായിരുന്നു. ഈ ആളുടെ വകയായ ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ മൂന്നുനാലു കുഞ്ഞുങ്ങളും പാർത്തിരുന്നു. ഇയാൾ പലവിധത്തിൽ അവരെ നിന്ദിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം ഉപദ്രവം സഹിക്കവയ്യാതെ ദരിദ്രയായ ഈ സ്ത്രീ മുട്ടുകുത്തി, കർത്താവേ! ഈ സങ്കടത്തിൽനിന്നും അന്യായത്തിൽനിന്നും എന്നെ രക്ഷിക്കണമേ

എന്ന് അപേക്ഷിച്ചു. തൽക്ഷണം ആ പണക്കാരൻ നിന്നനിലയിൽ സ്തംഭിച്ചുവീണ് മരിച്ചുപോകുകയും ചെയ്തു.

**വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ വച്ചു താമസിപ്പിക്കുകയോ അരുത്. ഇത് ദൈവസന്നിധിയിൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടരെ നിന്ദിക്കേണ്ട, അവരെ ബുദ്ധിമുട്ടിക്കയും വേണ്ട, എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായി നിന്നോടു പകരം ചോദിക്കും (ചാവരുൾ).**

## 12. അടക്കമൊതുക്കമെന്ന പുണ്യം

ഫ്രാൻസ് രാജ്യത്തിൽ വിരക്തനായി ജീവിച്ചുവന്ന ഒരു പൈതൽ (കുട്ടി) തന്നെത്താൻ ആയിരിക്കുമ്പോൾപോലും ദേഹം മുഴുവനും കൈകൾപോലും മറച്ചുകൊണ്ടു നടന്നിരുന്നുള്ളൂ. ഈ കുട്ടി ഒരിക്കൽ നരകത്തിൽ ഉടുപ്പുകൂടാതെ കിടക്കേണ്ടിവരും എന്നു കേട്ടപ്പോൾ വളരെ ഭയപ്പെട്ടു കരഞ്ഞു. അതായത് ഈ കുട്ടി അടക്കത്തെ എത്ര വിലമതിച്ചു എന്നു ശ്രദ്ധിപ്പിൻ.

**ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം അഭ്യസിക്കുക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു (ചാവരുൾ).**

## 13. നിന്നിഷ്ടം എന്നിഷ്ടം

ഒരു ഭക്തൻ പറഞ്ഞത്, ഈ ലോകത്തിൽ എല്ലാം എന്റെ മനസ്സുപോലെ (ഇഷ്ടംപോലെ) നടക്കുന്നു. എന്തെന്നാൽ ദൈവം തിരുമനസ്സാകുന്നതൊക്കെയും ഞാനും മനസ്സാകുന്നു.

**എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവതിരുമനസ്സിനു നിന്നെത്തന്നെ സമർപ്പിക്കുക (ചാവരുൾ).**

## 14. വേദനയുടെ വില

അബ്രോസീസ് പുണ്യവാൻ ഒരിക്കൽ ഒരു വീട്ടിൽ ചെന്നപ്പോൾ ആ വീട്ടിൽ ഇതുവരെ രോഗവും ദുഃഖവും സങ്കടവും ഉണ്ടായിട്ടില്ലെന്നു കേട്ടപ്പോൾ പറഞ്ഞത്: നമുക്ക് ഈ വീട്ടിൽനിന്ന് ഉടനെ ഇറങ്ങാം.

എന്തെന്നാൽ ഈ വീട്ടിൽ താമസിയാതെ ദൈവശിക്ഷയുണ്ടാകും. വിശുദ്ധൻ അവിടെനിന്ന് ഇറങ്ങിയ ഉടൻ ആ വീട് ഇടിഞ്ഞുപൊളിഞ്ഞുവീഴുകയും ചെയ്തു. എന്തെന്നാൽ ശിക്ഷ ഇഷ്ടത്തിന്റെ അടയാളമാകുന്നു.

(താൻ സ്നേഹിക്കുന്നവരെ അവിടുന്ന് ശിക്ഷിക്കുന്നു. സുഖപ്പെടുത്തുവാൻവേണ്ടി മുറിപ്പെടുത്തുന്നു.)

## 15. പുസ്തകം നല്ല നിക്ഷേപം

ഒരു ഭിക്ഷക്കാരൻ വായന അറിഞ്ഞുകൂടാത്തവൻ ആയിരുന്നു; എങ്കിലും യാചിച്ചു കിട്ടിയ പണംകൊണ്ട് പുസ്തകം വായിപ്പിച്ചുകേട്ട്, അതിനൊത്തവണ്ണം നടക്കുകയും പുണ്യത്തിന്റെ മാതൃക മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തുവന്നു.

**മോശം പുസ്തകങ്ങൾ വീട്ടിൽ വച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതിനു തുല്യമാണ്. ഭക്തിയുണർത്തുന്ന നല്ല പുസ്തകങ്ങളും തത്വശാസ്ത്രപുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു (ചാവരുൾ).**

## 16. അമ്മയുടെ അമൂല്യമായ മൂല്യം

ജപ്പാൻ എന്ന രാജ്യത്ത് ഒരു അമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദാരിദ്ര്യത്തിലാണ് കഴിഞ്ഞിരുന്നത്. അതിനാൽ അവർക്ക് അവരുടെ അമ്മയെ വേണ്ടവിധം സംരക്ഷിക്കുവാൻ നിവൃത്തിയില്ലായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ തൂക്കിക്കൊല്ലണം എന്നും കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്ക് വലിയ തുക കൊടുക്കണം എന്നും നിയമം ഉണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ഈ മക്കൾ അമ്മയ്ക്ക് ചെലവിനു കൊടുക്കാൻ പണമുണ്ടാക്കുന്നതിനുവേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളനെന്നു ഭാവിക്കുകയും മറ്റു രണ്ടുപേരുംകൂടി അവനെ സർക്കാരിൽ ഏല്പിക്കുകയും പണം വാങ്ങുകയും ചെയ്തു. പിന്നെ ഇരുവരും കൂടെ കള്ളന്റെ അടുക്കൽ ചെന്ന് യാത്ര പറയുകയും ധൈര്യമായി അമ്മയ്ക്കുവേണ്ടി മരണശിക്ഷ ഏൽക്കണമെന്ന് അവനോട് ഉപദേശിക്കുന്നതും അധികാരി കണ്ടപ്പോൾ ഈ കള്ളന്റെ നേരെ ഇവർക്ക് ഇത്ര വലിയ ദയയുണ്ടാകുന്നതിനുള്ള കാരണമെന്തെന്ന് അന്വേഷിച്ചു. അമ്മയോടുള്ള സ്നേഹത്താൽ സഹോദരന്മാർ

കൂടിയാലോചിച്ച് അവരിലൊരുവൻ മരിക്കാൻ നിശ്ചയിച്ചതാണെന്ന സത്യം രാജാവ് അറിഞ്ഞപ്പോൾ അവരെ വിട്ടയച്ചതുകൂടാതെ അവരുടെ അമ്മ മരിക്കുന്നതുവരെ അവർക്കു രാജാവ് അടിത്തൂൺ കൊടുക്കാൻ കല്പിക്കുകയും ചെയ്തു. മക്കളേ! ഈ സംഭവം നിങ്ങൾ എപ്പോഴും ഓർത്തുകൊൾവിൻ.

**മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവകല്പനയിൽത്തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. ഈ കല്പന ലംഘിക്കുന്നവർക്കു പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽക്കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊൾവിൻ (ചാവരുൾ).**

## 17. ശുദ്ധീകരണാത്മാക്കൾ

ഒരു രോഗിക്ക് അന്ത്യകൂദാശ കൊടുക്കുവാൻ ഒരു വൈദികൻ പോകുമ്പോൾ യാത്രയ്ക്കിടയിൽ ആരുടെയോ സംസാരം അദ്ദേഹം കേട്ടു:

“ജീവിച്ചിരിക്കെ പ്രാർത്ഥനയിലൂടെ നമുക്ക് കുറെ സഹായം ചെയ്തുതന്ന ഇയാൾ മരിക്കുന്നതിനുമുമ്പ് നമുക്ക് അവിടെയെത്തണം. നല്ല മരണത്തിനു വേണ്ട സഹായം ചെയ്തുകൊടുക്കണം.”

ആരാണ് ഈ സംസാരിക്കുന്നതെന്നറിയാൻ വൈദികൻ ചുറ്റും നോക്കി. ആരെയും കണ്ടില്ല. വൈദികൻ രോഗിക്ക് രോഗീലേപനം നൽകി. ശ്രദ്ധിച്ചപ്പോൾ തൊട്ടടുത്തായി വെള്ളവസ്ത്രം ധരിച്ച കുറേപ്പേർ നിൽക്കുന്നതായി കണ്ടു. അത് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളായിരുന്നു. അവർ നല്ല മരണത്തിന് തങ്ങളുടെ പ്രിയപ്പെട്ടവനെ സഹായിക്കാനെത്തിയവരായിരുന്നു.

കുറച്ചകലെ വേറെ കുറേപ്പേർ കറുത്ത ഉടുപ്പിട്ട് നിൽക്കുന്നതും വൈദികൻ കണ്ടു. അവരുടെ മുഖത്ത് നിരാശ നിറഞ്ഞിരുന്നു. കോപിഷ്ടരായി കാണപ്പെട്ട അവർ നരകപ്പിശാചുക്കളായിരുന്നു.

(ശുദ്ധീകരണസ്ഥലത്ത് പാടുപീഡയനുഭവിക്കുന്ന ആത്മാക്കൾക്കു വേണ്ടി എല്ലാ ദിവസവും പ്രാർത്ഥിക്കണമെന്ന് കഥാസാരം.)

## 18. നാലു സുഹൃത്തുക്കളുടെ കഥ

ഒരു മനുഷ്യനെ രാജാവ് വധശിക്ഷയ്ക്ക് വിധിച്ചു. അയാൾ ഇങ്ങനെ വിചാരിച്ചു: എനിക്ക് ആത്മാർത്ഥ സുഹൃത്തുക്കളായി മൂന്നു പേർ ഉണ്ടല്ലോ. അവർ തീർച്ചയായും എന്നെ ഈ അവസ്ഥയിൽ സഹായിക്കും. അപേക്ഷയുമായി ആദ്യ സുഹൃത്തിന്റെ അടുത്തുചെന്നു. അയാൾ കണ്ടഭാവം കാട്ടിയില്ല. രണ്ടാമത്തെ സുഹൃത്തിനെ സമീപിച്ചു. അയാൾ നിസ്സഹായനായി പറഞ്ഞു: "ഞാൻ നിസ്സഹായനാണ്. ഒന്നും ചെയ്യുവാൻ ആവില്ല." അയാൾ മൂന്നാമത്തെ സുഹൃത്തിന്റെ അടുത്തു ചെന്നു, അയാൾ പറഞ്ഞു: "എന്നോടു ക്ഷമിക്കണം, മരിക്കുമ്പോഴും മരണശേഷവും ഞാൻ നിന്നോടൊപ്പമുണ്ടാകും. എന്നാൽ ജീവൻ തിരികെത്തരാൻ എനിക്കു കഴിവില്ല." അയാളും ഉപേക്ഷിച്ചു.

അപ്പോൾ നാലാമതൊരാൾ അവിടെയെത്തി. .കണ്ടു പരിചയമില്ലാതിരുന്ന അയാൾ പറഞ്ഞു: "നിന്റെ ദുഃഖങ്ങൾ ഞാൻ മാറ്റിത്തരാം. മരണത്തെപ്പോലും മാറ്റാൻ എനിക്കു കഴിയും." ഈ നാലു സുഹൃത്തുക്കൾ ആരായിരുന്നു?

ഒന്നാമത്തെ സ്നേഹിതൻ ലോകമാണ്. രണ്ടാമത്തെ സ്നേഹിതൻ സ്വന്ത ജനങ്ങളാണ്. മൂന്നാമത്തെ മിത്രം ശരീരമാണ്. നല്ല മനസ്സോടെ സഹായിക്കാൻ സന്നദ്ധനായവൻ ആരാണ്? അത് നമ്മുടെ പുണ്യപ്രവൃത്തികളാണ്. നാം ചെയ്യുന്ന പുണ്യകർമ്മങ്ങൾ അതൊന്നു മാത്രം അവസാനം ദൈവസന്നിധിയിൽ നമുക്ക് ഗുണകരമാകും.

(കഥാസാരം: സുകൃതങ്ങൾ നല്ല സുഹൃത്തുക്കൾ. സുകൃതങ്ങളെ സുഹൃത്തുക്കളാക്കുക)

## 19. ചാവറപിതാവ് പറഞ്ഞ അസ്സീസിയിലെ ഫ്രാൻസീസിന്റെ കഥ

യുവാവായ ഫ്രാൻസീസ് കുതിരപ്പുറത്തു പോകുമ്പോൾ വഴിയിൽ ഒരു കുഷ്ഠരോഗിയെ കണ്ടു. ഫ്രാൻസീസ് കുതിരപ്പുറത്തുനിന്നിറങ്ങി പണം കൊടുക്കാൻ ശ്രമിച്ചു. അപ്പോൾ കുഷ്ഠരോഗി പറഞ്ഞു: "എനിക്ക് പണം വേണ്ട."

ഫ്രാൻസീസ്: "പിന്നെ എന്ത് വേണം?"

കുഷ്ഠരോഗി: "എന്റെ മുറിവുകൾ വല്ലാതെ വേദനിക്കുന്നു. അവയെ അല്പനേരത്തേയ്ക്ക് നക്കിത്തുടയ്ക്കുമെങ്കിൽ എനിക്കു വലിയ ആശ്വാസം ലഭിച്ചേനെ."

ഇതുകേട്ട് ഫ്രാൻസീസ് ആദ്യമൊന്ന് അമാന്തിച്ചു. തുടർന്ന് ധൈര്യത്തോടെ ആ കുഷ്ഠരോഗിയുടെ മുറിവുകളെ സ്വന്തം നാവുകൊണ്ട് നക്കിത്തുടയ്ക്കുവാൻ മുന്നോട്ടാഞ്ഞു. ഒരു മിന്നൽപ്പോലെ ആ കുഷ്ഠരോഗി അപ്രത്യക്ഷനായി. ഈ സംഭവം ഫ്രാൻസീസിന്റെ ജീവിതം മാറ്റി മറിച്ചു. ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ചു. വലിയ വിശുദ്ധനായി ഫ്രാൻസീസ് ലോകം മുഴുവൻ അറിയപ്പെടുന്നു. വണങ്ങപ്പെടുന്നു.

**ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു (മത്തായി 25:36).**

## 20. ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുള്ള ഒരു യുവവൈദികന്റെ കഥ

മാന്നാനം കൊവേന്തയിൽ കുറച്ചുകാലം മാത്രം ജീവിച്ച് അവിടെ ആദ്യമായി മരിച്ചടക്കപ്പെട്ട നമ്മുടെയെല്ലാം കൂടെപ്പിറപ്പായിരുന്ന വൈദികനായിരുന്നു വല്യാറ ചാക്കോ. അദ്ദേഹം വലിയ ഒരു പുണ്യവാനാണോ അല്ലയോ എന്നൊന്നുമല്ല ഞാൻ പറയുന്നത്, അത് ദൈവം തീരുമാനിക്കട്ടെ. അദ്ദേഹത്തിന്റെ ജീവിതത്തിൽ വന്ന ഒരു പരിവർത്തനം അദ്ദേഹത്തെ വലിയ ഒരു ധ്യാനഗുരുവാക്കി. അദ്ദേഹം വഴി അനേകർക്കു ആത്മരക്ഷ ഉണ്ടായിട്ടുണ്ട്.

വല്യാറ ചാക്കോ എന്ന ആ കൊച്ചച്ചന് എപ്പോഴാണ് ഈ മാറ്റം ഉണ്ടായതെന്ന് നിങ്ങളിൽ പലർക്കും അറിവുണ്ടായിരിക്കുകയില്ല. എന്നാൽ ആ മാറ്റത്തെക്കുറിച്ച് എനിക്കു ചില കാര്യങ്ങൾ അറിയാം. ചെറുപ്പംമുതലേ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. പുത്തൻ കുർബ്ബാന ചൊല്ലിയതിനുശേഷവും അദ്ദേഹത്തിനു ധാരാളം പോരായ്മകളും കുറവുകളും ഉണ്ടായിരുന്നു. ഞാൻതന്നെ പലപ്പോഴും അദ്ദേഹത്തെ കുറ്റപ്പെടുത്തിയിരുന്നു.

ആയിടയ്ക്ക് മാന്നാനം കൊവേന്തയിൽ കോയിൽമുക്കുകാരൻ ഗീവർഗീസ് എന്നൊരാളുണ്ടായിരുന്നു. അർശസ്സുരോഗി. ഒരു ദിവസം രോഗം വല്ലാതെ വർദ്ധിച്ചു. ആർക്കും അടുത്തുചെല്ലാനാവാത്തവിധം ദുർഗന്ധം. നെൽപ്പുരയിലാണ് അയാൾ കിടന്നിരുന്നത്. ഗീവർഗീസ് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു. ഇതുകണ്ട നമ്മുടെ വല്യാറ ചാക്കോച്ചൻ ആ രോഗിയെ നല്ലവണ്ണം ശുശ്രൂഷിച്ചു. അങ്ങനെ നല്ല

പരിചരണമേറ്റ് ആ സാധു മനുഷ്യൻ കൂദാശകളെല്ലാം സ്വീകരിച്ച് മരിച്ചു. ആ പാവത്തിന്റെ മരണം കഴിഞ്ഞയുടൻതന്നെ നമ്മുടെ ചാക്കോ അച്ചനു അസുഖം പിടിപെട്ടു. ഛർദ്ദികൊണ്ടു കഞ്ഞികുടിക്കാൻപോലും വയ്യാതായി. അതുകൊണ്ടു അരിവറുത്തുപൊടിച്ച് കഞ്ഞിവച്ചു കൊടുത്തിരുന്നു. അങ്ങനെ മൂന്നുനാലുദിവസം കഴിഞ്ഞാണ് അദ്ദേഹത്തിന്റെ സുഖക്കേടുവിവരം ഞാൻ അറിയുന്നത്. ഏതായാലും ദൈവസഹായത്താൽ അദ്ദേഹം രോഗമുക്തനായി.

മേല്പ്പറഞ്ഞ സംഭവത്തിനുശേഷമാണ് നമ്മുടെ വല്യാറ അച്ചന് ജീവിതത്തിൽ വലിയ മാറ്റമുണ്ടായത്. പിന്നീട് അനേകം പള്ളികളിൽ അദ്ദേഹത്തെ ഞാൻ അയച്ചിട്ടുണ്ട്. അതിനുശേഷം ഒരിക്കൽപ്പോലും അദ്ദേഹത്തെ കുറ്റപ്പെടുത്തേണ്ടതായി എനിക്കു വന്നിട്ടില്ല. **ദീനമുള്ളവരെ സഹായിക്കുന്നതും ശുശ്രൂഷിക്കുന്നതും നമ്മുടെ കർത്താവിന് പ്രിയങ്കരമായ കാര്യമാണ്.**

# ചാവറപിതാവിനെപ്പറ്റി പറയപ്പെടുന്ന കഥകൾ

## 1. കൂനമ്മാവിലെ ചാവറപിതാവിന്റെ മുറിയിലെ ലിഖിതം

1836-ൽ ശിലാസ്ഥാപനം നടത്തിയ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദൈവാലയത്തെ സംബന്ധിച്ചുള്ള വിവരം.

ലത്തീൻ റീത്തിൽപ്പെട്ട കർമ്മലീത്താ മൂന്നാം സഭക്കാർക്കു വേണ്ടിയുള്ള ആശ്രമം ആരംഭിച്ചത് 1857-ൽ ആണ്. 1864 ജനുവരി മാസത്തിൽ കുറിയാക്കോസച്ചൻ ഈ ആശ്രമത്തിലേക്ക് നിയോഗിക്കപ്പെട്ടു. നിസ്തുലമായ തന്റെ സേവനം ചെയ്ത് ഏഴുവർഷം ഈ മുറിയിൽ താമസിച്ചു. 1871 ജനുവരി 3-ന് സമാധിയടഞ്ഞു. പിറ്റേദിവസം ഈ പള്ളിയിൽ അൾത്താരയ്ക്കുമുന്നിലായി അടക്കംചെയ്തു.

വർഷങ്ങൾക്കുശേഷം 1949-ൽ ഈ ആശ്രമമുറികൾ പഴക്കംമൂലം പൊളിച്ചുകളയുവാൻ അന്നത്തെ വരാപ്പുഴ ആർച്ച് ബിഷപ്പ് കല്പന ഇട്ടു. അന്തിക്കാട്ട് തൊമ്മി കുഞ്ഞാപ്പു എന്നൊരാൾ കരാറെടുത്തു കെട്ടിടം പൊളിക്കുവാൻ ആരംഭിച്ചു. കുറിയാക്കോസച്ചൻ താമസിച്ചിരുന്ന ഈ മുറി പൊളിക്കുവാൻ ആരംഭിച്ചു. കുറിയാക്കോസച്ചൻ താമസിച്ചിരുന്ന ഈ മുറി രണ്ടുമൂന്നുപ്രാവശ്യം പൊളിക്കാൻ ശ്രമിച്ചിട്ടും വിവിധ തടസ്സങ്ങളാൽ പിന്തിരിയേണ്ടിവന്നു.

ആ രാത്രി അന്നത്തെ വികാരിയച്ചന് കുറിയാക്കോസ് അച്ചൻ താമസിച്ചിരുന്ന മുറി പൊളിക്കേണ്ട എന്ന സ്വപ്നദർശനമുണ്ടായി. മെത്രാപ്പോലീത്തായോട് ആലോചിച്ച് ചെയ്യാമെന്നുറച്ചിരിക്കുമ്പോൾ ആകസ്മികമായി അദ്ദേഹത്തിന്റെ കല്പന ഒരു ദൂതൻ വഴിയെത്തി. ചാവറയച്ചൻ വൈദികനായിരുന്നപ്പോഴുള്ള അദ്ദേഹത്തിന്റെ മുറി പൊളിച്ചുകളയരുത് എന്ന്.

ഈ സംഭവത്തെപ്പറ്റി കരാറെടുത്തിരുന്ന തൊമ്മി കുഞ്ഞാപ്പു തന്റെ സഹോദരപുത്രനും മാസങ്ങളോളം വലതുകാലിന്റെ അകത്തുടയിൽ നീരുവന്ന് പഴുത്ത് അസാമാന്യമായ വേദനയാൽ കട്ടിലിൽത്തന്നെ കഴിഞ്ഞിരുന്നവനുമായ ജോസഫ് റോക്കിയോട് പറഞ്ഞു. ഇരുവരുംകൂടെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. അത്യത്ഭുതകരമായി അന്ന് റോക്കി രോഗവിമുക്തനായി. റോക്കി ഈ മുറിയിൽ വന്ന് കുറിയാക്കോസച്ചന്റെ മദ്ധ്യസ്ഥതയിലുണ്ടായ ഈ ദൈവികദാനത്തിന് നന്ദി പ്രകാശിപ്പിച്ചു. അങ്ങനെ ഈ മുറി സംരക്ഷിക്കുവാൻ തീരുമാനിച്ചു. മൂന്നു നിലയിലായിരുന്ന ഈ വൈദികമന്ദിരത്തിന്റെ ഈ ഭാഗം സുരക്ഷിതത്വകാരണങ്ങളാൽ ഇരുനില ആക്കിയതാണ്. മുൻവശത്തുള്ള പടികൾ പിന്നീടു പണിതുതീർത്തതാണ്.

## 2. മുടിക്കഥ

ഒരു ദിവസം പ്രിയോരച്ചൻ (ചാവറയച്ചൻ) മുടിവെട്ടിക്കൊണ്ടിരുന്നപ്പോൾ ശിഷ്യനായ മുട്ടത്തുപാടത്തു വർക്കിയച്ചൻ "തിരുശേഷിപ്പായി വണങ്ങുന്നതിനു ദൈവം അനുവദിക്കുന്ന കാലത്ത് ഉണ്ടായിരിപ്പാൻവേണ്ടി, ഞാൻ ഇതു സൂക്ഷിക്കുന്നു," എന്നു പറഞ്ഞ് ഏതാനും മുടിച്ചുരുളുകൾ ഒരു ചെപ്പിനുള്ളിലാക്കി ഭദ്രമായി സൂക്ഷിച്ചു. ചാവറയച്ചന്റെ മരണശേഷം ആദ്യത്തെ വാർഷികത്തിൽ ദിവ്യബലി അർപ്പിച്ച ശേഷം ഈ തിരുശേഷിപ്പ് എല്ലാവരെയും കാണിച്ചു. ഇതുവഴി നിരവധി അനുഗ്രഹങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. വർക്കിയച്ചൻ മരണശയ്യയിലായി. അപ്പോൾ തന്റെ സഹോദരപുത്രനായ മുട്ടത്തുപാടത്ത് ഔസേപ്പച്ചന് ഈ അമൂല്യനിധി ഏല്പിച്ചശേഷം പറഞ്ഞു: "എനിക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനമാണിത്." ഔസേപ്പച്ചൻ ഏറെ സന്തോഷത്തോടെ അതേറ്റുവാങ്ങി തന്റെ ആശ്രമത്തിൽ അതു സൂക്ഷിച്ചു.

മുട്ടത്തുപാടത്തു കുടുംബാംഗമായിരുന്ന അൽഫോൻസാമ്മ നൊവിഷ്യേറ്റുകാലത്ത് രോഗശയ്യയിലായി. ഔസേപ്പച്ചൻ ചാവറയച്ചന്റെ തലമുടിവച്ചിരിക്കുന്ന ചിമിഴുമായി അവിടെയെത്തി. തലയിണക്കീഴിൽവച്ച് പ്രാർത്ഥിക്കാൻ പറഞ്ഞു. രോഗം പെട്ടെന്ന് മാറി. 1937-ൽ ഇത് മാന്നാനം ആശ്രമദേവാലയത്തിലേക്ക് കൈമാറി. ഒരു പൂജ്യവസ്തുവായി ഇന്നും ഇത് മാന്നാനത്ത് വണങ്ങപ്പെടുന്നു.

### 3. മിഴിനീർ വിശുദ്ധി

ഏറെക്കാലം ചാവറപ്പിതാവിന്റെ സഹചാരിയായിരുന്ന ബഹു. കനി. മൂ. സ. ലൂയിസച്ചൻ എഴുതിയിരിക്കുന്നു: വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂർ ആയിരുന്നല്ലോ. ആ സമയം മുഴുവൻ ചാവറപിതാവ് കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽത്തന്നെ നിന്നിരുന്നു. സമയമാകുമ്പോൾ സമീപത്ത് നിൽക്കുന്നവർ അദ്ദേഹത്തെ വിളിച്ചറിയിക്കും. അപ്പോൾ ജപംചൊല്ലി അവസാനിപ്പിക്കും. കണ്ണീർ ഒഴുക്കിക്കൊണ്ടാണു അദ്ദേഹം മുറിയിലേയ്ക്ക് പോയിരുന്നത്.

### 4. പ്ലാശനാലിലെ കരിങ്കോളിപ്പാമ്പ്!

മാന്നാനം ആശ്രമത്തിനുവേണ്ട തടിശേഖരിക്കാൻ വേണ്ടി ഭരണങ്ങാനം അടുത്തുള്ള പ്ലാശനാൽ ഭാഗത്തേയ്ക്ക് ചാവറയച്ചൻ ഒരു സഹായിയോടുകൂടി പോയി. അവിടെ ഒരു അപകടകാരിയായ കരിങ്കോളിപ്പാമ്പ് ഉണ്ടായിരുന്നു. ചാവറയച്ചൻ ആ വഴിക്കാണ് പോയത് എന്നറിഞ്ഞ നാട്ടുകാർ പുറകെ എത്തി. അവിടെ കണ്ട കാഴ്ച അവരെ അമ്പരപ്പിച്ചു. ഇടവഴി! ഇരുവശത്തും കന്മതിൽ. പത്തിവിരിച്ചു നിൽക്കുന്ന വിഷസർപ്പത്തിന്റെ ഏതാനും വാര മുമ്പിലായി ചാവറയച്ചൻ മുട്ടുകുത്തി കൈവിരിച്ച് നിന്നു പ്രാർത്ഥിക്കുന്നു. പിന്നിൽ പേടിച്ചു വിളറിനിൽക്കുന്ന സഹായി! ഏറെനേരം ആ നില തുടർന്നു. തുടർന്ന് പാമ്പിനെ നാട്ടുകാർ വെടിവച്ചു കൊന്നു.

### 5. ചാവറയച്ചന്റെ പ്രവചനകഥ

മുൻകൂട്ടി ചാവറയച്ചൻ പറഞ്ഞ കാര്യങ്ങളെല്ലാം അതുപോലെ തന്നെ സംഭവിക്കുകയും ചെയ്തിട്ടുള്ളതായാണ് ചരിത്രവും കഥകളും

ചേന്ദൻകരിയിൽ പടവുപുരയ്ക്കൽ കുരുവിള 12-ാമത്തെ വയസ്സിലാണ് മാന്നാനത്ത് സെമിനാരിയിൽ വന്നുചേർന്നത്. ചാവറയച്ചൻ പറഞ്ഞു: "ഇവൻ ശീശ്മയുടെ വിത്താണ്. പിന്നീടതു വെളിപ്പെടും."

പ്രവചനം അപ്പടി സംഭവിച്ചു. പിൽക്കാലത്ത്, കത്തോലിക്കാസഭയുമായി തെറ്റിപ്പിരിഞ്ഞ് 'കുരുവിളവേദം' എന്നൊരു സഭ അദ്ദേഹം സ്ഥാപിച്ചു.

ചാവറയച്ചൻ രോഗാവസ്ഥയിൽ കിടന്നപ്പോൾ അരണാട്ടുകര ചിറമേൽ തരകൻ കാണാൻ എത്തി. അദ്ദേഹം യാത്രപറഞ്ഞു പിരിയുമ്പോൾ ഈ മാസം ഇന്നദിവസം വീണ്ടും വൈദ്യൻ വരണമെന്നും തനിക്ക് ആവശ്യമുണ്ടെന്നും ചാവറയച്ചൻ പറഞ്ഞു. അതും പറഞ്ഞതുപോലെ നടന്നു. അപ്പോൾ ചാവറപിതാവ് അന്ത്യശ്വാസം വലിക്കുന്ന സമയമായിരുന്നു.

### 6. സെമിത്തേരിയിൽ പ്രാർത്ഥിച്ചിരുന്ന ചാവറയച്ചൻ

പാലാക്കുന്നേൽ ബഹു. ചാക്കോച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത്; ഒരിടവകപ്പള്ളിയിൽ ദർശനപ്പെരുന്നാളിന് പ്രിയോരച്ചനും സന്നിഹിതനായിരുന്നു. പ്രസംഗം ഏറ്റിരുന്ന അച്ചൻ എത്തിയിരുന്നില്ല. പ്രസംഗം പ്രിയോരച്ചനെ ഏല്പിക്കണമെന്ന് എല്ലാവരും തീരുമാനിച്ചു. അത്താഴത്തിനുശേഷം വലിയ പ്രിയോരച്ചനെ പ്രസുദേന്തി തിരക്കി. ഒന്നുകിൽ കുർബ്ബാനയുടെ മുമ്പിൽ അല്ലെങ്കിൽ സെമിത്തേരിയിൽ അന്വേഷിക്കണം എന്ന് ചിലർ അദ്ദേഹത്തോടു പറഞ്ഞു. ഇതനുസരിച്ച് അന്വേഷിച്ചപ്പോൾ പ്രിയോരച്ചൻ സെമിത്തേരിയിൽ പ്രാർത്ഥിച്ചുകൊണ്ട് മുട്ടിൽ നിൽക്കുന്നതായാണ് കണ്ടത്.

### 7. കല്ലറ തുറന്നൊരു പരിശോധന!

ചാവറപിതാവിന്റെ ആത്മീയ പിതാവും ആത്മമിത്രവുമായിരുന്നു ലെയോപ്പോൾദ് മിഷനറി. ചാവറയച്ചന്റെ ജീവിതം ഏറ്റം അടുത്തറിഞ്ഞ അദ്ദേഹത്തിന് ചാവറയച്ചന്റെ വിശുദ്ധിയെപ്പറ്റി യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ചാവറയച്ചൻ മരിച്ചുകഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ ഉടുപ്പുകളും പെരുമാറ്റ സാധനങ്ങളുമെല്ലാം ശേഖരിച്ച് അന്നുണ്ടായിരുന്ന കൊവേന്തകൾക്കെല്ലാം വീതിച്ചുകൊടുത്തു. അവ സൂക്ഷിച്ചുവയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. കിട്ടാവുന്ന വിവരങ്ങളെല്ലാം

ശേഖരിച്ച് ചാവറപിതാവിന്റെ ആധികാരികമായ ആദ്യജീവചരിത്രവും അദ്ദേഹം തയ്യാറാക്കി. 1871-ൽ തന്നെ പ്രസിദ്ധീകരിച്ചു.

അപൂർവം ചില പുണ്യാത്മാക്കളെപ്പോലെതന്നെ ചാവറപിതാവിന്റെ ശരീരവും മണ്ണിൽ അലിഞ്ഞ് ചേരാതിരിക്കുന്നുവോ. എന്നറിയാൻ അദ്ദേഹം രഹസ്യത്തിൽ കല്ലറ തുറപ്പിച്ച് പരിശോധിച്ചതായി പറയപ്പെടുന്നു. ചാവറയച്ചന്റെ വിശുദ്ധിയെ വെളിപ്പെടുത്തുന്ന ഒന്നായി ഇതിനെയും കാണാം.

## 8. പ്രാർത്ഥന തുണയാക്കിയ ചാവറതാതൻ

ചാവറയച്ചൻ ആശ്രമനിർമ്മാണത്തിന് പണമില്ലാതിരുന്ന ഓരോ സന്ദർഭത്തിലും ദിവ്യകാരുണ്യസന്നിധിയിൽ പോയി കൈവിരിച്ച് പ്രാർത്ഥിച്ചിരുന്നു. താനുണ്ടാക്കിയ പ്രസ്സിന് മഷിയും കടലാസും ആവശ്യമായി വന്നു. അപ്പോൾ ആലപ്പുഴയിൽനിന്നും മൂന്നുപേർ മുന്നോട്ടു വന്നു. ചെന്നക്കാട്ട് തൊമ്മൻ, ഇലഞ്ഞിക്കൽ ചെറിയാൻകുഞ്ഞ്, വൈക്കത്തുകാരൻ കൊച്ചുപൗലോസ് അങ്ങനെ കടലാസും മഷിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹൃതമായി. പിന്നെയും ധാരാളം ചെലവുകൾ. തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനും മുദ്രാലയത്തിന്റെ നാമഹേതുകനുമായ യൗസേപ്പിനോട് കമഴ്ന്നുവീണു മുട്ടിപ്പായി പ്രാർത്ഥിച്ചു. കുറച്ചുകഴിഞ്ഞ് വാതിൽ തുറന്നപ്പോൾ ഒരാൾ പുറത്തു കാത്തുനിൽക്കുന്നു. പാലായ്ക്കടുത്തുള്ള ചേർപ്പുങ്കൽനിന്നും നെല്ലിപ്പുഴ ഇട്ടി എന്നയാൾ:

**പ്രിയോരച്ചാ, അഞ്ഞൂറുരൂപ സംഭാവനയായി തരികയാണ്. കൂടുതൽ പണം ആവശ്യമുണ്ടെങ്കിൽ ഒരാളെ അയച്ചാൽ മതി, അഞ്ഞൂറു കൂടെ കൊടുത്തയയ്ക്കാം.**

## 9. ചാവറത്തറവാട് പൊതു പ്രാർത്ഥനാലയമായി മാറിയ കഥ

ചാവറപിതാവിന്റെ അത്ഭുതകരമായ ഒരിടപെടൽവഴി അദ്ദേഹത്തിന്റെ തറവാട് പൊതുപ്രാർത്ഥനാലയമായി മാറിയെന്നാണ് സ്വന്തം വീട്ടുകാരും നാട്ടുകാരും സാക്ഷ്യപ്പെടുത്തുന്നത്. മൂന്നു പതിറ്റാണ്ടുകൾക്കുമുമ്പ് തറവാട്ടിലെ തന്റെ നാലാം തലമുറയിൽപ്പെട്ട അനന്തരവനായ അപ്പച്ചന് ചാവറയച്ചൻ ഒരു ദർശനത്തിലൂടെ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തോടു തന്റെ ആഗ്രഹം ഇപ്രകാരം വെളിപ്പെടുത്തിയത്രേ.

ഈ വീട് എന്റേതാണ്. ഇത് എനിക്കു വിട്ടുതരണം. ഇവിടെ ധാരാളം ആളുകൾ വന്നു പ്രാർത്ഥിക്കാനുള്ള സ്ഥലമാണ്. അതുകൊണ്ട് നീ ഇവിടെനിന്നും മാറിപ്പോകണം.

ചാവറയച്ചന്റെ ഇംഗിതം മനസ്സിലാക്കിയ വീട്ടുകാർ അച്ചന്റെ സഹോദരനും സി. എം. ഐ. സഭാംഗവുമായ ലജിസ്ലാവൂസച്ചനോടാലോചിച്ചശേഷം സി. എം. ഐ. സഭാധികാരികളെ സമീപിക്കുകയും തുടർന്നുണ്ടായ ആലോചനകളുടെ ഫലമായി 1979-ൽ ഈ വീടും സ്ഥലവും സി. എം. ഐ. സഭ ഏറ്റെടുത്തു. 1984-ൽ ഇന്നു കാണുന്ന രീതിയിൽ വീടും പരിസരവും സുരക്ഷിതമാക്കി. പ്രാർത്ഥനാലയമാക്കി. 1986 ഫെബ്രുവരി 14-ന് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പവ്വത്തിൽ ചാവറയച്ചന്റെ തിരുശേഷിപ്പ് ഇവിടെ സ്ഥാപിച്ചു. (ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ., ഇതാ ഞാൻ അവിടുത്തെ ദാസൻ, പേജ് 45-46)

# 9

# കർമ്മല കുസുമവും സഹനസൂനവും

## (അഴകുള്ള ആത്മാക്കൾ)



"കാർമ്മെൽമലപോലെ
നിന്റെ ശിരസ്സ് ഉയർന്നുനിൽക്കുന്നു"

(ഉത്തമഗീതം 7:5)

## 1. ചെറുത് ചേതോഹരം!

വി. ചാവറയച്ചൻ 1805-1871 (66 വയസ്സ്)
വി. അൽഫോൻസാമ്മ 1910-1946 (36 വയസ്സ്)

## 2. ഇരുവരും ഒരുമിച്ച്!

1986 ഫെബ്രുവരി 8-ന് ഇരുവരും ഒരുമിച്ച് വാഴ്ത്തപ്പെട്ടവരായി. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കോട്ടയത്തുവച്ചാണ് ഇരുവരെയും വാഴ്ത്തപ്പെട്ടവരായി നാമകരണം ചെയ്തത്.

## 3. ഇരുവരും ഒരുപോലെ മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം നഷ്ടമാക്കിയില്ല!

"മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്" - വി. ചാവറപിതാവിന്റെ മരണമൊഴി.

(ഫാ. വലേരിയൻ സി. എം. ഐ., വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (ജീവചരിത്രം), മാന്നാനം 2013, നാലാംപതിപ്പ്, പേജ് 315)

"മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം ഇതുവരെ നഷ്ടപ്പെടുത്താതിരിക്കാനുള്ള അനുഗ്രഹം നല്ല ദൈവം എനിക്കു തന്നു" - വി. അൽഫോൻസാമ്മ.

(അൽഫോൻസാമ്മ തന്റെ നൊവിഷ്യേറ്റ് ഗുരുവായിരുന്ന ബഹു. ലൂയിസ് പെരുമാലിൽ സി. എം. ഐയ്ക്ക് 1946 മെയ് മാസത്തിൽ എഴുതിയ ഒരു കത്തിൽനിന്നുള്ളത്. 'സ്നേഹബലി അഥവാ അൽഫോൻസാമ്മ.' ഫാ. റോമുളൂസ് സി. എം. ഐ., ഭരണങ്ങാനം, ഏഴാം പതിപ്പ് 2008, പേജ് 215)

## 4. കർമ്മല കുസുമവും സഹനസൂനവും!

"ചാവറ കുര്യാക്കോസച്ചന് ഏറ്റം **പ്രിയങ്കരം സഭയിലെ യോജിപ്പും ഐക്യവുമായിരുന്നു.**

അൽഫോൻസാമ്മയുടെ **വിശുദ്ധിയിലേയ്ക്കുള്ള പാത സഹനത്തിന്റേതായിരുന്നു.**

പ്രിയ മക്കളേ, വ്രതജീവിതത്തിന്റെ അർത്ഥം നിങ്ങൾ മനസ്സിലാക്കണം. കുര്യാക്കോസച്ചനും സിസ്റ്റർ അൽഫോൻസായും ഈ നാടിന്റെ വത്സല മക്കളാണ്" - ജോൺപോൾ രണ്ടാമൻ പാപ്പാ.

(1986 ഫെബ്രുവരി 8-ാം തീയതി കോട്ടയത്തുവച്ച് നടത്തിയ മുപ്പത്തിരണ്ടു മിനിറ്റ് നീണ്ട പ്രസംഗത്തിൽ പരിശുദ്ധപിതാവ് മലയാളത്തിൽ പറഞ്ഞ പവിത്രമൊഴികൾ)

1986 ഫെബ്രുവരി 8-ാം തീയതി, വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടപ്പോഴാണ് - ശുഭ്രമായ ലില്ലിയോടുകൂടി ചുവന്ന റോസും അൾത്താരയിലേക്ക് ഉയരുന്നതുകണ്ടപ്പോൾ! അന്നാണ്, പത്തൊൻപതു നൂറ്റാണ്ട് പിന്നിട്ടിട്ടും, ഒരു പുണ്യവാന്റെയോ പുണ്യവതിയുടെയോ മാതാവാകുവാൻ ഭാഗ്യം ലഭിക്കാതെ, കേവലം വന്ധ്യയായിക്കഴിഞ്ഞിരുന്ന കേരളസഭാമാതാവ്, എലിസബത്തിനോടുകൂടെ പാടിയത്: "മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായ അപമാനം നീക്കിക്കളയാൻ, കർത്താവ് എന്നെ കടാക്ഷിച്ച്, എനിക്കുവേണ്ടി ഇത് ചെയ്തിരിക്കുന്നു" (ലൂക്കാ. 1:25) (ദൈവദാസൻ ഫാ. കനീഷ്യസ് സി. എം. ഐ. വാഴ്ത്തപ്പെട്ട ചാവറ കേരള സഭാസമുദ്ധാരകൻ, പുസ്തകം 2, പേജ് 39).



അൽഫോൻസാ - ചാവറ തപാൽ സ്റ്റാമ്പ്

# 5. അത്ഭുതപ്രവർത്തകയ്ക്ക് അത്ഭുതം ചൊരിഞ്ഞവൻ!

## 1. ചാവറപിതാവിന്റെ ദർശനം

(1936-ൽ നടന്നത്. അൽഫോൻസാമ്മ സ്വന്തം കൈപ്പടയിൽ ബഹു. ലൂയിസ് പെരുമാലിലച്ചന് എഴുതി നൽകിയത്)

ബഹു. ലൂയിസ് സി. എം. ഐ. അച്ചൻ, വലിയ പ്രിയോരച്ചന്റെ (ചാവറയച്ചൻ) ഒരു അപേക്ഷ കടലാസ് (പ്രാർത്ഥന) എനിക്കു തന്നു. ആ നൊവേന എത്തിക്കാൻ ആരംഭിച്ചപ്പോൾ മുതൽ അല്പം ആശ്വാസം കിട്ടിയതായി തോന്നി. അപേക്ഷ മുടക്കം വരുത്താതെ തുടർന്നു. മെയ് മാസം അവസാനത്തിലാണെന്നു തോന്നുന്നു ആ വന്ദ്യ ദേഹത്തിന്റെ ഒരു ഛായാപടം പെരിയ ബഹു. അച്ചൻ തന്നു. ചാവറയച്ചന്റെ പടം കണ്ടപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ഒരു വിശ്വാസവും ഭക്തിയും അദ്ദേഹത്തോടു തോന്നി. അന്നുമുതൽ ആ പടമെടുത്ത് എന്റെ കിടക്കയിൽവച്ച് എപ്പോഴും അത് ചുംബിച്ച് അദ്ദേഹത്തോടു നമസ്കരിച്ചുകൊണ്ട് കിടന്നുറങ്ങിയിരുന്നു.

പടംവച്ച് അപേക്ഷിക്കുവാൻ തുടങ്ങിയ ദിവസം മുതൽ എന്റെ പേടിക്ക് വളരെ കുറവുള്ളതുപോലെ തോന്നി. ഒരു ദിവസം വിശപ്പുകൊണ്ടും ദാഹംകൊണ്ടും വളരെ ക്ഷീണിച്ചും എന്നാൽ വയറുവീർപ്പ് നിമിത്തം ഒന്നും കഴിക്കാൻ നിവൃത്തിയില്ലാതെയും ഉറക്കമില്ലാതെയും വളരെ അവശതയിൽക്കിടന്ന അവസരത്തിൽ എന്റെ അരികെ വച്ചിരുന്ന പടത്തിന്റെ ഛായ തോന്നിക്കുന്ന ഒരാൾ എന്റെ അടുത്തുവന്നു നിൽക്കുന്നതുപോലെയും എന്തോ സംസാരിക്കുന്നതുപോലെയും എനിക്കു തോന്നി. ...ഞാൻ മരിക്കുമെന്ന് തോന്നുന്നു എന്നു പറഞ്ഞു ഞാൻ തപ്പിനോക്കിയപ്പോൾ ആ ആളെ കാണാനുണ്ടായില്ല.

"നിന്റെ വയറ് ഇനി വീർക്കുകയില്ല. ദൈവം നിന്നെ അനുഗ്രഹിക്കും." എന്ന് ആരോ പറയുന്നതായി എനിക്ക് തോന്നി.

നേരം വെളുത്തപ്പോഴേയ്ക്കും സുഖക്കേടെല്ലാം കുറഞ്ഞു. അന്നു മുതൽ ഇന്നുവരെയും എന്റെ വയറു വീർത്തിട്ടില്ല.

ഒരു സ്പൂൺ പൊടിയരിക്കഞ്ഞിപോലും കുടിക്കാൻ കഴിയാതിരുന്ന ഞാൻ ഇപ്പോൾ മുഴുത്തചോറാണു ഉണ്ണുന്നത്. ഇപ്പോൾ വയറ്റിൽ വേദനയും വയറടപ്പും വീർപ്പും ഒന്നുമില്ല. ഉറക്കവും ശരിയായിട്ടുണ്ട്.

വലിയ പ്രിയോരച്ചന്റെ (ചാവറയച്ചൻ) സഹായം മൂലം ലഭിച്ചതാണെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. വയറ്റിലെ സുഖക്കേടിന്റെ കാര്യത്തിൽ എല്ലാവർക്കും വളരെ അത്ഭുതം തോന്നുന്നുണ്ട്.

## 2. വീണ്ടും രോഗം വീണ്ടും ചാവറയച്ചൻ!

അൽഫോൻസാമ്മ നൊവിഷ്യേറ്റ് നടത്തുന്ന കാലം വീണ്ടും രോഗിണിയായി. ഒരു ദിവസം ബഹു. ളൂയിസച്ചൻ പറഞ്ഞു: "ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കൂ. അൽഫോൻസായ്ക്കു രോഗശാന്തി ലഭിക്കും."

അതനുസരിച്ച് ഞാൻ തനിച്ചും മറ്റുള്ളവർ സമൂഹമായും നവനാൾ പ്രാർത്ഥന നടത്തി. നൊവേനയുടെ ഒൻപതാം ദിവസം പാതിരാകഴിഞ്ഞ നേരം എന്റെ മുറിയിൽനിന്ന് ഒരസാധാരണ സംഭാഷണം. ഗുരുത്തിയമ്മ ഓടിവന്നു. "എന്താ മിണ്ടടക്കസമയത്ത് സംസാരിക്കുന്നത്?" "ഇതാ വലിയ പ്രിയോരച്ചൻ വന്നിരിക്കുന്നു... ഗുരുത്തിയമ്മ കാണുന്നില്ലേ? ചാവറയച്ചൻ എന്നെ ആശീർവ്വദിച്ചു. പിന്നീട് അപ്രത്യക്ഷനായി."

എന്റെ രോഗം സുഖമായി. വലിയ പ്രിയോരച്ചൻ ഇവിടെ വന്നു. എന്നെ സ്പർശിച്ചു; ആശീർവ്വദിച്ചു. എന്നിട്ടു പറഞ്ഞു: "ഈ ദീനം സുഖമായിരിക്കുന്നു. ഇനിമേൽ ഈ രോഗം നിനക്ക് ഉണ്ടാവുകയില്ല. എങ്കിലും മറ്റു പലവിധ രോഗങ്ങളാൽ ഇനിയും നീ പീഡിപ്പിക്കപ്പെടും."

## 3. ഇതു എന്റെ കുര്യാക്കോസച്ചൻ ചെയ്ത മനോഗുണം തന്നെയാണ്!

മൂന്നാംവട്ടവും ചാവറദർശനവും സൗഖ്യവും അൽഫോൻസാമ്മയ്ക്ക് ലഭിച്ചു. ഇത് നൊവിഷ്യേറ്റിനുശേഷമുള്ള കഥ. ചാവറയച്ചൻ സൂചിപ്പിച്ചിരുന്നതുപോലെ വീണ്ടും രോഗം! ചാവറയച്ചനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും പ്രാർത്ഥിച്ചു. ഒരുദിവസം ഒരു കർമ്മലീത്താ കന്യാസ്ത്രീ തന്റെ അടുത്തുവന്ന് നിൽക്കുന്നതായി അൽഫോൻസാമ്മയ്ക്ക് തോന്നി (വി. കൊച്ചുത്രേസ്യാ). തന്നെ സ്പർശിച്ചു. പനി മാറിയിരിക്കുന്നു. എങ്കിലും മരണംവരെ പലവിധ രോഗങ്ങൾ വരുമെന്ന് സൂചനയും നൽകി.

**പിന്നീട് ചാവറയച്ചൻ വന്നു. എന്നെ നോക്കി പുഞ്ചിരിച്ചു.**

രണ്ടുപേരും മാഞ്ഞുപോയി. അതിൽപ്പിന്നെ പനി പിടിച്ചില്ല. ഈ സംഭവത്തിന്റെ ചുരുക്കം 28-03-1937-ൽ ഭരണങ്ങാനത്തുനിന്നും മാന്നാനത്തേയ്ക്കു എഴുതി അയച്ചു. അതിന്റെ അടിയിൽ ഇത്രയുംകൂടി:

**ഇത് എന്റെ കുര്യാക്കോസച്ചൻ ചെയ്ത മനോഗുണം തന്നെയാണ്.**



ചാവറയച്ചന്റെ പൂജ്യമായ തലമുടി
മുട്ടത്തുപാടത്ത് വർക്കിയച്ചൻ സൂക്ഷിച്ചിരുന്നത്
മാന്നാനത്ത് അരുളിയ്ക്കയിൽ
സൂക്ഷിച്ചിരിക്കുന്നു

# 10

# ആത്മീയ അഴകിന്റെ അക്ഷരസാക്ഷ്യം

(ചാവറ കൃതികൾ)



"ഞാൻ മരിക്കും;
എന്നാൽ ഈ കടലാസ് മരിക്കുകയില്ല."

(ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ,
വാല്യം 4, കത്തുകൾ IX/16)

"ഞാൻ മരിക്കും എന്നാൽ ഈ കടലാസ് മരിക്കുകയില്ല." (ചാവറയച്ചന്റെ സാഹിത്യകൃതികൾ, വാല്യം 4, കത്തുകൾ, IX/16).

വരമൊഴിയുടെ രണ്ടു ശാഖകളായ ഗദ്യവും പദ്യവും ചാവറപിതാവിന്റെ തൂലികയ്ക്ക് അനായസം വഴങ്ങിയിരുന്നു.

'ഞാനെന്ന ഭാവമതു തോന്നായ്കവേണമിഹ' എന്ന ബോദ്ധ്യം ചാവറപിതാവിന്റെ രചനകളിലെല്ലാമുണ്ട്. 'ഞാൻ' ഇല്ലാത്ത ആത്മീയ അഴകിന്റെ രചനാവിശേഷം. രചനാവിലാസം. ഇന്ന് എന്തിലും ഏതിലും 'ഞാൻ' ഏറെ കടന്നുവരുന്നു... സ്ഥാനത്തും അസ്ഥാനത്തും കണ്ടതിലും കേട്ടതിലുമെല്ലാം... അരോചകത്വമായി അറിഞ്ഞോ, അറിയാതെയോ. ചാവറകൃതികളിലെ ഒരു വശ്യത ഞാനില്ലായ്മയത്രെ! ആത്മാംശം ഉള്ള അഹന്ത കലരാത്ത അവതരണം. മഹത്വമെല്ലാം ദൈവത്തിന്റെ ഉപരിമഹത്വത്തിനും കൂടെനിൽക്കുന്നവർക്കും നൽകുന്ന രചനാവിശേഷം... ആരെയും വിട്ടുകളയാത്ത ഒഴിവാക്കാത്ത രചനാരീതി. വക്രതയില്ലാത്ത ഹൃദയലാളിത്യത്തിന്റെ നിറശോഭ പകരുന്ന രചനകൾ. ഉറങ്ങാത്ത ഓർമ്മകളുടെ ഉടമ. നന്ദിനിറഞ്ഞ ഹൃദയം. അഴകിന്റെ അക്ഷരസാക്ഷ്യം.

# I

# ചാവറകൃതികളിലെ പരഭാഗശോഭ

**ആത്മാനുതാപം**

ആത്മാവിന്റെ സങ്കീർത്തനം അഥവാ ഒരാത്മാവിന്റെ ആത്മശോധന. ഒരാത്മാവിന്റെ മിഴിനീർ അഴകും ഹൃദയസ്പന്ദനവും.

**കത്തുകൾ**

ആത്മാവിന്റെ ദർപ്പണം അഥവാ ആത്മാവിന്റെ ആത്മപ്രകാശനം.

**നല്ല അപ്പന്റെ ചാവരുൾ അഥവാ ക്രിസ്തീയ കുടുംബചട്ടം.**

അഴകാർന്ന ഒരാത്മാവിന്റെ ലാവണ്യമുള്ള കുടുംബദർശനങ്ങളുടെ വിശുദ്ധി വഴിയുന്ന രചന.

**ധ്യാനസല്ലാപങ്ങൾ**

ആത്മാവിന്റെ ആത്മഭാഷണം.

**നാളാഗമങ്ങൾ**

ആത്മാവിന്റെ നാൾവഴികൾ അഥവാ ചരിത്രത്തിന്റെ ഈടുവയ്പുകൾ.

**ഇടയനാടകങ്ങൾ (എക്ലോഗ്)**

ആത്മീയതയുടെ അരങ്ങ് അഥവാ അരങ്ങിലെ ആത്മീയവിരുന്ന്.

**മരണവീട്ടിൽ പാടുന്നതിനുള്ള പാന (പർവ്വം)**

ആത്മാവിൽ പ്രത്യാശ നിറച്ച് സുകൃതങ്ങളെ സുഹൃത്തുക്കളാക്കാൻ ഓർമ്മിപ്പിക്കുന്ന നിത്യതയുടെ കീർത്തനം.

**അനസ്താസ്യയുടെ രക്തസാക്ഷ്യം**

അഴകുള്ള ഒരാത്മാവിന്റെ നിണമണിഞ്ഞ ആത്മീയ അങ്കം.

സാഹിത്യകൃതികളല്ലാത്ത ചാവറ താതന്റെ രചനകൾ, കുറിപ്പുകൾ പലതുണ്ട്. ഇവയിലെല്ലാം നിറഞ്ഞുനിൽക്കുന്നത് ഹൃദയശോഭയുള്ള ഒരാത്മാവിന്റെ അഴകാണ്. ആത്മാവിന്റെ ജാലകങ്ങളും നേർപോക്കിന്റെ വാക്കുകളും നേർക്കാഴ്ചയുടെ ചിത്രങ്ങളുമായി ഇവ നിലനിൽക്കുന്നു. കാലത്തെ മാടിവിളിച്ചും ആത്മീയശോഭയാൽ അനുവാചകർക്കുമുമ്പിൽ വിനീതമായ വെല്ലുവിളികളുയർത്തിയും!

# 1

## ആത്മാവിന്റെ സങ്കീർത്തനം
### അഥവാ 'ആത്മാനുതാപം'

"ഈ കാവ്യം ആത്മീയ ജീവിതത്തിന്റെ ഉള്ളറകൾ അനാവരണം ചെയ്യുന്നു. ഈശ്വരാനുഭവം നേടിയിട്ടുള്ള ഒരു **ഹൃദയത്തിന്റെ സ്പന്ദനമാണിത്** (പ്രൊഫ. എം. കെ. സാനു).

ആത്മാനുതാപം ചാവറയച്ചന്റെ ആത്മാംശമുള്ള മനോഹരകൃതിയാണ്. കഥാകൃത്ത് തന്നെ ഇതിൽ കഥാപാത്രമായിരിക്കുന്നു. ആത്മനിഷ്ഠതയാണ് ആത്മാനുതാപത്തിന്റെ ആത്മാവ്. ചാവറയച്ചന്റെ കാവ്യകൃതികളിൽ ശ്രദ്ധേയവും പ്രഥമസ്ഥാനം അലങ്കരിക്കുന്നതും ഈ കൃതിയാണ്. മഹാചാര്യനായ ചാവറയച്ചന്റെ മഹാകാവ്യം. പതിമൂന്ന് അദ്ധ്യായങ്ങളും ഒപ്പം ദൈവമാതാവായ കന്യകാമറിയത്തിന് ഗ്രന്ഥം സമർപ്പിച്ചുകൊണ്ടുള്ള ഉപസംഹാരവുമാണ് ഇതിലുള്ളത്. 'കടശ്ശി അപേക്ഷ' എന്ന ഈ സമാപന അദ്ധ്യായം പരി. മറിയത്തോടുള്ള അപേക്ഷയാണ്. ന്യൂനതകളുള്ള ഈ കാവ്യം ന്യൂനതകൾ നീക്കി സ്വർഗ്ഗസുതനായ യേശുകരങ്ങളിൽ സമർപ്പിച്ചനുഗ്രഹിക്കണമേ എന്ന് കവി പരി. കന്യകാമറിയത്തോട് അപേക്ഷിക്കുന്നു.

> പാപിയെന്റെ കരമിതിനെ എഴുതിയെന്നതാകയാൽ
> പാപശുദ്ധി നൽകി നിന്റെ സന്നിധിയണഞ്ഞിനി
> നിന്റെ സ്നേഹപുത്രൻ മുൻപിലഞ്ജലിയണയ്ക്കുവാൻ
> നിന്റെ കരുണയിന്നെനിക്കു തരണമെന്റെ അമ്മയേ.
>
> (ആത്മാ. കടശ്ശി അപേക്ഷ 4-8)

**ക്രിസ്തുചരിതം അഥവാ ക്രിസ്തുസംഭവം** വിശാലമായ ഒരു ക്യാൻവാസിൽ വർണ്ണാഭമായി അണിയിച്ചൊരുക്കുകയാണ് ആത്മാനുതാപത്തിൽ ചാവറയച്ചൻ. നരജന്മം ലഭിച്ചതിലുള്ള **നന്ദിപ്രകാശനത്തോടെ ആരംഭിക്കുന്ന** കൃതി പടർന്നുപിടിച്ച പകർച്ചവ്യാധിയിൽ നിന്നു തന്നെയും ബന്ധുക്കളെയും പരിപാലിച്ച നല്ല ദൈവത്തിന്റെ കാരുണ്യം സ്മരിച്ച് മുന്നോട്ടുപോകുന്നു. പ്രസവിക്കാൻ ഇടംതേടി നടക്കുന്ന പരി. അമ്മയും വഴികാട്ടിയായ ജോസഫും തുടർന്നുള്ള ഗോശാലയിലെ തിരു അവതാരവും മറ്റൊരിടത്തും വായിച്ചിട്ടില്ലാത്തതും കവിയുടെ ഭാവനയിൽ വിരിഞ്ഞതുമായ ശാന്തി എന്ന ഇടയസ്ത്രീയുമായുള്ള സംഭാഷണവും ഇതിൽ കടന്നുവരുന്നു. ശിമയോന്റെ

പ്രവചനവും മറിയത്തിന്റെ ഹൃദയവ്യഥയും മറിയത്തെ ശിഷ്യന്മാർ ആശ്വസിപ്പിക്കുന്നതും തന്റെ മരണത്തിനുമുമ്പ് ശിഷ്യന്മാരെ വിളിച്ചു കൂട്ടി മറിയം ആശ്വസിപ്പിക്കുന്നതുമെല്ലാം കവിയുടെ ഭാവനയിൽ ഇതൾ വിരിയുന്നു.

ക്രിസ്തുവിന്റെയും പരിശുദ്ധ മറിയത്തിന്റെയും ജീവിതാനുഭവങ്ങ ളാണ് ആത്മാനുതാപത്തിന്റെ പ്രധാന പ്രമേയം. **ക്രിസ്തുസംഭവം അവ തരിപ്പിച്ചുകൊണ്ട് സ്വയം ആത്മാവിലേക്ക് ഒരു തീർത്ഥാടനം നട ത്തുകയാണ്** ചാവറയച്ചൻ. കുറവുകളും പിഴവുകളും ഓർത്ത് ആത്മാ വിൽ അനുതാപം നിറയുകയും കവിയുടെ മിഴികൾ അശ്രുപൂർണ്ണമാ കുകയും ചെയ്യുന്നു. ചരിത്രകാരനും പണ്ഡിതനുമായ **പി. ഗോവിന്ദ പ്പിള്ളയുടെ വാക്കുകളിൽ: "ആത്മാവിന്റെ അഗാധതയിൽനിന്നുയ രുന്ന ഈ അനുതാപ സങ്കീർത്തനം ഏതൊരു വ്യക്തിക്കും അഗ്നി ശുദ്ധി വരുത്തുവാൻപോരുന്ന ഹവിസ്സാണ്." ഡോ. സുകുമാർ അഴീ ക്കോട്** ചാവറയച്ചന്റെ ആത്മാനുതാപത്തെ വിലയിരുത്തിക്കൊണ്ട് ഇപ്ര കാരം കുറിച്ചു: **"ആദ്ധ്യാത്മികാനുഭൂതികൾ സാഹിത്യാനുഭൂതിയിൽ പകർത്തുകയാണ് ആത്മാനുതാപം എന്ന കൃതിയിൽ ചാവറയച്ചൻ ചെയ്തിട്ടുള്ളത്.** യേശുവിന്റെയും മറിയത്തിന്റെയും കഥയുടെ ഊടി നോടൊപ്പം സ്വജീവിതാംശങ്ങളെ പാവുപോലെ കൂട്ടിച്ചേർത്ത് ഒരു നല്ല ശില്പം നെയ്തുണ്ടാക്കിയിരിക്കുന്നു. ആത്മീയത സാഹിത്യമാകു മ്പോൾ സാഹിത്യം സ്വഭാവേന ആത്മീയപരിമളം പ്രസരിപ്പിക്കുമല്ലോ... ചാവറയച്ചന്റെ കൃതികളിൽ ആത്മീയവും സാഹിത്യവുമായ പരിമളം സമ്മേളിതമായി സ്ഫുരിച്ചുകാണുന്നു."

## ആത്മാവിൽ അനുതാപം

യേശുവിന്റെ മുന്നിൽനിന്ന പത്രോസ് ഉള്ളുനൊന്ത് പറഞ്ഞു: "ഞാൻ മഹാപാപിയാണ്." പൗലോസ് ശ്ലീഹായും ഇതുതന്നെ പറഞ്ഞു: "ഞാൻ പാപികളിൽ ഒന്നാമനാണ്." വലിയ വിശുദ്ധരെല്ലാം വിശുദ്ധി യുടെ വെളിച്ചത്തിൽ കുളിച്ചപ്പോൾ ഒളിച്ചുവയ്ക്കാതെ വിളിച്ചുപറഞ്ഞ സത്യങ്ങൾ! വിശുദ്ധി ഒന്നും ഒളിച്ചുവയ്ക്കുന്നില്ല. വിശുദ്ധിയുടെ വെള്ളി വെളിച്ചത്തിൽ ഫ്രാൻസിസ് പാപ്പായും പറഞ്ഞു: **"ഞാൻ ഒരു പാപി യാണ്."** ആത്മീയതയിൽ വളരുന്തോറും ഒരു വ്യക്തി തന്റെ കുറവു കളെ കൂടുതലായി തിരിച്ചറിയുകയും അത് ഏറ്റുപറയുകയും ചെയ്യു ന്നു. ആത്മാവിൽ അനുതാപം നിറഞ്ഞ ദാവീദ് രാജാവിന്റെ ഹൃദയസ ങ്കീർത്തനംപോലെ വാഴ്ത്തപ്പെട്ട **ചാവറയച്ചനും ആത്മാനുതാപത്തിൽ ഇപ്രകാരം കുറിച്ചിട്ടു:**

വെൺമയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ

എന്നെകാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സ്നേഹിപ്പാൻ വഴികാട്ടുവാൻ പന്തംതന്നു.

അയ്യയ്യോ മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ല പുകയുന്നതു കണ്ടേൻ

ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി
അല്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം.

മറ്റുള്ള ജനത്തെയും കാട്ടുവാനായിത്തന്ന
മാറ്റെഴും വെളിച്ചത്തെപ്പകർത്തിത്തമസ്സാക്കി.

പാപം മൂലം ആത്മശോഭ നഷ്ടമായ, വെട്ടംകെട്ടുപോയ ആത്മാവിന്റെ സങ്കീർത്തനമാണീ വരികൾ. **ജ്ഞാനസ്നാനത്തിൽ കിട്ടിയ വരപ്രസാദം തെല്ലും കളഞ്ഞുകുളിച്ചില്ല എന്ന് ധൈര്യപൂർവ്വം പറഞ്ഞ് നിത്യയാത്രാവന്ദനം ചൊല്ലിയവനാണ് ചാവറതാതൻ.** വിശുദ്ധിയുടെ പടവുകൾ ഓടിക്കയറിയ കവി തന്റെ ചെറിയചെറിയ കുറവുകൾപോലും ആത്മശോധനയ്ക്ക് വിധേയമാക്കി പരിതപിക്കുന്നു. **നിഷ്കളങ്കതയാകുന്ന ഏറ്റവും നല്ല വസ്ത്രത്തിൽ (വെള്ളവസ്ത്രം) അഴുക്കുപറ്റിയതിൽ അനുതപിക്കുന്ന കവിക്കു ഭയം.** താൻ എണ്ണവറ്റി, തീകെട്ട് വെളിച്ചത്തിന് പകരം പുകപരത്തുന്ന കെട്ട പന്തമായി. ആത്മശോഭനഷ്ടമായ അവസ്ഥയെ കവി അവതരിപ്പിക്കുന്നു. **പന്തംപോലെ ജ്വലിക്കേണ്ടവർ പങ്കിലമാനസരാകുമ്പോൾ പരിശുദ്ധാത്മാവാകുന്ന വെട്ടം കെട്ടുപോകുന്നു.**

യേശുവിന്റെയും പരിശുദ്ധ അമ്മയുടെയും മുറിവുകൾക്കു കാരണം തന്റെ പാപാവസ്ഥയാണെന്ന് കവിഹൃദയം കേഴുന്നു (ആത്മാ. 7:54–64).

അയ്യയ്യോ! ഇതൊക്കെയും മമരക്ഷാർത്ഥം തന്നെ
അയ്യയ്യോ സഹിക്കുന്നു പാപനാശത്തെ ചെയ്‌വാൻ.
പാപിയാമടിയനോ നന്ദിഹീനനുമായി
പാപത്തെ വർദ്ധിപ്പിച്ചു മേ ദുഃഖം മഹാദുഃഖം

## ആത്മാനുതാപത്തിലെ ക്രിസ്തുദർശനം: 'കാണാകേണം'

കാഴ്ചയ്ക്കുള്ളിലെ കാഴ്ചയ്ക്ക് ഉൾക്കാഴ്ച എന്നു പറയും. എമ്മാവൂസ് യാത്രികർ കർത്താവ് അപ്പം മുറിച്ചപ്പോൾ കർത്താവിനെ തിരിച്ചറിഞ്ഞു. അവരുടെ അകക്കണ്ണുകൾ തുറന്നു. അവരുടെ കണ്ണുകൾ 'തുറക്കപ്പെട്ടു.' അവർ അവനെ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവുണ്ടായ

ചാവറയച്ചൻ ആത്മാനുതാപത്തിൽ ഏറെ പ്രാവശ്യം ആവർത്തിക്കുന്ന ഒരു പദമുണ്ട്. അത് 'കാണാകേണം' എന്നതാണ്.

കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം.

മിത്രനെ മന്ദിപ്പീച്ചിടുന്ന ദീപ്തിയെ
ഗാത്രേ മറച്ചതും കാണാകേണം.

അന്നപാനാദിക്കു മുട്ടി ദുഃഖിച്ചോരു
അന്നജപുത്രനെ കാണാകേണം.

കല്യാണപ്പന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം.

കേസരി രാജാവേ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം.

ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചോരു
കൊച്ചുകരങ്ങളെ കാണാകേണം.

മാലാഖാമാതാവിൻ കൈകളിൽ നൽകിയ
ആലാഹാ പുത്രനെ കാണാകേണം.

ആരുണ്യശോഭയുള്ള (ഇളം ചുവപ്പുനിറം) യേശുപൈതലിനെ കാണാൻ കൊതിക്കുന്നു കവി. മിത്രൻ (സൂര്യൻ) പോലും മങ്ങിപ്പോകുന്ന യേശുഗാത്ര ശോഭ കാണാൻ കൊതിക്കുന്നു കവിഹൃദയം. കല്യാണരൂപനായ യേശുവിനെ കാണാൻ കൊതിക്കുന്നു കവിയായ ചാവറയച്ചൻ. മഹർഷിമാർക്കു നാഥനായ ഈശ്വരനെ, കാളയുടെയും കഴുതയുടെയും നടുവിൽ ശയിക്കുന്ന, സൂര്യചന്ദ്രാദിനക്ഷത്രങ്ങളുടെ പ്രകാശധാരയെ വെല്ലുന്ന യേശുശോഭ കാണാൻ കവിഹൃദയം വെമ്പുന്നു.

## ആത്മാനുതാപത്തിലെ യേശുമരിയ നാമങ്ങൾ

ഈശോ: 'അന്നജപുത്രൻ'

'കേസരിരാജൻ', ത്രാണത്തിൻ നാഥൻ

മറിയം: 'സോമപാദിനി'

'താരമകുടമണി'

'നാര്യാര്യ' (നാരികളുടെ ആര്യ)

**'അന്നജപുത്രൻ':** അന്നജം എന്നതിന്റെ അർത്ഥം അന്നായിൽനിന്നു ജനിച്ചവൻ എന്നാണ്. പരി. മറിയത്തിന്റെ അമ്മ അന്നാമ്മയാണ്. അവളുടെ പുത്രൻ എന്ന അർത്ഥത്തിൽ യേശുവിനെ വിശേഷിപ്പിക്കുന്നു.

**'കേസരിരാജൻ':** യേശുവിന് ചാവറയച്ചൻ നൽകുന്ന ഒരു വിശേഷനാമം. 'യൂദാ നീ സിംഹക്കുട്ടിയാകുന്നു' എന്ന വചനവെളിച്ചത്തിൽ യേശുവിനെ കേസരിരാജൻ എന്നു വിശേഷിപ്പിക്കാം.

**'ത്രാണത്തിൻ നാഥൻ':** യേശുവിനെ രക്ഷകൻ എന്നർത്ഥത്തിൽ ത്രാണത്തിൽ നാഥൻ എന്ന് കവി വിശേഷിപ്പിക്കുന്നു.

**'നാര്യാര്യ':** സ്ത്രീകളിൽ ശ്രേഷ്ഠയായവൾ എന്നർത്ഥം. നാരികളിൽ ആര്യയാണ് നാര്യാര്യ.

**'സോമപാദിനി':** പരി. മറിയത്തെ ചന്ദ്രനെ പാദപീഠമാക്കിയവൾ എന്നർത്ഥത്തിൽ സോമപാദിനി എന്ന് വിശേഷിപ്പിക്കുന്നു.

**'താരമകുടമണി':** നക്ഷത്രങ്ങളെ ചൂഡാരത്നമാക്കിയവൾ എന്ന അർത്ഥത്തിൽ താരമകുടമണി എന്ന് വിശേഷിപ്പിക്കുന്നു.

# 2

# ആത്മാവിന്റെ ദർപ്പണം
## അഥവാ സംസാരിക്കുന്ന കത്തുകൾ

## (കത്തുകളിൽ തെളിയുന്ന ചാവറമുഖം)

### 1. ആത്മാംശം

മുഖം മനസ്സിന്റെ കണ്ണാടിയെങ്കിൽ കത്തുകൾ ഒരുവന്റെ വ്യക്തിത്വത്തിന്റെ കണ്ണാടിയാണ്. "ആശ്രമം പുണ്യത്തിന്റെ കണ്ണാടി"യാണെന്ന് എഴുതിയ ചാവറദർശനത്തിലും ആ മഹാത്മാവിന്റെ ആത്മപ്രകാശനം നിറയുന്നുണ്ട്. മോശയുടെ ആത്മാവിന്റെ ഒരംശം എഴുപതുപേർക്കായി ദൈവം പങ്കുവയ്ക്കുന്നതായി പഴയനിയമത്തിൽ വായിക്കുന്നു. കത്തുകളും ഇതുപോലെതന്നെ ഒരുവന്റെ ആത്മാംശത്തിന്റെ പങ്കുവയ്ക്കലും പ്രകാശനങ്ങളുമാണ്. ആത്മപ്രകാശനദർപ്പണമാണ് കത്തുകൾ. അകം പുറത്തുകാട്ടുന്ന അകത്തളദർപ്പണം.

*അതിനാൽ പരിശുദ്ധ പിതാവേ,*
*ഞങ്ങൾ വിനയത്തോടും നിറഞ്ഞ കണ്ണുനീരോടുംകൂടി*
*അങ്ങയോട് അപേക്ഷിക്കുന്നു,*
*ഈ വസ്തുതകളുടെ സത്യാവസ്ഥ*
*ഞങ്ങളെ വ്യക്തമായി അറിയിച്ചുതരണമെന്ന്.*
*അത് ഞങ്ങളുടെ കൽദായഭാഷയിൽത്തന്നെ*
*ആയിരിക്കണം.*
*പാത്രിയർക്കീസ് തിരുമേനി അങ്ങയോട്*
*എന്താവശ്യപ്പെട്ടുവെന്നും അദ്ദേഹത്തിന്*
*അങ്ങ് എന്തു മറുപടി കൊടുത്തുവെന്നും*
*ഈ രണ്ടുപേരിൽ ആരെ ഞങ്ങൾ*
*അനുസരിക്കണമെന്നും ആ എഴുത്തിൽ*
*ഞങ്ങൾക്ക് വ്യക്തമാക്കിത്തരണം.*

*പരിശുദ്ധ പിതാവിനുള്ള കത്ത്*
*(ഒൻപതാം പീയൂസിന്)*

## 2. സഭയിലും സമൂഹത്തിലും ചാവറപിതാവിന് ഉണ്ടായിരുന്ന സ്ഥാനം

ചാവറയച്ചൻ പല കാലങ്ങളിലായി പലർക്കെഴുതിയ 86-ൽപരം കത്തുകൾ അമൂല്യനിധികളാണ്. വി. അൽഫോൻസാമ്മ ആത്മപിതാവായ ലൂയിസച്ചന് എഴുതിയ കത്തുകൾപോലെ. വി. മദർതെരേസ തന്റെ ആത്മീയ ഉപദേശകനായ പികാചിക്ക് എഴുതിയ കത്തുകൾപോലെ (COME BE MY LIGHT എന്നപേരിൽ അത് പുസ്തകമായി). 1855 മുതൽ 1871-ൽ ഇഹലോകവാസം വെടിയുന്നതുവരെ 16 വർഷം സി. എം. ഐ. സന്യാസസമൂഹത്തെ നയിച്ചത് ചാവറപിതാവായിരുന്നു. അക്ഷരവൈരിയല്ലാതിരുന്ന, അക്ഷരസ്നേഹിയായ ചാവറയച്ചൻ സമ്മാനിച്ച അക്ഷയനിധിയാണിത്. 66 വർഷത്തെ ജീവിതം അദ്ദേഹം അക്ഷരങ്ങൾക്കൊണ്ട് ധന്യമാക്കി. സ്വന്തം കൈപ്പടയിൽ അദ്ദേഹമെഴുതിയ കത്തുകൾതന്നെ അത് സംസാരിക്കുന്നു. 1843 മുതൽ 1870 വരെയുള്ള 27 വർഷങ്ങളിൽ പരിശുദ്ധ പിതാവ് ഒൻപതാം പീയൂസ് മാർപ്പാപ്പായ്ക്ക് എഴുതിയ കത്തുകൾ മുതൽ തയ്യിൽ കൊച്ചുപോത്തനും പെരുമാലിൽ കുര്യൻ തരകനും കൊടുത്ത രസീതുവരെ ഇതിലുണ്ട്. ബഹുഭാഷാ നിപുണനായിരുന്നു

ചാവറയച്ചൻ (മലയാളം, തമിഴ്, സംസ്കൃതം, പോർത്തുഗീസ്, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ). സ്വന്തമായി എഴുതിയ മൂന്നു ഭാഷകളിലുള്ള കത്തുകൾ (മലയാളം, സുറിയാനി, ലത്തീൻ) അദ്ദേഹത്തിന്റെ വിശാലമായ ജീവിതവീക്ഷണത്തിന്റെ മനോഹരമായ സാക്ഷ്യപത്രങ്ങളാണ്.

മാർപ്പാപ്പയ്ക്ക്, പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്ടിന്, മെത്രാന്മാർക്ക്, കർമ്മലീത്താ സഭാധികാരികൾക്ക്, സി. എം. ഐ. സഭാംഗങ്ങൾക്ക്, സി. എം. ഐ. സഭാംഗങ്ങൾക്കുള്ള പൊതുസർക്കുലറുകൾ, കന്യാസ്ത്രീകൾക്കുള്ള കത്തുകൾ, ഇടവക വൈദികർക്കുള്ള കത്തുകൾ, വ്യവഹാരസംബന്ധമായവ... ഇത്തരത്തിലുള്ള വ്യത്യസ്തമായ കത്തുകളുടെ സഞ്ചയം വ്യക്തമാക്കുന്നത് ആ വ്യക്തിത്വത്തിന്റെ വശ്യതതന്നെ.

## 3. സാഹോദര്യം

കത്തുകളിൽ സഹോദരസന്യാസികളെ അഭിവാദനം ചെയ്യുമ്പോൾ 'ആഹാ' എന്ന സുറിയാനി പദം ചേർക്കാൻ ചാവറയച്ചൻ ശ്രദ്ധിച്ചിരുന്നു. 'ആഹാ' എന്ന സുറിയാനിപദത്തിനർത്ഥം 'സഹോദരൻ' എന്നാണല്ലോ. സന്യാസത്തിന്റെ സഹവാസവും സാഹോദര്യവും ആഹ്ലാദവും 'ആഹാ'യിൽ നിറഞ്ഞുനിൽക്കുന്നു. 'തിരുക്കുടുംബത്തിന്റെ ആഹാ കുര്യാക്കോസ് ഏലിയാ' എന്ന നാമമായിരുന്നു ചാവറയച്ചന്റേത്. ചില കത്തുകളിൽ 'കുര്യാക്കോസ് കത്തനാർ, ദൈവത്തിന്റെ ദാസൻ' എന്നും കാണാം. വാക്കുകളിലുപരി ജീവിതത്തിലും അദ്ദേഹം അതായിരുന്നു: ദൈവദാസൻ. തുടക്കത്തിൽ സഭയുടെ പേരും 'അമലോത്ഭവദാസ സംഘം' എന്നായിരുന്നു.

## 4. ഉയർന്ന മൂല്യദർശനം

ചില കത്തുകളിൽ "ബേസ് റൗമയിൽനിന്നും എഴുതപ്പെട്ടത്" എന്ന് എഴുതിയിട്ടുണ്ട്. 'ബേസ് റൗമ' എന്ന സുറിയാനി പദം 'ഉയർന്ന വീട്', 'ഉയർന്ന സ്ഥലം', 'ഉയരങ്ങളിലെ ഭവനം' എന്നൊക്കെ അർത്ഥമാക്കുന്നു. സത്യത്തിൽ **ആ കത്തുകൾ ഉയരങ്ങളിൽനിന്നും താഴ്‌വരകളിലേക്ക് ഒഴുകിയിറങ്ങിയ അദ്ദേഹത്തിന്റെ ആത്മീയതയാകുന്ന ഉയർന്ന ചിന്തകളാണ്, ഉദാത്ത മൂല്യദർശനങ്ങളാണ്.** കൊവേന്തയ്ക്കുള്ള സ്ഥലം തേടിനടന്നപ്പോഴും 'ഉയരപ്പെട്ട കുന്നും മലയും' മനസ്സിലുണ്ടായിരുന്നു.

## 5. അധികാരികളോടുള്ള ആദരവ്

ചാവറയച്ചൻ മേലധികാരികൾക്ക് എഴുതിയ കത്തുകൾ വ്യക്തിപരമായ എന്തെങ്കിലും കാര്യസാദ്ധ്യത്തിനായി ആയിരുന്നില്ല. കേരളസഭയിലെ പൊതുപ്രശ്നങ്ങളും ആവശ്യങ്ങളുമാണ് അതിൽ ഉന്നയിച്ചിട്ടുള്ളത്. **അധികാരികൾക്കുള്ള കത്തുകളിലൂടെ കടന്നുപോകുമ്പോൾ ചാവറയച്ചന് അധികാരികളോട് ഉണ്ടായിരുന്ന അനിതരസാധാരണമായ ആദരവും വിധേയത്വവും വ്യക്തമാണ്. ഒപ്പം അധികാരികളെ വിവരങ്ങൾ ധരിപ്പിക്കുമ്പോൾ ന്യായാന്യായങ്ങൾ നിരത്തി അവ വ്യക്തമാക്കിക്കൊടുക്കുന്നതിനും അതിന്റെ വെളിച്ചത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ വയ്ക്കുന്നതിനും അദ്ദേഹം ഭയപ്പെടുകയോ മാറിനിൽക്കുകയോ ചെയ്യുന്നില്ല.**

ഉദാ: "അതുകൊണ്ട് അത്യുന്നത തിരുമേനീ, നല്ലതെന്നു എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാന്മാർ ഉണ്ടാകുന്നതു വളരെ നല്ലതാണ്. ഒന്നു ലത്തീൻസഭയ്ക്കും മറ്റേത് സുറിയാനിസഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും" (പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്ടിന് എഴുതിയ കത്ത്).

## 6. സഭാസ്നേഹം

വ്യക്തിതാല്പര്യങ്ങൾക്കായും കത്തുകൾ ചാവറയച്ചൻ വളച്ചൊടിച്ചിട്ടില്ല. **ഒൻപതാം പീയൂസ് മാർപ്പാപ്പായ്ക്ക് എഴുതിയ കത്തും ശ്രദ്ധേയമാണ്: "അതിനാൽ പരിശുദ്ധ പിതാവേ, ഞങ്ങൾ വിനയത്തോടും നിറഞ്ഞ കണ്ണീരോടുംകൂടി അങ്ങയോട് അപേക്ഷിക്കുന്നു. ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ വ്യക്തമായി അറിയിച്ചുതരണമെന്ന്. അത് ഞങ്ങളുടെ കൽദായഭാഷയിൽത്തന്നെ ആയിരിക്കണം. പാത്രിയർക്കീസ് തിരുമേനി അങ്ങയോടു എന്ത് ആവശ്യപ്പെട്ടുവെന്നും അദ്ദേഹത്തിന് അങ്ങ് എന്തു മറുപടി കൊടുത്തുവെന്നും ഈ രണ്ടുപേരിൽ ആരെ ഞങ്ങൾ അനുസരിക്കണമെന്നും ആ എഴുത്തിൽ ഞങ്ങൾക്ക് വ്യക്തമാക്കിത്തരണം"** (ഒൻപതാം പീയൂസ് പാപ്പയ്ക്കുള്ള കത്ത്). പ്രസ്തുത കത്തിന് മറുപടി **"ഞങ്ങളുടെ കൽദായഭാഷയിൽത്തന്നെ ആയിരിക്കണ"മെന്നും ചാവറയച്ചൻ എഴുതുന്നു. തനിമയുടെ മഹിമ കണ്ടെത്തിയ മഹാനുഭാവന്റെ വാക്കുകൾ.**

**സ്വന്തം റീത്തിന്റെ തനിമ നിലനിർത്തുവാനും അതിന്റെ പാരമ്പര്യങ്ങൾക്കനുസൃതം പുതിയ സംവിധാനം ഉണ്ടാക്കുവാനും 19-ാം നൂറ്റാണ്ടിൽ ചാവറയച്ചനെപ്പോലെ പരിശ്രമിച്ചവർ മറ്റാരുമില്ലെന്ന് സംസാരിക്കുന്ന ഇത്തരം കത്തുകൾ സാക്ഷി!** അനൈക്യത്തിലുപരി സഭകളുടെ **'ഐക്യം'** നിലനിർത്താൻ ശ്രമിക്കുകയായിരുന്നു ചില കത്തുകളിലൂടെ. തിരുസ്സഭയോടും അധികാരികളോടുമുള്ള ചാവറയച്ചന്റെ സ്നേഹാദരവുകൾക്ക് അദ്ദേഹത്തിന്റെ കത്തുകൾതന്നെ തെളിവ്.

## 7. ഹൃദയത്തിന്റെ സരളത

വ്യക്തിപരമായ കത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന **'കൂടെപ്പിറപ്പുകളേ, എന്റെ കുഞ്ഞുങ്ങളേ, പൈതങ്ങളേ'** തുടങ്ങിയ **സംബോധനകളിൽ തെളിയുന്നത് ചാവറപിതാവിന്റെ പൈതൃക വാത്സല്യത്തിന്റെ ആഴവും ആർദ്രതയുമാണ്.** സഹായം ചെയ്തവരെ നന്ദിയോടെ സ്മരിക്കണമെന്നും ശത്രുസ്നേഹം ക്രൈസ്തവന്റെ മുദ്രയാണെന്നും ചാവറയച്ചൻ കത്തുകളിലൂടെ നിതരാം വ്യക്തമാക്കുന്നു.

ചാവറയച്ചന്റെ നിഷ്കളങ്കമായ മനസ്സാക്ഷിയുടെ നേർപോക്കും നേർമ്മയും പ്രകാശിപ്പിക്കുന്നു റോക്കോസ് ശീശ്മയെക്കുറിച്ചുള്ള ആഖ്യാനത്തിൽ. **പ്രശ്നക്കാരനായ കുടക്കച്ചിറ അന്തോനി കത്തനാരെക്കുറിച്ച് എഴുതേണ്ടിവന്നതിൽ വിഷമിക്കുന്നു ചാവറയച്ചൻ: "ഇവിടെ എന്റെ ഹൃദയവും ഈ തൂവൽപ്പിടിച്ചിരിക്കുന്ന കൈകളും വിറയ്ക്കുന്നു.** എന്തെന്നാൽ ഞാൻ കണ്ടതും കേട്ടതും മാത്രമേ എഴുതുന്നുള്ളൂവെങ്കിലും ഇതിനാൽ ഈ ആളിനു കുറേ മാനക്കേടുണ്ടായി വരും. അല്ലെങ്കിൽ കേൾക്കുന്നവർ ഞാൻ നിരൂപിച്ചു എഴുതുന്നതിനേക്കാൾ അധികം പൊരുൾ തിരിക്കും. എന്നാലും പലർക്കും ആത്മനാശം ഈ മുഖാന്തരത്താൽ വന്നിരിക്കുന്നതും ഇപ്പോൾ വരുന്നതും ഇനിയും വരുവാനിടവരുന്നതുമാകയാൽ..."

## 8. ദൈവഹിതം തേടൽ

'ദൈവം അനുവദിക്കുന്നുവെങ്കിൽ', 'ദൈവതിരുമനസ്സ് സ്തുതിക്കപ്പെടട്ടെ', 'സമസ്തവും ദൈവതിരുമനസ്സ്', 'തേവരുടെ ചിത്തം', 'അടിയന്റെ ഭാഗ്യം', 'ദൈവതിരുമനസ്സിനെ സ്തുതിപ്പിൻ', 'ദൈവം തിരുമനസ്സാകുമെങ്കിൽ' എന്ന് കത്തുകളിൽ പലയിടത്തും കാണാം. ഒപ്പം തിരുവചന സമ്പന്നവുമാണ് കത്തുകൾ. തിരുവചനബന്ധിയായി രൂപപ്പെടുത്തിയവ.

## 9. തിരുവചനപരിചയം

"വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ" (കൊളോസോസ് 3:16).

ഉദാ: "മൂന്നിലും കൂടുന്ന നൂൽ വേഗം പൊട്ടുന്നില്ലെന്ന് സോളമനും പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ ഇതിനായി നിങ്ങൾ പൂർണ്ണമനസ്സോടെ അദ്ധ്വാനിക്കുവിൻ. അപ്പോൾ ഈ ഉപവിശാല മുളവരികൊണ്ടല്ല, കല്ലും കുമ്മായവുംകൊണ്ട് ഉറപ്പോടെ പണിയാൻ ഇടവരും."

"സാറാ മുലയൂട്ടുമെന്ന് ആരെങ്കിലും അബ്രാഹത്തോട് പറയുമായിരുന്നോ? (ഉല്പ. 21:7). ദാവീദ് കണ്ണീർ ചിന്തി പ്രാർത്ഥിച്ചപ്പോൾ പുത്രനായ സോളമൻ ദേവാലയം പണിയിച്ചു. അയാളുടെ മക്കൾ നീതിമാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചപ്പോൾ ബാബേൽവഴി അത് നശിപ്പിക്കപ്പെട്ടു. വീണ്ടും ദാനിയേൽ പ്രവാചകൻ കരഞ്ഞു അപേക്ഷിച്ചതിനാൽ സെറാബാബേൽ മുതലായവർ രണ്ടാമതായി പണിയിച്ചു. വീണ്ടും അവർ അഹങ്കരിച്ചപ്പോൾ ശത്രുക്കൾ നശിപ്പിച്ചു. മൂന്നാമത് മക്കബായരും മക്കളും കൂടി പണിയിച്ചു. അന്നാസും കയ്യാഫാസും അഹങ്കരിച്ച്... ഇക്കാര്യങ്ങളെല്ലാം നിങ്ങളെപ്പോഴും ഓർത്ത് നടന്നാൽ... നിങ്ങളുടെ പള്ളിയിലും വീട്ടിലും നാട്ടിലും ദൈവത്തിന്റെ ആശീർവ്വാദം ലഭിക്കുകയും ദൈവതിരുമനസ്സ് നിറവേറുകയും ചെയ്യും" **(ചേന്നൻകരി പള്ളി ഇടവകയിൽ കൈനകരി കുരിശുപള്ളിയിൽ ഉൾപ്പെട്ടവർക്ക്).**

## 10. ചൊല്ലുകളും വിശ്വചിന്തകളും

ചൊല്ലുകളും താത്വികചിന്തകളും കത്തുകളിൽ കലർന്നിരിക്കുന്നു: "ഒരു ചൊല്ലുണ്ടല്ലോ, വിലകുറഞ്ഞ സമ്മാനമെങ്കിൽ അതിൽ ഏറ്റം വലിയത് അദ്ധ്വാനിച്ചവന്, ബുദ്ധിമുട്ടുള്ളതെങ്കിൽ ഏറ്റം മോശമായത് പ്രിയോരച്ചന്..." "എളിമയിൽ ഇറങ്ങി മുങ്ങിക്കിടക്കുന്നവൻ ജീവിക്കും. അയാൾ നിലനിൽക്കും." യൂറോപ്പിൽ ഒരു നിയമമുണ്ട്. ദുഷ്ടന്മാരോട് കൂട്ടുചേരാൻ മനസ്സില്ലാത്തവൻ കതകടച്ച് വീട്ടിനകത്തിരിക്കണം. ഫ്രാൻസിലെ പ്രസിദ്ധ തലവനായ മസിനി (മുസോളിനി) ഇപ്പോൾ രാജാവിനെ സഹായിക്കാൻ ക്ഷണിക്കപ്പെടാതെ തന്നെ ചേർന്നിരിക്കുന്നു. വലിയ സേനകൾക്കും അവരുടെ ദുഷ്ടനായ സേനാപതി ഗരിബാൾഡിക്കും അദ്ദേഹം ദൈവപ്രമാണം പോലെ ഒരു ചെറിയ വാചകം എഴുതിയിരുന്നു: "നമ്മുടെ സൈന്യം ജയിച്ചാലും തോറ്റാലും ആയുധങ്ങളുമായി തയ്യാറായി നിൽക്കുവിൻ" (പോരൂക്കര ഏലീശാച്ചന് എഴുതിയ കത്തിൽനിന്നും).

## 11. ആത്മീയതയും പ്രായോഗികതയും, കൃത്യതയും വ്യക്തതയും!

കന്യാസ്ത്രീകൾക്ക് എഴുതിയ കത്തിൽ ചാവറയച്ചൻ എഴുതി: "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ, തന്റെ അരികെ നടപ്പിൻ, തന്നോകൂടെ സംസാരിപ്പിൻ." **കണക്കെഴുതേണ്ടവിധം വരെ കന്യാസ്ത്രീകൾക്ക് എഴുതിയ കത്തിൽ കാണാം: "കണക്കെഴുതുമ്പോൾ തുക കൃത്യമായി കാണിച്ച് എഴുതണം. വക-ക-ൽ ചെലവുള്ള 5 പറയും നീക്കി പത്താഴത്തിൽ കിടപ്പ് 3 പറ, പള്ളിനെൽപ്പുരയിൽ 105 പറ. ഇങ്ങനെ തുക കൃത്യമായി എഴുതിവയ്ക്കണം."**

## 12. രുചി പകരുന്ന വ്യക്തിത്വം

**വീണ്ടും കന്യാസ്ത്രീകൾക്കുള്ള കത്തിൽ, രുചി പകരുന്നവരാകാൻ ഓർമ്മിപ്പിക്കുന്നു!** "ഈ മാങ്ങ പാറായി എനിക്കു കൊടുത്തയച്ചതാണ്... തൊലി ചെത്തിക്കളഞ്ഞ് പൂളി എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം."

## 13. സന്യസ്ത ബോദ്ധ്യങ്ങൾ–സങ്കടങ്ങൾ!

താഴെപ്പറയുന്ന ഉദ്ധരണികളിൽനിന്നും കറതീർന്ന ഒരു സന്യസ്തനെ നാം കണ്ടെത്തുന്നു:

"സ്നേഹിക്കപ്പെട്ട കൂടെപ്പിറപ്പുകളേ, നമ്മുടെ ഈ വിനീതസമൂഹം മനുഷ്യർ സ്ഥാപിച്ചതല്ല. പിന്നെയോ, തമ്പുരാൻ തന്നെ ഇതിനെ... സ്ഥാപിക്കുകയും നടത്തുകയും വളർത്തുകയും ചെയ്തു..."

"പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്തിൽ സ്ഥാപിക്കപ്പെട്ടതും വിശുദ്ധരുടെ സങ്കേതങ്ങളും ആയിരിക്കേണ്ട ഈ കൊവേന്തകൾ ഇപ്പോൾ കാര്യസ്ഥന്മാരുടെ കൂട്ടവും സ്വന്തം ഇഷ്ടം ചെയ്യുന്നവരുടെ വീടുകളും കഷ്ടിച്ചുമാത്രം കാര്യങ്ങൾ ചെയ്തുതീർക്കുന്നവരുടെ ഭവനങ്ങളും ആയിത്തീർന്നിരിക്കുന്നു."

"ഓരോരുത്തർക്കും ആയിരം ഇഷ്ടങ്ങളും ആയിരം ആവശ്യങ്ങളുമാണ്. ചിലരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ഒരു അധികാരി മതിയാകില്ല എന്നു തോന്നിപ്പോകും... നൂറുകൂട്ടം ന്യായങ്ങൾ."

"ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, ഇതാണോ നമ്മുടെ ദൈവവിളി? നാം കൊവേന്തയിൽ ചേർന്നത് നമ്മുടെ ഇഷ്ടങ്ങൾ നിറവേറ്റാനാണോ? നമുക്കിഷ്ടപ്പെടുന്ന അധികാരികളെ അനുസരിക്കാനാണോ? അങ്ങനെയെങ്കിൽ നമ്മുടെയും വിജാതീയരുടെയും അനുസരണം തമ്മിൽ എന്തു വ്യത്യാസം? നമ്മുടെ ഇഷ്ടംപോലെ പ്രവർത്തിക്കാനാണെങ്കിൽ ഈ സന്യാസജീവിതം തിരഞ്ഞെടുത്തത് എന്തിന്? കൊവേന്തയിൽ ചേർന്നതും എന്തിന്?"

"ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, നിങ്ങളുടെ ദൈവവിളിയുടെ കടമകൾ നിർവ്വഹിക്കാൻ നിങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ, നിങ്ങളുടെ ആത്മാവിനെ രക്ഷിക്കാൻ അറിയില്ലെങ്കിൽ പിന്നെ എന്ത് അറിവാണ് നിങ്ങൾക്കുള്ളത്? നിങ്ങൾ എന്തു പഠിച്ചിട്ടുണ്ട്?"

"ഹാ! പ്രിയമുള്ള കൂടെപ്പിറപ്പുകളേ, ഈവിധത്തിൽ തുടരുകയാണെങ്കിൽ ഇരുപതുവർഷത്തിനുള്ളിൽ ഈ കൊവേന്തകൾ ഇല്ലാതായിത്തീരുമെന്ന് ഉറപ്പായിട്ട് വിശ്വസിക്കുവിൻ."

# 3

## അഴകാർന്ന കുടുംബദർശനം
### ചാവരുൾ പൊരുൾ

എന്റെ തറവാട്ടുകാരും കൂടെപ്പിറപ്പുകളുമായ നിങ്ങൾക്ക് ഇത് എന്റെ ദസ്തമെന്ത് (മരണശാസനം) ആകുന്നു... ഇതു കളയാതിരിപ്പാൻ നിങ്ങൾ സൂക്ഷിപ്പിൻ! ഞാൻ ലോകത്തിൽ വന്നു എന്ന് ഇതിനാൽ **ഓർക്കുന്നതിനുവേണ്ടി!** ഇതിനെ പാടുള്ളവരൊക്കെയും പകർത്തിയെഴുതി വീടുകളിൽ സൂക്ഷിപ്പിൻ! ഇതിനെ കുരിശുപള്ളിപ്പെട്ടിയിൽ വയ്ക്കണം. മാസത്തിൽ മുമ്പുവരുന്ന ശനിയാഴ്ച എല്ലാവരുംകൂടി ഇതു വായിക്കണം. ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക. **"മറ്റൊരോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യേണ്ട"** (കൈനകരിക്കാർക്ക് 'ക്രിസ്തീയകുടുംബചട്ടം' അഥവാ' ഒരു നല്ല അപ്പന്റെ ചാവരുൾ' നൽകിക്കൊണ്ട് ചാവറതാതൻ അവരെ ഓർമ്മിപ്പിച്ചു.)

ചാവറ താതന്റെ ശ്രദ്ധേയമായ ഒരു കൃതിയാണ് 'ഒരു നല്ല അപ്പന്റെ ചാവരുൾ' അഥവാ 'ക്രിസ്തീയ കുടുംബചട്ടം.' കുടുംബജീവിതത്തെ ചൈതന്യധന്യമാക്കാൻ ഉതകുമാറ് ചാവറയച്ചൻ അരുളിയ

# നല്ല ഒരപ്പന്റെ ശാവുപൊരുൾ



തലവാചകം

മൊഴിമുത്തുകളാണ് ഈ കൃതി. കാച്ചിക്കുറുക്കിയ ജീവിതബന്ധിയായ ക്രൈസ്തവദർശനങ്ങൾ. കുടുംബജീവിതം ഒരു 'മാഗ്നിഫിക്കാത്ത്' (സ്തോത്രഗീതം) ആക്കുവാനുതകുന്ന 'മാഗ്നാകാർട്ട'യാണ് (മഹാപ്രമാണം) ചാവറയച്ചൻ കുറിച്ച കാലികപ്രസക്തി ഏറിയേറിവരുന്ന ഈ സൂക്തങ്ങൾ, മൊഴിമുത്തുകൾ. ക്രിസ്തീയ കുടുംബങ്ങളിൽ ആചരിക്കേണ്ട ചട്ടങ്ങളാണിവ. വിലപ്പെട്ട മൂല്യദർശനങ്ങൾ. പൂമാലയിലെ നൂലുപോലെ കുടുംബാംഗങ്ങളെ ചേർത്തുനിർത്തുന്ന സ്നേഹസൂക്തങ്ങൾ, സ്നേഹച്ചരടുകൾ (സൂത്ര).

## ചാവരുൾ പൊരുൾ

"നിന്റെ ഭവനം ക്രമപ്പെടുത്തുക" - ഏശയ്യാ 38:1.

"നിന്റെ വീട്ടുകാര്യങ്ങൾ ക്രമപ്പെടുത്തുക" - 2 രാജാ. 20:1.

"ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു" - ലൂക്കാ. 19:9.

"ഒരുക്കിയ വയലുകൾക്ക് മീതെയാണ് മഴപൊഴിയുക" എന്നു പറയും. 'ക്രമവും' 'ദൈവഭയവും' ഉള്ള കുടുംബങ്ങളിലാണ് കൃപയുടെ മഴ പൊഴിയുക. അടുക്കും ചിട്ടയും ക്രമവും ദൈവഭയവുമുള്ള കുടുംബങ്ങളെ രൂപീകരിക്കാനും നിലനിർത്താനും ഉതകുന്ന ക്രമചട്ടങ്ങളാണ് ചാവറപിതാവ് രചിച്ച 'ചാവരുൾ' അഥവാ ക്രിസ്തീയ കുടുംബങ്ങളിൽ ആചരിക്കേണ്ട ചട്ടങ്ങൾ.

ഒരു നല്ല അപ്പന്റെ സ്നേഹവാത്സല്യം നിറഞ്ഞ അരുളുകൾ. കുടുംബങ്ങളെ സ്നേഹിച്ച, കുടുംബത്തെ സകലതിന്റെയും അടിത്തറയായി കണ്ട ചാവറയച്ചൻ കുടുംബങ്ങളുടെ അടിത്തറ മെച്ചപ്പെടുത്താൻ അരുളിയ അരുളുകളാണ് ചാവരുൾ. ചാവരുൾ പൊരുൾ നല്ല ക്രിസ്തീയ കുടുംബങ്ങളുടെ രൂപീകരണമാണ്.

### 1. കുടുംബം = 'സ്വർഗ്ഗം'

പലതിനും നല്ല നിർവ്വചനങ്ങൾ സമ്മാനിച്ചവനാണ് ചാവറയച്ചൻ. **'ആകാശമോക്ഷത്തിന്റെ സാദൃശ്യമാണ് കുടുംബം'** എന്ന നിർവ്വചനം തന്നുകൊണ്ടാണ് ക്രിസ്തീയ കുടുംബചട്ടം ആരംഭിക്കുക.

### 2. ചാവരുൾ ചാരുത!

"തിരുക്കുടുംബത്തിന്റെ കുര്യാക്കോസ്" എന്ന നാമം സ്വീകരിച്ച ചാവറയച്ചന് തിരുക്കുടുംബഭക്തി ആത്മാവിന്റെ അംശമായിരുന്നു. അത്

അദ്ദേഹത്തിന് വലിയ ശക്തിയായിരുന്നു. ആയതിനാൽ കുടുംബങ്ങളെ തിരുകുടുംബങ്ങളാക്കുവാൻ ചാവറയച്ചൻ കൊതിച്ചു. ചാവരുളിന്റെ ചാരുത കുടുംബത്തിന്റെ ചുവരുകളെ ശക്തിപ്പെടുത്തുന്ന ചിന്തേരിട്ട ചിന്തകളാണ്. വിശ്വാസത്തിന്റെ വേരുകളെ ആഴത്തിലുറപ്പിക്കാൻ ഉതകുന്ന ദർശനങ്ങളാണ്. ഭവനങ്ങൾ പൂഴിയിൽ പണിയാതെ പാറയിൽ പണിയാനുള്ള ആത്മാർത്ഥമായ ആഹ്വാനമാണ്. ആഴത്തിലേയ്ക്ക് വല വീശാനും വിശ്വാസത്തിന്റെ വലതുവശം മറക്കാതിരിക്കാനുമുള്ള ഓർമ്മപ്പെടുത്തലാണ്.

## 3. 'ചാവരുൾ' 'ചട്ട'ങ്ങളുടെ പ്രവർത്തന പത്രിക

ജീവിതം ചിട്ടപ്പെടുത്തുന്നതാണ് ചട്ടങ്ങൾ. ഏറ്റവും വലിയ സങ്കീർത്തനമായ 119-ാം സങ്കീർത്തനത്തിൽ പലവട്ടം ആവർത്തിക്കുന്ന ഒന്നാണ് 'ചട്ടം.' സത്യത്തിൽ ചട്ടങ്ങളുടെ (നിയമം/ കല്പന/ പ്രമാണം/ശാസനം/വചനം...) സങ്കീർത്തനമാണിത്. വാസ്തവത്തിൽ കുടുംബചട്ടങ്ങളുടെ സങ്കീർത്തനമാണ് ചാവറയച്ചന്റെ ചാവരുൾ. ചട്ടത്തോട് (നിയമങ്ങളോട്) അൻപ് (സ്നേഹം) ഉള്ളവനാരോ അവന് പറയുന്നപേരാണ് 'ചട്ടമ്പി.' ഇത് വിശേഷണമാണ് പഴയ പദാവലിയിൽ!

ഉദാ: ചട്ടമ്പിസ്വാമികൾ. പണ്ട് സ്കൂളുകളിൽ മോനിട്ടർമാർ അറിയപ്പെട്ടിരുന്നത് ഈ പേരിലാണ്. ചട്ടത്തോട് (നിയമത്തോട്) സ്നേഹമുള്ളവൻ, അൻപുള്ളവൻ, ചട്ടങ്ങൾ നോക്കിനടത്തുന്നവൻ എന്നൊക്കെയാണ് ചട്ടമ്പിയുടെ മനോഹരമായ അർത്ഥം. ചട്ടമ്പിസ്വാമികൾ സ്കൂളിലെ മോനിട്ടർ (ചട്ടമ്പി) ആയിരുന്നു. എങ്ങനെ നല്ലൊരു ചട്ടമ്പിയാകാം അഥവാ എങ്ങനെ ചട്ടങ്ങളോട് സ്നേഹമുള്ളവനാകാം അതുവഴി കുടുംബങ്ങൾ എങ്ങനെ ക്രമപ്പെടുത്തി തിരുകുടുംബങ്ങളാക്കാം എന്ന് ചാവറയച്ചൻ കൈനകരിക്കാർക്ക് എഴുതിയ ചാവരുളിലൂടെ കേരളീയ കുടുംബാംഗങ്ങളെ പഠിപ്പിച്ചു, 1868-ൽ.

**ദൈവം മോശയ്ക്കു നൽകിയ പത്തു പ്രമാണങ്ങളിൽ ആദ്യമൂന്നെണ്ണം ദൈവവുമായുള്ള ബന്ധം ശക്തിപ്പെടുത്താനുള്ളതാണെങ്കിൽ ബാക്കിയുള്ളതെല്ലാം മനുഷ്യ-മനുഷ്യബന്ധം മെച്ചപ്പെടുത്താനുള്ളതാണ്. അതുപോലെതന്നെ ചാവരുളിന്റെ ആദ്യഭാഗം മാതാപിതാക്കൾ അറിയേണ്ടതും അവരുടെ സ്നേഹത്തിന്റെ കണ്ണികൾ ബലപ്പെടുത്താനുള്ളതുമാണ്. ചാവരുളിന്റെ രണ്ടാംഭാഗം സന്താനങ്ങളാകുന്ന നിക്ഷേപങ്ങളെ, സമ്മാനങ്ങളെ, ആത്മാക്കളെ എങ്ങനെ ദൈവപ്രീതിയിലും മനുഷ്യപ്രീതിയിലും ജ്ഞാനത്തിലും പ്രായത്തിലും (പക്വത) വളർത്തണമെന്നുള്ള ഓർമ്മപ്പെടുത്തലും ഉപദേശങ്ങളും നിർദ്ദേശങ്ങളും തിരുത്തലുകളുമാണ്.**

ഉദാ:

- "ക്രമവും സമാധാനവും ഇല്ലാത്ത കുടുംബങ്ങൾ സങ്കടങ്ങൾക്കും കണ്ണീരിനും കാരണമാകുന്നു."
- "പരസ്പരസ്നേഹവും ക്രമവും ഉള്ള കുടുംബം ആശ്വാസത്തിന്റെയും സമാധാനത്തിന്റെയും ഉറവിടം."
- "ക്രമവും സമാധാനവുമില്ലാത്ത കുടുംബത്തിൽ ജീവിക്കുന്നത് ഏറ്റവും വലിയ ദുരിതം."
- "പണമല്ല പ്രധാനം, ക്രമവും ദൈവഭയവുമുള്ള ബന്ധുക്കളാണ്."
- "കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുന്നതിനും ശ്രദ്ധിക്കുക. ഈ ക്രമം സൂക്ഷ്മമായിട്ടു കാക്കുക."

## 4. ചാവരുൾ ചുവരുകൾ

**"സകലത്തിന്റെയും അടിത്തറ കുടുംബമാണ്. എന്നാൽ കുടുംബം ഇന്ന് ഒരു അപകടനിലയിലാണ്." 'കുടുംബങ്ങൾക്കുള്ള കത്തിൽ' ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ എഴുതി.** പിസാഗോപുരംപോലെ ചരിഞ്ഞുനിൽക്കുന്ന കുടുംബങ്ങളുടെ അപകടനില ഒഴിവാക്കാൻ അവശ്യം വേണ്ടത് ആഴമുള്ള അടിത്തറകൾ പണിയുക, നല്ല അസ്ഥിവാരം ഇടുക എന്നതാണ്. തിരുക്കുടുംബം നിങ്ങളിൽ ഭരണം നടത്തട്ടെ എന്നാശംസിച്ചുകൊണ്ട് ചരമംപ്രാപിച്ച ചാവറയച്ചൻ കുടുംബം ബലപ്പെടുത്താൻ അവശ്യം വേണ്ട ചുവരുകളെപ്പറ്റിയും ചാവരുളിൽ എഴുതി:

1. രക്തത്താലും സ്നേഹത്താലും ബന്ധിതരാണെന്ന ബോധം.
2. മാതാപിതാക്കളുടെ നേരെ അനുസരണവും ആദരവും ഉള്ളവരായിരിക്കുക.
3. ദൈവത്തോടും മനുഷ്യരോടും പൊരുത്തപ്പെട്ടുപോവുക.
4. ഓരോരുത്തരുടെയും ജീവിതവഴികൾക്കനുസരിച്ച് ദൈവസായുജ്യം നേടാൻ പരിശ്രമിക്കുക.
5. യോജിപ്പോടെ ജീവിക്കുക.

## 5. ചാവറുൾ തരുന്ന മിതത്വത്തിന്റെ അഴക്

- "ഉള്ളഭാവം മുഴുവൻ കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു."
- "അതിധാരാളിത്വവും ലുബ്ധും രണ്ടും തിന്മയാകുന്നു."
- "മക്കളോട് അധിക കടുപ്പവും അധിക വാത്സല്യവും രണ്ടും തിന്മയാകുന്നു."
- "സ്നേഹിതന്മാർ അധികം വേണ്ട, പിന്നെയോ ആയിരംപേരിൽനിന്ന് സൂക്ഷിച്ച് ഒരുത്തനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കയില്ല."
- "ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വേണം അടക്കമെന്ന പുണ്യം."

## 6. ചാവറുൾ ചാരുത

കുടുംബങ്ങൾക്ക് ചാരുത പകരുന്ന ചാവറുൾ ചിന്തകൾ

1. തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ.
2. വഴക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും.
3. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു.
4. നിവൃത്തിയുണ്ടെങ്കിൽ പണം വായ്പ വാങ്ങിക്കരുത്.
5. കടമില്ലാത്ത കുടുംബം സമ്പന്നമായ കുടുംബം.
6. കാരണവന്മാരുടെ ഉത്തരിപ്പ് കടങ്ങൾ ഒത്തിരി താല്പര്യത്തോടെ തീർക്കുക. അതുവഴിയുള്ള ശാപം ഒഴിവാക്കുക.
7. എല്ലാവക ആളുകളെയും നിന്റെ വീട്ടിൽ കയറ്റേണ്ട. പിന്നെയോ നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെ മാത്രം കൈക്കൊള്ളുക.
8. മറ്റുള്ളവരുടെ കുറവുകൾ വീട്ടിൽ പറയരുത്. അങ്ങനെ പറയപ്പെടുമ്പോൾ അതിനുള്ള ശിക്ഷ നിന്റെ വീട്ടിൽ വരും.
9. നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക.
10. മദ്യപാനം ലോകത്തിന്റെ മുൻപാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതും ആകുന്നു.
11. കച്ചവടം ആത്മത്തിനും ധനത്തിനും ആപത്തുള്ളത്.

12. കട്ടവസ്തു കത്തിപ്പോകും.
13. വേലക്കാർക്ക് ന്യായമായ കൂലി നൽകുക. കൂലി വച്ചു താമസിപ്പിക്കാതെ കൊടുക്കുക.
14. പാവപ്പെട്ടവരെ നിന്ദിക്കരുത്. ബുദ്ധിമുട്ടിക്കരുത്. അവരുടെ കണ്ണീർ കണ്ടാൽ ദൈവം പകരം ചോദിക്കും.
15. ദുർഭാഷണങ്ങളും ദുർവാക്കുകളും കാർമേഘംപോലെ നല്ല കുടുംബത്തിന്റെ വെളിച്ചത്തെ ഇരുട്ടാക്കുന്നു.
16. ചീത്ത പുസ്തകങ്ങൾ വീട്ടിൽ സൂക്ഷിക്കരുത്. നല്ല പുസ്തകങ്ങൾ വീട്ടിൽ സൂക്ഷിക്കണം.
17. കടമുള്ള ദിവസങ്ങൾ കുർബ്ബാനയിൽ ഒതുക്കാതെ നല്ല പുസ്തകങ്ങൾ വായിക്കുന്നതിനും സാധുക്കളായ ദീനക്കാരെ ചെന്നു കണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതും ചെലവഴിക്കുക.
18. എഴുന്നേറ്റ ഉടനെ ഉഷഃകാല ജപം ചൊല്ലുക. പാടുള്ളവരെല്ലാം കുർബ്ബാന കാണുക.
19. സന്ധ്യയ്ക്ക് സന്ധ്യാപ്രാർത്ഥന നടത്തുക.

## 7. കണ്ണുവേണം ഉണ്ണികളിൽ

ഉണ്ണികളിൽ കണ്ണുവേണമെന്ന് ചാവരുളിൽ ചാവറയച്ചൻ പ്രത്യേകമായി മാതാപിതാക്കളെ ഓർമ്മിപ്പിക്കുന്നു. മാതാപിതാക്കളുടെ വലിയ കർമ്മവും കടമയുമായി അതിനെ കാണണം. മനോഹരമായ ജീവിത മാതൃക മക്കൾക്ക് നൽകാവുന്ന മനോഹരസമ്മാനമാണെന്ന് ചാവറയച്ചൻ പറയുന്നു. പിന്നീട് എബ്രഹാം ലിങ്കൺ പറഞ്ഞു: "ഞാൻ വായിച്ചിട്ടുള്ള ഏറ്റവും നല്ല പുസ്തകം എന്റെ അമ്മയാണ്."

"എന്റെ അമ്മ എന്നെ ഒരിക്കൽപ്പോലും കരംകൊണ്ടോ വടികൊണ്ടോ ശിക്ഷിച്ചിട്ടില്ല. എന്നെ സന്തോഷിപ്പിക്കാനും ദുഃഖിപ്പിക്കാനും അവളുടെ നോട്ടം ഒന്നു മതിയാകുമായിരുന്നു" (ആത്മാനുതാപം).

1. കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കുകയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.
2. പിള്ളപ്പട എന്നു പറയുന്ന വഴക്കു നിങ്ങൾ ഉണ്ടാക്കരുത്.
3. കാരണവന്മാർ പൈതങ്ങളാകരുത്.
4. മക്കളുടെ കൂട്ടുകെട്ടുകളിൽ ശ്രദ്ധവേണം.
5. ബലക്ഷയവും ബോധക്ഷയവും വരുന്നതിനുമുമ്പ് വസ്തുക്കൾ മക്കൾക്കു ഭാഗം ചെയ്തുകൊടുക്കുക.

# 4

# അഴകുള്ള ആത്മാവിന്റെ നാൾവഴികൾ

## അഥവാ നാളാഗമങ്ങൾ

## (ഡയറിക്കുറിപ്പുകൾ)

1829 മുതൽ ചാവറയച്ചൻ എഴുതിയ മാന്നാനത്തെ നാളാഗമത്തിന്റെ പ്രഥമ പേജ്



**"നമ്മുടെ എത്രയും വലിയ ക്ലേശത്തിന്റെ റിപ്പോർട്ട് എനിക്കു ശേഷം നിങ്ങളും എഴുതുവാൻ ദൈവം തിരുമനസ്സാകുമെന്ന് ഞാൻ ശരണപ്പെടുന്നു" (നാളാഗമങ്ങൾ, പേജ് 143).**

നാളാഗമങ്ങൾ നാൾവഴികളാണ്. ആഗമിച്ച (കടന്നുവന്ന/കടന്നു പോയ) നാളുകളുടെ ഈടുവയ്പ്പുകൾ. കാണാമറയത്തെ കാഴ്ചകളിലേക്ക് കണ്ണുതുറപ്പിക്കുന്ന ഭൂതക്കണ്ണാടി അഥവാ ഭൂതകാല (Past) കണ്ണാടി. വൃക്ഷങ്ങൾ അറക്കപ്പെടുമ്പോൾ ഒരു നാളാഗമം പ്രകാശനം ചെയ്ത് അത് വിടവാങ്ങുന്നു. വാർഷിക വലയമെന്ന നാളാഗമം. കാലം കാലങ്ങൾക്ക് കൈമാറുന്ന കാലവൃക്ഷത്തിലെ വാർഷികവലയങ്ങളാണ് ഒരർത്ഥത്തിൽ ചരിത്രരേഖകൾ. പഴയകാലസംഭവങ്ങളെ അടയാളപ്പെടുത്തുന്ന ഈടുവയ്പ്പുകൾ.

കാലാകാലങ്ങൾക്ക് കൈമാറേണ്ട കൈപ്പുസ്തകം ഓർമ്മച്ചെപ്പ്. ചാവറപിതാവിന്റെ നാളാഗമങ്ങൾ 19-ാം നൂറ്റാണ്ടിലെ കേരളസഭാചരിത്രത്തിന്റെ നഗ്നസത്യങ്ങളാണ്. അർദ്ധസത്യങ്ങളല്ല.

ആറുവാല്യങ്ങളിലായി എഴുതിവച്ചിരിക്കുന്ന ഡയറിക്കുറിപ്പുകൾ, ഏറ്റവും പ്രധാനപ്പെട്ട ഗദ്യകൃതി, ചരിത്രക്കുറിപ്പുകൾ. ചരിത്രത്തോടും ചരിത്രസത്യങ്ങളോടും ചരിത്രസംഭവങ്ങളോടുമുള്ള ചാവറപിതാവിന്റെ ആദരവും കൂറും വരുംതലമുറകളോടുള്ള പ്രതിബദ്ധതയും സ്നേഹവും ഇതിൽ നിറയുന്നു. സമകാലീന സംഭവങ്ങളും സഭയും സ്ഥാപനങ്ങളുമായും ബന്ധപ്പെട്ടതും 19-ാം നൂറ്റാണ്ടിലെ തിരുസഭാചരിത്രവും ഒപ്പം കേരളസഭാചരിത്രവും ഇടകലർന്ന ചരിത്രസംക്ഷേപം. കൂനമ്മാവ് മഠം നാളാഗമം ഒന്നാം വാല്യത്തിലെ 16 പേജുകൾ ചാവറയച്ചൻ നാളാഗമം എങ്ങനെ എഴുതണം എന്നതിന് മാതൃകയായി എഴുതിക്കാണിച്ചുകൊടുത്തതാണ്. തുടർന്ന് ചാവറയച്ചന്റെ നിർദ്ദേശപ്രകാരം സിസ്റ്റർ അന്നയാണ് അതെഴുതുന്നത്. **ചരിത്രബോധവും ചരിത്രത്തോടുള്ള പ്രതിബദ്ധതയും വരുംതലമുറകളോടുള്ള സ്നേഹവുമൊക്കെയാവാം ഇതെഴുതുവാൻ പ്രേരിപ്പിച്ച ചേതോവികാരം. അതുപോലെ തന്നെ ചരിത്രരേഖകൾ സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ചാവറതാതന്റെ തികഞ്ഞ അവബോധം.**

**നാളാഗമങ്ങൾ 1829 മുതൽ 1870 വരെയുള്ള കേരള സഭാചരിത്രത്തിന്റെ നിർണ്ണായക രേഖകളാണ്.** നാലു പതിറ്റാണ്ടുകളിലെ കർമ്മലീത്താ സന്യാസസഭകളുടെയും ആകമാന സുറിയാനി സഭയുടെയും കഥകൾ. കേരളസഭാചരിത്രപഠിതാക്കൾ അവശ്യം വായിച്ചിരിക്കേണ്ട

ഒരു പാഠപുസ്തകം. 19-ാം നൂറ്റാണ്ടിലെ കേരള സഭയുടെ ചരിത്രത്തിൽ ചാവറയച്ചനുണ്ടായിരുന്ന പ്രസക്തിയും ഇതിലൂടെ ഗ്രഹിക്കാം. നാളാഗമത്തിലെ ഈ താളുകൾ ചാവറയച്ചന്റെ ജീവിതത്തിന്റെ നാൾവഴികളുമാണ്. **ചാവറയച്ചൻ രചിച്ച 'പാലയ്ക്കൽ തോമാ മല്പാന്റെ ചരിത്രവും', 'പോരൂക്കര തോമാ മല്പാന്റെ ചരിത്രവും', 'റോക്കോസ് ശീശ്മയുടെ ചരിത്രവും' അമൂല്യമായ ചരിത്രഗ്രന്ഥങ്ങളാണ്.**

**നാളാഗമം എഴുതേണ്ടതിന്റെ ആവശ്യകത** കാട്ടിക്കൊടുത്ത് ചാവറയച്ചൻ കൂനമ്മാവ് മഠം കന്യാസ്ത്രീകൾക്ക് എഴുതുന്നത്:

**വർത്തമാനങ്ങളൊക്കെയും എഴുതുവാൻ സഹോദരി അന്നയെ ഉണർത്തണം. മടികൊണ്ട് മുടക്കാതെ എഴുതണം. ഇപ്പോൾ സാരമില്ലെന്ന് (കഴമ്പില്ലെന്ന്) തോന്നിയാലും കുറേക്കാലം കഴിയുമ്പോൾ നിങ്ങൾക്കുതന്നെ അത് എത്രയോ സന്തോഷം വരുത്തും.**

കാലംകഴിയുന്തോറും മൂല്യം വർദ്ധിക്കുന്ന ഒന്നാണ് ചരിത്രവസ്തുതകൾ. 'കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കണ'മെന്ന ശൈലിപ്രയോഗം തന്നെ കഴിഞ്ഞകാല ഓർമ്മകൾ ജീവിതത്തിന് നല്ലതാണ് എന്ന സൂചനയാണ്. **'നാളാഗമം' എഴുതാൻ സിസ്റ്റർ അന്നയെ 'ഉണർത്തണം' അഥവാ ഉണർത്തിക്കണം എന്നതിലും ഒരു ദർശനമില്ലേ? നാളാഗമങ്ങൾ കാലത്തിന്റെ ഉണർത്തുപാട്ടാണ്. അനുദിന ജീവിതത്തിലെ സംഭവവികാസങ്ങളുടെ നേർക്ക്, ചുറ്റുപാടുകളിലേക്ക് തുറന്നുവച്ച ഒരു കണ്ണുമായി ജാഗ്രതയോടെ ഇരിക്കണം എന്നും അത് ഓർമ്മിപ്പിക്കുന്നതായി തോന്നുന്നു.**

കെട്ടുകഥകളുടെ കെട്ടഴിക്കാനും കെട്ടുകഥകളെ കെട്ടുകെട്ടിക്കാനും ഊഹാപോഹങ്ങളുടെ പുകമറ മാറ്റാനും സഹായിക്കുന്ന ചരിത്രത്തിന്റെ അടയാളപ്പെടുത്തലുകളാണ് സത്യത്തിൽ ചരിത്രക്കുറിപ്പുകൾ (നാളാഗമങ്ങൾ, ക്രോണിക്കിൾ).

ചാവറയച്ചന്റെ നാളാഗമങ്ങളുടെ നിയോഗശുദ്ധിയും വിശ്വാസ്യതയുടെ അഴകും മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ ഈ വരികൾ മതിയാകും:

"ഈ എഴുത്തുകാരൻ എഴുതുവാൻ പോകുന്ന കാര്യങ്ങൾ കണ്ണുകൊണ്ടു കണ്ടതായിട്ടും വിശ്വാസമുള്ളവരിൽനിന്നു കേട്ടതായിട്ടും ഉള്ളവയാണ്. ഈവണ്ണം ഞാൻ എഴുതുന്നുവെങ്കിലും ഞാൻ അറിയാത്തതായി പല സംഗതികളും കണ്ടേക്കാം. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എന്റെ ഓർമ്മയിൽ വരുന്നതുമായ കാര്യങ്ങൾ മാത്രം ഞാൻ

**ഇവിടെ കുറിക്കുന്നു." എഴുത്തുകാരന് അവശ്യം വേണ്ടത് അറിവിനൊപ്പം ആത്മാർത്ഥത കൂടിയാണെന്നും ചാവറതാതൻ ഓർമ്മിപ്പിക്കുന്നു.**

**ചാവറപിതാവിന്റെ ആത്മീയ അഴകിനെ ധ്യാനിക്കാൻ കൂനമ്മാവ് മഠത്തിലെ നാളാഗമത്തിലെ വെറും ഒരു താളുമാത്രം മതിയാകും. ഇതുപോലെ നാലു പതിറ്റാണ്ടുകളിലെ താളുകൾ ഈ വിശുദ്ധ ജീവിതത്തിന്റെ തെളിവുകളായി നിലകൊള്ളുന്നു!**

"...ബഹുമാനപ്പെട്ട പ്രിയോരച്ചൻ ഞങ്ങൾക്കു പറഞ്ഞുതന്നത് ഓരോരോ പ്രവൃത്തികൾ ചെയ്യുന്നതിനുമുൻപ് നിയോഗം വയ്ക്കണം. അത് നമസ്കാരമാണെങ്കിലും അത് അധികം ഫലമുള്ളതാണ്. കാനോന നമസ്കാരം എത്തിപ്പാൻ പോകുമ്പോൾ മുൻപിനാൽ തന്നെ (നേരത്തെതന്നെ) ഓർക്കേണ്ടത് ഇപ്പോൾ സകല മാലാഖമാരും പുണ്യവാന്മാരും പ്രാർത്ഥനാമുറിയിലുള്ള കൂടെപ്പിറപ്പുകളെ കാക്കുന്ന മാലാഖമാരും കർത്താവിനെ സ്തുതിക്കുന്നു. അവരുടെ സ്തുതികളോടുകൂടി ഞാനും ഈ നമസ്കാരത്തെ ചേർത്തുകൊണ്ട് കർത്താവിനെ സ്തുതിക്കുന്നു" (കൂനമ്മാവ് മഠം, നാളാഗമം വാല്യം 1, പേജ് 71).

"ഈ ആണ്ടിൽ ഇടവം 25-ാം തീയതി ഉയിർപ്പിന്റെ രണ്ടാം ഞായറാഴ്ച നമ്മുടെ കർമ്മല (വാഴക്കുളം) കൊവേന്തയിലും പന്ത്രണ്ടാം തീയതി മൂന്നാം ഞായറാഴ്ച മാന്നാനത്തെ കൊവേന്തയിലും നാല്പതുമണി ആരാധന എന്ന വലിയ മനോഗുണത്തിന്റെ (അനുഗ്രഹം) സ്ഥാപനം നടന്നു" (നാളാഗമങ്ങൾ, പേജ് 140).

"ഇതാ, അറുപത്തിയൊൻപതാം കാലം മനോഗുണത്തിന്റെ കാലമെന്ന് ഗ്രഹിച്ചിരിക്കുന്നതുപോലെ അമ്പഴക്കാട്ട് കൊവേന്ത ഇട്ടൂപ്പുമൂലം ഉണ്ടാകുന്നതിന് ഇടയാകുന്നതുപോലെ ഈ കൂനമ്മാവ് കൊവേന്തയിൽ പണിവിശേഷഗുണങ്ങളുണ്ടാകാൻ ഇടയായിരിക്കുന്നു" (നാളാഗമങ്ങൾ, പേജ് 148).

നമ്മുടെ അമ്മത്രേസ്യായ്ക്കു മഠത്തിനു സ്ഥലംകൊടുത്ത ഇട്ടൂപ്പിന്റെ മരണംപോലെ ഇതും (അദ്ദേഹത്തിനു ലഭിച്ച സന്യാസിക്കടുത്ത ശേഷക്രിയകൾ) ഈ അമ്മയുടെ വിശേഷകൃപയാലത്രേ" (നാളാഗമങ്ങൾ, പേജ് 142).

"ഈ മെത്രാൻ പരിശുദ്ധ മാർപ്പാപ്പായുടെ കല്പന കൂടാതെ വന്നിരിക്കുന്നുവെന്നും ഈ ആളിനെ കീഴ്‌വഴങ്ങിയാൽ രൂപതാദ്ധ്യക്ഷൻ അറിയിച്ചിരിക്കുന്ന മഹറോൻ ശിക്ഷയിൽ വീണുപോകുമെന്നും എല്ലാവരും

കേൾക്കെ പരസ്യമായി ഈ ത്രോണോസിലിരിക്കുന്ന തൂങ്ങപ്പെട്ട രൂപം തൊട്ട് ഞാൻ സത്യം ചെയ്ത് ബോധിപ്പിക്കാം" (നാളാഗമങ്ങൾ, പേജ് 193) (ധ്യാനത്തിന് വന്നിരുന്ന വൈദികരോട് റോക്കോസ് മെത്രാനെ പ്പറ്റി).

"എന്റെ കുഞ്ഞേ മെത്രാൻപട്ടം കിട്ടണമെന്ന് എനിക്ക് ആഗ്രഹ മില്ല. നിത്യരക്ഷ ലഭിക്കണം എന്നു മാത്രം ആഗ്രഹം" (നാളാഗമങ്ങൾ, പേജ് 191. തന്നെ മെത്രാനാക്കാം എന്നുള്ള റോക്കോസിന്റെ രഹസ്യ കത്ത് കൊണ്ടുവന്ന ശെമ്മാശനോട്).

"റോമാപള്ളി എന്ന ഈ അനുഗ്രഹമുള്ളതും പ്രിയമുള്ളതുമായ നമ്മുടെ അമ്മയുടെ സങ്കേതത്തിൽ ആയിരിക്കുക" (നാളാഗമങ്ങൾ, 183, 184).

# 5

# അഴകാർന്ന സ്നേഹസല്ലാപം
## (ധ്യാനസല്ലാപങ്ങൾ)

"കളങ്കമെന്നിയേ കർത്താവിനെക്കുറിച്ചു ധ്യാനിക്കുവിൻ. നിഷ്ക ളങ്കതയോടെ അവിടുത്തെ അന്വേഷിക്കുവിൻ" (ജ്ഞാനം 1:1).

### സ്നേഹസല്ലാപം

ധ്യാനസല്ലാപത്തിൽ ചാവറപിതാവിന്റെ ധ്യാനദർശനം "ധ്യാനമെ ന്നത് ദൈവത്തോടുള്ള സംസാരമാകുന്നു" എന്നതത്രേ. ഇത് വിഷയ ദാരിദ്ര്യമില്ലാത്ത സംസാരമാണ്. സ്നേഹദാരിദ്ര്യം ഉള്ളിടത്ത് വിഷയ ദാരിദ്ര്യമുണ്ടാകാം. സ്നേഹമുള്ളിടത്ത് ഒരു വിഷയദാരിദ്ര്യവുമില്ല. ഭാഷ ഒരു വിഷയമല്ല. സല്ലാപം പൊല്ലാപ്പല്ല. ഈശ്വരനുമായുള്ള സല്ലാപം ആരെങ്കിലും സ്ക്രിപ്റ്റിൽ എഴുതിവച്ച കുറെ ഡയലോഗുകളുടെ അർത്ഥമറിയാത്ത യാന്ത്രികമായ ആവർത്തനമല്ല. സ്ക്രിപ്റ്റില്ലാത്ത ഹൃദയത്തിന്റെ ഭാഷയും വിഷയങ്ങളുമാണത്.

"നോട്ട് നോക്കിയല്ല കുയിൽ പാടുന്നത്, റൂട്ട് നോക്കിയല്ല ശലഭം പാറുന്നത്. നിമ്നോന്നത ശാസ്ത്രം പഠിച്ചറിഞ്ഞിട്ടല്ല പുഴ ഒഴുകിത്തു

ടങ്ങുന്നത്" എന്നു (ഫാ. വടക്കൻ) പറയുന്നതുപോലെ ഒരു പ്രവാഹം ഒരു പ്രയാണം ഒരു പ്രണയാതുരഭാവം. 'ഫോർമാലിറ്റി'കളില്ലാത്ത ഭാഷയും പദങ്ങളും സംബോധനകളും താപവും അനുതാപവും ചിരിയും പുഞ്ചിരിയും മിഴിനീരും ഉള്ളിൽനിന്നും ചിറമുറിഞ്ഞൊഴുകി കവിതയാകുന്ന സ്നേഹസങ്കീർത്തനം അതത്രേ ചാവറപിതാവിന്റെ 'ധ്യാനസല്ലാപ'ങ്ങൾ.

കണ്ണിൽക്കണ്ണിൽ നോക്കി ഒന്നും ഉരിയാടാതിരിക്കലും സല്ലാപ മാണ്. വാക്കുകളില്ലാത്ത വാചാലമായ സ്നേഹസല്ലാപം. മർത്താ ഓടി നടന്നു. മറിയം മുഖത്തുനോക്കി സമാധിയിരുന്നു. മർത്താ പല കാര്യ ങ്ങളിൽ മുഴുകി. ഒരു കാര്യത്തിൽ മുഴുകാൻ യേശു പറഞ്ഞു. അതേ സമയം മറിയം തിരുമുഖസമാധിയിൽ മുഴുകി.

താബോറിൽ യേശുവിനൊപ്പം പോയ ശിഷ്യന്മാർ പറഞ്ഞു: "ഇവിടെ ആയിരിക്കുന്നത് നല്ലതാണ്." ബോറാണ് എന്നല്ല. ശിഷ്യ ന്മാർക്ക് താബോർ ബോറായിരുന്നില്ല. ധ്യാനങ്ങൾ താബോറനുഭവങ്ങ ളാകണം. താറുമാറായ താബോറാകരുത്. അപ്പോൾ അത് ബോറാകും. ചാവറപിതാവിന് ധ്യാനം ബോറായിരുന്നില്ല, താബോറായിരുന്നു. ജോറാ യിരുന്നു. ധ്യാനം സ്നേഹസല്ലാപമായിരുന്നു.

## ധ്യാനം: സമാധി

പുഴുവിനെ പൂമ്പാറ്റയാക്കുന്നത് ഒരു സമാധിയാണ്. പൂമൊട്ടിനെ പൂവാക്കുന്നതും സമാധിയാണ്. സിദ്ധാർത്ഥൻ ബുദ്ധനായതും ഒരു നീണ്ട ധ്യാനസമാധിയിലൂടെയാണ്. ദാസൻ കാളിദാസനായതിനു പിന്നിലും സമാധിയുടെ നീണ്ട കഥയുണ്ട്. കാട്ടാളനെ (രത്നാകരൻ) കവിയാക്കിയതും (വാത്മീകി) ഒരു ധ്യാനസമാധിയാണ്.

'ധ്യാനസല്ലാപം' ഈശ്വരനൊപ്പം നടയടച്ച്, ചെരിപ്പ് (പ്രശ്നങ്ങൾ) പുറത്തുവച്ച് സമാധി പുണരാനുള്ള ക്ഷണമാണ്. നടയടയ്ക്കുക, സമാ ധിയിരിക്കുക. ചിറകും നിറവും വച്ച് മധുവും മണവും പേറി ചിറക ടിച്ച് പറക്കുവാൻ ഇത് സാധകനെ സജ്ജമാക്കും! തീർച്ച.

"വലിയ ധ്യാനത്തിന് എനിക്കു യോഗ്യതയില്ല. ...മഹാപാപി... അതും അശുദ്ധമായി... തെളിവില്ലാത്തതായി."

"ആ, എന്റെ അപ്പാ അനുഗ്രഹമുള്ള അപ്പാ, കണ്ണുകൾ ഉയർത്തി നിന്റെ തിരുമുഖത്തു നോക്കാൻ എനിക്കു സാധിക്കുന്നില്ല."

"എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല."

**"എന്റെ അപ്പാ," "എന്റെ അനുഗ്രഹമുള്ള അപ്പാ" എന്നിങ്ങനെ ധ്യാനസല്ലാപങ്ങളിൽ 31 വട്ടം ഉയരുന്ന, ഉണരുന്ന ഒരു ആത്മാവ ബോധനാദമാണ് 'അപ്പാ', 'അപ്പാ', 'എന്റെ അപ്പാ.'** അതുപോലെ തന്നെ പരമപരിശുദ്ധനായ ഈശ്വരസാന്നിദ്ധ്യത്തിനരികെ തന്റെ ആത്മാവബോധഫലമായി തന്നിലുണരുന്ന പാപവബോധംകൊണ്ടോ സ്നേഹാവബോധം കൊണ്ടോ അത്ഭുതാദരവുകൊണ്ടോ ചാവറതാതന്റെ ഉള്ളിലുണർന്നിരുന്ന ചില ആന്തരികാശ്ചര്യങ്ങളായിരിക്കാം സല്ലാപങ്ങളിലുടനീളമുള്ള 'ഹാ', 'അയ്യോ', 'അയ്യയ്യോ' വിളികൾ!

'വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ' എന്ന വചനം ചാവറപിതാവിൽ അന്വർത്ഥമായി (കൊളോ. 3:16). വചനാഭിഷേകത്തിൽ ജീവിച്ച ചാവറതാതന്റെ രചനകളിൽ വചനത്തിന്റെ തോരാധാര അനർഗളം അനുസ്യൂതം ഒഴുകിയൊഴുകി പരിമളവാഹിയായി പടരുന്നുണ്ട്. അമ്പതിൽപരം തിരുവചനഉദ്ധരണികൾക്കൊണ്ട് സമ്പന്നമാണീ സല്ലാപം! വചനകാന്തിയുടെ നറുനിലാവ്! "വചനത്തിന്റെ ചുരുൾ അഴിയുമ്പോൾ പരക്കുന്ന പ്രകാശം!" (സങ്കീ. 119:130)

ജപമാലയെ **"ചരടിൽ കോർത്ത ബൈബിൾ"** എന്ന് വിശേഷിപ്പിച്ചവന് ബൈബിൾ എന്നും ഇമ്പമുള്ളതായിരുന്നു. വിശുദ്ധരായ മഹിളകളുടെ മഹനീയ സാന്നിദ്ധ്യം അദ്ദേഹത്തിന്റെ ധ്യാനസല്ലാപങ്ങളെയും മഹനീയമാക്കി. അതിൽ പ്രഥമ **'ധ്യാനത്തിന്റെ ഗുരുനാഥ'** എന്ന പിതാവ് പേരിട്ടിരിക്കുന്ന **വിശുദ്ധ അമ്മത്രേസ്യായാണ്.** കുരിശിൻ ചുവട്ടിൽ ധീരതയോടെ നിന്ന് കർത്താവിനെ ആശ്വസിപ്പിച്ച മഗ്ദലനമറിയവും ചാവറപിതാവിന് പ്രിയപ്പെട്ടവളാണ്. എല്ലായ്പ്പോഴും എന്നെ തുണച്ചുപോരുന്ന മറിയം മഗ്ദലന എന്നാണ് താതമൊഴി. കുരിശിൻചുവട്ടിലെ സ്ത്രീനിരയും ഈജിപ്തിലെ മറിയവും കൊർത്തോണയിലെ മർഗ്ഗരീത്തായും ചാവറയച്ചന് ധ്യാനവഴികളിൽ വിളക്കുകളായിരുന്നു. തടസ്സങ്ങളായിരുന്നില്ല! ആദ്ധ്യാത്മികതയിലും അനുതാപത്തിലും പ്രാർത്ഥനകളിലും തന്നെ കൈപിടിച്ച് നടത്തുന്നവർ എന്നാണ് ചാവറപിതാവ് അവരെക്കുറിച്ചെഴുതുക. ഇവരുടെ വിലപ്പെട്ട മാദ്ധ്യസ്ഥ്യം പിതാവിന് പ്രിയപ്പെട്ടതായിരുന്നു. പരിഹാരമദ്ധ്യസ്ഥകളായിട്ടാണ് പിതാവ് ഇവരെ പരിഗണിച്ചിരുന്നത്. ധ്യാനവഴികളിൽ ശക്തരും അനുഗ്രഹങ്ങൾ വർഷിക്കുവാൻ സമർത്ഥരുമായാണ് പിതാവ് ഇവരെ വിശേഷിപ്പിക്കുക.

## ആ ധൂർത്തൻ ഞാനായിരുന്നു!

ധൂർത്തപുത്രന്റെ ഉപമയിലെ ധൂർത്തനായി സ്വയം കണ്ടുകൊണ്ട് പേർത്ത് പേർത്ത് ദുഃഖിക്കുന്ന ചാവറ ഹൃദയത്തിന്റെ വിങ്ങലും വിതുമ്പലും തേങ്ങലും വിവശതയും 'വെള്ളവസ്ത്ര'മായ ഉള്ളം ചെളിയിലളിഞ്ഞ ശുദ്ധമായതുമെല്ലാം ഓർത്തുനോക്കി എരിയുന്നുണ്ട് ചാവറമാനസം:

"ഓ! എന്റെ ആത്മാവേ! എത്രയോ വേലക്കാർ നിന്റെ അപ്പന്റെ അടുക്കൽ സംതൃപ്തരായി തെളിഞ്ഞുനടക്കുന്നു. ഈ അപ്പൻ അനുഗ്രഹമുള്ളവനാകുന്നു. അതിനാൽ നിന്റെ നന്ദികേടുകളൊക്കെയും അവിടുന്ന് മറന്നുകളയും. മുൻകാലത്തെന്നതുപോലെ നിന്നെ പുത്രസ്ഥാനത്ത് വയ്ക്കുകയും ചെയ്യും.

"ഹാ! നോക്കുക. നിന്റെ അപ്പന്റെ അരമനയും മതിലുകളും നീ കാണുന്നില്ലേ? പുറമേയുള്ള ഈ അലങ്കാരങ്ങളും മഹത്വവും ഈവിധമെങ്കിൽ അകമേയുള്ള മഹിമയും സന്തോഷവും എത്ര അധികമായിരിക്കും."

**ദൈവഭവനത്തിന്റെ അകംപുറകാഴ്ചകൾ! പൊള്ളയായ ചെളി പുരണ്ട ആത്മാവിന്റെ അകവും പുറവും! ഈ വൈരുദ്ധ്യങ്ങളുടെ സംഗമബിന്ദുവിൽ നിന്നുകൊണ്ട് തന്റെ ആത്മാവിന്റെ അന്തരംഗശോഭയും പരഭാഗഭംഗിയും പരതുകയാണ് താതൻ! ജീവിതത്തിന്റെ അകംപുറങ്ങൾ!**

ഈ അകംപുറശോധന ആത്മാനുതാപത്തിലും കാണാം:

കാണുന്നവർക്കു മഹാശോഭയായ് തോന്നീടുന്ന
കാരണവന്മാരുടെ കമ്പർകളതു മഹാ
വെൺമയായ് തോന്നീടുന്നു വെള്ള കുമ്മായത്താലെ
എത്രയും വെടിപ്പുള്ളതെന്നു തോന്നുന്നു പുറം
തത്ര സൂക്ഷിച്ചു തുറന്നകത്തുപാർക്കുന്നേരം
എത്രയും മഹാകഷ്ടം ദുർഗ്ഗന്ധം വീശീടുമേ...
എന്നതിൻവണ്ണം വാക്കും ഭാഷയുമേവം ദൃഢം
നല്ലതിൻവണ്ണമുള്ളതൊന്നുമില്ലല്ലോ നാഥാ.

(ആത്മാനുതാപം)

# 6

# ആത്മീയതയുടെ അരങ്ങ്!
## അരങ്ങിലെ ആത്മീയവിരുന്ന്!
## (ഇടയനാടകങ്ങൾ - എക്ലോഗ്)

"മലയാളിയായ ഒരു താപസവൈദികൻ 1855-56 കാലത്ത് മാന്നാനത്തെ സന്യാസാശ്രമത്തിലെ തന്റെ മുറിയിൽ ചിമ്മിനി വിളക്കിന്റെ വെളിച്ചത്തിലിരുന്നു മലയാളത്തിൽ എഴുതിയ പത്തുനാടകങ്ങൾ" (ശ്രീ. ജോൺ പോൾ).



എക്ലോഗ് (എക്ളോഗുകൾ) എന്ന പേരിലുള്ള ചാവറപിതാവിന്റെ ലഘുനാടകങ്ങളാണിവ. ആശ്രമങ്ങളുടെ അരങ്ങിൽ ഒരുകാലത്ത് അരങ്ങേറിയവ.

ക്രിസ്തുമസിന് മുമ്പുള്ള നാലാഴ്ചകളിൽ ആശ്രമങ്ങളിലും സെമിനാരികളിലും മഠങ്ങളിലും നടത്തുവാനായി ചാവറയച്ചൻ രചിച്ചവയാണിത്. 'എക്ലോഗ്' എന്ന പാശ്ചാത്യ നാടകരൂപത്തെ മാതൃകയാക്കി 1855-56 കാലയളവിലാണ് ഇവ രചിക്കപ്പെട്ടത്.

**ക്രിസ്തുവിന്റെ മനുഷ്യാവതാരമാണ് പ്രമേയം.** യൗസേപ്പും മറിയവും ആടുകളും പൂജരാജാക്കന്മാരും മാലാഖമാരും ഇതിൽ അണിനിരക്കുന്നു. ഇങ്ങനെ മണ്ണിലെയും വിണ്ണിലെയും താരങ്ങൾ സംഗമിക്കുന്ന ആശ്രമ അരങ്ങിന്റെ ക്രിസ്തുമസ് കാല സായാഹ്നങ്ങൾ! ആത്മീയതയുടെ അരങ്ങ്!

**കണ്ടെടുത്ത കൈയെഴുത്തുപ്രതികളിലൊന്നിൽ കഥാപാത്രങ്ങൾ വ്യക്തികളല്ല, മറിച്ച് സുകൃതങ്ങളാണ്. വിശ്വാസം - ശരണം - ഉപവി! നിത്യരക്ഷയാണ് പ്രമേയം. പാരിൽ സുകൃതവിത്തുകൾ വിതറി മൂല്യമുത്തുകൾ വിരിയിച്ചെടുക്കുവാനുള്ള ചാവറ താതന്റെ മൂല്യദർശനം! അഴകുള്ള ആത്മീയ വിഭവങ്ങളുടെ വിരുന്നൂട്ടി ക്രിസ്തുമസിൽ സഭാംഗങ്ങളെ ആത്മീയമായി ഒരുക്കുകയായിരുന്നു പിതാവിന്റെ ലക്ഷ്യം.**

ആദിനായകൻ സർവ്വനീതിമാൻ സർവ്വേശ്വരൻ
ആദിയിൽതന്നെ മൂശ ഏല്യായോടരുൾച്ചെയ്തു
ഈ മഹാജനം മമ കല്പനകേട്ടീടുകിൽ
നീ കാണും ധരിത്രിയിൽ വാണിടാമവർക്കെന്നുമേ
എന്നുടെ കല്പനകൾ ധിക്കരിച്ചീടുകിലോ
അന്നു രാജാക്കന്മാരാൽ ബന്ധിച്ചുകിടന്നീടും.

(ശാസ്ത്രികളുടെ എക്ലോഗ്)

ആ പ്രിയമുള്ള കർത്താവേ, മരണത്തിൽനിന്ന് രക്ഷപ്പെടുന്നതിനായി നീ ഞങ്ങളിൽനിന്ന് അകന്നുപോയാലും എപ്പോഴും നിന്നോടുകൂടി ഞങ്ങളുടെ ഹൃദയം ഇരിക്കും. ഇപ്പോൾ തന്നെ ഞങ്ങളതുമുഴുവനും നിനക്ക് കാഴ്ചവയ്ക്കുന്നു **(കുഞ്ഞിപ്പൈതങ്ങളുടെ, ഇടയന്മാരുടെ സല്ലാപം).**

ഞങ്ങളുടെ ബാവാന്മാരുടെ തമ്പുരാനായിരിക്കുന്ന നിത്യദൈവമേ, നീ ഞങ്ങളുടെ രക്ഷ... ആ ദിവ്യ ഉണ്ണിയെ, നിനക്ക് പൂജയായി കാഴ്ചവയ്ക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ കൈക്കൊള്ളണമേ. നിന്നെ കണ്ടതിന്റെ ശേഷം ഈ കണ്ണുകളിൽ മറ്റൊന്നും കാണണ്ട... ഇപ്പോൾ മരിച്ചാൽ കൊള്ളാമായിരുന്നു. ആമേൻ! (നമസ്കാരം).

## ആചാര്യന്മാർ സാക്ഷ്യപ്പെടുത്തുന്നത്

മലയാളനാടകവഴിയിൽ മാത്രമല്ല, ഇന്ത്യയിൽ ഭാഷാനാടകപാതയിൽത്തന്നെ രചനയുടെയും രംഗാവിഷ്കാരത്തിന്റെയും ആദ്യപാദങ്ങളുടെ ചുവടുവെച്ചതും വഴിതെളിഞ്ഞതും ഈ കൊച്ചുകേരളത്തിലെ

ഒരു കുന്നിൻമുകളിലെ സന്യാസാശ്രമത്തിന്റെ അകത്തളങ്ങളിലിരുന്നു കൊണ്ടുള്ള യോഗിതുല്യനായ ഒരു വന്ദ്യ വൈദികന്റെ സമർപ്പിതശ്രമ ഫലമായാണ് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുമെങ്കിൽ അതൊരു ചെറിയ കാര്യമല്ലതന്നെ **(ശ്രീ. ടി. എം. എബ്രാഹം)**.

എക്‌ലോഗുകൾ പള്ളിയുടെ ഉള്ളറകളിൽ വൈദികവിദ്യാർത്ഥി കൾക്കുവേണ്ടി മാത്രം രചിച്ചിട്ടുള്ള നാടകങ്ങളായിരുന്നു. തന്റെ ആശ്ര മത്തിലെ വൈദികപരിശീലനം നേടുന്ന വിദ്യാർത്ഥികളുടെ ദൈവശാ സ്ത്രബോധവും ആത്മീയോൽക്കർഷവും ലക്ഷ്യമാക്കി രചിച്ച കൃതി കൾ **(ശ്രീ. കാവാലം നാരായണപ്പണിക്കർ)**.

(ഇതിലെ ഉദ്ധരണികൾ എടുത്തിരിക്കുന്നത് ശ്രീ. ജോൺപോൾ സമാഹരിച്ച് കേരള സാഹിത്യ അക്കാദമി, തൃശൂർ 2014 ജൂലൈയിൽ പ്രസിദ്ധീകരിച്ച 'ഇടയനാടകങ്ങൾ' ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന ഗ്രന്ഥത്തിൽനിന്ന്)

# 7

# നിത്യതയുടെ കീർത്തനം
## (മരണവീട്ടിൽ പാടുന്നതിനുള്ള പാന)

"മേൽത്തരം പരിമളതൈലത്തേക്കാൾ സൽപ്പേരും ജന്മദിനത്തേ ക്കാൾ മരണദിനവും ഉത്തമമാണ്" **(സഭാപ്രസംഗകൻ 7:1)**.

"ജന്മദിനത്തെക്കാൾ മരണദിനം നല്ലൂ
ജന്മഘോഷത്തെക്കാൾ മരണഘോഷം"

(മരണവീട്ടിൽ പാടുന്നതിനുള്ള പാന)

ജീവിതം പൊടിപൂരമാക്കുന്നവർ മറക്കാൻ പാടില്ലാത്ത ഒരു പൊടി വചനമുണ്ട്. ഒരു തിരുവെഴുത്ത്:

### "നീ പൊടിയാണ്" (ഉൽപ്പത്തി 3:19)

അടിപൊളിയും പൊടിപൂരവുമായി ജീവിതം ഘോഷിക്കുന്നവർ മരണത്തെ ഘോഷിക്കുവാൻ ചാവറതാതൻ മരണപർവത്തിലൂടെ ഓർമ്മിപ്പിക്കുന്നു. ആകുലതകളെ അകലെ നിർത്തുന്ന പ്രത്യാശയുടെ പാന പാടി ദൈവപരിപാലനയ്ക്ക് ദൈവത്തിന് പാനോപചാരം നടത്തണം.

അമിതമായി ആകുലപ്പെടുന്നവർ അല്പവിശ്വാസികളോ, അവിശ്വാസികളോ ആകാം. ദുഃഖിക്കരുത് എന്ന് പൗലോസ് ശ്ലീഹാ പറയുന്നില്ല "ദുഃഖിക്കാം, പ്രത്യാശയില്ലാത്തവരെപ്പോലെ ദുഃഖിക്കരുത്" എന്നത്രേ.

**ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളോടുള്ള ഭക്തിയാണ് പ്രധാനപ്രമേയം.** സുകൃതകഥകൾ കോർത്തിണക്കിയ മനോഹരപ്രതിപാദനമാണിത്. സുകൃതം നിറഞ്ഞകഥകൾ സന്നിവേശിപ്പിച്ചുകൊണ്ട് ചാവറതാതൻ ഉദ്ബോധിപ്പിക്കുന്നത് മണ്ണടിയുന്നതിനു ഏറെനാൾ മുമ്പ് മണ്ണടിയേണ്ടവനാണ് താനും എന്ന ബോദ്ധ്യത്തിൽ സുകൃതികളായി ജീവിക്കാനാണ്. "യൗവ്വനകാലത്തു തന്നെ സൃഷ്ടാവിനെ സ്മരിക്കാൻ" സഭാപ്രസംഗകൻ ഓർമ്മിപ്പിക്കുന്നുമുണ്ട് (12:1).

**ക്രൈസ്തവ വിശ്വാസമനുസരിച്ച് മരണത്തെ എങ്ങനെ സമീപിക്കണം? മനുഷ്യന്റെ മരണാനന്തരാനുഭവങ്ങൾ ഏതെല്ലാം? ആത്മാവിന് മോക്ഷം ലഭിക്കാൻ എന്തെല്ലാം ചെയ്യണം? ആരാണ് യഥാർത്ഥ സുഹൃത്ത്? നമുക്കുള്ള സുഹൃത്തുക്കൾ ആരൊക്കെ? മരണത്തിനപ്പുറവും നമ്മെ സഹായിക്കാൻ കഴിയുന്ന സുകൃതങ്ങൾ സുഹൃത്തുക്കളായി ഒപ്പമുണ്ടോ?**

അർത്ഥാഗൃഹേ നിവർത്തന്തേ
ശ്മശാനേപുത്ര ബാന്ധവ
സുകൃതം ദുഷ്കൃതം ചൈവ
ഗച്ഛന്തമനുഗച്ഛതി.

ചാവറദർശനത്തിന്റെ 'നീതിസാര'സാരം!!

ഭവനത്തിൽവച്ച് ധനം നഷ്ടമാകുന്നു. ശ്മശാനംവരെ മക്കളും ബന്ധുക്കളും അനുഗമിക്കുന്നു.

നീ ചെയ്തുകൂട്ടിയ നിന്റെ സുകൃതമോ ദുഷ്കൃതമോ അവസാനം നിന്റെകൂടെ നിന്നെ പിന്തുടരുന്നു.

ജീവിതകാലത്തിൽ സ്നേഹിതന്മാർ പലർ
ജീവൻ പിരിയുമ്പോൾ ആരുമില്ല.
കൂട്ടരുണ്ടായ് പലർ സ്നേഹിതന്മാരവർ
കൂടെ വരുവതിനാരുണ്ടിപ്പോൾ?

**സുകൃതങ്ങളെ സുഹൃത്തുക്കളാക്കി സുകൃതികളാകൂ എന്ന് സുകൃതമലരായ് മാന്നാനത്ത് വിരിഞ്ഞവൻ ഓർമ്മപ്പെടുത്തുന്നു.**

ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളെക്കുറിച്ചുള്ള ചിന്തയും സഹോദരങ്ങളായ അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ

ആവശ്യകതയും അതു ചെയ്യാത്തപക്ഷം വരുന്ന വിനകളെക്കുറിച്ചും ശുദ്ധീകരണസ്ഥലത്തിലെ വേദനയുടെ തീവ്രതയുമെല്ലാം പലപല കഥകളിലും ഉപകഥകളിലുമായി ചിത്രീകരിച്ചിരിക്കുന്നു.

സമര, സഹന, വിജയസഭകളെക്കുറിച്ചും പ്രതിപാദനമുണ്ട്. **സമരസഭ** (ഇഹലോകത്തിലെ ജീവിതം), **സഹനസഭ** (ശുദ്ധീകരണസ്ഥലത്തിലെ അനുഭവം), **വിജയസഭ** (സ്വർഗ്ഗീയ അനുഭവം) **ഇവയുടെ സമന്വയമത്രേ സഭാത്മക ക്രൈസ്തവ ജീവിതശൈലി.** ഇവ തമ്മിൽത്തമ്മിലുള്ള ഐക്യമത്രേ **'പുണ്യവാന്മാരുടെ ഐക്യം'** അഥവാ **'പുണ്യവാന്മാരുടെ ഒരുമ്പാട്.'** ഈ ചിത്രം ചാവറതാതൻ ലളിതസുഭഗമായി അവതരിപ്പിക്കുന്നുണ്ടിതിൽ.

**പുണ്യവാന്മാരുടെ ഒരുമ്പാടുമേൽ**
പുണ്യമായുള്ളൊരു വിശ്വാസത്താൽ

**ജയവിരുതു ധരിച്ചുള്ള പള്ളിയും**
**ജഗതിയിലുള്ള യുദ്ധക്കാരും**

ശുദ്ധീകരണത്തിലെ ദുഃഖജനങ്ങളും
ശുദ്ധമായ് **മൂന്നു ജനപള്ളികൾ**

**അന്യോന്യമായുള്ള പുണ്യസഹായത്താൽ**
അങ്ങിങ്ങുമുണ്ടാകും സർവ്വം ഗുണം

രോഗികളെ ശുശ്രൂഷിക്കുമ്പോൾ യേശുവിനെ ശുശ്രൂഷിക്കുന്നു... നരസേവ നാരായണ സേവ എന്ന വിശുദ്ധ ഗ്രന്ഥദർശനവും ചാവറതാതൻ ലളിത സുഭഗമായി അവതരിപ്പിക്കുന്നു!

രോഗിയെ കാണാനായ് പോകുന്ന നേരത്തിൽ
രോഗിയിതാരൊന്നുമോർത്തുകൊൾവിൻ
രോഗിക്കു നൽതുണ ചെയ്യുന്ന നേരത്തിൽ
നേരിതുനാഥനെന്നോർത്തുകൊൾവിൻ.

വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനയ്ക്കേണ്ട നാഥൻതന്നെ.
എന്നതു ചേതസി നന്നായ് സ്മരിക്കിലോ
നന്ദിയധികരിച്ചൊക്കെ ചെയ്യാം

ശുശ്രൂഷിക്കുന്നത് യേശുവിനെ തന്നെയാണെന്ന് വിചാരമുണ്ടെങ്കിൽ നന്ദിയോടെ സ്നേഹത്തോടെ ഈ ശുശ്രൂഷ നമുക്ക് ചെയ്യാം.

# 8

# നിണമണിഞ്ഞ സുന്ദരി!
## (അനസ്താസ്യയുടെ രക്തസാക്ഷ്യം)

"സ്വർണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂള യിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും" (പ്രഭാഷകൻ 2:5).

ഒരു നിർമ്മല കന്യക തന്റെ വിശ്വാസസംരക്ഷണാർത്ഥം ഏകയായി നടത്തിയ **വിശ്വാസപോരാട്ടത്തിന്റെ നിണമണിഞ്ഞ വീരഗാഥ. വീരോ ചിതസുകൃതം. 1861-ൽ കേരളസഭയിലുണ്ടായ റോക്കോസ് ശീശ്മ യുടെ പശ്ചാത്തലത്തിൽ സത്യസഭയെ സത്യവിശ്വാസത്തിൽ നില നിർത്തുവാനും അകന്നവരെ ചേർത്തുനിർത്തുവാനുമായി എഴുത പ്പെട്ട കൃതിയെന്നാണ് ശ്രീ. ഇസഡ്. എം. മൂഴൂർ ഗവേഷണത്തിലൂടെ സമർത്ഥിക്കുന്നത്.**

കഥാസംഗ്രഹം ഇങ്ങനെ!

എ. ഡി. മൂന്നാം നൂറ്റാണ്ടിൽ റോമിൽ സോഫിയാ എന്ന കന്യാസ്ത്രീ സ്ഥാപിച്ചുനടത്തിയിരുന്ന മഠത്തിലെ നവസന്യാസിനി ആയിരുന്നു അഴകുള്ള അനസ്താസ്യ. ക്രിസ്തുമതവിരോധിയായ വലേ രിയൻ ചക്രവർത്തിയുടെ മന്ത്രിപ്രമുഖൻ പ്രോബാ ഈ വിവരം അറിഞ്ഞ് പട്ടാളക്കാരെ വിട്ട് അവളെ കൊട്ടാരത്തിൽ വരുത്തിച്ചു.

ക്രിസ്തീയവിശ്വാസം വലിച്ചെറിയാൻ അയാൾ അവളെ പ്രലോഭിപ്പിച്ചു പ്രകോപിപ്പിച്ചു, പ്രഹരിച്ചു. എന്നാൽ അനസ്ത്യാസ്യ പറഞ്ഞു: "ജീവൻ വെടിയേണ്ടിവന്നാലും ഞാൻ എന്റെ ക്രൈസ്തവവിശ്വാസം ഉപേക്ഷിക്ക യില്ല. നിങ്ങൾ ആരാധിക്കുന്ന ജൂപ്പിറ്റർ ദേവനും ദേവിമാരും കല്ലും മരവും ആണ്. അവയെ ആരാധിക്കാൻ എന്നെ നിർബന്ധിക്കരുത്."

പ്രലോഭനങ്ങൾക്കും പ്രകോപനങ്ങൾക്കും മുമ്പിൽ വിശ്വാസം വലി ച്ചെറിയാത്ത വിശ്വാസബോദ്ധ്യങ്ങളിൽ ചഞ്ചലിക്കാത്ത ഈ സുന്ദര സൂനത്തെ തല്ലിക്കൊഴിക്കുവാൻ പ്രോബാ തീരുമാനിച്ചു. ഹൃദയ ദ്രവീ കരണമായ ഭാഷയിൽ അതു ചാവറതാതൻ അവതരിപ്പിക്കുന്നതു കാണുക:

കന്നിതന്റെ ദേഹമാകെ
ചീന്തിയവർ പൊളിച്ചിട്ടു
ചിന്തിവീഴും ചോരകൊണ്ടു
കുതിർത്തു ഭൂമി

വെള്ളിപോലെ വെളുത്തുള്ള
കന്നിതന്റെ പല്ലുകളെ
വല്ലിയൊരു ചുറ്റികയാൽ
തല്ലിവീഴിച്ചു.

അപ്പോഴും അനസ്താസ്യയായുടെ ഉള്ളിൽ തീർച്ചയായും ഉണ്ടായിരുന്നിരിക്കണം തന്റെ മഠത്തിലെ സോഫിയാ മദറിന്റെ ഉപദേശശകലം:

സ്നേഹമേറും മകളെ നിൻ ഭാഗ്യമേറും മണവാളൻ

ദാഹമോടെ വിളിക്കുന്നു വേഗമായ്പോക.

മഠാധിപയുടെ പേരുതന്നെ ചിന്താർഹമാണ്. **'സോഫിയാ'** എന്നാൽ 'വിജ്ഞാനം' (wisdom) എന്നത്രേ. **ശരിയായ നേരത്ത് ശരിയായ വിജ്ഞാനം ഉപദേശിക്കുന്ന വിവരമുള്ള അധികാരി.**

അധികാരികൾ വിവരം എന്ന വരത്താൽ അനുഗൃഹീതരായിരുന്നാൽ മറ്റുള്ളവർക്ക് ശരിയായ ദിശാബോധം പകരുവാൻ ആവും എന്ന പരോക്ഷചിന്തകൂടി ചാവറ പിതാവ് സന്നിവേശിപ്പിക്കുന്നുണ്ടാവാം.

ഒന്നിനുമേതിനും മങ്ങലേല്പിക്കുവാനാവാത്ത തിളങ്ങുന്ന വിശ്വാസത്തിന്റെ ജീവനുള്ള മുഖവുമായി അവൾ പരിഹാസകരുടെ നടുവിൽ തന്റെ ആത്മ-മണവാളനൊപ്പം ഏകയല്ലാതെ നിന്നു? അവളുടെ ആകാരഭംഗിയുടെ പരഭാഗശോഭയേ അതിലംഘിക്കുന്ന അതിവർത്തിക്കുന്ന അന്തരംഗകാന്തിയുടെ വീരകഥ! 'അനസ്താസ്യ' 'ഉയർത്തപ്പെട്ടവൾ' എന്നും അർത്ഥമുണ്ടത്രെ.

**പ്രകോപനങ്ങൾക്കും പ്രലോഭനങ്ങൾക്കും മുമ്പിൽ മുട്ടുകുത്താത്ത വിശ്വാസബോദ്ധ്യത്തിന്റെ നിണമണിഞ്ഞ വീരാംഗന!**

ഇതിനിടയിൽ മടിക്കാതെ ദാഹജലം പകരുന്ന സിറിലൂസ് എന്ന യുവാവിനെയും അവതരിപ്പിച്ചിരിക്കുന്നു. സിറിലൂസ് ആവാം സിറിൾ. സിറിളാണ് സിറിയക്ക് അഥവാ കുര്യാക്കോസ്!

ചാവറതാതനും സിറിയക്കാണ്. കുര്യാക്കോസ് ഏലിയാസ് ചാവറ. കുര്യാക്കോസ് എന്നാൽ 'ദൈവത്തിന്റെ സ്വന്തം' എന്നാണർത്ഥം. റോക്കോസ് ശീശ്മയുടെ കാലത്ത് വിശ്വാസപോരാട്ടം നടത്തിയ സഭാതനയർക്ക് സത്യവിശ്വാസത്തിന്റെ ജീവജലം നല്കിയവനായിരുന്ന ചാവറതാതൻ. ആരെയും ഭയക്കാതെ തികഞ്ഞ ബോദ്ധ്യത്തോടെ ഉറച്ച താങ്ങുതൂണായി.

സത്യവിശ്വാസത്തിനുവേണ്ടി പോരാടി രക്തസാക്ഷിത്വം വരിച്ച ഈ ആത്മീയ അഴകുള്ള സുന്ദരിക്ക് സ്വർഗ്ഗീയ മണവാളൻ പ്രതിസമ്മാനം നൽകി സ്വീകരിക്കുന്നു:

പുണ്യ കന്നി അനസ്ത്യാസ്യാ തന്റെ ആത്മം ക്ഷണം തന്നെ
പുണ്യശോഭനിറഞ്ഞുള്ള വിസ്മയത്താലേ
പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യമാണിക്യം
പച്ചമരതകമാദിയലങ്കാരത്താൽ
സ്നേഹമേറും മണവാളൻ യേശു തന്റെ മന്ദിരത്തിൽ
ദാഹമോടെ കുടിവച്ചു മണിയറയിൽ.

# II

# ചാവറകൃതികളിൽ തെളിയുന്ന ചാവറതാതന്റെ അന്തരംഗശോഭ അഥവാ 'അഴകുള്ള ആത്മാവ്.'

## 1

## ധ്യാനസല്ലാപങ്ങളിലെ 'പുഴു'

"പ്രിയമുള്ള കർത്താവേ, ഈ പുഴുവിനെപ്രതി നീ സഹിച്ചതെങ്ങനെ? (ധ്യാനസല്ലാപങ്ങൾ 21-22).

"ഈവണ്ണം പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവേ, ഇതൊക്കെയും എന്നെപ്രതി നീ ഇത് ചെയ്തിട്ടും അയ്യോ ഞാൻ നിന്നോട് കാട്ടിയ നന്ദിയെന്ത്?" (ധ്യാനസല്ലാപങ്ങൾ, 27).

"അയ്യോ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നെങ്കിലും തന്നോട് ഞാൻ നന്ദികേട് ചെയ്തു. ഓ! എന്റെ മനോഗുണമുള്ള പിതാവേ, നിന്റെ സ്നേഹത്തെ ഞാൻ കണ്ടിട്ടും അതിനേക്കാളധികം ഞാൻ മണ്ണിനെയും പുഴുവിനെയും സ്നേഹിച്ചു" (ധ്യാനസല്ലാപം 27).

# 2

## ആഹാ, ഹാ! ആഹാ, ഹാ!

"ആഹാ, ഹാ! മഹാഭയഘോരഘോരമാം കാഴ്ച
ആഹാ, ഹാ! മഹാദുഃഖം,
ദുഷ്ടന്മാർക്കയ്യോ ശാപം"

ഇത്, ദൈവമഹിമയുടെ മുമ്പിൽ നിൽക്കുമ്പോൾ ഒരു ഭക്തന്റെ ഉള്ളിൽ ഉണരുന്ന അനുരണനം!

# 3

## 'ധ്യാനസല്ലാപ'ങ്ങളിലും 'ആത്മാനുതാപ'ത്തിലുമുള്ള 'അയ്യോ', 'അയ്യോ', 'അയ്യയ്യോ!'

"അയ്യോ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നെങ്കിലും നിന്നോട് ഞാൻ നന്ദികേട് ചെയ്തു" (ധ്യാനസല്ലാപങ്ങൾ 27).

"അയ്യോ! എന്റെ പ്രതിജ്ഞകൾ ലംഘിച്ച് വീണ്ടും വീണ്ടും പല പ്രാവശ്യം ഞാൻ പാപക്കുഴിയിൽ വീണതിനാലെ ആ കേടുകളെ തീർപ്പാനായിട്ടാണല്ലോ നീ കുരിശിന്റെ വഴിയിലെ വീഴ്ചകളുടെ സങ്കടം അനുഭവിക്കേണ്ടിവന്നത്" (ധ്യാനസല്ലാപങ്ങൾ 21).

"അയ്യോ, എന്റെ അപ്പാ, ആകാശത്തിലും നിന്റെ തിരുമുൻപിലും ഞാൻ പിഴച്ചു" (ധ്യാനസല്ലാപങ്ങൾ 17).

"ഇപ്പോൾ എന്റെ അപ്പൻ വന്ന് എന്നെ പിടിച്ചു തഴുകും.

അയ്യോ! അതുവേണ്ട. എന്നെ തൊടുവാൻ യോഗ്യതയുള്ളവൻ ഞാൻ അല്ലല്ലോ. ഇതിനാലെ, ഞാൻ തന്റെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീഴട്ടെ" (ധ്യാനസല്ലാപങ്ങൾ 17).

'മന്ദമായ് നടന്നയ്യോ പിന്നെയും മഹാപാപി
നന്ദിഹീനത്താൽ പാപക്കനത്തെ വർദ്ധിപ്പിച്ചു"

(ആത്മാനുതാപം)

"മന്നിലുള്ളവയൊക്കെ സ്ഥൂലവും അസ്ഥൂലവും
മിന്നൽപോൽ കടന്നീടുമെന്ന് ഞാനോർത്തീടാതെ
കണ്ണിനിഷ്ടമായിടും കാഴ്ചയെ സൂക്ഷിച്ചഹം
മണ്ണിതിന്നോർത്തീടാതെ മനസ്സുമതിൽവച്ചേൻ
എന്നതുകൊണ്ട് നാഥൻ തന്നു കണ്ണിനാൽതന്നെ
നിന്ദിച്ചേനഹം **തന്നെയയ്യയ്യോ** മഹാകഷ്ടം"

(ആത്മാനുതാപം)

**അയ്യയ്യോ** മമനാഥാ, **അയ്യയ്യോ** മമസ്നേഹം
**അയ്യയ്യോ** മമകോപം കാരണമിതിന്നയ്യോ

(ആത്മാനുതാപം)

**അയ്യയ്യോ** സ്നേഹപിതാ, സൃഷ്ടിനാഥനെ മമ
അയ്യത്താലധോഭാഗേ താഴ്ത്തുന്നേൻ മമാനനം

(ആത്മാനുതാപം)

**അയ്യയ്യോ** മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യം (ദുഃഖം) കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!

(ആത്മാനുതാപം)

**അയ്യയ്യോ** മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ല, പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി-
യല്പൻ ഞാനറിയാതെ കെട്ടയ്യോ മമവെട്ടം

(ആത്മാനുതാപം)

മറ്റുള്ള ജനത്തേയും കാട്ടുവാനായ്ത്തന്ന
മാറ്റേറും വെളിച്ചത്തെ പകർത്തിത്തമസ്സാക്കി
ഇങ്ങനെയടിയന്റെ പൈതൽപ്രായത്തിൽത്തന്നെ
മംഗലമൊക്ക **കളഞ്ഞയ്യയ്യോ** മഹാദുഃഖം

(ആത്മാനുതാപം)

# 4

# 'അപ്പാ'വബോധം അഥവാ 'ആമ്പാ'വബോധം

'ഇതാ എന്റെ അപ്പന്റെ പക്കലേക്ക് ഞാൻ പുറപ്പെടുന്നു" (ധ്യാന സല്ലാപങ്ങൾ, 16)

"ആ! എത്രനാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്!" (ധ്യാനസല്ലാപങ്ങൾ, 16).

"നീ എന്തിനു ക്ലേശിക്കുന്നു? ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ നിന്റെ നന്ദികേടൊക്കെയും മറന്നുകളയും" (ധ്യാന സല്ലാപങ്ങൾ, 16-17).

"എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും സാക്ഷാൽ ഉപവിയും താൻ സ്നേഹമെന്നത്രേ തന്റെ നാമവുമാകുന്നു.ഇതിനാലെ നാം ഭയപ്പെടുകയും വേണ്ട" (ധ്യാനസല്ലാപങ്ങൾ, 17).

"ഇപ്പോൾതന്നെ അപ്പൻ വന്ന് എന്നെ പിടിച്ചുതഴുകും" (ധ്യാനസല്ലാപങ്ങൾ, 17).

"അയ്യോ എന്റെ അപ്പാ ഇനി നിന്റെ മകനെന്ന ഈ മഹിമപ്പേരിന് അടിയൻ യോഗ്യനല്ല. എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല" (ധ്യാന സല്ലാപങ്ങൾ, 17).

"അയ്യോ എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ?" (ധ്യാനസല്ലാപങ്ങൾ, 19).

# 5

## ത്രിത്വാവബോധം

**"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ** ദൈവമേ എന്റെ വിശ്വാസത്തെ ഉറപ്പിക്കണമേ" (ധ്യാനസല്ലാപങ്ങൾ, 69).

**"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ** തമ്പുരാനേ, എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനും ആകുന്ന അങ്ങയെ ഞാൻ വന്ദിച്ചു കുമ്പിടുന്നു" (ധ്യാനസല്ലാപങ്ങൾ, 68).

# 6

## 'അഴകുള്ള ആത്മാവിന്' അഴകേറ്റിയ അമ്മമാർ!

"എന്റെ പാപപ്പെരുപ്പത്തിൻ തക്കതേറ്റം (മനസ്താപം) എനിക്കില്ലായ്കയാലും എല്ലായ്പ്പോഴും എന്നെ തുണച്ചുവരുന്ന **മറിയം മഗ്ദലേന, ഈജിപ്തിലെ മറിയം, മർഗരീത്താ കോർത്തോനാ** എന്ന ഈ അമ്മമാരുടെ തേറ്റവും പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചുകൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലേക്ക് ഞാൻ പുറപ്പെടുന്നു (ധ്യാനസല്ലാപങ്ങൾ, 16).

ദൈവമാതാവിനോടും മൂന്നു മറിയങ്ങളോടുംകൂടെ തന്റെ പീഡകളും ഉയിർപ്പിന്റെ തെളിവും പാർത്ത് (നോക്കിക്കണ്ട്) തന്നോടുകൂടെ ഒന്നിച്ചിരിപ്പിൻ" (കത്തുകൾ, VII/4).

**എന്റെ അമ്മമാരേ** (മഗ്ദലേനാ മറിയം, കൊർത്തോനായിലെ മറിയം, ഈജിപ്തിലെ മറിയം) നിങ്ങൾ എനിക്കുവേണ്ടി അപേക്ഷിപ്പിൻ (ധ്യാനസല്ലാപങ്ങൾ, 18).

"**എന്റെ അമ്മ** ഈശോയുടെ **വിശുദ്ധ ത്രേസ്യായേ,** നിന്റെ പ്രാർത്ഥനാമുറിയിൽ നീ ദർശിച്ച രൂപത്തിൻ മുൻപിൽ നീ പ്രാർത്ഥിച്ചതിനെയോർത്ത് എനിക്കുവേണ്ടി നീയും അപേക്ഷിച്ച് ആ മനോഗുണം തരുവിക്കണമേ" (ധ്യാനസല്ലാപങ്ങൾ, 18)

**"എന്റെ അമ്മ മഗ്ദലേനാമ്മേ,** കർത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ടുവന്ന് പാവപ്പെട്ട സക്കേവൂസായ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കേണമേ. **എന്റെ അമ്മേ,** നിന്നോട് കർത്താവിനുള്ള സ്നേഹം എത്രയും വലുതായിരിക്കയാൽ നീ വിളിക്കുന്നത് കേൾക്കുമ്പോൾ എന്റെ കർത്താവ് മഹാ തെളിവോടെ വരികയും ചെയ്യും" (ധ്യാനസല്ലാപങ്ങൾ, 41).

**"എത്രയും പരിശുദ്ധയായ വ്യാകുലമാതാവേ,** നിന്റെ ഏറ്റിക്കപ്പെട്ട (വലുതായ) വ്യാകുലത്തിനു കാരണമായ എന്റെ പാപങ്ങൾക്കു പൊറുതി എനിക്കുവേണ്ടി അപേക്ഷിച്ച് തരുവിക്കണമേ" (ധ്യാനസല്ലാപങ്ങൾ 18).

# 7

# 'അഴകുള്ള ആത്മാവിന്റെ' അഴകുള്ള യേശുനാമങ്ങൾ

'കേസരിരാജൻ'

'ആദ്യഹീനൻ', 'ആദിനായകൻ'

'കല്യാണരൂപൻ', 'സർവ്വേശ്വരൻ'

'പരാപരൻ', 'പതീനാംപതി'

'കാരുണ്യനാഥൻ', 'അമ്മനുവേൽ'

'മാനുഷത്രാതാവ്', 'ആലാഹ(ദൈവ)പുത്രൻ'

'നല്ലൻ(നല്ലവൻ)', 'കരുണാകരനീശോ'

'കാരണത്രാതാവ്'

'കിരീടധാരൻ', 'സൃഷ്ടികർത്താവ്'

'ഋത്വധിനാഥൻ' (ഋതുക്കളുടെ നാഥൻ)

'ഏകേശനാഥൻ' (ഏകദൈവം)

# 8

# ചാവറതാതന്റെ 'ഈശോ വിശേഷണം'

കൃപയുള്ള ഈശോയേ,

ദയയുള്ള ഈശോയേ,

ദയാപരനായ ഈശോയേ,

അനുഗ്രഹമുള്ള ഈശോയേ,

ദയാനിധിയായ ഈശോയേ,

ദയയുള്ള ഞങ്ങളുടെ ഈശോയേ,

സർവ്വേശ്വരാനാഥാ, ഞങ്ങളുടെ ജീവിതകാലമൊക്കെയും സത്യസന്ധതയിലും പുണ്യവഴിയിലും വ്യാപരിച്ച് ഇഷ്ടപ്രസാദത്തോടെ ഇഹലോകത്തിൽനിന്നു പുറപ്പെടുവാൻ യോഗ്യരാകുവാൻ നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് കൃപചെയ്യണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു" (ധ്യാനസല്ലാപങ്ങൾ, 70–72).

# 9

# അഴകുള്ള ആത്മാവിന്റെ അഴകുള്ള മരിയനാമങ്ങൾ

'പിതാവിന്റെ ദാസി', 'മണവാളൻ മാതാവ്'

'ശ്ലീഹർ രാജ്ഞി', 'പിതാവിന്റെ പുത്രി'

'സ്രഷ്ടാൻ മാതാവ്', 'മണവാട്ടി', 'ദേവമാതാവ്'

'സൂര്യദേവ ജനനി', 'രാജേശ്വരി',

'അരുണോദയ', 'ശ്രേഷ്ഠ സേനാനായകി'

'സോമപാദിനി'

'താരമകുടമണി'

# 10

# അഴകുള്ള ആത്മാവിന്റെ മരിയശോഭയുടെ മാറ്റ്

"പരിശുദ്ധ കന്യകയായ ദൈവമാതാവേ, ഞാൻ തീർത്തും അയോഗ്യനും പാപിയുമാകുന്നു... നിന്റെ കാൽപ്പാദത്തിൽ കമിഴ്ന്നു വീണ് എന്റെ ഹൃദയത്തെ നിനക്കു ഞാൻ കാഴ്ചവയ്ക്കുന്നു. നിന്റെ മക്കളുടെ ഗണത്തിൽ എന്നെയും കൂട്ടണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഇന്നേദിവസം എന്നെ അനുഗ്രഹിക്കണമേ. ബോധത്തിന്റെയും ഹൃദയത്തിന്റെയും ശുദ്ധി ഈശോമിശിഹായിൽനിന്ന് പ്രാപിച്ച് തരണമേ. നിന്റെ തിരുവാഴ്വ് എനിക്കു തന്നരുളേണമേ" (ധ്യാനസല്ലാപങ്ങൾ 68-69).

"ഇതുവരെയും മാതാവിന്റെ നാമത്തിൽ ഞാൻ വലവീശിയാറെ വെറുതെ വലിച്ചില്ല" (കത്തുകൾ V/15).

"നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ പരമപരിശുദ്ധയായ അമ്മ നമ്മളെ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു" (കത്തുകൾ VI/4).

"പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈ സമ്മാനം (മുളക്) നിങ്ങൾക്ക് ഞാൻ കൊടുത്തയയ്ക്കുന്നു" (കത്തുകൾ VII/8).

"ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ, തിരുസഭയ്ക്കു നേരിട്ട എല്ലാ വിപത്തുകളെയും നീക്കിയ മാതാവേ... പത്രോസ്ശ്ലീഹായുടെ അധികാരം കൈക്കൊണ്ടിരിക്കുന്ന പരിശുദ്ധ പിതാവിന് മുഴുവനായ കീഴ്വഴക്കം എന്നും എല്ലായിടത്തും ഉണ്ടാകുവാൻ നീ കൃപ ചെയ്യണമേ" (കത്തുകൾ IX/4).

# 11

# നിർവചനങ്ങളും നിർവചനസമാനമായ മൊഴിമുത്തുകളും

ജീവിതബന്ധിയായ പലതിനും ചെറുതും ചേതോഹരവുമായ നിർവചനങ്ങളും നിർവചനസമാനമായ മൊഴികളും സമ്മാനിച്ചവനാണ് ചാവറപിതാവ്. കാച്ചിക്കുറുക്കിയ ഈ മൊഴികളിൽ ചാവറതാതന്റെ കുറുകിയുറഞ്ഞ വിശ്വാസ, സന്മാർഗ്ഗ സന്ന്യസ്ത, സുകൃതബോദ്ധ്യങ്ങൾ ആത്മീയമിഴികളുള്ളവർക്ക് കണ്ടെത്താനാവും, തീർച്ച.

1. സന്യാസി – 'ചൊൽവിളിയുള്ളവൻ'
2. വൈദികൻ – 'പട്ടസുഖക്കാരനായ ആത്മാവ്'
3. ആശ്രമം – 'പുണ്യത്തിന്റെ കണ്ണാടി'
   'ദർശനവീട്/തപസ്ഭവനം'
   'പുണ്യാത്മാക്കളുടെ സങ്കേതം' (കത്തുകൾ VI/1)
4. സിസ്റ്റേഴ്സ്– 'ക്രിസ്തുവിന്റെ മണവാട്ടികളായ മഹാരാജസ്ത്രീകൾ'
5. സന്യസ്തരുടെ മുറി – 'കർത്താവിന്റെ മണവറ' (കത്തുകൾ VII/2)
6. കൊവേന്ത – 'ചെറിയ മോക്ഷം' (കത്തുകൾ VI/4)
7. സന്യാസസമൂഹജീവിതം – 'നമ്മുടെ എളിമപ്പെട്ട കൂട്ടം' (കത്തുകൾ VI/1)
   'ദൈവപ്രവൃത്തിയായിരിക്കുന്ന ഈ സഭാകൂട്ടം' (കത്തുകൾ VI/1)
8. ആശ്രമവാസികൾ – 'ദർശനവാസികൾ' (നാളാഗമങ്ങൾ, പേജ് 171)
9. മരണം – 'ദിവ്യപൂജ', 'മഹാകടൽ' (ധ്യാനസല്ലാപം)
10. മഠം – 'പുണ്യസങ്കേതം'
11. വിദ്യാഭ്യാസം – 'പഠിത്വം'
12. വിദ്യാഭ്യാസമില്ലായ്മ – 'പഠിത്വമില്ലായ്മ', 'ജ്ഞാനകുരുടത്വം'
13. നിരക്ഷരൻ – 'ജ്ഞാനകുരുടൻ'
14. ധ്യാനം – 'ദൈവത്തോടുള്ള സംസാരം' (സംഭാഷണം)
15. കുടുംബം – 'ആകാശമോക്ഷത്തിന്റെ സാദൃശ്യം'

16. ജപമാല – 'ചരടിൽ കോർത്ത ബൈബിൾ' (സുവിശേഷം)
17. വിശുദ്ധ അമ്മത്രേസ്യാ – 'ധ്യാനത്തിന്റെ ഗുരുനാഥ'
18. മടി – 'ദുർഗുണങ്ങളുടെ മാതാവ്'
19. മദ്യപാനം – 'അധപതനം'
20. ഇടവകധ്യാനം – 'ജ്ഞാനധ്യാനം'
21. പള്ളിപ്രസംഗം – 'പടാർത്ത'
22. അടക്കം, ഭക്തി, കണ്ണടക്കം, മിണ്ടടക്കം – 'പെൺപൈതലിന്റെ ആഭരണം'
23. ഗ്രന്ഥങ്ങൾ – 'നിക്ഷേപങ്ങൾ'
24. ദൈവഭയവും ഭക്തിയും – 'കുടുംബത്തിന്റെ സമ്പത്ത്'
25. ഹൃദയം – 'വസതി' (വീട്, ഭവനം)
26. ചാവറപിതാവ് 'മധുരമാവി'ന് സമ്മാനിച്ച പേര് – 'ദുക്റാനൻ' (ഓർമ്മ)

    'ദുക്റാനൻ' (ഓർമ്മ) എന്ന് വിളിക്കാൻ നിർദ്ദേശിച്ച് വലിയ പ്രിയോരച്ചൻ (ചാവറയച്ചൻ) വിതരണം ചെയ്ത മാവുകൾ വലിയ പ്രിയോരച്ചൻ തന്നതിനാൽ പിന്നീട് 'പ്രിയോർമാവ്' എന്നറിയപ്പെട്ടു. പ്രിയോർമാവ് കാലാന്തരത്തിൽ കഥയറിയാത്തവരുടെ വായിൽ 'പേരയ്ക്കാമാങ്ങ'യായി!

27. മക്കൾ – 'ആത്മാക്കൾ/നിക്ഷേപങ്ങൾ'

    'ദൈവത്തിന് തിരികെ നൽകാൻകൈയിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ.'

28. കൊച്ചുകുട്ടികൾ – 'പൈതൽ/പൈതങ്ങൾ'
29. കുട്ടികളുടെ വഴക്ക് (കലഹം) – 'പിള്ളപ്പട'
30. അമ്മമാരുടെ വഴക്ക് – 'തള്ളപ്പട'
31. ബോർഡിംഗ് – 'എദുക്കുംദാത്തുകൾ'
32. തിരുസഭ – 'വിശുദ്ധ പള്ളി', 'റോമാപള്ളി'
33. ആഭ്യന്തര ഹർമ്മ്യം – 'ഉൾക്കോട്ട'
34. വി. കുർബ്ബാന – 'ഉയരപ്പെട്ട കൂദാശ'
35. ആത്മീയ അന്ധത – 'മനക്കുരുടത്വം'

# 11

# 'പുഴു'വിനെ 'പൂമ്പാറ്റ'യാക്കാം

'അഴകുള്ള ആത്മാവി'നുടമയാകാം
ലോകർക്കാശീർവ്വാദമായിമാറാം.



"എന്റെ കർത്താവേ, നീ ഈവണ്ണം **പുഴുക്കളും** ഒന്നും തിരിയാത്തവരും വിശന്നാൽ വിശക്കുന്നു എന്ന് അമ്മയോട് പറഞ്ഞറിയിപ്പാൻ കൂടെയും വശമില്ലാത്ത കുഞ്ഞുങ്ങൾ ഉറങ്ങിക്കിടന്നാലും ഉണർത്തി മുലപ്പാൽ ഊട്ടുന്നു..."

(ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 4, പുറം 115).

പുഴുസമം നിസഹായരായവരെ മുലപ്പാലൂട്ടി പൂമ്പാറ്റകളാക്കുന്ന സ്നേഹമുള്ള ഒരമ്മയായി, ഒരമ്മ ദൈവമായി, ഈശ്വരനെ ദർശിക്കുന്ന ചാവറപിതാവിന്റെ കാവ്യഭാവനയുടെ അഴക്! പുഴുവിനെ പൂമ്പാറ്റയാക്കുന്ന ആത്മീയതയുടെ അഴക്! പലതിൽ ചിലത്:

- **'ഹൃദയവസതി' അലങ്കരിച്ച്**
- **'വെള്ളവസ്ത്രം' ഉടുത്തണിഞ്ഞ്**
- **'കണ്ണാടി'പോലെ മനംമിനുക്കി**
- **'എണ്ണ'യൊഴിച്ച് 'തിരി'തെളിച്ച്**
- **നൽനൽ 'ഓർമ്മ'കളയവിറക്കി**
- **നൽനൽ 'സംബോധന'ശീലമാക്കി**
- **'നന്ദി' തൻനൽ 'സ്തുതി'യേകിയേകി**
- **'അനുതപിച്ചനുതപിച്ചാ'ർദ്രനായി**
- **'പുഴു'വിനെ 'പൂമ്പാറ്റ'യാക്കിമാറ്റി**
- **'അഴകുള്ള ആത്മാ'വിനുടമയായി**
- **ലോകർക്കാശീർവ്വാദമായി മാറാം.**

# 1

## 'ഹൃദയവസതി'യലങ്കരിച്ച്

"കർത്താവ് എഴുന്നള്ളുമ്പോൾ (ജറുസലേം) നഗരത്തെ കണ്ടു കരഞ്ഞതുപോലെ, **എന്റെ ഹൃദയമെന്ന വീടിനെക്കുറിച്ച്** കരയാതിരിക്കാൻ നിങ്ങളെല്ലാവരുടെയും (വി. അമ്മത്രേസ്യ, ഈജിപ്തിലെ മറിയം, കൊർത്തോനായിലെ മറിയം, മറിയം മഗ്ദലേന) **വീടുകളിലുണ്ടായിരുന്ന അലങ്കാരങ്ങളും ആഭരണങ്ങളും കൊണ്ട് ഈ പാവപ്പെട്ട വീടിനെ അലങ്കരിക്കണമെന്ന്** ഞാൻ അപേക്ഷിക്കുന്നു" (ധ്യാനസല്ലാപങ്ങൾ 41-42).

"എന്റെ അമ്മ മഗ്ദലേനാമ്മേ, കർത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ടുവന്ന് **പാവപ്പെട്ട സക്കേവൂസായ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കണമേ..."** എന്റെ അമ്മേ, നിന്നോട് കർത്താവിനുള്ള സ്നേഹം എത്രയും വലുതായിരിക്കയാൽ നീ വിളിക്കുന്നത് കേൾക്കുമ്പോൾ എന്റെ കർത്താവ് മഹാതെളിവോടെ വരികയും ചെയ്യും" (ധ്യാനസല്ലാപങ്ങൾ 41).

"അരൂപിയാലെ, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനെ വിരുന്നുവിളിക്കുവിൻ" (കത്തുകൾ VII/4).

# 2

## 'വെള്ളവസ്ത്രം' ഉടുത്തണിഞ്ഞ്...

"ഇതിനുശേഷം ഞാൻ നോക്കിയപ്പോൾ ഇതാ, എണ്ണിത്തിട്ടപ്പെടുത്താൻ ആർക്കും സാധിക്കാത്ത ഒരു വലിയ ജനക്കൂട്ടം. അവർ സകല ജനതകളിലും ഗോത്രങ്ങളിലും രാജ്യങ്ങളിലും ഭാഷകളിലുംനിന്നുള്ളവർ. അവർ **വെള്ളയങ്കിയണിഞ്ഞ** കൈകളിൽ കുരുത്തോലയുമായി സിംഹാസനത്തിനു മുമ്പിലും കുഞ്ഞാടിന്റെ മുമ്പിലും നിന്നിരുന്നു"- (വെളിപാട് 7:9).

വെൺമയായ് നടപ്പാനായ് തന്നൊരു **വെള്ളവസ്ത്രം**
നന്മയും കളഞ്ഞയ്യോ പാപിഞാൻ മഹാമൂഢൻ (ആത്മാനുതാപം)

"ജ്ഞാനസ്നാനത്താലെന്നെ തനയാനാക്കിവച്ച
മാനത്തെ നഷ്ടം ചെയ്തു പിശാചിനടിമയായ്"

(ആത്മാനുതാപം)

"ആ ഇളയമകനെപോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും ധൂർത്തടിച്ചുകളഞ്ഞിട്ട്, അധർമ്മക്കാരന് വേല ചെയ്ത് അവന്റെ പന്നികളെ മേയിച്ചു നടക്കുന്നു. അവയുടെ തീറ്റ കൂടെയും തൃപ്തിയായികിട്ടാതെ പഞ്ഞത്താൽ മെലിഞ്ഞു. **എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കെയും** കളഞ്ഞ് നാണം മറയ്ക്കുവാൻ കൂടെയും പാടില്ലായ്കയാൽ കീറപഴന്തുണിയും ധരിച്ചിരിക്കുന്നു. എങ്കിലും **ഈ വേഷത്തോടുകൂടെതന്നെ ഞാൻ ചെല്ലട്ടെ.** അതെന്ത്യേ? ഇനി താമസിച്ചാൽ ചത്തുപോകുമല്ലോ?" (ധ്യാനസല്ലാപങ്ങൾ 16).

# 3

# 'കണ്ണാടിപോലെ' മനം മിനുക്കി

"മറ്റുള്ളവർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുക" (കത്തുകൾ VI/1).

# 4

# 'എണ്ണ'യൊഴിച്ച് 'തിരി'തെളിച്ച്

അയ്യയ്യോ മഹാദുഃഖമടിയൻ വളർന്നപ്പോൾ
നെയ്യുമില്ലഗ്നിയില്ലാ, പുകയുന്നതും കണ്ടേൻ
ഇപ്പോലെയുള്ള മഹാദുർഭാഗ്യമാർക്കുണ്ടായി-
യല്പൻ ഞാനറിയാതെ **കെട്ടയ്യോ മമവെട്ടം"**

(ആത്മാനുതാപം)

"എന്നെ കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ
നിന്നെ സേവിപ്പാൻ വഴികാട്ടുവാൻ **പന്തം തന്നു."**

(ആത്മാനുതാപം)

"മറ്റുള്ള ജനത്തേയും കാട്ടുവാനായ്ത്തന്ന
മാറ്റേറും വെളിച്ചത്തെ പകർത്തിത്തമസ്സാക്കി
ഇങ്ങനെയടിയന്റെ പൈതൽ പ്രായത്തിൽത്തന്നെ
മംഗലമൊക്കെ കളഞ്ഞയ്യയ്യോ മഹാദുഃഖം

(ആത്മാനുതാപം)

# 5

# നൽനൽ ഓർമ്മകൾ അയവിറക്കി

"തയ്യിൽ, പെരുമാലിൽ എന്ന രണ്ടു വീട്ടുകാർ മാന്നാനം കൊവേന്തയ്ക്ക് ഇരിപ്പിടം തന്നവരാകയാൽ ഇവരെയും കർത്താവിങ്കൽ എന്നും അരൂപിക്കടുത്ത ഉപവിയാൽതന്നെ ഓർക്കുവാൻ കടപ്പെട്ടിരിക്കുന്നു" (കത്തുകൾ VI/4).

"കർത്താവിന്റെ സ്നേഹമോർക്കുക" (കത്തുകൾ VII/6).

"ആരാനും ചെയ്ത പുണ്യം ഓർത്ത് സന്തോഷിപ്പിക്കുവിൻ" (കത്തുകൾ VII/3).

"ആരനും ചെയ്ത ദോഷം ഓർത്ത് സന്തോഷിക്കരുത്" (കത്തുകൾ VII/3).

"(വിശുദ്ധന്മാരുടെ) പുണ്യങ്ങളും അനുതാപകൃത്യങ്ങളും ഓർത്തു സന്തോഷിച്ച് കാഴ്ചവയ്ക്കുക" (കത്തുകൾ VII/3).

"സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കുവിൻ" (കത്തുകൾ VII/7).

"സർവ്വേശ്വരൻ നമ്മുടെ കർത്താവ് എങ്ങനെ നമ്മുടെ കാര്യങ്ങൾ വിചാരിച്ചുനടത്തുന്നു എന്ന് ഓർപ്പിൻ" (കത്തുകൾ VII/11).

"ഒന്നോർത്തുകൊൾവിൻ നമ്മുടെ കാരണവന്മാർ നെസ്തോറിയസിന്റെ ശീശ്മയിൽ ആകാതിരിക്കാൻ മെനെസിസ് മെത്രാപ്പോലീത്താ അച്ചനും പോർച്ചുഗീസ് രാജധാനിയിൽനിന്നും ആകമാനമായി ഈശോസഭക്കാരും നമ്മെപ്രതി ചെയ്ത ഉപകാരം നാം ഓർപ്പാൻ കടം" (കത്തുകൾ, VI/4).

ബെർണർദീനോസ് മെത്രാപ്പോലീത്താ അച്ചൻ, പീലിപ്പോസ്, മർസ്സലീനോസ്, ലെയോപ്പോൾദ് എന്ന നാലുപേരെയും പ്രത്യേകം നമ്മുടെ ഈ ജപങ്ങളിൽ നന്ദിയോടെ ഓർപ്പാൻ കടമായിരിക്കുന്നു" (കത്തുകൾ VI/4).

"ഇറ്റലിയിലെ ആക്കുയിൽ എന്ന സ്ഥലത്തുള്ള പ്രേരുമ്പെക്കാതെ എന്ന തറവാട്ടിനെ പ്രത്യേകം നിങ്ങൾ ദൈവത്തിൻ പക്കൽ ഓർമ്മിച്ചു കൊള്ളണം" (കത്തുകൾ VI/4).

"അപ്രകാരംതന്നെ (വാഴക്കുളം) കർമ്മല (ആശ്രമക്കാർ) പാറായിയുടെയും എൽത്തുരുത്തുകാർ തരകന്റേയും കല്ലൂർക്കാരന്റേയും അമ്പഴക്കാട്ടുകാര് അമ്മ(ത്രേസ്യ)ക്കായി (സ്ഥലം) തന്ന ഇട്ടൂപ്പിന്റെയും ഓർമ്മക്കാരാകണം" (കത്തുകൾ VI/4).

ദൈവം നിങ്ങളുടെമേൽ വച്ചിരിക്കുന്ന സ്നേഹവും അനുഗ്രഹവും അറിഞ്ഞ് നന്ദിനിറഞ്ഞ മനസ്സോടുകൂടി തന്നെ സ്തുതിപ്പാൻ എത്രയോ കടക്കാരായിരിക്കുന്നുവെന്ന് ഓർത്തുകൊൾവിൻ" (കത്തുകൾ IX/7).

# 6

# നൽനൽ സംബോധന ശീലമാക്കി

'പ്രിയമുള്ള കൂടപ്പിറപ്പുകളേ'

'എന്റെ കുഞ്ഞുങ്ങളെ'

'പൈതങ്ങളെ'

'കൂടെപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായ്'

'പട്ടസുഖക്കാരനായ ആത്മാവേ' (വൈദികരെ) 'വിശുദ്ധ പള്ളി' (സഭയെ സംബോധന ചെയ്തത്) 'വിശുദ്ധ പള്ളിയുടെ മടിയിലേയ്ക്ക്', 'ഈശോമിശിഹായുടെ മണവാട്ടിയായ ശുദ്ധ പള്ളി.'

'കർത്താവിന്റെ മണവാട്ടികളായ മഹാരാജ സ്ത്രീകളേ,' (സിസ്റ്റേഴ്സ്) 'എന്റെ അപ്പാ', 'എന്റെ നല്ല അപ്പാ' (ദൈവത്തെ).

1861 ജൂൺ 19-ന് ഒമ്പതാം പീയൂസ് പാപ്പായ്ക്ക് എഴുതിയ കത്തിലെ സംബോധന:

“പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല എന്ന് പത്രോസിനോടു പറഞ്ഞു ധൈര്യപ്പെടുത്തിയിരിക്കുന്നവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ പരിശുദ്ധ പിതാവ് ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേയ്ക്ക്” (ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 4, കത്തുകൾ 1/1).

1870 ഏപ്രിൽ 25-ന് വീണ്ടും ഒമ്പതാം പീയൂസ് മാർപ്പാപ്പായ്ക്ക് ചാവറപിതാവ് എഴുതുന്നു. അതിലെ അഭിസംബോധന:

“ശ്ലൈഹിക സിംഹാസനത്തിൽ പത്രോസിന്റെ താക്കോലുകൾ പിടിച്ചിരിക്കുന്നവനും സഭയുടെ നേരായ തലവനുമായ പരിശുദ്ധ പിതാവ് ഒമ്പതാം പീയൂസ് മാർപ്പാപ്പായ്ക്ക്...” (കത്തുകൾ 1/2).

# 7

# ‘നന്ദി തൻ നൽസ്തുതിയേകിയേകി..’

“ഈ നാലുപേരെയും... നമ്മുടെ ജപങ്ങളിൽ നന്ദിയോടെ ഓർപ്പാൻ” (കത്തുകൾ VI/4).

“ദൈവം... വച്ചിരിക്കുന്ന സ്നേഹവും അനുഗ്രഹവും അറിഞ്ഞ് നന്ദിനിറഞ്ഞ മനസ്സോടുകൂടി തന്നെ സ്തുതിപ്പാൻ എത്രയോ കടക്കാരായിരിക്കുന്നു” (കത്തുകൾ IX/7).

“നീ എന്നെ സൃഷ്ടിച്ചതിനും കഴിഞ്ഞ രാത്രിയിൽ നൽകിയ മനോഗുണങ്ങൾക്കും ഉപകാരങ്ങൾക്കുവേണ്ടി നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു” (ധ്യാനസല്ലാപങ്ങൾ 68).

“തമ്പുരാന് സ്തുതിയായിരിക്കട്ടെ. എന്റെ വേലയുടെ നാഴിക തീരാറായിരിക്കുന്നു” (കത്തുകൾ V/14).

“ഇനി തമ്പുരാൻ തരുന്ന സമയം തന്റെ സ്തുതിക്കായിട്ടുമാത്രം പെരുമാറാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു” (കത്തുകൾ VI/14).

"നിന്റെ സ്തുതിക്കായി എന്റെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുമെല്ലാം എന്റെ ഇഷ്ടങ്ങളൊക്കെയും വസ്തുക്കളൊക്കെയും ഇന്നും എല്ലായ്പ്പോഴും നിനക്ക് കാഴ്ചവയ്ക്കുന്നു"

(ധ്യാനസല്ലാപങ്ങൾ, 68).

# 8

# അനുതപിച്ചനുതപിച്ചാർദ്രനായ്

"അയ്യോ, എന്റെ അപ്പാ, ആകാശത്തിലും നിന്റെ തിരുമുൻപിലും ഞാൻ പിഴച്ചു. ഇനി നിന്റെ മകനെന്ന ഈ മഹിമപ്പേരിനു അടിയൻ യോഗ്യനല്ല. നിന്റെ വേലക്കാരിലൊരുത്തനായി... ആയതിനാൽ മനോഗുണമുള്ള എന്റെ അപ്പാ, എന്റെ ദുഷ്ടതയാലും നന്ദിഹീനതയാലും നിന്നോടു ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോടു നീ പൊറുക്കേണമേ" (ധ്യാനസല്ലാപങ്ങൾ, 17).

അയ്യോ, എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ" (ധ്യാനസല്ലാപങ്ങൾ, 19).

"പാപിയാം മമപൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെ കേണുപ്രാർത്ഥിക്കുന്നേൻ"
(ആത്മാനുതാപം)

"കഷ്ടമേ, മഹാകഷ്ടം ദുഃഖമേ, മഹാദുഃഖം
ദുഷ്ടനാമടിയനു... പോക്കിടം (അഭയസ്ഥാനം)
നീയേ നാഥാ" (ആത്മാനുതാപം)

"മുറിച്ചു നിന്റെ ദേഹമെൻ പാപകഷ്ടത്താലേ
പറിച്ചേൻ നിൻ മാംസത്തെ
പുലിക്കു സമമയ്യോ" (ആത്മാനുതാപം).

"അയ്യയ്യോ മമനാഥാ, അയ്യയ്യോ മമസ്നേഹം
അയ്യയ്യോ മമപാപം കാരണമിതിന്നയ്യോ" (ആത്മാനുതാപം)

# 9

## പുഴുവിനെ പൂമ്പാറ്റയാക്കി മാറ്റി

"ഈവണ്ണം പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവേ... ഞാൻ നിന്നോട് കാട്ടിയ നന്ദി എന്ത്?" (ധ്യാനസല്ലാപങ്ങൾ, 27).

"ഓ എന്റെ മനോഗുണമുള്ള പിതാവേ, നിന്റെ സ്നേഹത്തെ ഞാൻ കണ്ടിട്ട് അതിനേക്കാളധികം ഞാൻ **മണ്ണിനെയും പുഴുവിനെയും** സ്നേഹിച്ചു" (ധ്യാനസല്ലാപങ്ങൾ, 27).

"പ്രിയമുള്ള കർത്താവേ, ഈ പുഴുവിനെപ്രതി നീ സഹിച്ചതെങ്ങനെ?" (ധ്യാനസല്ലാപങ്ങൾ, 21-22).

# 10

## അഴകുള്ള ആത്മാവിനുടമയായി

''ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ, മറിയം, യൗസേപ്പ് എന്ന മഹാകുടുംബത്തെ എന്നെ ഓർപ്പിക്കുകയും ഞാൻ **ആ തിരുക്കുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ** അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് **മാമ്മോദീസായിൽ എനിക്കു കിട്ടിയ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ലെന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്**" (അന്തിമവചസ്സുകൾ).

"അറുതിയില്ലാത്ത ദയാപരനായ ഈശോയേ, ഞങ്ങളുടെ ആത്മാവ് ശരീരത്തിൽ നിന്ന് വേർപിരിയുമ്പോൾ, ഞങ്ങളുടെ **മരണം ദിവ്യപൂജ** എന്നപോലെ **സ്വീകരിച്ച്** ഞങ്ങളെ അനുഗ്രഹിക്കണമേ"
(ധ്യാനസല്ലാപങ്ങൾ 72).

"ദയാപരനായ ഈശോയേ, ഞങ്ങളുടെ **ആത്മാവിനെ** തിരുമുൻപിൽ നിന്ന് **തള്ളിക്കളയരുതേ**. നിത്യമായി നിന്റെ സ്തുതികൾ

ആലപിക്കുവാൻ അളവില്ലാത്ത അനുഗ്രഹത്തിന്റെ വഴിയിൽ ഞങ്ങളെ കൈക്കൊണ്ട് **അനുഗ്രഹിക്കണമേ**" (ധ്യാനസല്ലാപങ്ങൾ 72).

# 11

# ലോകർക്കാശീർവ്വാദമായിമാറാം

"ഈശോമിശിഹാ നിങ്ങളെ **അനുഗ്രഹിക്കട്ടെ**" (കത്തുകൾ).

"ആ സ്നേഹംനിറഞ്ഞ ഉണ്ണി ഈശോ തെളിവുള്ള പുഞ്ചിരി നിങ്ങളെ കാണിച്ച് കൊച്ചു കൈപൊക്കി നിങ്ങളെ ആശീർവ്വദിക്കട്ടെ" (കത്തുകൾ).

"പൈതൃകാശീർവ്വാദം യാചിച്ചു കൊണ്ട് നിർത്തുന്നു" (കത്തുകൾ).

"അവസാനമായി അങ്ങയുടെ **പൈതൃകാശീർവ്വാദം** ഞങ്ങളുടെ മേലും ഞങ്ങളുടെ പള്ളിയിൽമേലും ഞങ്ങൾ യാചിക്കുന്നു" (കത്തുകൾ)

"അങ്ങയുടെ പൈതൃകമായ ആശീർവാദം ഞങ്ങളുടെ രാജ്യത്തിന്റെമേൽ ചൊരിയണമെന്നും നല്ല ദൈവം ഞങ്ങളെ ഉപേക്ഷിക്കരുതെന്ന്, അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ഞങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ്" (കത്തുകൾ 11/1).

# പിന്നുര

## ഒരു 'കുടവെച്ചൂർ' കഥ:

അന്നത്തെ സുറിയാനി കത്തോലിക്കരുടെ ഭരണാധികാരിയായിരുന്ന ജാതിക്കു കർത്തവ്യൻ (ആർച്ചുഡീക്കൻ) പല പള്ളികളിലേയ്ക്കായി കൊടുക്കുവാൻവേണ്ടി പരിശുദ്ധ മാതാവിന്റെ ഏഴു ഛായാചിത്രങ്ങൾ ലഭിക്കുവാൻ പോർട്ടുഗീസുകാരോട് ആവശ്യപ്പെട്ടതുവഴിയോ, അതോ അവർ സമ്മാനമായി നൽകിയതോ ആയ ഏഴു ചിത്രങ്ങൾ സംബന്ധിച്ചുള്ളതാണ് കഥ.

പോർട്ടുഗലിൽനിന്നും ഇൻഡ്യക്കു പുറപ്പെടേണ്ട കപ്പൽ പുറപ്പെടേണ്ട നേരമായിട്ടും ഏഴാമത്തെ ചിത്രം വരച്ചുപൂർത്തിയായിരുന്നില്ല. എങ്കിലും അപൂർണ്ണമായ ആ ചിത്രവുംകൂടി മറ്റു ചിത്രങ്ങളോടൊപ്പം അവർ കൊടുത്തയച്ചു. ഇവിടെ എത്തിയപ്പോൾ ഏഴുചിത്രങ്ങളും ഒരേപോലെയിരിക്കുന്നു. അപൂർണ്ണമായിരുന്നതും പൂർണ്ണമായിരിക്കുന്നു. അപ്രകാരം അത്ഭുതകരമായി പൂർത്തീകരിക്കപ്പെട്ട ചിത്രമാണ് കുടവെച്ചൂർ പള്ളിക്ക് ലഭിച്ചതെന്നാണ് കഥ. ഇങ്ങനെ കൂടെവെച്ച പടം ലഭിച്ച പള്ളിയും ഊരും കുടവെച്ചൂർ എന്നറിയപ്പെട്ടുപോലും!

വിശുദ്ധ ചാവറയച്ചനുമായി ബന്ധപ്പെട്ട ഏറെ വിശിഷ്ട ഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമാണ്. അവയോടൊപ്പം പണിക്കുറ തീരാത്ത ചാവറപിതാവിന്റെ ഈ വാങ്മയചിത്രംകൂടി ചേർത്തുവയ്ക്കുന്നു. അവയോടൊപ്പം ഈ ഗ്രന്ഥത്തിന്റെ കുറവുകൾ പരിഹൃതമാകട്ടെ.

## അനുബന്ധം ഒന്ന്

# ചാവറപിതാവിന്റെ 'ആത്മാനുതാപ'ത്തിലെ കടശ്ശി അപേക്ഷ

പാപിയെന്റെ കരമിതിനെ
        എഴുതിയെന്നതാകയാൽ
പാപശുദ്ധി നൽകി നിന്റെ
        സന്നിധിയണഞ്ഞിനി
നിന്റെ സ്നേഹപുത്രൻ
        മുൻപിലഞ്ജലിയണയ്ക്കുവാൻ
നിന്റെ കരുണയിന്നെനിക്കു
        തരണമെന്റെ അമ്മയേ.

## അനുബന്ധം രണ്ട്

# ചാവറപിതാവ് രചിച്ച 'വൈദികരുടെ പ്രാർത്ഥന'

സർവ്വശക്തനായ ദൈവമേ, കുർബ്ബാനപട്ടമെന്ന പദവി ലഭിച്ചിരിക്കുന്ന ഞങ്ങൾക്ക് എല്ലാ ശുദ്ധതയിലും പുണ്യത്തിലും ഭക്തിയോടും യോഗ്യതയോടുംകൂടി നിനക്ക് ശുശ്രൂഷ ചെയ്യുവാൻ മനോഗുണം നൽകണമേ.

പൗരോഹിത്യത്തിന്റെ കർത്തവ്യത്തിനും സ്ഥാനത്തിനും ഉചിതമായ വിശുദ്ധിയോടുകൂടെ കുറ്റമറ്റവരായി വ്യാപരിക്കുവാൻ ഞങ്ങൾ അശക്തരാണ്. എളിമയുള്ള ഹൃദയത്തോടും നല്ല മനസ്സിന്റെ പ്രതിജ്ഞയോടും ഓരോ ദിവസവും ഏറ്റവും തീക്ഷ്ണമായ സ്നേഹത്തോടുകൂടി ഞങ്ങൾ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് വേണ്ടവിധം കരഞ്ഞു മനസ്താപപ്പെടുവാൻ മനോഗുണം ചെയ്യണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു (ധ്യാനസല്ലാപങ്ങൾ, 74-75).

## അനുബന്ധം മൂന്ന്

# ചാവറയച്ചൻ കല്ലിട്ടതും ആശീർവ്വദിച്ചതുമായ പള്ളികളും കപ്പേളകളും വർഷക്രമത്തിൽ

1. ചേർത്തല പള്ളിത്തോട് പള്ളി (ശ്രാബിക്കൽ പള്ളി എന്നും അറിയപ്പെട്ടിരുന്നു), 1830-ൽ കല്ലിട്ടു.
2. ചീപ്പുങ്കൽ സെന്റ് ആന്റണീസ് ചാപ്പൽ, 1837.
3. കണ്ണംകര സെന്റ് സേവ്യേഴ്സ് പള്ളി (കോട്ടയം രൂപത), മുഹമ്മയ്ക്ക് സമീപം, 1842.
4. എടത്വ, സിമിത്രി ചാപ്പൽ, 1842 മെയ് 6.
5. കുമരകം, സെന്റ് ജോൺ നെപുംസ്യാൻസ് പള്ളി (വെള്ളറപള്ളി – കോട്ടയം രൂപത), 1842 മെയ് 16.
6. മാൻവെട്ടം പള്ളി, 1843 സെപ്റ്റംബർ 29-ന് കല്ലിട്ടു. 1846 ഏപ്രിൽ 23-ന് ആശീർവ്വദിച്ചു.
7. മുട്ടാർ, സെന്റ് ജോർജ് പള്ളി, 1850 ഒക്ടോബർ 1.
8. വില്ലൂന്നി പള്ളി (മാന്നാനത്തിനു സമീപം), 1852 ജൂലൈ 3.
9. തായംകരി, സെന്റ് ആന്റണീസ് പള്ളി, 1864.
10. കുടവെച്ചൂർ, സെന്റ് മേരീസ് പള്ളി, 1864-ൽ തറക്കല്ലിട്ടു (നിലവിലുള്ള പള്ളി).
11. വൈക്കം സെന്റ് ജോർജ് പള്ളി, 1865-ൽ പുതുക്കിപ്പണിയാൻ കല്ലിട്ടു.
12. കൈനകരി കപ്പേള, 1865.
13. ഇടമറ്റം പള്ളി (ഭരണങ്ങാനത്തിനു സമീപം), 1867.
14. അരണാട്ടുകര, തരകൻസ് തറവാട് ചാപ്പൽ, 1867-ൽ ആശീർവ്വദിച്ചു.



## ഫാ. ആന്റണി ഞള്ളംപുഴ സി. എം. ഐ.

സി. എം. ഐ. സന്യാസസഭാംഗം.

കോട്ടയം സി. എം. ഐ. സെന്റ് ജോസഫ് പ്രവിശ്യയിൽ അജപാലന ധ്യാനശുശ്രൂഷകൻ.

**കൃതികൾ:**
വചനമനനങ്ങൾ
സന്യാസം സമർപ്പണം
വൈദികരേ ഒരു കഥ പറയാം
പ്രസംഗിച്ചു വളരാൻ വളർത്താൻ
ചരമപ്രസംഗങ്ങൾ (എഡിറ്റർ)
ആത്മാവച്ചൻ:
ഫാ. ബ്രൂണോ കണിയാരകത്ത് സി.എം.ഐ.
(ജീവചരിത്രം)

**വിലാസം:**
മേരിഗിരി ആശ്രമം
കൂത്താട്ടുകുളം-686 662
ഫോൺ: 9447635784

# അഴകുള്ള ആത്മാവ്
## വിശുദ്ധ ചാവറയച്ചൻ

ഫാ.ആന്റണി ഞള്ളംപുഴ സി.എം.ഐ.



'മാന്നാനത്തു വിരിഞ്ഞ പുഷ്പം'
'പരിശുദ്ധാത്മാവ് നിറഞ്ഞവൻ'
'അനഭിഷിക്തനായ മെത്രാൻ'
'മലയാളത്തിന്റെ കൊടി'
'പ്രസംഗപീഠത്തിലെ സിംഹം'....
എന്നീ വിശേഷണങ്ങൾ
വിശുദ്ധ ചാവറയച്ചനുമായി
ബന്ധപ്പെട്ടവയാണ്.
മേല്പറഞ്ഞ വിശേഷണങ്ങളോടു
ചേർത്തുവായിക്കേണ്ട
മനോഹരമായ ഒരു വിശേഷണമാണ്
'അഴകുള്ള ആത്മാവ്' എന്നത്.
ഈ വിശേഷണം ചാവറപിതാവിന് നൽകിയത്
ചാവറയച്ചനെ തുടർന്ന് മാന്നാനത്തെ
പൊതുശ്രേഷ്ഠനായിരുന്ന കുര്യാക്കോസ് എലിസേവൂസച്ചനാണ്.
അഴകുള്ള ആത്മാവായ വിശുദ്ധ ചാവറയച്ചന്റെ ഏഴഴകുള്ള
ജീവിതത്തിലേയ്ക്കുള്ള തീർത്ഥാടനമാണീ ഗ്രന്ഥം.

" ആത്മാവ് ശരീരത്തേക്കാൾ ഏറെ അഴകുള്ളതാണ്.
ചേതന ആത്മാവിനേക്കാൾ മഹത്വമുള്ളതാണ്.
ദൈവികത ചേതനയേക്കാൾ ശ്രേഷ്ഠമാണ് "

വിശുദ്ധ അപ്രേം.

ദീപിക ബുക്ക് ഹൗസ്
ശാസ്ത്രി റോഡ്, കോട്ടയം 686 001
ഫോൺ: 0481 2564547
deepikabookhouse@gmail.com

Cover Design: Joseph Francis / 9447137342